MALAYALAM READER
Standard - 12

# മലയാള പാഠാവലി

MALAYALAM READER

12

തമിഴ്നാട്
ടെക്സ്റ്റ് ബുക്ക് കോർപ്പറേഷൻ
TAMILNADU
TEXTBOOK CORPORATION

# മലയാള പാഠാവലി

(പദ്യം ഗദ്യം, ഉപപാഠം)

# MALAYALAM READER

(Poetry, Prose & Non-detailed)

സ്റ്റാൻഡേർഡ് XII

STANDARD XII

തീണ്ടായ്മ പാപപ്രവൃത്തി

തീണ്ടായ്മ വലിയകുറ്റം

തീണ്ടായ്മ മനുഷ്യത്വരഹിതമായ പ്രവൃത്തി

തമിഴ്നാട്

ടെക്സ്റ്റ് ബുക്ക് കോർപ്പറേഷൻ

TAMILNADU

TEXTBOOK CORPORATION

© Government of Tamilnadu
First Edition - 2005

***Chairperson***

**Dr.C.G.Rajendra Babu,**
Prof. & Head, Dept. of Malayalam,
University of Madras,
Chennai- 600 005.

***Reviewers***

**Dr.E.K.Purushothaman,**
Prof. of Malayalam (Rtd.)
16, Kumar Avenue, Varadaraja Street,
Chitlapakkam, Chennai - 600 064.

**Mr. V.N. Krishna Pillai**
PG Asst. in Malayalam,
TCK Hr. Sec. School,
Padanthalumood,
K.K. Dist.

***Authors***

**Mr.T.P.Viswanathan Nambiar**
PG Asst. in Malayalam
Madras Christian College HS School,
Chetpet, Chennai 600 031.

**Dr.K.Raveendra Raja**
PG Asst. in Malayalam
Presidency Higher Sec.School for Girls
Egmore, Chennai - 600 008.

**Mrs.A.C. Suhasini**
PG Asst. in Malayalam
Kerala Vidyalayam Hr. Sec. School,
Chennai - 600 084.

This book has been prepared by The Directorate of School Education on behalf of the Government of Tamilnadu

This book has been printed on 60 G.S.M. Paper.

## ദേശീയഗാനം

ജനഗണമന അധിനായക ജയ ഹേ
ഭാരതഭാഗ്യവിധാതാ
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കലവംഗ
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധി തരംഗ,
തവ ശുഭ നാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണ മംഗളദായക ജയഹേ,
ഭാരത ഭാഗ്യവിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയ ജയഹേ!

**- മഹാകവി രവീന്ദ്രനാഥ ടാഗോർ**

## ദേശീയഗാനം - സാരം

ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന്റെ ഹൃദയാധിനാഥനായ അങ്ങ് വിജയിക്കട്ടെ! പഞ്ചാബ്, സിന്ധ്, ഗുജറാത്ത്, മറാഠാ, ദ്രാവിഡം, ഉത്ക്കൽ, വംഗം ആദിയായ പ്രദേശങ്ങളും വിന്ധ്യ ഹിമാചലാദിപർവ്വതങ്ങളും മഹാസമുദ്രത്തിന്റെ തിരമാലകളും അങ്ങയുടെ ശുഭനാമം ഉരുവിട്ടു കൊണ്ടിരിക്കുന്നു. അങ്ങയുടെ മംഗളാശിസ്സുകൾ തേടിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ ജയഗാഥകൾ പാടിക്കൊണ്ടിരിക്കുന്നു. ഭാരതഭൂമിയുടെ ഭാഗ്യവിധാതാവേ! ജനസമൂഹത്തിന് ഗുണപ്രദായകനായ അങ്ങ് മേൽക്കുമേൽ വിജയിക്കട്ടെ!

## വന്ദേമാതരം

വന്ദേമാതരം

സുജലാം സുഫലാം മലയജശീതളാം

സസ്യശ്യാമളാം മാതരം

വന്ദേമാതരം

ശുഭ്ര ജ്യോത്സ്നാ പുളകിതയാമിനീം

ഫുല്ലകുസുമിത ദ്രുമദളശോഭിനീം

സുഹാസിനീം സുമധുരഭാഷിണീം

സുഖദാം വരദാം മാതരം

വന്ദേമാതരം

വന്ദേമാതരം

**-ബങ്കിം ചന്ദ്ര ചാറ്റർജി**

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കൻമാരെയും മുതിർന്ന വരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമ ത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.



## ദേശീയ ഉദ്ഗ്രഥന പ്രതിജ്ഞ

രാജ്യത്തിന്റെ സ്വാതന്ത്ര്യവും സമന്വയവും സംരക്ഷിക്കുന്നതിനും സുശ ക്തമാക്കുന്നതിനും ഞാൻ ആത്മാർപ്പണത്തോടെ പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

കൂടാതെ, ഞാൻ ഒരിക്കലും അക്രമം അവലംബിക്കുകയില്ലെന്നും മതം, ഭാഷ, പ്രാന്തം, രാഷ്ട്രീയമോ സാമ്പത്തികമോ ആയ അസ്വസ്ഥതകൾ എന്നിവ സംബന്ധിച്ച എല്ലാ അഭിപ്രായവ്യത്യാസങ്ങളും വിവാദങ്ങളും സമാധാനപരവും ഭരണഘടനാനുസൃതവുമായ മാർഗ്ഗങ്ങളിലൂടെ തീരുമാനി ക്കുന്നതാണെന്നും ഉറപ്പിച്ചു പറയുന്നു.

## തമിഴ്ത്തായ് സ്തുതി

നീരാറും കടലുടുത്ത നിലമടന്തൈക്കെഴിലൊഴുകും

ശീരാറും വദനമെനത്തികഴ്ഭരത ഖണ്ഡമിതിൽ

തെക്കണമും അതിർശിറന്തതിരാവിട നൽതിരുനാടും

തക്കചിറു പിറൈനുതലും ധരിത്ത നറും തിലകമുമേ

അത്തിലക വാസനൈപോൽ അനൈത്തുലകും ഇൻപമുറ

എത്തിശൈയും പുകഴ്മണക്ക ഇരുന്ത പെരുന്തമിഴണങ്കേ!

തമിഴണങ്കേ!

ഉൻ ശീരിളമൈത്തിറം വിയന്തു

ചെയൽ മറന്തു വാഴ്ത്തുതുമേ!

വാഴ്ത്തുതുമേ!

വാഴ്ത്തുതുമേ!

**-'മനോന്മണീയം' പി.സുന്ദരംപിള്ള**

## പ്രസ്താവന

തമിഴ്നാട് സർക്കാരിന്റെ നിർദ്ദേശപ്രകാരം തമിഴ്നാട്ടിലുള്ള മലയാള വിദ്യാർത്ഥികൾക്കുവേണ്ടി പുതിയ പാഠ്യപദ്ധതിയനുസരിച്ച് രചിച്ചതാണ് 12-ാം സ്റ്റാൻഡേർഡിലേക്കുള്ള ഈ പാഠപുസ്തകം. പഠനവിഷയവും പഠന രീതിയും കഴിയുന്നത്ര സരളമാക്കിയാണ് പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. മലയാള ഭാഷ, സാഹിത്യം തുടങ്ങിയവയെക്കുറിച്ച് ഒരേകദേശരൂപം വിദ്യാർത്ഥികൾക്ക് ഈ പാഠപുസ്തകത്തിലൂടെ ലഭിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം.

സാഹിത്യത്തിന്റെ വിവിധശാഖകൾ, സംസ്കാരം, ചരിത്രം തുടങ്ങിയ മേഖലകളിലേക്ക് വെളിച്ചം വീശുന്ന പാഠങ്ങളാണ് ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ അറിവുകൾ നേടാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നതിന് ഈ പാഠ പുസ്തകം ഉപകരിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

**ഡോ. സി.ജി.രാജേന്ദ്രബാബു**

ചെയർപേഴ്സൺ



## ഉള്ളടക്കം


പുറം

**പദ്യവിഭാഗം**

1. വാല്മീകിയുടെ ആത്മകഥ — 1
   - തുഞ്ചത്തെഴുത്തച്ഛൻ
2. നള ദൗത്യം — 5
   - ഉണ്ണായി വാരിയർ
3. അതിഥി സത്ക്കാരം — 8
   - വള്ളത്തോൾ
4. മുത്തശ്ശി — 15
   - ബാലാമണിയമ്മ
5. ഓണപ്പാട്ടുകാർ — 21
   - വൈലോപ്പിള്ളി
6. എന്റെ മൂന്ന് വീടുകൾ — 24
   - എൻ.വി.കൃഷ്ണവാരിയർ
7. ആന — 28
   - സുഗതകുമാരി
8. സഫലീ യാത്ര — 35
   - എൻ.എൻ.കക്കാട്
9. നാടെവിടെ മക്കളേ? — 42
   - അയ്യപ്പപ്പണിക്കർ
10. നദിയൊഴുകുന്നു — 47
   - കടമ്മനിട്ട

**ഗദ്യവിഭാഗം**

1. കാളിദാസനും ടാഗോറും - അവർ തമ്മിൽ കണ്ടിരുന്നെങ്കിൽ — 53
   - പ്രൊഫ. എൻ. കൃഷ്ണപിള്ള
2. നാടുവാഴിത്തത്തിന്റെ കബറിടങ്ങൾ — 65
   - പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

3. വായനയുടെ സ്വർഗ്ഗം 76
- പ്രൊഫ. സുകുമാർ അഴീക്കോട്
4. ഉപ്പു സത്യാഗ്രഹം 89
- ഇ.എം.എസ്. നമ്പൂതിരിപ്പാട്
5. പ്രാചീന ഭാരതീയ സാഹിത്യത്തിലേക്ക് സ്ത്രീകളുടെ സംഭാവന 97
- പ്രൊഫ. എം. ലീലാവതി
6. സാമൂഹ്യ പ്രസ്ഥാനവും സാഹിത്യവും 107
- പ്രൊഫ. തായാട്ട് ശങ്കരൻ
7. കെട്ടിട പ്രതാപം 120
- എ.പി.ഉദയഭാനു
8. വായുമണ്ഡലം 128
- സി.എച്ച്.രാമചന്ദ്രൻ
9. സിനിമയും ഇതരകലകളും 138
- മധു ഇറവങ്കര
10. സബർമതി ദൂരെയാണ് (നാടകം) 152
- ജി. ശങ്കരപ്പിള്ള
**ഉപപാഠവിഭാഗം**
1. അറ്റു പോകാത്ത കണ്ണി 167
-എം.ടി.വാസുദേവൻ നായർ
2. നരിച്ചീറുകൾ പറക്കുമ്പോൾ 178
-മാധവിക്കുട്ടി
3. റ 199
- കോവിലൻ
4. ഉത്ക്കണ്ഠയുടെ നിമിഷങ്ങൾ 206
- ജി.വിവേകാനന്ദൻ
5. അദ്വൈത ഭാരം 223
- എസ്.വി.വേണുഗോപൻ നായർ
മന:പാഠമാക്കാനുള്ള ഭാഗങ്ങൾ 231
അലങ്കാരങ്ങളും വൃത്തങ്ങളും- 232



# പദ്യവിഭാഗം

## 1.വാല്മീകിയുടെ ആത്മകഥ

തുഞ്ചത്തെഴുത്തച്ഛൻ

[കേരളത്തിൽ സാർവ്വത്രികവും സാർവ്വജനീനവുമായ സമാദരത്തെ സമാർജ്ജിച്ച തുഞ്ചത്തെഴുത്തച്ഛൻ മലയാള സാഹിത്യത്തിലെ കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ്. ഇന്നും ഭാഷാ സാഹിത്യത്തിൽ സമുന്നതമായ ഒരു സ്ഥാനത്ത് സമുല്ലസിക്കുന്ന അദ്ദേഹത്തെ മലയാള ഭാഷയുടെ പിതാവ് എന്ന് ആദരപൂർവ്വം നാം വിശേഷിപ്പിക്കുന്നു. ഭാഷയുടെ പ്രസന്നത, ഭക്തിയുടെ മാധുര്യം, വിഷയത്തിന്റെ പരിശുദ്ധി എന്നീ ഗുണങ്ങൾ നിമിത്തം എഴുത്തച്ഛന്റെ കൃതികൾ പണ്ഡിതപാമരഭേദമെന്യേ കേരളീയരുടെ നിത്യപാരായണത്തിന് വിഷയമായിത്തീർന്നു. കേരളീയ ജനതയുടെ ഹൃദയക്ഷേത്രങ്ങളിൽ ഭക്തി ദീപം കൊളുത്തി അവരെ സൻമാർഗ്ഗത്തിലേക്കു നയിക്കാൻ വേണ്ടി ഗ്രന്ഥ നിർമ്മാണത്തിൽ ഏർപ്പെട്ട ഈ മഹാൻ ജീവിച്ചത് 16-ാം ശതകത്തിലാണെന്ന് കരുതപ്പെടുന്നു. ശ്രീ മഹാഭാരതം കിളിപ്പാട്ട്, അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്നിവയാണ് അദ്ദേഹത്തിന്റെ അനർഘകൃതികൾ. ചിന്താരത്നം, ഹരിനാമകീർത്തനം, ശ്രീമഹാഭാഗവതം എന്നിവയും അദ്ദേഹം രചിച്ചവയാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ അയോദ്ധ്യാകാണ്ഡത്തിൽ നിന്നും എടുത്ത വരികളാണ് വാല്മീകിയുടെ ആത്മകഥ എന്ന പേരിൽ ഇവിടെ ചേർത്തിട്ടുള്ളത്. കിരാതന്മാരുമൊത്ത് ദുഷ്ടജീവിതം നയിച്ചിരുന്ന താൻ മഹർഷിയായിത്തീർന്ന കഥ വാല്മീകി ശ്രീരാമനെ കേൾപ്പിക്കുന്നതാണ് സന്ദർഭം.]

കർണ്ണാമൃതം തവ നാമമാഹാത്മ്യമോ
വർണ്ണിപ്പതിനാർക്കുമാവതുമല്ലല്ലോ.
ചിന്മയനായ നിൻ നാമമഹിമയാൽ
ബ്രഹ്മമുനിയായ് ചമഞ്ഞിതു ഞാനെടോ
ദുർമ്മതി ഞാൻ കിരാതന്മാരുമായ്പുരാ
നിർമ്മരിയാദങ്ങൾ ചെയ്തേൻ പലതരം
ജന്മമാത്രം ദ്വിജത്വം മുന്നമുള്ളതും
ബ്രഹ്മകർമ്മങ്ങളുമൊക്കെ വെടിഞ്ഞു ഞാൻ
ശൂദ്രസമാചാരതൽപരനായൊരു

ശൂദ്രതരുണിയുമായ് വസിച്ചേൻ ചിരം.
പുത്രരേയും വളരെജ്ജനിപ്പിച്ചിതു
നിസ്ത്രപം ചോരന്മാരോടു കൂടിച്ചേർന്നു
നിത്യവും ചോരനായ് വില്ലുമമ്പും ധരി-
ച്ചെത്ര ജന്തുക്കളെക്കൊന്നേൻ ചതിച്ചു ഞാൻ!
എത്ര വസ്തു പറിച്ചേൻ ദ്വിജന്മാരോടു-
മത്ര മുനീന്ദ്രവനത്തിൽനിന്നേകദാ
സപ്തമുനികൾ വരുന്നതു കണ്ടു ഞാൻ
തത്ര വേഗേന ചെന്നേൻ മുനിമാരുടെ
വസ്ത്രാദികൾ പറിച്ചീടുവാൻ മൂഢനായ്
മദ്ധ്യാഹ്നമാർത്താണ്ഡതേജ:സ്വരൂപികൾ
നിർദ്ദയം പ്രാപ്തനാം ദുഷ്ടനാമെന്നെയും
വിദ്രുതം നിർജ്ജനേ ഘോരമഹാവനേ
ദൃഷ്ട്വാ സസംഭ്രമമെന്നോടരുൾ ചെയ്തു:
'തിഷ്ഠ തിഷ്ഠ ത്വയാ കർത്തവ്യമത്ര കിം?
ദുഷ്ടമതേ! പരമാർത്ഥം പറകെ'ന്നു
തുഷ്ട്യാ മുനിവരന്മാരരുൾ ചെയ്തപ്പോൾ
നിഷ്ഠുരാത്മാവായ ഞാനുമവർകളോ-
ടിഷ്ടം മദീയം പറഞ്ഞേൻ നൃപാത്മജ!
'പുത്രദാരാദികളുണ്ടെനിക്കെത്രയും
ക്ഷുത്തൃൾപ്രപീഡിതന്മാരായിരിക്കുന്നു.
വൃത്തികഴിപ്പാൻ വഴിപോക്കരോടു ഞാൻ
നിത്യം പിടിച്ചു പറിക്കുമാറാകുന്നു.
നിങ്ങളോടും ഗ്രഹിച്ചീടേണമേതാനു-
മിങ്ങനെ ചിന്തിച്ചു വേഗേന വന്നു ഞാൻ.
ചൊന്നാർ മുനിവരന്മാരതു കേട്ടുട-
നെന്നോടു മന്ദസ്മിതം ചെയ്തു സാദരം:
''എങ്കിൽ നീ ഞങ്ങൾ ചൊല്ലുന്നതു കേൾക്കണം
നിൻ കുടുംബത്തോടു ചെന്നു ചോദിക്ക നീ.
'നിങ്ങളെച്ചൊല്ലി ഞാൻ ചെയ്യുന്ന പാപങ്ങൾ



നിങ്ങൾ കൂടെപ്പകുത്തൊട്ടു വാങ്ങീടുമോ'
എന്നു നീ ചെന്നു ചോദിച്ചു വരുവോളം
നിന്നീടുമത്രൈവ ഞങ്ങൾ നിസ്സംശയം''
ഇത്ഥമാകർണ്യ ഞാൻ വീണ്ടു പോയ്ചെന്നു മൽ-
പുത്രദാരാദികളോടു ചോദ്യം ചെയ്തേൻ
'ദുഷ്കർമ്മസഞ്ചയം ചെയ്തു ഞാൻ നിങ്ങളെ-
യൊക്കെബ്ഭരിച്ചുകൊള്ളുന്നു ദിനംപ്രതി
തൽഫലമൊട്ടൊട്ടു നിങ്ങൾ വാങ്ങീടുമോ?
മൽപാപമൊക്കെ ഞാൻതന്നേ ഭുജിക്കെന്നോ?
സത്യം പറയേണ'മെന്നു ഞാൻ ചൊന്നതി-
നുത്തരമായവരെന്നോടു ചൊല്ലിനാർ:
'നിത്യവും ചെയ്യുന്ന കർമ്മഗണഫലം
കർത്താവൊഴിഞ്ഞു മറ്റന്യൻ ഭുജിക്കുമോ?
താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നേ വരൂ.'

ഞാനുമതു കേട്ടു ജാതനിർവേദനായ്-
മാനസേ ചിന്തിച്ചു ചിന്തിച്ചോരോ തരം
താപസന്മാർ നിന്നരുളുന്ന ദിക്കിനു
താപേന ചെന്നു നമസ്കരിച്ചീടിനേൻ.
നിത്യതപോധനസംഗമഹേതുനാ
ശുദ്ധമായ്വന്നിതെന്നന്ത:കരണവും
ത്യക്ത്വാ ധനുശ്ശരാദ്യങ്ങളും ദൂരെ ഞാൻ
ഭക്ത്യാ നമസ്കരിച്ചേൻ പാദസന്നിധൌ
'ദുർഗ്ഗതിസാഗരേ മഗ്നനായ്വീഴുവാൻ
നിർഗ്ഗമിച്ചീടുമെന്നെക്കരുണാത്മനാ
രക്ഷിച്ചു കൊള്ളേണമേ ശരണാഗത-
രക്ഷണം ഭൂഷണമല്ലോ മഹാത്മനാം.'

സ്പഷ്ടമിത്യുക്ത്വാ പതിതം പദാന്തികേ
ദൃഷ്ട്വാ മുനിവരന്മാരുമരുൾ ചെയ്തു:
'ഉത്തിഷ്ഠ ഭദ്രമുത്തിഷ്ഠ തേ സന്തതം
സ്വസ്ത്യസ്തു ചിത്തശുദ്ധിസ്സദൈവാസ്തു തേ.

സദ്യ: ഫലം വരും സജ്ജനസംഗമാ-
ദ്വിദ്വജ്ജനാനാം മഹത്വമേതാദൃശം
ഇന്നു തന്നേ തരുന്നുണ്ടോരുപദേശ-
മെന്നാൽ നിനക്കതിനാലേ ഗതി വരും.'
അന്യോന്യമാലോകനം ചെയ്തു മാനസേ
ധന്യതപോധനന്മാരും വിചാരിച്ചു:
ദുർവൃത്തനേറ്റം ദ്വിജാധമനാമിവൻ
ദിവ്യജനത്താലുപേക്ഷ്യനെന്നാകിലും
രക്ഷ രക്ഷേതി ശരണം ഗമിച്ചവൻ
രക്ഷണീയൻ പ്രയത്നേന ദുഷ്ടോപി വാ,
മോക്ഷമാർഗ്ഗോപദേശേന രക്ഷിക്കണം
സാക്ഷാൽ പരബ്രഹ്മബോധപ്രദാനേന.'
ഇത്ഥമുക്ത്വാ രാമനാമവർണ്ണദ്വയം
വ്യത്യസ്തവർണ്ണരൂപേണ ചൊല്ലിത്തന്നാർ:

'നിത്യം മരാമരേത്യേവം ജപിക്ക നീ
ചിത്തമേകാഗ്രമാക്കിക്കൊണ്ടനാരതം
ഞങ്ങളിങ്ങോട്ടു വരുവോളവും പുന-
രിങ്ങനെതന്നേ ജപിച്ചിരുന്നീടു നീ!
ഇത്ഥമനുഗ്രഹം ദത്വാ മുനീന്ദ്രന്മാർ
സത്വരം ദിവ്യപഥാഗമിച്ചീടിനാർ
നത്വാ മരേതി ജപിച്ചിരുന്നേനഹം
ഭക്ത്യാ സഹസ്രയുഗം കഴിവോളവും.
പുറ്റുകൊണ്ടെന്നുടൽ മൂടിച്ചമഞ്ഞിതു
മുറ്റും മറന്നു ചമഞ്ഞിതു ബാഹ്യവും



താപസേന്ദ്രന്മാരുമന്നെഴുന്നള്ളിനാർ
ഗോപതിമാരുദയം ചെയ്തതുപോലെ.
നിഷ്ക്രമിച്ചീടെന്നു ചൊന്നതു കേട്ടു ഞാൻ
നിർഗ്ഗമിച്ചീടിനേനാശു നാകുദരാൽ.
വല്മീകമദ്ധ്യതോ നിന്നു ജനിക്കയാ-
ലമ്മുനീന്ദ്രന്മാരഭിധാനവും ചെയ്താർ
'വാല്മീകിയാം മുനിശ്രേഷ്ഠൻ ഭവാൻ ബഹു-
ലാമ്നായവേദിയായ് ബ്രഹ്മജ്ഞനാക നീ'

എന്നരുൾചെയ്തെഴുന്നെള്ളി മുനികളു-
മന്നു തുടങ്ങി ഞാനിങ്ങനേ വന്നതും
രാമനാമത്തിൻ പ്രഭാവം നിമിത്തമായ്
രാമ! ഞാനിങ്ങനെയായ് ചമഞ്ഞീടിനേൻ.
ഇന്നു സീതാസുമിത്രാത്മജന്മാരോടു
നിന്നെ മുദാ കാണ്മതിന്നവകാശവും
വന്നിതെനിക്കു, മുന്നം ചെയ്ത പുണ്യവും
നന്നായ് ഫലിച്ചു കരുണാജലനിധേ!
രാജീവലോചനം രാമം ദയാപരം
രാജേന്ദ്രശേഖരം രാഘവം ചക്ഷുഷാ
കാണായമൂലം വിമുക്തനായേനഹം
ത്രാണനിപുണ! ത്രിദശകുലപതേ.''

# 2.നളദൌത്യം

ഉണ്ണായിവാരിയർ

[ആട്ടക്കഥാ സാഹിത്യത്തിലെ മികച്ച കൃതികളിലൊന്നാണ് നള ചരിതം, ആട്ടക്കഥ. അതിന്റെ കർത്താവായ ഉണ്ണായി വാരിയരുടെ ജീവിതകാലം 17-ാം ശതകത്തിന്റെ അവസാനഘട്ടമോ 18-ാം ശതകത്തിന്റെ ആദ്യ ഘട്ടമോ ആയിരിക്കാമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. കുഞ്ചൻ നമ്പ്യാരും ഉണ്ണായി വാരിയരും സമകാലികരായിരുന്നു എന്നാണ് പരക്കെയുള്ള വിശ്വാസം. മഹാഭരതം വന പർവ്വത്തിൽ ദ്യൂതദോഷത്തെ ഉദാഹരിക്കുന്നതിനായി ബൃഹദശ്വൻ എന്ന മുനി പാണ്ഡവന്മാരെ പറഞ്ഞു കേൾപ്പിച്ച നളോപാഖ്യാനമാണ് നളചരിതം. ആട്ടക്കഥയുടെ ഇതിവൃത്തത്തിന് ആസ്പദമായ മൂലം. നാല് ദിവസങ്ങളിലായു അഭിനയിക്കത്തക്ക രീതിയിലാണ് നളചരിതം ആട്ടക്കഥ രചിച്ചിട്ടുള്ളത്.

നളചരിതം ഒന്നാം ദിവസത്തിൽ നിന്നും എടുത്തു ചേർത്തതാണ് പാഠഭാഗം. സ്വയം ദമയന്തീകാമുകനായിരുന്നിട്ടും നളന് ദമയന്തിയുടെ സ്വയംവരത്തിൽ പങ്കെടുക്കാനെത്തിയ ദേവന്മാരുടെ ദൗത്യവും വഹിച്ച് ദമയന്തിയെ ചെന്നു കാണേണ്ടി വന്നു. ആ സന്ദർഭമാണ് ഇവിടെ വർണ്ണിച്ചിട്ടുള്ളത്.]

### ദണ്ഡകം

ദൈത്യാരിപൂർവ്വജനു ദൂത്യം സമേത്യ നിജ
സാധ്യം വെടിഞ്ഞു നിഷധേന്ദ്രൻ
സേനയിഹ നിർത്തി താനഥ നടന്നൂ
ദാന്തദമഭഗിനിയുടെ കാന്തിനദിയതിൽ മുഴുകി
നീന്തുവതിനുഴറി മിഴി രണ്ടും

ബഹളേ ജനേ, പഥിഷു സബലേഷു ഭൂപതിഷു
ചപലേ മഹീസുരസമൂഹേ
പലരെയുമുരുമ്മീ പരിചൊടു നടന്നു
പെരിയപരിചയമുടയ-പരിഷയുടെ നടുവി-
ലുടനവിദിതനു കുതുകമവനാസീത്.



ധന്യോഥ രക്ഷിജനകണ്ണാലലക്ഷ്യതനു
കന്യാപുരത്തിനു കടന്നു
കണ്ണിനഴൽ തീർന്നു-കണ്ടു ദമയന്തീം
താഞ്ച നഖനിരകൾ മുതൽ പൂഞ്ചികുരതതിയറുതി
വാഞ്ഛയൊടു നികടഭുവി കണ്ടു.

അമരേന്ദ്രദൂതനിവനപരാധമോർത്തു മന-
മുപരോധനേന വശമാക്കീ
മറവകലുവാനായ് മനസി കൊതി പൂണ്ടു
അതിമധുരതരവപുഷമരികിലുടനൊരു പുരുഷ-
മമൃതമൊഴി സഖികളൊടു കണ്ടു.

### ഭൈരവി -ചെമ്പട

ചിരശ്രുതിദൃഢീകൃതപ്രിയനളാഭനെന്നാകിലും
തിരസ്കരണി കാണ്കയാലിവനമർത്ത്യനെന്നോർത്തുടൻ
നിരസ്തവിപുലത്രപാ നിറയുമാദരാശ്ചര്യസം-
ഭ്രമത്തൊടു ദമസ്വസാ നിഭൃതമേവമൂചേ സ്വയം

ഭൈമി

### പല്ലവി

ഹേ മഹാനുഭാവ! തേ സ്വാഗതം കിമധുനാ?

### അനുപല്ലവി

കാമനോ സോമനോ നീ? നി-
ന്നാഗമനം കിന്നിമിത്തം?......          (ഹേ മഹാ)

**കല്യാണി-ചെമ്പട**

**നളൻ**

**പല്ലവി**

ഭീമാവനീരമണനന്ദനേ! എന്നെ
ദേവദൂതനെന്നു ധരിച്ചുകൊൾക

**അനുപല്ലവി**

ശ്രീമാനമരപതിതന്നുടെ ചില
വാചികങ്ങളുണ്ടവകൾ നീ ചെവിക്കൊള്ളേണമേ. (ഭീമാ)

**ഭൈമി**

**ചരണം 1**

ഏതൊരു കുലമലങ്കരിച്ചു ജന്മനാ
ഉര ചെയ്തീടണം, എന്തു തവ നാമധേയവും?
ദൂതനെന്നു കേട്ടതിങ്ങു ബോധം വന്നീല, ജഗ-
ന്നാഥനെന്നെനിക്കു തോന്നി ചേതസി നിന്നെ (ഹേ മഹാ)

**നളൻ**

**ചരണം1**

അപരകുലനാമങ്ങൾ കേൾപ്പതോ യോഗ്യ-
മാർത്തിഭാജി വാസ്തോഷ്പതൗ?
അഖിലഭുവനനാഥൻ വാസവൻ പറ-
ഞ്ഞഞ്ജസാ മാമയച്ചതു കേൾക്ക നീ
അമരാംഗനമാരെയുമമരാധിപൻ വെടിഞ്ഞു
തവദാസനായൊഴിഞ്ഞില്ലലർബാണകോപശാന്തി (ഭീമാ)

**ചരണം 2**

അനലനും നിൻ ഗുണങ്ങൾ കേൾക്കയാൽ
മദനാധിയിലെ വെന്തു നീറുന്നു
അവനിലിന്ധനമെന്നപോലവേ, ഇപ്പോൾ
അഭിമതയല്ലവനു സ്വാഹയും
സുമബാണബാണമേറ്റു യമനും മൃതിയടുത്തു
വരുണനുമാരാമയം ബഡവാമുഖാദധികം... (ഭീമാ)



**ഭൈമി**

**ചരണം 2**

ഈശ്വരന്മാരെന്തു വിചാരലേശം കൂടാതെ അതി-
നീചയോഗ്യമാരംഭിച്ചതാചാരമിപ്പോൾ?
രാജപുത്രി ഞാനിന്നൊരു രാജഭാര്യയെ-
ന്നാശയേ ധരിപ്പതിനെന്തു ക്ലേശം ദേവാനാം? (ഹേ മഹാ)

**നളൻ**

**ചരണം 3**

അമൃതമതിമധുരം പീയതേ കാല-
മനിശം കളികൾകൊണ്ടു നീയതേ;
അനവധി ഗുണമനുഭൂയതേ; ചിര-
മായുരനവധി ജായതേ.
വൃന്ദാരകാധിപരിച്ചൊന്നതിലൊരുവനെ
നന്നായ് വിചാരിച്ചുറച്ചിന്നേ വരിച്ചു കൊൾക. (ഭീമാ)

**ഭൈമി**

**ചരണം 3**

വല്ലഭനുണ്ടുള്ളിൽ, പുറത്തില്ല കാണ്മാനും പാരം
അല്ലലുണ്ടവനെപ്പോലെ നല്ലവൻ നീയും
വല്ലായ്മ ജീവിപ്പാൻ മമ, തെല്ലുനേരം നീ വാണു
നല്ല വചനം ചൊൽകിലില്ല വൈഷമ്യം... (ഹേ മഹാ)

**നളൻ**

**ചരണം 4**

ഹന്ത! കേൾ ദമയന്തി! നിന്നുള്ളി-
ലന്ധഭാവമനന്തമേ
വന്ദനീയന്മാരെ വെടിയുന്നതിൻ മൂലം
മന്ദിരത്തിലേവം വന്നിരന്നതോ?
വൃന്ദാരകവരരെ നിന്ദചെയ്തൊരു നിന-
ക്കിന്നാരൊരുവൻ ബന്ധു, എന്നാലതറിയേണം (ഭീമാ)

**ചരണം 4**

ഇന്ദ്രയമശിഖിപാശികൾ ഇന്നു
ചൊന്ന വാക്കിനില്ലാദരം
എന്നു വന്നതിൻകാരണം വന്നോ-
രെന്നിലുള്ള നിന്ദ നിർണ്ണയം
ഇന്ദ്രാദിയോടു ചൊൽവേൻ, അന്യം നിയോഗിച്ചെന്നാൽ
സന്ദേഹമില്ലവർകൾ നിന്നെയും കൊണ്ടുപോമേ (ഭീമാ)

**ഭൈമി**

**ചരണം 5**

പതി ദേവതമാരനവധി ഭുവി കേളതിലൊന്നല്ലോ ഞാൻ
ചതി ദേവതകൾ തുടർന്നീടുകിലോ ഗതിയാരവനിതലേ?
പതിസമനെന്നോർത്തിതു കേൾ നിന്നോടുദിതം നേരെല്ലാം
ഇതരനോടില്ലതും, ഓർത്തവരോടു സദൃശം വദ നീ പോയ്
(ഹേ മഹാ)



# 3.അതിഥി സത്ക്കാരം

വള്ളത്തോൾ

[മലയാളത്തിന്റെ മധുരജിഹ്വ എന്ന് സഹൃദയ ലോകം വിശേഷിപ്പിച്ചിട്ടുള്ള പ്രസാദാത്മകനായ കവിയാണ് വള്ളത്തോൾ നാരായണമേനോൻ (1878-1958). ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യ ധാരയുമായി താദാത്മ്യം പ്രാപിച്ച ഇദ്ദേഹം കേരളത്തിന്റെ ദേശീയ കവി കൂടിയായിരുന്നു. കഥകളി എന്ന മഹത്തായ കേരളീയ കലയ്ക്ക് ആധുനിക കാലത്ത് പ്രചുര പ്രചാരം നേടിക്കൊടുത്തതും വള്ളത്തോളായിരുന്നു. ഭാവനിർഭരമായ അനേകം ഖണ്ഡകാവ്യങ്ങളും സാഹിത്യമഞ്ജരികളും മറ്റു സമാഹരിച്ചിട്ടുള്ള കവിതകളും ചിത്രയോഗം എന്ന മഹാകാവ്യവും അദ്ദേഹം മലയാളത്തിന് നൽകിയ സംഭാവനകളിൽ ഉൾപ്പെടുന്നു. സംസ്കൃതത്തിൽ നിന്ന് അനേകം കൃതികൾ വള്ളത്തോൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. അക്കൂട്ടത്തിൽ ഏറ്റവും പ്രശസ്തങ്ങളാണ് വാല്മീകി രാമായണവും ഋഗ്വേദവും. വള്ളത്തോളിന്റെ മികച്ച കൃതികളിലൊന്നായ മഗ്ദലന മറിയം എന്ന ഖണ്ഡകാവ്യത്തിലെ ആദ്യഭാഗമാണ് ഇവിടെ എടുത്തു ചേർത്തിട്ടുള്ളത്.
ശീമോന്റെ ഗൃഹത്തിൽ അതിഥിയായി വന്നെത്തുന്ന യേശുദേവനെ അവതരിപ്പിക്കുന്നവയാണ് ഈ വരികൾ.]

വാർതിങ്കൾത്താലമെടുത്ത വസന്തരാ-
വേതോ വെൺചാറൊന്നു പൂശിക്കയാൽ,
ശ്രീല 'ഗലേല' ജില്ലയ്ക്കൊരു തൂമുത്തു-
മാലയായ് മിന്നീ 'നെയിൻ' പട്ടണം

ശീമോന്റെ പൂമേടതന്നിലെ നേത്രാഭി-
രാമവിശാലമാം ശാലയിങ്കൽ,
എണ്ണപ്പെട്ടുള്ള സുഗന്ധം പരത്തുന്നോ-
രെണ്ണ പകർന്നു കൊളുത്തിച്ചെമ്മേ

തൂവെള്ളിച്ചങ്ങലത്തുമ്പത്തതാതിടം
തൂക്കിയ ദീപത്തിൻ ദീപ്തിപൂരം
ദൂരിതമാകുമാറങ്ങണഞ്ഞിതൊ,രു
പുരുഷരൂപമാം തേജ:പുഞ്ജം

അല്ലേ ഗൃഹസ്ഥ, നീ ധന്യനായ്; ലോകത്തി-
ലില്ലിതിൻമീതേ വിരുന്നുകാരൻ;
അല്ലാ പ്രമാദം: ഭവാന്റെ കാൽമുട്ടുകൾ
തെല്ലും മടങ്ങാതെ നില്പതെന്തേ?

സർവസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന
ദിവ്യമാം തൃക്കരം ചുംബിപ്പാനും,
ഏഴെട്ടു കാശിന്റെയുന്മാ ദത്തള്ളലേ,
പാഴുറ്റ നിൻതല താഴില്ലെന്നോ!

നൽപ്പനിനീരാൽക്കഴുകിക്കവേണ്ടുന്ന
തൃപ്പദത്തിനു വെറും തണ്ണീരും
ലഭ്യമായീല തൽഗേഹത്തി, -ലല്ലെങ്കി-
ലിപ്പദംതാനൊരുപുണ്യതീർത്ഥം.

തയ്യാറായൂണെന്നൊരുക്തിയാൽ സ്വാഗതം
ചെയ്യാനേ ശീമോൻ മുതിർന്നതുള്ളൂ!

ആ യഹൂദപ്രഭുതന്നാൽ നിമന്ത്രിത-
നായെഴുന്നള്ളിയ യേശുദേവൻ,
പാപ്പാസ്സാം പല്ലവത്തൊത്തോടു വേർപെട്ടു
പാടേ തെളിഞ്ഞ തൃക്കാൽപ്പൊൻപൂവാൽ
മന്ദം നടന്നു നൃപോചിതാഡംബര-
സുന്ദരമായ തളത്തിലെത്തി,



ചിത്രവർണ്ണോജ്ജ്വലപ്പട്ടുവിരിപ്പിൽത്തൻ-
മിത്രങ്ങളൊത്തമീത്തിന്നിരുന്നാൻ
ചമ്പകകങ്കേളികുന്ദാദിപുഷ്പങ്ങ-
ളെമ്പാടും ചിന്നിയ വന്യഭൂവിൽ,
അമ്പാടിതന്നിലെച്ചങ്ങാതിമാരൊന്നി-
ച്ചൻപാളും ഗോവിന്ദനെന്നപോലെ.

കാല്കൾ പിമ്പോട്ടു മടക്കിത്തൃപ്പൊൻചുമൽ
താഴ്കെയിടംകൈ വിരിപ്പിലൂന്നി,
തെല്ലിടത്തോട്ടു ചാഞ്ഞുണ്മാനിരിപ്പായി,
സല്ലീലനീശ്വരൻ നിത്യതൃപ്തൻ.

വീട്ടുടമസ്ഥന്റെ സമ്പത്സമൃദ്ധിയെ-
ക്കാട്ടും വിലപ്പെട്ട പാത്രങ്ങളിൽ
സ്വാദുക്കളാകിയ ഭോജ്യങ്ങളോരോന്നും
സാധുക്കൾ പാചകന്മാർ വിളമ്പീ,
പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി-
വെച്ച ഭഗവാനു ഭക്ഷിപ്പാനായ്.

യാതൊരു പർവതത്തിങ്കലോ, ഭക്ഷണം
യാതൊന്നുമില്ലാതെ നാല്പതുനാൾ,
ധ്യാനംകൊണ്ടാത്മാവെയാത്മാവിൽക്കണ്ടുകൊ-
ണ്ടാനന്ദലീനനായ്ക്കന്യാപുത്രൻ
വൻതപം ചെയ്തു, ഹിമാലയസാനുവി-
ലന്തകസൂദനസ്വാമിപോലെ,
അ'ത്താബോർ' മാമല, ശിഷ്യരോടൊത്തിരു-
ന്നത്താഴമുണ്ണുന്ന ക്രിസ്തുവിനെ
തേൻകുളിർവല്ലിനീകുഞ്ജത്തിൽനിന്നോലും
പൂങ്കുയിൽക്കൂകലാൽ വാഴ്ത്തിപ്പാടി.

താളം പിടിച്ചു തല കുലുക്കിക്കൊണ്ടു
താഴ്വര ചൂഴും തരുക്കളെല്ലാം,
ചിന്നും നിലാവിനാൽ വെള്ളിയലുക്കിട്ടു
തെന്നലുലയ്ക്കുന്ന പത്രങ്ങളാൽ.

പൂവണിചെപ്പുകൾതോറുമേ വാസന്ത-
ദേവത സൂക്ഷിച്ച തൂമരന്ദം
താൻതാൻ കുളിർക്കെത്തളിച്ചൊരദൃശ്യമാം
താലവൃന്തത്തെക്കരത്തിലേന്തി,
യേശുമഹേശനെ പ്രാശനവേളയിൽ
വീശിനാൻ മാരുതൻ മന്ദമന്ദം.

തത്രഭവാന്റെ തഴച്ചകാർകൂന്തലും
വക്ത്രപ്പൊൽത്താരിലെ വണ്ടിൻ ചാർത്തും
തെല്ലൊന്നുലഞ്ഞു വിളങ്ങി, കാളിന്ദിയിൽ
മെല്ലെത്തുള്ളുമ്പുന്നോരോളംപോലെ.



# 4.മുത്തശ്ശി

ബാലാമണിയമ്മ

(മാതൃത്വത്തിന്റെ വിശിഷ്ട ഭാവങ്ങൾ കവിതയിലൂടെ ആവിഷ്ക്കരിച്ച കവയിത്രിയാണ് നാലാപ്പാട്ട് ബാലാമണിയമ്മ (1909-) അതുല്യവും മഹത്തരവുമായ വ്യക്തിത്വത്തിന്റെ സുന്ദരമായ മുദ്രകൾ കൊണ്ട് അങ്കിതമാണ് അവരുടെ കവിതകൾ. അമ്മയായ കുടുംബിനിയിൽ നിന്നാരംഭിച്ച്, അമൃതാത്മികയായ മുത്തശ്ശിയോളം വളർന്ന ഉജ്ജ്വലമായ സ്ത്രീത്വത്തിന്റെ ഗായികയാണവർ. അമ്മ, കൂപ്പുകൈ, കുടുംബിനി, ഭാവനയിൽ, സ്ത്രീഹൃദയം, മഴുവിന്റെ കഥ, നഗരത്തിൽ, സോപാനം, മുത്തശ്ശി തുടങ്ങിയവ ബാലാമണിയമ്മയുടെ മികച്ച കൃതികളിൽ ഉൾപ്പെടുന്നു.
'മുത്തശ്ശി' എന്ന സമാഹാരത്തിൽ ചേർത്തിട്ടുള്ളതാണ് അതേ പേരിലുള്ള ഈ കവിത. പേരക്കുട്ടിയുടെ സാന്നിദ്ധ്യം, പ്രായാധിക്യം കൊണ്ട് ക്ഷീണിതയായ മുത്തശ്ശിയിൽ സ്വന്തം മക്കളെക്കുറിച്ചുള്ള ഓർമ്മകൾ ഉണർത്തുന്നു. അപ്പോഴും തന്റെ മുതുഹൃത്തിൽ പേരക്കുട്ടിക്ക് വാരിച്ചിന്നാൻ വേണ്ട വാത്സല്യത്തിന്റെ സമ്പത്തുകൾ ബാക്കിയുണ്ടാകുമെന്ന് മുത്തശ്ശി അവകാശപ്പെടുന്നു.)

എൻ മടിത്തട്ടിലിരുന്നു നീയോമനേ,
തൻമുഖമീ നെഞ്ചിൽച്ചേർത്തുവെക്കെ,
വിദ്യുൽപ്രകാശംപോലെന്നിൽപ്പരക്കുന്നൂ
വിസ്മൃതപ്രായമൊരത്യാനന്ദം.
മഞ്ഞുമിക്കണ്ണുനിൻ പൊന്നൊളിമേനിയിൽ-
ത്തങ്ങിയേ നിൽക്കുന്നൂ നിർന്നിമേഷം.
ഏറെത്തെളിയുമെന്നുൾക്കണ്ണിൻ മുന്നിലോ
വേറെത്തളിർമെയ്കൾ സഞ്ചരിപ്പൂ.
നീ വരും മുൻപ, തിന്നെത്രയോ മുൻപെ,ന്റെ
ജീവിതം പൂത്തുതളിർത്തനാളിൽ.
ആ വസന്തത്തിന്റെയാത്മാവെത്തങ്ങളി-
ലാവിഷ്കരിച്ചവരെന്റെ മക്കൾ

ഇന്നു, മിച്ചുങ്ങിയ തോലിന്നുമിക്കിളി
തന്നിടും മാതൃത്ത്വലാളിത്യത്തെ,
സ്പർശമാത്രത്താലുണർത്തിയ സുപ്രിയ-
ദർശനർ;-കാൺകയാം ഞാനവരെ.
നൽക്കളിക്കോപ്പുനുറുങ്ങുകൾ, ബുദ്ധിതൻ
പൊക്കമളന്നിട്ട കൈപ്പടകൾ,-
അമ്മയ്ക്കിവയെത്താൻ ലാളിക്കാനേകി, യാ
ക്കർമ്മക്കളിമുറ്റം പൂകിയോരെ!

നിൻപിഞ്ചുകയ്യൊരു ചെന്തളിർത്തൊത്തു പോ-
ലെൻപിടിക്കുള്ളിലൊതുങ്ങുന്നേരം,
തപ്പുകയാണുള്ളം, സ്നേഹത്തിൻകൂടിതി-
ലുൾപ്പുക്ക മറ്റുവിരലുകളെ;
പേടിക്കെയാശ്വാസം കിട്ടാനോ, ലാളനം
തേടിയോ വന്ന വിരലുകളെ;

മണ്ണുപുരണ്ട, മഷിക്കറപറ്റിയ
മഞ്ജുവെള്ളാമ്പലിതളുകളെ;
വെക്കം വളർച്ചയാർന്നീ,ക്കൈവിടുവിച്ചു
പൊയ്ക്കൊണ്ട കൊച്ചു വിരലുകളെ!
എൻകൈ പിടിച്ചിന്നു പിച്ചവെച്ചീടുന്ന
നിൻ കുഞ്ഞിക്കാലടിപ്പാടുകളെ
മായ്ക്കുന്നു തൽക്ഷണമോർമ്മയിലെത്തുമെൻ
മക്കൾതന്നോമൽപ്പദന്ന്യാസങ്ങൾ;
കണ്ണിലഭിമാനബാഷ്പവുമൂറി ഞാൻ
കണ്ട മൃദുപാദവിന്ന്യാസങ്ങൾ;
പാഠാലയത്തിൽ നിന്നെന്നരികത്തേക്കു
പാഞ്ഞുവരും പാദവിന്ന്യാസങ്ങൾ;
ഭാവിയെത്തേടിയകന്നകന്നെങ്ങോട്ടോ
പോവും ദൃഢപാദവിന്ന്യാസങ്ങൾ!...



എന്തേ കനം വെക്കാൻ, പാറുമിച്ചിന്തകൾ-
ക്കെന്തിനും മീതേ നിൻ മൂകശോകം?
മുത്തശ്ശിയെന്തൊരു ചേട്ട നിൻപുഞ്ചിരി
മുത്തുകൾ വാരാനും വെമ്പലെന്യേ,
ഓർമ്മതൻ രുദ്രാക്ഷമാലയിന്മേൽ വിര-
ലോടിച്ചുകൊണ്ടെന്തോ ജല്പിക്കുന്നു!
മുറ്റും ചുളി വീണൊരീ മുഖത്തൌൽസുക്യാ-
ലുറ്റുനോക്കുന്ന നിൻ കൺമുനകൾ,
വാർദ്ധക്യപ്പാഴ്മണ്ണടരുകൾ നീക്കുന്നോ,
വാത്സല്യത്തിന്റെ കിനിവു കാണാൻ?
അന്തരീക്ഷത്തിങ്കൽ നീലിമപോലെനി-
ന്നമ്മയിലുൾത്തിങ്ങും മഞ്ജിമയെ,
നീയൊന്നു പുൽകുമ്പോളാമിഴിരണ്ടിലും
നീളെപ്പരക്കും നിലാവലയെ,
നിൻചുണ്ടുതട്ടുമ്പോൾക്കോരിത്തരിക്കുമാ
നെഞ്ചിലുറന്നോലും പീയൂഷത്തെ,
എന്നിലു മൊട്ടേറെ വേനൽ വരട്ടിയോ-
രെന്നിലു, മുണ്ണീ, നീയാരായുന്നോ?

ആ മഹാസിദ്ധികൾ മാഞ്ഞുപോയ്; പ്രാണനിൽ
പ്പാഴ്മഞ്ഞു വീഴ്കയായിന്നെന്നാലും
എൻകരളിന്റെ കഴിവി,ലൊടുവിൽ,ത്തൻ
പങ്കു ചോദിക്കുവാൻ നീ വരുമ്പോൾ,
പോയൊരാ നാൾകൾ തൻ ലോകോത്തരാനന്ദം
നീയെന്നിൽ വീണ്ടുമുദിപ്പിക്കുമ്പോൾ,
പിച്ചവെക്കുന്നനിൻ കാൽകൾക്കു മുന്നിലു-
ള്ളിച്ചരൽക്കല്ലെന്നെ നോവിക്കുമ്പോൾ,
ഒന്നും നശിക്കുന്നീലെന്നും മനുഷ്യനി-
ലെന്നുണ്ടറിയുന്നൂ നിൻ മുത്തശ്ശി,
ഇമ്മുതുഹൃത്തിലുണ്ടൊട്ടേറെസ്സമ്പത്തു,
നിൻമൃദുകൈകൾക്കും വാരിച്ചിന്നാൻ!

# 5.ഓണപ്പാട്ടുകാർ

വൈലോപ്പിള്ളി

[മഹാകവിത്രയത്തിനു ശേഷം നമ്മുടെ കാവ്യ മേഖലയെ പുരോഗതിയിലേക്കു നയിച്ച ശ്രേഷ്ഠ കവികളിൽ ഒരാളാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ (1911-1985). ചട്ടക്കൂടുക ളിൽ ഒതുങ്ങാത്ത പുരോഗമന സ്വഭാവവും, മനുഷ്യസ്നേഹവും, പ്രകൃതിയോടുള്ള കൂറും അദ്ദേ ഹത്തിന്റെ കവിതയ്ക്ക് ശക്തിയും സൗന്ദര്യവും നൽകുന്നു. കന്നിക്കൊയ്ത്ത്, മകരക്കൊ യ്ത്ത്, ശ്രീരേഖ, കുടിയൊഴിക്കൽ. കയ്പവല്ലരി, ഓണപ്പാട്ടുകാർ തുടങ്ങിയ കവിതാസമാഹാര ങ്ങൾ വൈലോപ്പിള്ളിയുടെ അനശ്വര സംഭാവനകളാണ്.
'ഓണപ്പാട്ടുകാർ' അതേ പേരിലുള്ള കവിതാ സമാഹാരത്തിലെ ഒരു കവിതയാണ്. കേരളീയ രുടെ ദേശീയോത്സവമായ ഓണം വൈലോപ്പിള്ളിയുടെ കവിഭാവനയെ എന്നും ഉത്തേജി പ്പിച്ചു പോന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓണക്കവിതകളിലൊന്നാണ് 'ഓണപ്പാട്ടുകാർ']

അരിമയിലോണപ്പാട്ടുകൾ പാടി-
        പ്പെരുവഴിതാണ്ടും കേവല, രെപ്പൊഴു-
മരവയർ പട്ടിണി പെട്ടവർ, കീറി-
        പ്പഴകിയ കൂറ പുതച്ചവർ ഞങ്ങൾ;

നരയുടെ മഞ്ഞുകൾ ചിന്നിയ ഞങ്ങടെ
        തലകളിൽ മങ്ങിയൊതുങ്ങിയിരിപ്പൂ
നിരവധി പുരുഷായുസ്സിന്നപ്പുറ-
        മാളിയൊരോണപ്പൊൻകിരണങ്ങൾ.

2

പഴയസുഗന്ധദ്രവ്യശതത്തിൻ
        പരിമളമോലും കേരളനാട്ടിൽ,



പലവഴി ഭിക്ഷുപരമ്പര മേളി-
        ച്ചൊഴുകും ഗംഗാസമതലഭൂവിൽ,

നീരവനഗനഗഭീരമഹാമരു-
        ഭൂമിയിലുയരും കൂടാരങ്ങളിൽ,
1 നീലനദീതടതാലവനങ്ങളിൽ,
        നിത്യമനോഹരയവന2 ദ്വീപിൽ,

ഏറെ മുഖച്ചുളിവേലും ചീനയി-
        ലേഴകൾ പുഞ്ചകൾ കാക്കുമിടങ്ങളി,-
ലേടലർമൊട്ടുകൾപോലെ നിലാവണി-
        മേടകളാർന്ന കിഴക്കൻ പുരിയിൽ

അശ്വസഖന്മാർ 'ജിപ്സി'കൾ തീക്കാ-
        ഞ്ഞമരും റഷ്യൻ മൈതാനങ്ങളി,-
ലത്ഭുതമായക3 സംസ്കാരത്തിന-
        ടിത്തറ പാകിയ ദക്ഷിണഗിരിയിൽ

പലദേശത്തിൽ, പല വേഷത്തിൽ,
        പ്പലപല ഭാഷയിൽ, ഞങ്ങൾ കഥിപ്പൂ
പാരിതിലാദിയിലുദയംകൊണ്ടുപൊ-
        ലിഞ്ഞൊരുപൊന്നോണത്തിൻ ചരിതം.

ഞങ്ങടെ പാട്ടിനു കൂട്ടു കുടം തുടി
        കിണ്ണം തംബുരുവോടക്കുഴലും
ഞങ്ങടെ പാട്ടിൽത്തേനും പാലും
        തെങ്ങിളനീരും നറുമുന്തിരിയും!

---

1. ഈജിപ്തിലെ നദി

2. ഗ്രീസ്

3. തെക്കെ അമേരിക്കയിലെ പെരുവിയൻ പർവ്വതങ്ങൾക്കിടയ്ക്കു തഴച്ച മായൻ സംസ്കാരം

3

പണ്ടു ചരിത്രമുദിക്കുംമുമ്പു,മ
തങ്ങൾ കരഞ്ഞു പിറക്കുംമു, മ്പൊരു
മന്നവർമന്നൻ വാണിതു തൻകുട-
വാനിനു കീഴിലൊതുങ്ങി വിശ്വം.

വന്മല പോലൊരു ഭൂപൻ, മന്ത്രികൾ
കുന്നുകൾപോ, ലവരറിവിന്നുറവിൻ
വെൺനുരപോൽ നറുപുഞ്ചിരി ചിന്നി നി-
റന്നൊരു വെള്ളത്താടി വളർന്നോർ.

ആവിധമഗ്രിമലോകരരോഗ-
മനോഹരദേഹരുദാരമനസ്സുകൾ,
ദേവകളറിയപ്പെട്ടിട്ടില്ലാ-
ദ്ധരണിയിലുത്തമപൂർണ്ണമനുഷ്യർ.

അവരുടെ മുമ്പിൽ പച്ച വിരിച്ചു സ-
മസ്തപദാർത്ഥമെടുത്തു വിലക്കീ-
യവനി, വിശിഷ്ടമഹാതിഥികൾക്കു വി-
ദഗ്ദ്ധകുലീനഗൃഹസ്ഥകണക്കെ.

പൂക്കളമൊന്നിൽ പൂനിരപോ, ലൊരു
ഗായകസംഘമുതിർക്കും പാട്ടിൽ
ശ്ലാഘ്യതരംപല ബന്ധുരമാംസ്വര-
രാഗവിശേഷമിണങ്ങുംപോലെ,

അലിഖിതമായൊരു ധർമ്മം പാലി,-
ച്ചുന്നതവിസ്തൃതചിന്താകർമ്മ-
പ്പൊലിമയിലന്നു പരസ്പരമൊത്തു പു-
ലർന്നു മനുഷ്യർ മഹാസത്വന്മാർ!



സ്വൈരതയേൽക്കിലുമവിടെ സ്സുദതികൾ
സൗഹൃദമധുരപവിത്രചരിത്രകൾ;
വീരതകൊൾകിലുമവിടെപ്പൂരുഷർ
വിനയവിശാരദർ, കരുണാമൂർത്തികൾ,

കുശമുനപോലാം, ധിഷണകളവിടെ-
ക്കുടിലതയെന്യേ മിന്നീ, വാർദ്ധക-
ദശയിലുമങ്ങു വികസ്വരയൗവന-
രസികതയാർന്നു വിളങ്ങീ കരൾകൾ.

അവരുടെ കലകൾക്കുറ്റ സദസ്സായ്
ഗൗരവമുദ്രിതമദ്രിസമൂഹവു,-
മലകൾ തിമിർക്കും കടലും, സൂക്ഷ്മവി-
കാരതരംഗിതതാരാപഥവും.

ദിവ്യത പൂജിക്കായ്കിലുമവരുടെ
ജീവിതമൊക്കെയൊരാരാധനയായ്,
ഉർവ്വിയിലവരുടെ യുഗമോ സുകൃത-
പ്പൂക്കളൊടുങ്ങാത്തിരുവോണവുമായ്?

4

ആവിധമായിരമാണ്ടു വസന്തപ-
രാഗമണിഞ്ഞു പറക്കെ, പ്പെട്ടെ-
ന്നാഴി വളർന്നു മഹീതലമഹിമക-
ളാകെ വിഴുങ്ങി മടങ്ങീ പോലും.

അപരപുരാതനർ ചൊൽവൂ, വാമന-
നാദിമദേവൻ വന്നു മഹീശനെ-
യർത്ഥനചെയ്തു ചതിച്ചു ചവിട്ടിയി-
രുട്ടിലണച്ചു മുടിച്ചാനെന്നും;

പൊരുളറിവീല, യുഗങ്ങൾ കഴിഞ്ഞു ച-
രിത്രം കുഞ്ഞിക്കണ്ണുതുറക്കേ,-

ദ്ധരയുടെ ശരസി ലസിച്ചു നരപോൽ
ദേവപുരോഹിതദുഷ്പ്രഭുവർഗ്ഗം!

പൃത്ഥ്വിയിലന്നു മനുഷ്യർ നടന്ന പ-
ദങ്ങളിലിപ്പൊഴധോമുഖവാമനർ,
ഇത്തിരിവട്ടംമാത്രം കാണ്മവർ,
ഇത്തിരിവട്ടം ചിന്തിക്കുന്നവർ,

മൂവടിമണ്ണിനിരന്നു, കവർന്നു, വ-
ധിച്ചു, നശിപ്പോ, രൽപസുഖത്തിൻ
പാവകളി, ച്ചതു തല്ലിയുടച്ചു, ക-
രഞ്ഞു മയങ്ങിയുറങ്ങീടുന്നോർ.

സൽഗുണമഹിമ ചവിട്ടിയമർത്തി
വസുന്ധരയൊക്കെയസുന്ദരമാക്കി
സ്വർഗ്ഗപഥത്തിൽ നയിപ്പാനന്ധ-
വിരക്തിയെ നിന്നു വിളിച്ചീടുന്നോർ,

പെരുകിടുമിരുളിലുമെന്നാൽ ഞങ്ങടെ
തലകളിൽ മഞ്ഞി വിളങ്ങിയിരിപ്പൂ
നിരവധിപുരുഷായുസ്സിന്നപ്പുറ-
മാളിയൊരോണപ്പൊൻകിരണങ്ങൾ.

അവകൾ കിനാവുകളെന്നാം ശാസ്ത്രം,
കളവുകളെന്നാം ലോക ചരിത്രം;
ഇവയിലുമേറെ യഥാർത്ഥം ഞങ്ങടെ
ഹൃദയനിമന്ത്രിതസുന്ദരതത്വം.

വ്യക്തം, ഞങ്ങൾക്കപ്പൊരുൾ, ഓർമ്മക-
ളങ്ങിനെ മൂല്ലമൊരഴകിൻ ദൗത്യം
നിത്യം പാരിൽ ക്കലയുടെ പാന്ഥ-
ർക്കരുളുകയാണൊരു മധുരാസ്വാസ്ഥ്യം.



അത്രയുമല്ല പുരാതനകാഞ്ചന-
കാലം പുൽകിയ കണ്ണാൽ ഭാവിയു-
രുത്തിരിയുന്ന വിദൂരതയിങ്കലു-
മൊരു തിരുവോണം കാൺമൂ ഞങ്ങൾ.

ആധുനാതനയുഗമനുജാവലിയുടെ-
യനുതാപാർഹജനുസ്സു കുഴഞ്ഞൊരു
മഹിതാകൃതിയാം മാനവജീവിത-
ശില്പമുദിപ്പതു കാൺമൂ ഞങ്ങൾ.

നഷ്ടവസന്തസ്ഥലികളിൽ നിന്നു സ-
മൃദ്ധവസന്തതടങ്ങളിലേ, ക്കിള-
വറ്റു പറക്കും പക്ഷികൾ* പോ, ലിരു-
സന്ധ്യതൊടുക്കും താരകൾ പോലെ,

പോയതിൽ നിന്നിനിയെന്നോ വിരിയു-
ന്നായതിലേക്കു കുതിക്കുകയാണി-
ന്നായതവിശ്വാസത്തൊടു ഞങ്ങടെ
ഭാസുരചിന്താസങ്കല്പങ്ങൾ.

ചേണൊടു കാലധനുസ്സിൻ തങ്ക-
ക്കോണുകൾ ചേർത്തു മുറുക്കിക്കെട്ടിയ
ഞാണുകൾ ഞങ്ങടെ പാട്ടുകൾ, ഇളയെ-
പ്പൂണുക ഞങ്ങടെ വില്ലടി, നാദം!

കാണുക, ദേവകൾ തൻ പരിഹാസം
പോലെ നിലാവൊളി ചിന്നിയ പാരിൻ
സാനുതലങ്ങളിലൂടെ നിവർന്നു
നടന്നു വരുന്നൊരു തേജോരൂപം.

ആ വരവിങ്കലുണർന്നു ചിരിപ്പൂ
പൂവുകൾ!- ഞങ്ങടെ സാക്ഷികളത്രേ
പൂവുകൾ! പോവുക നാമെതിരേല്ക്കുക
നമ്മളൊരുക്കുക നാളെയൊരോണം!

* ചില തരം പക്ഷികൾ ഇങ്ങനെ കൂട്ടത്തോടെ ദേശം മാറി ആയിരമായിരം നാഴിക സഞ്ചരിക്കാറുണ്ട്.

# 6. എന്റെ മൂന്നു വീടുകൾ

എൻ.വി.കൃഷ്ണവാരിയർ

[അദ്ധ്യാപകൻ, രാഷ്ട്രീയ പ്രവർത്തകൻ, പത്രാധിപർ, ഗവേഷകൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയരക്ടർ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള എൻ.വി.കൃഷ്ണവാരിയർ (1916-1985) കവിയെന്ന നിലയിലും പ്രശസ്തനാണ്. അദ്ദേഹത്തിന്റെ കവിതാസമാഹാരങ്ങളാണ് നീണ്ട കവിതകൾ, കുറെക്കൂടി നീണ്ട കവിതകൾ, കൊച്ചു തൊമ്മൻ, ഗാന്ധിജിയും ഗോഡ്സേയും, കാളിദാസന്റെ സിംഹാസനം തുടങ്ങിയവ.
എൻ.വി.യുടെ കവിതകൾ എന്ന സമാഹാരത്തിൽ നിന്നും എടുത്തിട്ടുള്ളതാണ് പാഠ്യഭാഗം. ബാല്യത്തിലെയും യൗവനത്തിലെയും വാർദ്ധക്യത്തിലെ ഗൃഹസങ്കല്പങ്ങളാണ് കവി ഇവിടെ അവതരിപ്പിക്കുന്നത്.]

### ഒന്നാമത്തെ വീട്

ഭാഗിച്ചു ലേലം ചെയ്തു കൈമാറിപ്പൊളിച്ചസ്ഥി-
വാരവുംകിളച്ചുപോയെങ്കിലും സ്മരണയിൽ
സ്നേഹമായ്, വിരഹമാ, യഭിമാന,യെന്റെ-
യാദിവിടീതിഹാസമാ, യിന്നും നിലക്കൊൾവൂ.

ഇരുൾമൂലക, ളിടനാഴികൾ, കോണിച്ചോട്ടിൽ-
ച്ചെറുമച്ചകം, നെല്ലുപത്തായം, നിലവറ,
കൂവളം തുളസിയും മണക്കും പൂജാമുറി,
കൂന്നു നില്ക്കുവാൻ മാത്രം പൊന്തിയ തട്ടിൻപുറം:

ഒളിച്ചുകളിക്കുവാനെന്തു സൗകര്യം! വീട്ടിൽ
നിറച്ചും പെങ്ങന്മാരുമാങ്ങളമാരും; തോപ്പിൽ
എത്ര തേൻവരിക്കക, ളെത്ര കൂഴക, ളെത്ര-
യെത്ര മാവുക, ളെത്ര പാഴ്മരപ്പടർപ്പുകൾ!



മണ്ണുതേച്ചിഴുക്കിയ ചുമരും മെഴുകിയ
തിണ്ണയും പേരാൽപോലേ പടർന്ന തറവാട്ടിൽ
രോഗവും ദാരിദ്ര്യവും മൃത്യുവും നിഴൽവിരി-
ച്ചാകിലും, സുരക്ഷിതമായിരുന്നല്ലോ ബാല്യം.

### രണ്ടാമത്തെ വീട്

പ്രായമായ്പ്പെണ്ണും കെട്ടിക്കുടിപാർക്കാൻ ഞാൻ ചെന്ന
വാടകവീ,ടാരാനും വീടെന്നു പറയുമോ?
നഗരച്ചേരിബ്ഭാഗത്തുച്ചയ്ക്കു തീ തുപ്പുന്ന
തകരപ്പുര, പീഞ്ഞവാതിലും പീഞ്ഞത്തട്ടും.

വെള്ളമുണ്ടയൽവീട്ടിൽക്കിണറ്റിൽ; പ്പോയിക്കോരി-
ക്കൊള്ളുക, തിളപ്പിച്ചിട്ടിഷ്ടം പോൽ കുടിക്കുക!
മുന്നിലെ റോട്ടിൽപ്പൊന്തും പൊടിയും ബഹളവും
ജന്നലിൻകതകുകൾ കുറ്റിയിട്ടകറ്റുക!

എങ്കിലുമെൻ ജീവിതം തളിരിട്ടിതാ വീട്ടിൽ;
അങ്ങിരുന്നധ്യാനിച്ചേൻ, പഠിച്ചേൻ, ആഹ്ലാദിച്ചേൻ;
വന്ദ്യരാമതിഥിമാരാവീട്ടിൽപ്പാദസ്പർശ-
ധന്യത ചേർത്താർ; അങ്ങു പിറന്നാരെൻകുട്ടികൾ.

അത്തറപ്പുരുക്കത്തിലുരഞ്ഞു കാൽമുട്ടിന്മേൽ-
പ്പൊറ്റയാർന്നാലും, പിച്ചവെച്ചവർ നടന്നുപോയ്;
ഇല്ലാതായാ വീടു;മെന്നാകിലും സ്വപ്നങ്ങളിൽ
ഇന്നും ഞാൻ വീടായിട്ടാ വീടിനെയത്രേ കാണ്മൂ.

### മൂന്നാമത്തെ വീട്

വൃദ്ധനായ്;പണി ചെയ്യാൻ വയ്യാതായ്;ശേഷം കാലം
സ്വസ്ഥനായ് മനോരാജ്യം വാഴുവാൻ കൊതിച്ചു ഞാൻ.
കിട്ടുമോ തിരക്കിൽ നിന്നകന്നു,വയലിന്റെ
പച്ചയോ കടലിന്റെ നീലയോ കാണും മട്ടിൽ

ചെറുതാ,യെന്നാലഴകുള്ളതാമൊരു വീടു-
മൊരുതോട്ടവു,മതിൽ നാലഞ്ചു തെങ്ങിൻതയ്യും,
പുറകിൽത്തൊഴുത്തിൽ പാൽചുരത്തുമൊരു പയ്യും,
ഇറയത്തൊരറ്റത്തായർദ്ധനിദ്രിതൻ നായും.

മുറ്റത്തു തണൽനീർത്തി വിരിക്കും സ്വർണ്ണാശോകം,
ചട്ടിയിൽപ്പൂമൊട്ടേന്തിച്ചാഞ്ചാടും പനീർച്ചെടി,
വാഴമേൽക്കുടപ്പനിൽത്തേനുണ്ണും സൂചീമുഖി,
വേലിമേൽച്ചാടിച്ചാടിച്ചിലയ്ക്കുമണ്ണാർക്കണ്ണൻ.

അന്തിയാകുമ്പോൾ, വെട്ടംമങ്ങുമ്പോ, ഉകാരണ
ക്ലാന്തമാം മനം, തോഴീ, ദു:ഖത്താൽത്തുള്ളുമ്പോൾ,
നിൻതലയ്ക്കുമേലുണ്ടു കൂരെയെന്നാശ്വാസത്തോ-
ടെന്റെ കണ്ണവസാനനിദ്രയിലടയുമോ?



# 7. ആന

സുഗതകുമാരി

[മലയാള കവിതാരംഗത്ത് സവിശേഷമായ ഒരു സ്ഥാനമാണ് സുഗതകുമാരി (1934-)ക്ക് ഉള്ളത്. തന്നെ ചൂഴുന്ന ബാഹ്യപ്രകൃതിയിൽ വന്നു ചേരുന്ന അനാരോഗ്യമായ മാറ്റത്തെക്കുറിച്ചുള്ള ആകുലതകളും സമകാലീന മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ വ്യഗ്രതകളും അവരുടെ കവിതകളിൽ നിറഞ്ഞു നില്ക്കുന്നു. തീക്ഷ്ണമായ ഭാവങ്ങൾ അവതരിപ്പിക്കുമ്പോഴും ആർദ്രതയുള്ളതാണ് അവരുടെ കാവ്യശൈലി. രാത്രിമഴ, കുറിഞ്ഞിപ്പൂക്കൾ, കൃഷ്ണകവിതകൾ, മുത്തുച്ചിപ്പി, പാവം മാനവഹൃദയം, അമ്പലമണി, തുലാവർഷപ്പച്ച, തുടങ്ങിയവ സുഗതകുമാരിയുടെ ഈടുറ്റ സംഭാവനകളാണ്.
തുലാവർഷപ്പച്ച എന്ന കവിതാ സമാഹാരത്തിലെ ശ്രദ്ധേയമായ ഒരു കവിതയാണ് 'ആന'. തടി പിടിക്കാനും ഉത്സവത്തിൽ എഴുന്നള്ളിക്കാനും കൊണ്ടു വരുന്ന ആനകൾ അനുഭവിക്കുന്ന യാതനകൾ ഒരാനയുടെ ഓർമ്മകളിലൂടെ കവയിത്രി ഈ കവിതയിൽ അവതരിപ്പിച്ചിരിക്കുന്നു. ആനയുടെ ആത്മാവുമായി താദാത്മ്യം പ്രാപിച്ചു കൊണ്ടാണ് കവയിത്രി ആ ദുരിതകഥ വിവരിക്കുന്നത്. അതുകൊണ്ടു തന്നെ ആനയുടെ ദു:ഖം കവിയുടെ ദു:ഖം പോലെത്തന്നെ അനുവാചകന്റേതുമായിത്തീരുന്നു!]

## പുലരി

ഒരു നഗ്നമാം കുന്നിൻപള്ള,
ചുറ്റിലുമാൾക്കാർ,
തെറിവാക്കുകൾ, പണിച്ചൊല്ലുകൾ,
അലർച്ചകൾ,
കൊലചെയ്തൊരുമഹാ
വൃക്ഷത്തിൻ നെടും ജഡം
കയറാൽ കെട്ടിത്താങ്ങി
വലിക്കും മഹാഗജം

അടി, കല്പന, താങ്ങി-
  യിറക്കൽ, വീണ്ടും വീണ്ടു-
മടി! അമ്പരന്നൊന്നു
  നിന്നു പോകുന്നൂ,പേടി-
ച്ചരളും കണ്ണാലാന
  നോക്കുന്നൂ ചുറ്റും തെന്നി
മറിയാതിതും വലിച്ചെങ്ങനെ-
  യിറങ്ങേണ്ടൂ?
അടി! പിന്നെയും നിന്നു പോകുന്നു...
  വീണ്ടും വീണ്ടു-
മടി! പൊക്കിളിൽ തോട്ടി-
  മുനയാൽ കൊള്ളുന്തവേ
പിടയുന്നത്യുച്ചത്തിലാർക്കുന്നൂ
  മഹാഗജം!
കുത്തുകൾവീണ്ടുംവീണ്ടുമേൽക്കുന്നൂ
  കാലിൽ, പിട
ഞ്ഞൊത്തിയും, തുമ്പിക്കയ്യാൽ
  ചുറ്റിയും, വൻ നെറ്റിയാൽ
തെറ്റുമ്പോളിടയ്ക്കിടെത്താങ്ങിയു-
  മിറക്കുന്നൂ
ഉൽക്കടം ഭാരം! താങ്ങാൻ വയ്യ!
  വീണു പോം... വയ്യ!
ചത്തൊരാ മരം മൂകം മൊഴിവു,
  ''കുഞ്ഞേ, നീയും
ചത്തിരുന്നെങ്കിൽ, കാണാൻ
  വയ്യേ നിൻ മഹാദു:ഖം!''
അങ്ങനെ കുന്നിൻ ചോട്ടി-
  ലെത്തുന്നുമരം; ലോറി



വന്നുനിൽക്കുന്നൂ, കേറ്റി വെക്കണം,
  ചുറ്റും നോക്കി-
ത്തുമ്പിക്കൈയ്യുയർത്തുന്നു,
  പറയാൻ ശ്രമിക്കുന്നു
സങ്കടമവൻ, ''വെള്ളം വേണ-
  മിത്തിരി വെള്ളം!''
വടിയോങ്ങുന്നൂപാപ്പാൻ,
  തുമ്പി താഴുന്നൂ,കൺക-
ളടയെത്താനേ നിന്നു
  വിറപ്പൂ കരിംകൊമ്പൻ

## ഉച്ച

ഉരുകും ടാറിൻനെടും പാത,
  ഉച്ചിമേൽ സൂര്യൻ,
തളരും മെയ്യും പേറി-
  യാന നീങ്ങുന്നു മന്ദം
''ഉണ്ടിനിയേറെക്കാതം,
  നടന്നോ വേഗം വേഗ-
മമ്പലത്തിലേക്കിനി ദൂര-
  മൊത്തിരി ദൂരം!''
കുത്തുകളേറെക്കൊണ്ടു
  വിങ്ങിയ മുൻകാലുകൾ
പൊക്കിയും വെച്ചും
  പണിപ്പെട്ടവൻ നടക്കുന്നൂ
ഇരുൾക്കാട്ടിലും പുല്ലു
  മേട്ടിലും നടക്കുവാ-
നൊരുക്കപ്പെട്ടുള്ളോരു
  പതുത്ത വൻ പാദങ്ങൾ

തിളയ്ക്കുംടാറിൻ ചുട്ട പാതമേൽ
കനം പേറി-
പ്പതിക്കെ,പ്പരിഭ്രാന്തം
നിന്നുപോകുന്നു കൊമ്പൻ
അടി വീഴുന്നൂ ക്രൂരം
ചെന്നിയിൽ! വീണ്ടും വീണ്ടും!
''നടയാനേ, നീ നിന്നു കൊഞ്ചുന്നോ?
വൈകീ നേരം!''
മരനീരിലായ് മുങ്ങി-
ക്കത്തിയും വടിയുമായ്
നരനാമെജമാനൻ,
തൻ കഴുത്തേറുന്നവൻ
അലറുന്നിടയ്ക്കിടെ,പ്പശി തൻ
തിരമാല-
യുരുള്ളും വയറുമായാന
നീങ്ങുന്നു ഭീതം
ചവിട്ടാൻ വയ്യാ! ചൂടു
മേലേക്കു നീറിപ്പറ്റി-
പ്പിടിക്കു,ന്നിടക്കിടെ-
യോടീ നീങ്ങുന്നു കൊമ്പൻ,
ഉണ്ടിനിയേറെക്കാതം,
കരുണാമയൻ വാഴു-
മമ്പലത്തിലേക്കിനി ദൂര-
മൊത്തിരി ദൂരം!

## രാത്രി

അന്തി മാഞ്ഞിരുൾ വീണൂ,
തിരക്കിട്ടതാ വരു-
ന്നമ്പലമുറ്റത്തേക്കൊരാനയും
പാപ്പാൻ താനും,



''എന്തിത്ര വൈകീ?''
''കൊമ്പൻപിഴയാണൊന്നുംകേൾക്കി-
ല്ലെന്തു ചെയ്താലും നടക്കില്ല.''
''വന്നോള്ളൂ, വേഗം!''
അമ്പലത്തിരുമുറ്റത്താളുകൾ
തിരക്കുന്നൂ,
പൊൻകൊടിമരച്ചോട്ടി-
ലവനെ നിർത്തീടുന്നൂ
അവന്നു നെറ്റിപ്പട്ടം
പൊന്നിനാൽ ചാർത്തീടുന്നു!
അവന്നു ചുറ്റും കൊടി തഴക-
ളുയർത്തുന്നു!
അവന്റെ മുന്നിൽ കുത്തുവിളക്കും
തീവെട്ടിയു-
മലങ്കാരവും പഞ്ചവാദ്യവും
നിരക്കുന്നൂ!
പെൺകിടാങ്ങൾ തൻ വള-
ക്കൈകൾ പൂ ചൊരിയുമ്പോ-
ളൻപിലായിരം കൂപ്പുകൈകൾ
തൻ നടുവിലായ്
അവന്റെ ചുമലിന്മേൽ
പെൻതിടമ്പിന്മേൽ കനി-
ഞ്ഞെഴുന്നള്ളി നിൽക്കുന്നൂ
ഞങ്ങൾതന്നുണ്ണിക്കണ്ണൻ!...
കുത്തുകളേറെക്കൊണ്ടു
നീരു വിങ്ങിയ കാൽകൾ
കുത്തുവാൻ വയ്യാതെ നി-
ന്നാടുന്നൂ കരിംകൊമ്പൻ

എന്തിനെന്നറിവീല!
മനസ്സിലാകുന്നീല!
എന്തിനു തന്നെ, പ്പച്ചക്കാടിന്റെ
കിടാവിനെ
കളിച്ചു നടക്കുമ്പോൾ
വൻ ചതിക്കുഴി കുത്തി
മറിച്ചിട്ടതും കയറിട്ടേറ്റി
വലിച്ചതും
ചുരന്നോരകിടുമായ്
കണ്ണീരു ചൊരിഞ്ഞമ്മ
തിരിഞ്ഞു നോക്കിക്കര-
ഞ്ഞോടിപ്പോയ്മറഞ്ഞതും
അറിയാത്തവർ ചുറ്റും വന്നെത്തി-
യുന്മത്തരായ്
ഇരയെത്തെളിച്ചാട്ടി-
യെങ്ങോട്ടോ പോയെന്നതും
പിന്നെയും തിരഞ്ഞെത്തി-
പ്പേടിച്ചു പേടിച്ചമ്മ
ഉണ്ണിയെത്തിരഞ്ഞങ്ങി-
ങ്ങുഴറി നടന്നതും
തളച്ചവൻ കുറ്റിമേൽ
നെറ്റിയാലിടിച്ചിടി-
ച്ചുറക്കെക്കരഞ്ഞിട്ടും,
ചോര വാർന്നൊലിപ്പോളം
ചങ്ങലക്കെട്ടിൽ പെട്ട
കാലിട്ടു കുടഞ്ഞിട്ടും
കണ്ണീരിൽ മുങ്ങിച്ചത്തു
മയങ്ങിക്കിടന്നിട്ടും



ദണ്ഡിപ്പിച്ചേറെക്കാല-
മിണക്കിയെടുത്തതും
കൺകളിൽ കാടിൻ പച്ച-
യെപ്പൊഴേ മറഞ്ഞതും
എന്തിനായ്? തനിക്കൊന്നും
മനസ്സിലാവുന്നീല!
സങ്കടം മാത്രം! നോവുമാത്രം!
ഹാ! ഭയം മാത്രം!
അനങ്ങിപ്പോയാലടി! കുത്ത്!
കാൽനഖത്തിന്മേ-
ലടി! താൻ പിഴയെന്തു
ചെയ്തിതെന്നെറിവീല!
നിറയാ വയർ, തീരാ വിശപ്പ്!
ചില നേരം
മധുരം നൽകിത്തൊട്ടു-
തൊഴുന്നതെന്തിന്നായി?
കല്ലെറിയുന്നൂ, ചുമ്മാ തല്ലുന്നൂ,
വാലിൻ രോമം
വല്ലാതെ പിഴുതെടുക്കുന്നതു-
മെന്തിന്നായി?
എന്തിനീയാൾത്തിക്കിന്റെ
നടുവിൽ തന്നെ നിർത്തു-
ന്നെന്തിനീത്തീയും ശബ്ദ-
ഘോഷവുമിരമ്പവും?
എന്തിനായ്? ആനയ്ക്കൊന്നും
മനസ്സിലാകുന്നീല!
നൊമ്പരം മാത്രം, ക്ഷീണം മാത്രം,
ഹാ! ഭയം മാത്രം!

കനത്ത മെയ്യിൻ ഭാരം
താങ്ങുവാൻ കെല്പില്ലാതെ
വിറയ്ക്കുന്നവൻ,മാറി മാറി-
ക്കാൽ ചവിട്ടുന്നൂ!
കണ്ടതില്ലാരും, നെറ്റിപ്പട്ടത്തിൻ
മറവിലാ-
ക്കൺകളിൽ കുടുകുടെ-
ച്ചുടുനീരൊലിക്കുന്നു!
താഴെയെന്തവൻ തുമ്പി-
ക്കയ്യിനാൽ തപ്പീടുന്നു?
താമരമലരൊന്നോ?
വലിച്ചുവലിച്ചാഴ്ത്തും
ഭീമനക്രത്തിൻ വിഷ-
പ്പല്ലുകൾ വിടർത്തുവാൻ
ഈ മഹാദു:ഖത്തിൽ നിന്നുയർത്താൻ,
തൃക്കൈ നീട്ടി
നീ വരും വരുമെന്നോ?
കാതോർത്തു കണ്ണീരൊലി-
ച്ചാന നിൽക്കുന്നൂ-
ചുറ്റുമുൽസവം തകർക്കുന്നു!



# 8. സഫലമീ യാത്ര

എൻ.എൻ.കക്കാട്

[മലയാള കവിതയുടെ രൂപത്തിലും ഭാവത്തിലും സർവ്വങ്കഷമായ ഒരു പരിവർത്തനം കഴിഞ്ഞ ഏതാനും ദശകങ്ങൾക്കുള്ളിൽ നടക്കുകയുണ്ടായി. ഈ പരിവർത്തനത്തിന് നേതൃത്വം നൽകിയവരിൽ പ്രമുഖനാണ് എൻ.എൻ.കക്കാട് (1927-1987). സ്വാതന്ത്ര്യം നേടിയതിനു ശേഷം ഭാരതീയ സമൂഹത്തിന് നേരിട്ട ദാരുണമായ സംസ്കാരികാധ:പതനം കക്കാട് എന്ന കവിയെ അടിമുടി പിടിച്ചുലച്ചു. ശലഭഗീതം, പാതാളത്തിന്റെ മുഴക്കം, വജ്രകുണ്ഡലം, ആയിരത്തി തൊള്ളായിരത്തി അറുപത്തി മൂന്ന് തുടങ്ങിയ ഒട്ടേറെ കവിതകൾ ഇത്തരം വൈകാരിക മനോഭാവങ്ങളുടെ പ്രതിഫലനമായി അദ്ദേഹത്തിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുണ്ട്.
കക്കാടിന്റെ 'സഫലമീയാത്ര' എന്ന കവിതാസമാഹാരത്തിലുള്ളതാണ് അതേ പേരിലുള്ള ഈ കവിത. അവശനായി ആശുപത്രിയിൽ കഴിയുന്ന കവി, തിരുവാതിരയും വിഷുവും ഓണവും ഒക്കെയുമായി കടന്നു പോകുന്ന കാലത്തിൽ നാളെ ആരെന്നും എന്തെന്നും അറിയാൻ കഴിയില്ല എന്ന സത്യം ഓർക്കുകയും ദു:ഖത്തിന്റെ ചവർപ്പിനടിയിലും ശാന്തിയുടെ ശർക്കര നുണയാൻ കഴിഞ്ഞ തന്റെ ജീവിതം സഫലമാണെന്ന് ആശ്വസിക്കുകയും ചെയ്യുന്നു.]

ആർദ്രമീ ധനുമാസരാവുകളിലൊന്നിൽ
ആതിര വരും, പോകു, മല്ലേ സഖീ? ഞാനീ
ജനലഴിപിടിച്ചൊട്ടുനില്ക്കട്ടെ; നീയെ-
ന്നണിയത്തുതന്നെ നില്ക്കൂ, ഇപ്പഴക്കൂ-
ടൊരു ചുമയ്ക്കടിയിടറി വീഴാം.

വ്രണിതമാം കണ്ഠത്തിലിന്നു നോവിത്തിരി
ക്കുറവുണ്ട്, വളരെ നാൾകൂടി ഞാൻ
നേരിയനിലാവിന്റെ പിന്നിലെയനന്തതയി-
ലലിയുമിരുൾ നീലിമയിൽ,
എന്നോ പഴകിയൊരോർമ്മകൾ മാതിരി,

നിന്നുവിറയ്ക്കുമീയേകാന്തതാരകളെ
ഞാനൊട്ടു കാണട്ടെ, നീ തൊട്ടു നില്ക്കൂ
ഓരോ നിറം കൊണ്ടു നേരമളന്നും
ഓരോ രവം കൊണ്ടുരൂപമറിഞ്ഞും
ഓരോ മരുന്നുകളിലന്തികളിഴഞ്ഞും
ഒരു കരസ്പർശത്തി, ലൊരുനേർത്ത തേങ്ങലി-
ലിരവിൻ വ്രണങ്ങളിൽ കുളിരു ചുരഞ്ഞും
കുഴയുമീ നാളുകളി, ലൊച്ചയുണ്ടാക്കാതെ-
യാതിരവരുന്നുവെന്നോ, സഖീ?
ആതിരവരുന്നേരമൊരുമിച്ചു കൈകൾകോർ-
ത്തെതിരേല്ക്കണം നമുക്കിക്കുറി; വരുംകൊല്ല-
മാരെന്നു, മെന്തെന്നു, മാർക്കറിയാം!

എന്തു, നിൻ മിഴിയിണ തുളുമ്പിയെന്നോ, സഖി,
ചന്തം നിറയ്ക്കുകീ ശിഷ്ടദിനങ്ങളിൽ
മിഴിനീർച്ചവർപ്പുപെടാതീ മധുപാത്ര-
മടിയോളം മോന്തുക; നേർത്ത നിലാവിന്റെ
യടിയിൽ തെളിയുമിരുൾ നോക്കു-
കിരുളിന്റെയറകളിലെയോർമ്മകളെടുക്കുക
ഇവിടെയെന്തോർമ്മകളെന്നോ,
നെറുകയിലിരുട്ടേന്തിപ്പാറാവു നില്ക്കുമീ
തെരുവുവിളക്കുകൾക്കപ്പുറം
ബധിരമാം ബോധത്തിനപ്പുറം
ഓർമ്മകളൊന്നുമില്ലെന്നോ? ഒന്നുമില്ലെന്നോ?
പലനിറം കാച്ചിയ വളകളണിഞ്ഞു മഴിച്ചും,
പലമുഖം കൊണ്ടു നാം തമ്മിലെതിരേറ്റും,
നൊന്തും, പരസ്പരം നോവിച്ചും, മൂപതി-
റ്റാണ്ടുകൾ നീണ്ടൊരീയറിയാത്ത വഴികളിൽ



എത്ര കൊഴുത്ത ചവർപ്പു കുടിച്ചുവറ്റിച്ചു നാം
ഇത്തിരി ശാന്തിതൻ ശർക്കര നുണയുവാൻ!
ഓർമ്മകളുണ്ടായിരിക്കണം, ഒക്കെയും
വഴിയോരക്കാഴ്ചകളായ് പിറകിലേക്കോടി മറഞ്ഞിരിക്കാം.
പാതിയിലേറെക്കടന്നുവല്ലോ; വഴി
ഓർമ്മകളുണ്ടായിരിക്കണം; അല്ലെങ്കി-
ലാതിര വരുന്നുവെന്നെങ്ങനെയറിഞ്ഞുനാം?
ഇത്തിരിക്കൂടെ നടന്നവ, കിന്നാര-
മിത്തിരി ചൊന്നവ, കണ്ണീരുറക്കെ,
ച്ചിരിച്ചു കവിളുതുടിച്ചവ-
ഏറെക്കരഞ്ഞു കൺപോള കനത്തവ,
കെട്ടിപ്പുണർന്നു മുകർന്നവ,
കുത്തിപ്പിളർന്നു മരിച്ചവ, കൊന്നവ,
മൊട്ടായിപ്പുഴുതിന്നു, പാതി വിടർന്നു
പെരുവഴിയിൽ ഞെട്ടറ്റടർന്നു പതിച്ചവ.
വഴിപോക്കരിരുളിൽ ചവിട്ടിയരച്ചവ,
ഓരാതിരിക്കേച്ചവിട്ടടികളിൽപ്പുള-
ഞ്ഞുൽഫണമുയർന്നാടിനിന്നവ-ഒക്കെയും
ഒക്കെയുമോർമ്മകളായിരിക്കാം,
ഓർക്കാൻ കഴിവീലവതൻ മുഖങ്ങൾ.

മുഖമില്ലാതലറുമീ തെരുവുകൾക്കപ്പുറം
മുരടൻ മുടുക്കുകൾപ്പുറം കാതുകളയച്ചു നോക്കൂ,
ഏതോ പുഴയുടെ കളകളത്തിൽ,
ഏതോ വയൽക്കൊറ്റിതൻ നിറത്തിൽ,
ഏതോ മലമുടിപ്പോക്കുവെയ്‌ലിൽ,
ഏതോ നിശീഥത്തിൻ തേക്കുപാട്ടിൽ,
ഏതോ വിജനമാം വഴിവക്കിൽ നിഴലുകൾ,

നീങ്ങുമൊരു താന്തമാമന്തിയിൽ,
പടവുകളായ് കിഴക്കേറിയുയർന്നുപോയ്
കടുനീലവിണ്ണിലലിഞ്ഞുപോം മലകളിൽ,
പുളയും കുരുത്തോല തെളിയുന്ന പന്തങ്ങൾ
വിളയുന്ന മേളങ്ങളുറയുന്ന രാവുകളിൽ,
എങ്ങാനൊരൂഞ്ഞാൽപ്പാട്ടുയരുന്നുവോ, സഖി,
എങ്ങാനൊരൂഞ്ഞാൽപ്പാട്ടുയരുന്നുവോ?

ഒന്നുമില്ലെന്നോ?
ഓർമ്മകൾ തിളങ്ങാതെ, മധുരങ്ങൾ പാടാതെ
പാതിരകളിളകാതെയറിയാതെ,
ആർദ്രയാർമാദ്ര വരുമെന്നോ, സഖി?
ചക്രവാളങ്ങളിലാഞ്ഞു ചവിട്ടുന്ന
വിക്രമമെങ്ങ്? ഓരോങ്കാരബൃംഹണത്തിൽ
ത്രിപുരങ്ങളൊപ്പം തകർക്കുന്ന വീറെങ്ങ്?

ഏകാന്തരാവിൽ നീയരുളിമീയലിവും
നെയ്ത്തിരിപോലെ തെളിയും കിടാങ്ങൾതൻ
വിടർമിഴികൾതൻ സ്വച്ഛനാളങ്ങളും
ഊതിത്തിളക്കിത്തളരാതെ കാക്കുമീ-
ദീനദീനങ്ങളാമല്പദിനങ്ങളിൽ
ഒന്നു തെളിയുന്നു, നീയുമോർക്കുന്നുവോ,
ചീറിയടിക്കുമൊരിരുട്ടിൽ,
ദൂരങ്ങൾ കോൾകൊണ്ടു മുന്നിൽ കിടക്കവേ,
കാൽകൾ ചുറ്റിപ്പിടിച്ചാഞ്ഞ് വിഴുങ്ങുമൊരു
പുഴ നമ്മൾ കഴപോലിറങ്ങിക്കടന്നതും,
നമ്മൾതന്നറിയാത്ത കാല്ച്ചവിട്ടേറ്റു
ഞരിഞ്ഞ തൃണാവർത്തദേഹം, പുലരിയിൽ
വഴിവക്കിൽ മലപോൽ കിടന്നതും.



ഏതാണ്ടൊരോർമ്മവരുന്നുവോ?
ഓർത്താലുമോർക്കാതിരുന്നാലും, ആതിര-
യെത്തും, കടന്നു പോമീവഴി,
നാമീജ്ജനലിലൂടെതിരേല്ക്ക, ഇപ്പഴയൊ-
രോർമ്മകളൊഴിഞ്ഞതാലം, തളർന്നൊട്ടു
വിറയാർന്ന കൈകളിലേന്തി, യതിലൊറ്റ
മിഴിനീർ പതിക്കാതെ, മനമിടറാതെ.

കാലമിനിയുമുരുളും, വിഷുവരും,
വർഷം വരും, തിരുവോണം വരും, പിന്നെ-
യോരോതളിരിനും പൂവരും, കായ്വരും-അപ്പൊ-
ളാരെന്നുമെന്തെന്നുമാർക്കറിയാം? നമു-
ക്കിപ്പൊഴീയാർദ്രയെശ്ശാന്തരായ്,
സൗമ്യരായെതിരേല്ക്കാം,
വരിക സഖി, യരികത്തു ചേർന്നു നില്ക്കൂ:
പഴയൊരു മന്ത്രം സ്മരിക്ക നാമന്യോന്യ-
മൂന്നുവടികളായ് നില്ക്കാം:
ഹാ! സഫലമീയാത്ര.

# 9. നാടെവിടെ മക്കളേ?

അയ്യപ്പപ്പണിക്കർ

[മലയാളത്തിൽ 'ആധുനിക കവിത' എന്ന് വിശേഷിപ്പിക്കപ്പെടുന്ന നൂതന കാവ്യ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയവരിൽ പ്രാമാണികനാണ് അയ്യപ്പപ്പണിക്കർ (1930-). അദ്ദേഹത്തിന്റെ 'കുരുക്ഷേത്രം' എന്ന കവിതയുടെ പ്രസിദ്ധീകരണത്തോടെയാണ് 'ആധുനിക കവിത' മലയാള കവിതാമണ്ഡലത്തിൽ സ്ഥാനം നേടിയതെന്നു പറയാം.
'അയ്യപ്പപ്പണിക്കരുടെ കൃതികൾ' രണ്ടാം ഭാഗത്തിൽ ഉൾപ്പെടുന്ന കവിതയാണ് 'നാടെവിടെ മക്കളേ' എന്നത്. നാഗരികതയുടെ ആക്രമണം നമ്മുടെ പ്രകൃതിയെയും ജീവിതരീതിയെയും വിനാശകരമായ വിധത്തിൽ മാറ്റി മറിച്ചിരിക്കുന്നതായി കവി കാണുന്നു. പരിത:സ്ഥിതികളിൽ വന്ന മാറ്റങ്ങൾ കണ്ട് അമ്പരന്ന കവി നാടിന്റെയും നാട്ടുകാരുടെയും ഭാവിയെക്കുറിച്ചുള്ള തന്റെ ഉത്ക്കണ്ഠയാണ് ഈ കവിതയിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്നത്.]

കാടെവിടെ മക്കളേ?
മേടെവിടെ മക്കളേ?
കാട്ടുപുല്ത്തകിടിയുടെ
വേരെവിടെ മക്കളേ?
കാട്ടുപൂഞ്ചോലയുടെ
കുളിരെവിടെ മക്കളേ?
കാറ്റുകൾ പുലർന്നപൂ-
ങ്കാവെവിടെ മക്കളേ?

കുട്ടിക്കരിംകുയിൽ
കൂവിത്തിമർക്കുന്ന
കുട്ടനാടൻ പുഞ്ച-
യെവിടെന്റെ മക്കളേ?



പായൽച്ചുരുൾ ചുറ്റി
ദാഹനീർ തേടാത്ത
കായലും തോടുകള്ളു-
മെവിടെന്റെ മക്കളേ?

ചാകരമഹോത്സവ-
പ്പെരുനാളിലലയടി-
ച്ചാർക്കുന്ന കടലോര-
മെവിടെന്റെ മക്കളേ?

കാർഷിക ഗവേഷണ-
ക്കശപിശയിൽ വാടാത്ത
കാറ്റുവീഴാക്കേര-
തരുവെവിടെ മക്കളേ?

ഫാക്ടറിപ്പുകയുറ-
ഞ്ഞാസ്ത്മാവലിക്കാത്തൊ-
രോക്സിജൻ വീശുന്ന
നാടെവിടെ മക്കളേ?

ശാസ്ത്രഗതികൈവിരൽ-
ത്തുമ്പാൽ നയിക്കുന്ന
തീർത്ഥാടകർ ചേർന്ന
നാടെവിടെ മക്കളേ?

പത്തിരിക്കറി കൂട്ടി
മണവാട്ടിനുണയുന്നൊ-
രൊപ്പനകൾ പാടുന്ന
നാടെവിടെ മക്കളേ?

മരവും മനുഷ്യരും
കിളിയും മൃഗങ്ങളും
ചെടിയും ചെടിക്കാത്ത
നാടെവിടെ മക്കളേ?

പൂത്തിരികൾ കത്തി വന-
ഗജരാജ മദഗന്ധ-
പൂരം പൊലിക്കുന്ന
നാടെവിടെ മക്കളേ?

അരുമകളെ, യടിമകളെ-
യാനകളെ, മാനുകളെ
അറുകൊലയറുക്കാത്ത
നാടെവിടെ മക്കളേ?

മലനാടിലൂറുന്ന
വയനാടിലുറയുന്ന
ചുടുരക്ത കബനി നാ-
ടെവിടെന്റെ മക്കളേ?

വിഷവാതമൂതാത്ത
വിഷവാണികേൾക്കാത്ത
വിഷനീർ കുടിക്കാത്ത
നാടെവിടെ മക്കളേ?

ഉച്ചയ്ക്കു കുട്ടികൾ
ഞെട്ടിത്തളരാത്ത
വിദ്യാലയങ്ങളുടെ
നാടെവിടെ മക്കളേ?



കള്ളനാക്കില്ലാത്ത
കൊള്ളിവാക്കില്ലാത്ത
കള്ളപ്പറയില്ലാത്ത
നാടെവിടെ മക്കളേ?

പാലിൽ പഴത്തിൽ
മതത്തിൽ മരുന്നിലും
മായയിൽ ബ്രഹ്മത്തിൽ
മായം കലർത്താത്തൊ-
രെന്റെ നാടെന്റെ നാ-
ടെവിടെന്റെ മക്കളേ?

കാബറേക്കോവള, മു-
ടന്തടിക്കഥകളി,
മധുവിധുപ്പൊൻമുടി,-
പ്പൊന്നുബിസ്കറ്റുകൾ,
ഗൾഫുകൊട്ടാരങ്ങൾ
കാണാത്തൊരെന്റെ നാ-
ടെന്റെ നാടെന്റെ നാ-
ടെവിടെന്റെ മക്കളേ?

യന്ത്രം കറക്കുന്ന
തന്ത്രം ചവയ്ക്കുന്ന
മന്ത്രം ജപിക്കുന്ന
മന്ത്രിമാരുരുളാത്ത,
കുടിലും കുലങ്ങളും
ചുടുചാമ്പലാക്കാത്ത,
കാടിന്റെ പൂക്കളുടെ
മാനം കെടുത്താത്ത

കുലടയുടെ വേദാന്ത-
പടുമൊഴികളോതാത്ത-
തളരും മനുഷ്യന്റെ
തലവെട്ടി വില്ക്കാത്ത,
കുതറും മനുഷ്യന്റെ
കുടൽമാല കീറാത്ത
കുടിലതകളില്ലാത്ത,
കുന്നായ്മയില്ലാത്ത,
കുശുകുശുപ്പറിയാത്ത,
കൂടോത്രമില്ലാത്ത,
കരളുകൾ കരയാത്ത,
കണ്ണുനീരുറയാത്തൊ-
രെന്റെ നാടെന്റെ നാ-
ടെവിടെന്റെ മക്കളേ?

തൊഴിലിനൊത്തുടമയൊ-
ത്തുയിരിനൊത്തുടലുമൊ-
ത്തുതവിയൊത്തോണമു-
ണ്ടുണരോണ്ടോരെന്റെ നാ-
ടെന്റെ നാടെന്റെ നാ-
ടെവിടെന്റെ മക്കളേ?



# 10. നദിയൊഴുകുന്നു

കടമ്മനിട്ട

(ശാന്ത, കാട്ടാളൻ, കുറത്തി, കടമ്മനിട്ട തുടങ്ങി അനേകം കവിതകൾ രചിക്കുകയും അവ അനുവാചകരുടെ മുമ്പിൽ സ്വയം അവതരിപ്പിക്കുകയും ചെയ്ത് പ്രശസ്തനായ ആധുനിക കവി യാണ് കടമ്മനിട്ട രാമകൃഷ്ണൻ (1935-). കടമ്മനിട്ടയുടെ കവിതകൾ, കടിഞ്ഞൂൽ പൊട്ടൻ, മിശ്രതാളം, മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ കവിതാസമാ ഹാരങ്ങൾ.
'മഴ പെയ്യുന്നു മദ്ദളം കൊട്ടുന്നു' എന്ന സമാഹാരത്തിലുൾപ്പെടുത്തിയിട്ടുള്ള കവിതയാണ് 'ന ദിയൊഴുകുന്നു' എന്നത്. തെളിഞ്ഞും കലങ്ങിയും ഒഴുകുന്ന നദി മനുഷ്യജീവിതത്തിന്റെ പ്രതീകം തന്നെയാണ്.)

നദിയൊഴുകുന്നു.
ആദിബോധമുണർന്നു, സ്നേഹമുറന്നു,
ജീവിതഗാഥയായൊരു നദിയൊഴുകുന്നു.
ആവി നീറിയമർന്നു, മണ്ണു കുളിർന്നു,
മലകൾ കിളർന്നു, മലയിൻ മനസ്സിൽ
നിന്നൊരു നദിയൊഴുകുന്നു.
എൻ മനസ്സിൻ മലയിൽനിന്നൊരു
നദിയൊഴുകുന്നു.
കാലചക്രഗതിക്രമങ്ങൾ
ലോലവിഹ്വലരാഗഗീതികൾ
കാലവാഹിനി നദിയൊഴുകുന്നു.

നദിയൊഴുകുന്നു.
കാലുവേച്ചു കരഞ്ഞിടയ്ക്കു ചിരിച്ചു
കൊഞ്ചും കുഞ്ഞുപോൽ
കാട്ടുകന്നിപ്പെണ്ണിലെ പ്രണയാർദ്ര
വിസ്മയചിന്തപോൽ

ഒരു കുടന്ന വെളിച്ചമായ്
നൽവരവുചൊല്ലുമുഷസ്സുപോൽ
നദിയൊഴുകുന്നു.
കല്ലുമലകൾ കടഞ്ഞു, മണ്ണു കുഴഞ്ഞു,
പുല്ലും പൂവുമായ്പ്പുതുവർണ്ണസങ്കര
സംവിധാനമിതെന്തു ഭംഗി!
ഞാൻ നമിക്കുന്നു,
എൻ മനസ്സിൻ കല്ലുമലയിൽ
പുല്ലു പൂക്കുന്നു, മണ്ണിൽ
മരങ്ങളുയരുന്നു-കാടിൻ
കണ്ണു തെളിയുന്നു.
ഹരിതമെങ്ങും, ഹരിതഹാസം
ഹരിതരാഗം ഹരിതചരിതം
ഹരിതമാർഗ്ഗം ഹരിണിവൃന്ദം
തുള്ളിയാർക്കുന്നു-ഹരിതവൃന്ദാ-
വനതരംഗം താളമാവുന്നു.
നദിയൊഴുകുന്നു
പുല്ലാങ്കുഴൽ ചുരത്തിയ സ്നേഹധാരകൾ
ജീവധാരകൾ, ധരയിലെങ്ങും ജലതരംഗം
ജനതരംഗം, ജലജമൊട്ടുകൾ വിടരു-
മോർമ്മകൾ കൂടിയാടിത്തമ്മിലുമ്മകൾ
തേടിയുമ്മകൾ നേടി നേത്രാവലികൾ
ദീപാവലികളുത്സവലഹരി നുരയുന്നു
നദിയൊഴുകുന്നു.
എന്തു ശോഭയിതെന്തു ശാന്തി,യിതെന്തു
സൗഖ്യ,മിതെന്തുദാരത, യീവസുന്ധര
സ്വർഗ്ഗമാകുന്നു-എന്റെ സ്വന്തമാകുന്നു
കല്പവൃക്ഷമെനിക്കു വേണ്ട



നന്ദനോദ്യാനങ്ങൾ വേണ്ട
അമൃതകുംഭമെനിക്കു വേണ്ട
വേണ്ടതെന്റെ ധരിത്രിമാത്രം.
ധാത്രി പകരും കരുണമാത്രം
എൻ മനസ്സിൻ കണ്ണിലൂടൊരു
നദിയൊഴുകുന്നു.

നദി കലങ്ങുന്നു.
കർമ്മധർമ്മസമന്വയങ്ങളിടഞ്ഞു,
കാലം കണ്ണുപൂട്ടി, കൈമെലർത്തുന്നു
സ്വാർത്ഥകാളിയദർപ്പവേഗം
തിരയിളക്കുന്നു.
കാട്ടുപൂവിൻ കരൾ പിഴിഞ്ഞു കുടിച്ചു
ചോരച്ചുഴലിയായൊരു നദി കലങ്ങുന്നു
കാലചക്രഗതിക്രമങ്ങൾ
കലഹകലുഷിതക്രൂരരീതികൾ
കാലവാഹിനി നദി കലങ്ങുന്നു.
കഠിനരോഷം, ദ്വേഷഭരിതം,
മേഷയുദ്ധം, മേഘയുദ്ധം.
തടമിടിച്ചു തകർത്തു താണ്ഡവമാടി
കുന്നിൻതലയരിഞ്ഞുതിമർത്തു പായുന്നു
എൻ മനസ്സിൻ തടമിടിച്ചൊരു

നദി കലങ്ങുന്നു.
മണ്ണൊലിച്ചു മരങ്ങൾ വീണും
കണ്ണൊലിച്ചു കരൾ തകർന്നും
കട പറിഞ്ഞൊരു മാമരം പോൽ
ഞാൻ കുഴങ്ങുന്നു-പുല്ലുതേങ്ങി
പ്പൊങ്ങിമുങ്ങിച്ചുഴിയിലടിയുന്നു.

നദി കലങ്ങുന്നു.
സൂര്യകാന്തി മയങ്ങി, കൂരിരുൾ
കൂകിയെത്തുന്നു, കാവ്യകാന്തി
കലങ്ങി കർക്കശഭാവമോരുന്നു
പേപിടിച്ച ദിനങ്ങൾ-പേടി
കടിച്ചുതുപ്പിയ പേക്കിനാവുകൾ
ഇടിവെടിക്കും വാനിലേക്കുയരുന്ന
ദൃഷ്ടികൾ, നിലവിളി
പോർക്കലിക്കു പ്രസാദമായ് ചുടു
രക്തധാര, കപാലമാല, കബന്ധനൃത്തം
കാപ്പൊലിക്കണുബോംബു ബോമ്പറു
കാത്തു നിൽക്കുന്നു
നദി കലങ്ങുന്നു.
തല തകർന്നൊഴുകുന്നു
മർത്ത്യകുലങ്ങൾ, മാനവവൃത്തികൾ
ചിറകൊടിഞ്ഞിഴയുന്നു
ചിന്തകൾ, ചിത്തചാരുത, ശുദ്ധികൾ
എന്തു ശോക, മിതെന്തു ദൈന്യ,
മിതെന്തു ഭാവം-എൻ ധരിത്രി
കരാളരൂപിണിയായ്ക്കലമ്പുന്നു
പിള്ളതീനിത്തള്ളയോയിവൾ?
കുരുതി മോന്തുന്നു
നദി കലങ്ങുന്നു
ചുവടുതെറ്റി ചാഞ്ഞ സത്യം
കുടിലഗൂഢനിശാചരിത്രം
കൊടിയ വിഷമയ വിഷമവൃത്തം
വിഫലമായ വിചിത്രചിത്രം
ഹേ! പ്രഭാകര! നീ ഉദിക്കില്ലേ?
ഹേ! നിശാചരബോധമേ,
നീ വാങ്ങിനിൽക്കില്ലേ?
നദിയൊഴുകുന്നു.



# ഗദ്യവിഭാഗം

## 1. കാളിദാസനും ടാഗോറും അവർ തമ്മിൽ കണ്ടിരുന്നെങ്കിൽ!

പ്രൊഫ.എൻ.കൃഷ്ണപിള്ള

[കോളെജ് അധ്യാപകനായിരുന്ന എൻ.കൃഷ്ണപിള്ള (1916-1988) നാടക കൃത്ത് എന്ന നിലയിലും നിരൂപകൻ എന്ന നിലയിലും പ്രശസ്തനാണ്. ഭഗ്നഭവനം, കന്യക, ബലാബലം, അനുരഞ്ജനം, മുടക്കുമുതൽ, അഴിമുഖത്തേക്ക്, ദർശനം തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ നാടകങ്ങൾ. അദ്ദേഹം രചിച്ച 'കൈരളിയുടെ കഥ' എന്ന ഗ്രന്ഥത്തെ നിരൂപണ ദൃഷ്ട്യാ സാഹിത്യകൃതികളെയും സാഹിത്യപ്രസ്ഥാനങ്ങളെയും വിലയിരുത്തുന്ന സാഹിത്യചരിത്രമെന്നു വിശേഷിപ്പിക്കാം. തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പ്രതിപാത്രം ഭാഷണഭേദം എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റ് രണ്ട് കൃതികൾ.
'തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ' എന്ന സമാഹാരത്തിൽ ഉൾപ്പെടുന്ന ഒരു ലേഖനമാണ് 'കാളിദാസനും ടാഗോറും - അവർ തമ്മിൽ കണ്ടിരുന്നെങ്കിൽ' എന്നത് ].

അവർ തമ്മിൽ കണ്ടിരുന്നെങ്കിൽ! കണ്ടയുടൻ സംശയിക്കാനെന്തുള്ളൂ? നവഭാരതത്തിന്റെ മഹാകവി ആർഷഭാരതത്തിന്റെ മഹാകവിയുടെ മുമ്പിൽ ദണ്ഡനമസ്കാരം ചെയ്യും. ഒരു കലാകാരന്റെ ജീവിതത്തിനു കാണാൻ കഴിയുന്ന സ്വപ്നമെല്ലാം സത്യമായി മാറിയാലുള്ള ആനന്ദനിർവൃതിയോടെ അദ്ദേഹം ആ ചെഞ്ചേവടികളെ കണ്ണുനീർതൂകി നനയ്ക്കും. തന്റെ ഹിമധവളമായ ശ്മശ്രുപൂരത്തിൽ ആ ദിവ്യകവിയുടെ പാദരേണുക്കൾ പതിയുമ്പോൾ, സ്വർഗ്ഗീയവിഭൂതികൾ ഒന്നൊഴിയാതെ നേടിയതായി ആരാധകൻ ചരിതാർത്ഥനാകും. കാളിദാസനോ? - കാൽക്കൽ കിടക്കുന്ന കവിയെ, കണ്വൻ ശകുന്തളയെ എന്ന പോലെ, ഇരുകൈ കൊണ്ടും വാരിയെടുത്തുയർത്തി മാറോടണച്ച് ആ നെറുകയിൽ ചുംബിച്ച്, നിറഞ്ഞ കണ്ണുമായി അങ്ങനെ നിന്നു പോകും. ബഹുഭാവതരംഗിതങ്ങളായ രണ്ടു സമുദ്രങ്ങൾ യാതൊരൊച്ചയുമിരമ്പവും കൂടാതെ അവിടെ സമ്മേളിക്കുക

യാണ്. രണ്ടു യുഗങ്ങൾ മുഖത്തോടു മുഖം നോക്കി നില്ക്കുന്ന മുഹൂർത്ത മാണിത് - അല്ല, ഒരു യുഗത്തിന്റെ സന്ദേശത്തെ ശതാബ്ദങ്ങൾക്കപ്പുറത്തുമി പ്പുറത്തും പ്രഖ്യാപിച്ച രണ്ടു ശബ്ദങ്ങൾ ഏകീഭവിക്കുകയാണിപ്പോൾ.

എത്ര നേരം അവരങ്ങനെ മൂകരായിക്കഴിയുമെന്നു നമുക്കറിഞ്ഞു കൂടാ; അവർക്കും അറിഞ്ഞു കൂട തന്നെ. ടാഗോറായിരിക്കും ആ കാവ്യ സുന്ദരമായ മൗനം ഭേദിക്കുന്നത്.

"ഭാരതഹൃദയത്തിന്റെ സമസ്തസൗന്ദര്യവും ഗാനധാരയിൽ പകർന്ന മഹാഗായകാ, ഈ എളിയ ആരാധകന്റെ പൂജാകുസുമങ്ങൾ സ്വീകരിച്ചാ ലും."

പുളകമണിഞ്ഞ കാളിദാസന്റെ സ്നിഗ്ദ്ധഗംഭീരസ്വരം അതാ ഉയരുക യായി.

"തലമുറകളായി തളർന്നുറങ്ങിയ എന്റെ നാടിന്റെ ആത്മാവിനെ കുലുക്കിയുയർത്തിയ പ്രിയതമനായ അനുജാ, ഈ ദർശനം പോലെ ധന്യമാ യ അനുഭവം മറ്റെന്തു കിട്ടാനുണ്ടെനിക്ക് !"

ടാഗോർ വീണ്ടും തുടരുകയാണ് : "ഹാ! ഭാരതത്തിലെ എല്ലാ സുന്ദര വസ്തുക്കളും ഒത്തു ചേർത്തു രചിച്ച ഈ രൂപം ഒരു നോക്കു കാണാൻ ഞാൻ എത്ര നാൾ കൊതിച്ചു ! മധുരോദാത്തങ്ങളായ നാദങ്ങളെല്ലാം കൂടി ക്കലർന്ന ഈ ശബ്ദം കേൾക്കാൻ ഞാനെത്ര തപസ്സനുഷ്ഠിച്ചു! എന്റെ നാടിന്റെ ആകൃതിയും പ്രകൃതിയുമെന്തെന്നു ഞാനറിഞ്ഞത് ബാഹ്യച ക്ഷുസ്സും ബുദ്ധിയും കൊണ്ടല്ല, അവിടുത്തെ സർഗ്ഗ പ്രപഞ്ചത്തിൽ നിന്നാണ്. ഗൗരീഗുരുവായ ഹിമവാന്റെ മഹത്വം ഞാൻ അവിടെയാണ് ആദ്യമായി കണ്ടത്. തിണ്ടുകുത്തിക്കളിയിലേർപ്പെട്ട ആനയുടെ ചന്തം പൂണ്ട് താഴ്വരകളെ തഴുകുന്ന മേഘങ്ങളെ, രത്നച്ഛായാവ്യതികരങ്ങളായ മഴവില്ലുകളെ, ഭ്രൂവിലാസാനഭിജ്ഞകളായ നാടൻപെണ്ണുങ്ങളെ, ഉഴുതുമ റിഞ്ഞ പുതു മണ്ണിന്റെ നറുമണം പാറുന്ന വയലുകളെ, വനചരവധുക്കൾ, വിളയാടുന്ന വള്ളിക്കുടിലുകളെ സൂചിഭിന്നങ്ങളായ കൈതപ്പൂക്കളെ ക്കൊണ്ടു പാണ്ഡുച്ഛായ വഹിക്കുന്ന തോട്ടവേലികളെ, കൂടു കൂട്ടുന്ന പണി



യിലേർപ്പെട്ട നാട്ടുകാക്കകളുടെ ബഹളം നിറഞ്ഞ ഗ്രാമവൃക്ഷങ്ങളെ, വിയർപ്പു തുള്ളികളെ തുടച്ചു നീക്കുന്ന കർണ്ണോല് പലങ്ങളുമണിഞ്ഞു പൂവിറുക്കുന്ന യുവതികളെ, രാജകഥാകോവിദന്മാരായ ഗ്രാമവൃദ്ധന്മാരെ, ഉരകല്ലിലെ പൊൻവര പോലെ തിളങ്ങുന്ന മിന്നൽക്കൊടികളെ, ചെന്താമ രപ്പൊൻതളികയ്ക്കകത്തു കാന്തയൊടൊത്തു പൂന്തേൻ നുകരുന്ന വണ്ടുക ളെ, കൊമ്പിന്റെ തുമ്പു കൊണ്ട് പേടമാനിനെ തലോടി മയക്കുന്ന കലമാനു കളെ, ശാന്തിയുടെ ഗർഭഗൃഹങ്ങളായ ആശ്രമവാടങ്ങളെ അങ്ങനെ ഇന്ദ്രിയ ങ്ങളെയും ഹൃദയത്തെയും ബുദ്ധിയെയും വശീകരിക്കുന്നതായി എന്തെ ല്ലാമുണ്ടോ ഈ വിശാലഭൂഖണ്ഡത്തിൽ അവയെല്ലാം, ആ ലോകം എനിക്കു കാട്ടിത്തന്നു. ധർമ്മത്തിൽ അടിയുറച്ച സ്വസുഖനിരഭിലാഷികളായ ഭരണാ ധിപതികൾ മുഖേന ഐശ്വര്യ സമൃദ്ധങ്ങളായ സാമ്രാജ്യങ്ങൾ ഉയരു ന്നതും ഭോഗലാലസരുടെ ഹീനചര്യകൾ കൊണ്ട് അവ തകരുന്നതും ഞാൻ കണ്ടു. പ്രാകൃതവും മതിഭ്രാമകവുമായ കാമം, തീവ്രാനുഭൂതികളിലുരുകി ത്തെളിഞ്ഞ്, ഉത്തമദാമ്പത്യത്തിന് അടിത്തറ പാകുന്ന വിശുദ്ധ പ്രേമമായി മാറുന്നതെങ്ങനെ എന്നല്ലേ അങ്ങു വനകന്യകയുടെയും രാജപുരു ഷന്റെയും പ്രണയവൃത്താന്തത്തിലൂടെ ബോധ്യപ്പെടുത്തിയത് ? രാജമന്ദിര ങ്ങളിലെ ചപല ജീവിതവും അതിന്റെ കഴമ്പില്ലായ്മയും വിദഗ്ദ്ധമായി വ്യഞ്ജിപ്പിക്കാൻ രാജകീയകവിയായ അങ്ങു മടിച്ചില്ല. ഭൂതദയാപരവശ നായ അങ്ങയുടെ ദൃഷ്ടിയിൽ, മനുഷ്യനെപ്പോലെ ചിരിക്കുകയും കരയു കയും ദ്വേഷിക്കുകയും സാന്ത്വനപ്പെടുത്തുകയും ചെയ്യുന്ന വസ്തുക്കളേ, 'നോക്കുന്ന നോക്കുന്ന' ദിക്കിലെല്ലാടവും കാണ്മാനുള്ളൂ. ആകർഷകമായ അനുഗ്രഹശക്തിയും ദാഹാത്മകത്വവും അങ്ങയെപ്പോലെ അറിഞ്ഞ കവികൾ മറ്റാരുണ്ട് ! പിതാവിന്റെയും മാതാവിന്റെയും പുത്രന്റെയും പുത്രി യുടെയും ഗുരുനാഥന്റെയും ശിഷ്യന്റെയും ഹൃദയത്തുടിപ്പുകളെ ഇത്രയ്ക്കു സൂക്ഷ്മമായറിഞ്ഞു ചേതോഹരമായി വർണ്ണിക്കാൻ കഴിഞ്ഞ കവിയെത്തേടി ഞാൻ ഒരായുസ്സു മുഴുവൻ അലയുകയായിരുന്നു. ആ അറ്റ മില്ലാത്ത അലച്ചിലിൽ ഞാനെന്തെന്തു സ്വപ്നം കണ്ടു! അങ്ങ് രാജകവിയാ യിരുന്ന ഉജ്ജയിനിയിൽ ജീവിച്ചിരുന്നെങ്കിൽ എന്ന്! ഒരു മാളവകുമാരി യുടെ നാമമുതിർക്കുന്ന സംഗീതത്തിൽ എന്റെ സർവ്വചിന്തകളും ലയിക്കു മായിരുന്നു. കറുത്തിരുണ്ട ഇമകളുടെ നിഴലിലൂടെ അവൾ എന്നെ കടാക്ഷി

ക്കുമായിരുന്നു. എന്റെ മുമ്പിൽ നിന്നു മാറിപ്പോകാതിരിക്കാൻ വേണ്ടി, തന്റെ ചേലാഞ്ചലത്തെ നവമാലികാലകതയിൽ ഉടക്കിപ്പോയെന്ന് അവൾ ഭാവിക്കുമായിരുന്നു. പറന്നു പാഞ്ഞു പോയ കാലങ്ങളെപ്പറ്റി കിനാവു കണ്ടു ഞാൻ വേദനിക്കുന്നില്ല. പക്ഷേ, ഹാ! കഷ്ടം! ആ കാലങ്ങളോടൊപ്പം ആ മാളവകുമാരിമാരും കടന്നു കളഞ്ഞതു കൊണ്ടാണ് എന്റെ ഖേദം മുഴുവനും. ആ രാജകവിയുടെ ഗാനങ്ങളിലൂടെ ശബ്ദിച്ച ആ സുദിനങ്ങളെ, തങ്ങളുടെ പൂക്കൂടകളിൽ ഒളിപ്പിച്ചു കൊണ്ട്, ആ കുമാരികൾ ഏതൊരു സ്വർഗ്ഗത്തിലേക്കാണാവോ മറഞ്ഞു കളഞ്ഞത്! ഞങ്ങൾ തമ്മിൽ കാണാൻ കഴിയാത്ത വിധം കാലം വൈകി ജനിച്ച ഞാൻ, ഈ പ്രഭാതത്തിലിതാ ആ വിരഹത്തിന്റെ കനം തൂങ്ങിയ കരളുമായിക്കഴിയുന്നു. എന്നിട്ടും അവരുടെ കാർകുഴൽ അലങ്കരിച്ച അതേ പൂക്കളുമായി പനിനീർപ്പൂക്കളോടു മന്ത്രിക്കും പോലെ അവരുടെ മൂടുപടങ്ങളിൽ തെരുപ്പിടിച്ച അതേ മന്ദമാരുതനോടു കൂടി, വസന്തം വീണ്ടും അണയുകയാണ്. കാളിദാസൻ ഇന്നു പാടാനില്ലെങ്കിലും ഈ വസന്തത്തിന്റെ ആനന്ദത്തിന് കുറവില്ല. കവികളുടെ സ്വർഗ്ഗത്തിലിരുന്ന് ആ സൗന്ദര്യോപാസകൻ ഈ കാഴ്ച കാണുമ്പോൾ നമുക്കു വസന്തം നേടിത്തരുന്ന ഭാഗ്യത്തിൽ അദ്ദേഹത്തിന് അസൂയയ്ക്കേ കാരണമുള്ളൂ. ഇങ്ങനെ ഞാൻ കണ്ടിട്ടുള്ള സ്വപ്നങ്ങൾക്കുണ്ടോ വല്ല കണക്കും! ഇന്നിതാ ആ സ്വർഗ്ഗത്തിൽ സിംഹാസനാമൂഢനായ അവിടത്തെ ഞാനെന്റെ കൺമുമ്പിൽ കാണുകയായി!''

ടാഗോർ ആ വചോധാര പിന്നെയും തുടരുമായിരുന്നു. പക്ഷേ, കാളിദാസസൂക്തിയാൽ ആ വൈഖരീവാഹിനി തടയപ്പെടുന്നു.

''പ്രിയപ്പെട്ട രവീ, പ്രശംസ മതിയാക്കൂ. ഇത്രയും ഈ എന്നെപ്പറ്റി പറയുകയാണെങ്കിൽ, മഹാത്മാവായ ആദികവിയെ സാക്ഷാൽ വാല്മീകിയെ പ്രശംസിക്കാനുള്ള വാക്കുകൾ എവിടന്നു കണ്ടു പിടിക്കും? ആ പ്രഭാധാമത്തിനു മുമ്പിൽ ഈ കൈത്തിരിക്കെന്തു വെളിച്ചം! ഉള്ള വെളിച്ചമോ കൂടുതലും ആ ജ്യോതിസ്സിൽ നിന്നു പകർന്നതും, പക്ഷേ, ഒന്നുണ്ട് എനിക്ക് എന്നെപ്പറ്റി പറയാവുന്നതായിട്ട്. മലർക്കെത്തുറന്നിട്ട ഈ വിശ്വപ്രകൃതിയാകുന്ന ഗ്രന്ഥം വായിക്കാൻ കുട്ടിനാൾ തൊട്ടേ അടക്കാനാവാത്ത കൗതുകമായിരുന്നു എനിക്ക്. വിശേഷിച്ചും, അതിലെ കോമളവും സുകുമാരവും ലളിതവും പേലവവുമായ വസ്തുക്കൾ കാണാനും, അത്തരം ഭാവങ്ങളിൽ ലയിക്കാനും. ഞാൻ മേനി പറയുകയല്ല. ഞാൻ ആ പ്രകൃതക്കാരനായിരുന്നു എന്നു കരുതിക്കൊണ്ടാൽ മതി. അനുജനുമില്ലേ അതു പോലുള്ള ഒരു പ്രകൃതം? അനന്തമായ ആകാശത്തിലെ നക്ഷത്ര കോടികൾ നോക്കി, ഒഴുകുന്ന പുഴയിൽ എത്രയോ മണിക്കൂർ നേരം പോയതറിയാതെ, നീ കിടന്നിട്ടുണ്ട്. പ്രകൃതിയിലെ എല്ലാ വസ്തുക്കൾക്കും ജീവനുണ്ടെന്ന്, ഒരേ ഒരു ജീവചൈതന്യം എവിടെയും പ്രസരിക്കുന്നുവെന്ന് ഞാൻ വിശ്വസിച്ചതിൽ അത്ര വിശേഷവിധിയായി പറയാൻ വല്ലതുമുണ്ടോ? ആ വിശ്വാസമില്ലാത്തവൻ ചിന്തിക്കുന്ന മനുഷ്യനാകുമോ? അവന് ഒരു കവിയാകാൻ കഴിയുകയില്ലെന്നു ഞാൻ സത്യം ചെയ്തു പറയുന്നു. അനുജന്റെ കവിതകളിലെല്ലാം, ആ പരമ ചൈതന്യം നിറച്ച ഭാജനങ്ങളായിട്ടല്ലേ പ്രകൃതിവസ്തുക്കളെ ധ്യാനിച്ചിട്ടുള്ളത്? ഈ ദർശനം, അദ്വൈത ദർശനം എന്റെ കാലത്ത് എനിക്കുണ്ടായതിൽ തീരെ അത്ഭുതപ്പെടാനോ പ്രശംസിക്കാനോ ഇല്ല. ഔപനിഷദജ്ഞാനത്തിന്റെ കിരണങ്ങൾ തട്ടി വിളങ്ങിയിരുന്ന ഒരു ചിന്താമണ്ഡലത്തിലാണ് ഞാനും എന്റെ കാലവും ജനിച്ചതും വളർന്നതും. ആർഷസംസ്കാരമെന്നത് എനിക്ക് ഒരു കെട്ടുകഥയായിരുന്നതുമില്ല. പക്ഷേ, അനുജന്റെ കാലത്ത്, ആദ്ധ്യാത്മിക ദൃഷ്ടിയും, കഠിനതപസ്യയുമൊക്കെ കേവലം പ്രാചീനദർശനങ്ങളായി മാത്രം കരുതുന്ന കാലത്ത്, അവയെ നിത്യസത്യങ്ങളായി വിശ്വസിച്ച്, പ്രകൃതിയുടെ അന്ത:സത്തയിൽ അഭിരമിക്കാൻ കഴിഞ്ഞ അനുജനെപ്പറ്റിയല്ലേ വാസ്തവത്തിൽ അഭിമാനിക്കേണ്ടത്? കേവലം പ്രശാന്തമായ, ഭാരതം യഥാർത്ഥഭാരതമായിരുന്ന, ഒരു സുവർണ്ണയുഗമാണ് എനിക്ക് ജന്മം തന്നത്. ആത്മാവു നശിച്ച് വ്രണിതജഡമായിത്തീർന്ന ഒരു ഭാരതത്തിലാണ് അനുജൻ പിറന്നത്. സമസ്തസമ്പൽക്ഷയകാരിണിയായ പാരതന്ത്ര്യമെവിടെ? നിഖില വിഭവ പ്രദായിനിയായ സ്വാതന്ത്ര്യമെവിടെ? ആ സ്വാതന്ത്ര്യത്തിന്റെ വെളിച്ചം നുകർന്ന് ആത്മസുഖത്തിന്റെ അമൃതം കുടിച്ച്, ഞാൻ പാടിയ പാട്ടുകളിൽ ഉറന്നു കൂടിയ അനുഭൂതികൾ തന്നെ, നൂറ്റാണ്ടുകൾക്കു ശേഷം, പാരവശ്യത്തിന്റെ ഇരുമ്പഴികൾക്കുള്ളിൽ ഞെരിഞ്ഞ എന്റെ നാട്ടിലിരുന്നു നീ കുറിച്ചിട്ട ഗാനങ്ങളിൽ നിറഞ്ഞു തുളുമ്പുന്നതോർക്കുമ്പോൾ, നിന്റെ ആത്മപ്രഭാവമോർത്തു ഞാൻ രോമാഞ്ചമണിഞ്ഞു പോകുന്നു. അതിലുമധികം, ആർഷ ജ്ഞാനത്തിന്റെ അക്ഷയ

തേജസ്സിൽ അഭിമാനഭരിതനായിത്തീരുന്നു. എന്റെ വീടും നാടും കുലവും ജാതിയും കാലവും സ്വഭാവവുമെല്ലാം അന്വേഷിക്കാൻ ബദ്ധപ്പെട്ടു നടക്കുന്ന എന്റെ നാട്ടുകാരുണ്ടല്ലോ, അവരേക്കാൾ എന്നെ അറിയാൻ, എന്റെ രാജ്യത്തെയും സംസ്കാരത്തെയും മനോഘടനയെയും അറിയാൻ, കഴിഞ്ഞിട്ടുള്ളതു നിനക്കാണ്. ഞാൻ ആദർശയോഗ്യമായിക്കണ്ട കുലപതിയുടെ ആശ്രമം, വെടിപ്പുകയും യന്ത്രത്തിന്റെ ഘർഘരശബ്ദവും തിങ്ങിയ ആധുനിക ജീവിതത്തിൽ എന്റെ അനുജൻ ഒരു സത്യമാക്കി മാറ്റിയിരിക്കുന്നു. എന്റെ ഗാനങ്ങളിൽ ഞാൻ ദീക്ഷിച്ച ലാളിത്യവും പ്രസാദവും സൗന്ദര്യവും നിനക്ക് ഭാരതത്തിൽ പുനരവതരിപ്പിക്കാൻ കഴിഞ്ഞു.''

എന്തോ പറയാൻ വെമ്പുന്നപോലെ രവീന്ദ്രനാഥന്റെ ചുണ്ടുകൾ ചലിക്കുന്നതായി തോന്നുന്നു. അതു കണ്ടാവാം, കാളിദാസൻ ആത്മഭാഷണം അവസാനിപ്പിക്കുന്നത്. അതേ, ടാഗോർ സംസാരിക്കുകയാണ്.

''അങ്ങു പറഞ്ഞ ആ ആശ്രമത്തിന്റെ കാര്യമുണ്ടല്ലോ, അതെന്റെ ജീവിതത്തെ എന്തുമാത്രം സ്പർശിച്ചെന്നോ! പരിഷ്കാരവും സംസ്കാരവും ഒന്നാണെന്നു ഭ്രമിച്ചുവശായസാകത്തിൽ ഭ്രാന്തെന്നു പുച്ഛിക്കപ്പെടാവുന്ന പലതും എനിക്കു പറയേണ്ടി വന്നു. കാലത്തെയും ദേശത്തെയും വെട്ടിച്ചുരുക്കാൻ കഴിഞ്ഞ പരിഷ്കാരത്തെ, സംസ്കാരത്തിന്റെ കടിഞ്ഞാണില്ലാതെ അയച്ചു വിട്ടാൽ, മനുഷ്യന്റെ ആത്മഹത്യയിലേ ആ പോക്കവസനിക്കുകയുള്ളൂ എന്ന് എന്റെ ദുർബ്ബലകണ്ഠം മുറയിട്ടു കൊണ്ടേയിരുന്നു. മലർവാടികൾ മരുപ്പറമ്പുകളും വിളഭൂമികൾ ശ്മശാനങ്ങളും ഗ്രന്ഥശാലകൾ പട്ടാളത്താവളങ്ങളുമായി മാറ്റാതിരിക്കാൻ സംസ്കാരത്തിന്റെ സ്വച്ഛന്ദവികാസമേ മാർഗ്ഗമായിട്ടുള്ളൂ എന്നു വിളിച്ചു പറഞ്ഞിട്ടും, സ്നേഹിക്കാനും, സ്നേഹിക്കപ്പെടാനും മനശ്ശാന്തിയും സുഖവും നേടാനും വേണ്ട വകതിരിവില്ലാതെ, മനുഷ്യനെ യന്ത്രമാക്കാൻ അനുനിമിഷം കൊതിക്കുന്ന ലോകമുണ്ടോ അതു കേൾക്കാൻ മിനക്കെട്ടു! അവർക്കു ഏതിനും വേണം ഒരു യാന്ത്രികത്വം - സൗന്ദര്യാസ്വാദനത്തിൽ പോലും! സത്യനിഷ്ഠയുടെ പേരും പറഞ്ഞത്രേ നിർബന്ധം അവർ പുലർത്തുക! വിവേകമുള്ള ഒരുവൻ മേഘത്തെ ഭാര്യയുടെ അടുക്കൽ സന്ദേശവും കൊടുത്തയയ്ക്കുകയോ! അങ്ങനെ അയച്ചെന്നു വിശ്വസിക്കാൻ വേണ്ട വിവരക്കേടുണ്ടോ ബുദ്ധി



യുള്ള ആർക്കെങ്കിലും! എന്നു വരെ യുക്തി ചെലുത്തി, ലോകം ഇന്നുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മോഹനമായ ആ ഭാവനയെ ചതച്ചു കൊല്ലാൻ പോലും. ഇന്നത്തെ യന്ത്രമനുഷ്യൻ ഒരുക്കമാണ്. മേഘം കടന്നു പോകുന്ന വഴി കടലാസ്സിൽ വരച്ച് ഇടയ്ക്കുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തി അങ്ങയുടെ സ്ഥലപരിജ്ഞാനം വ്യക്തമാക്കാൻ പുറപ്പെടുന്നവരുമുണ്ട് ഇക്കാലത്ത്. യുക്തികൾക്കു നിരക്കാത്തതൊന്നും സ്വീകരിക്കുകയില്ലെന്നു ശാഠ്യം പിടിച്ചു കഴിഞ്ഞാൽ ഈ ജീവിതത്തിലെ തൊണ്ണൂറ്റിയൊമ്പതു ശതമാനം സൗന്ദര്യവും തങ്ങൾക്കു നഷ്ടപ്പെടുകയാണെന്ന്. അവർക്ക് അറിയാൻ പാടില്ലാത്തതായിരിക്കുന്നു. പുഞ്ചിരിപ്പൂനിലാവു പൊഴിക്കുന്ന കുഞ്ഞിന്റെ ഓമനമുഖവും നീലാകാശത്തിന്റെ കിഴക്കേച്ചരിവിൽ കലമാത്രമായി കാണുന്ന പനിമതിയും, വിശാലഗംഭീരമായ പാരാവാരവും, ഇടയച്ചെറുക്കന്റെ ഓടക്കുഴലിൽ നിന്നൂറുന്ന ഗാനധാരയുമെല്ലാം ശാസ്ത്രത്തിന്റെ കടകോലിട്ടു കലക്കിത്തെളിച്ചെടുക്കാൻ ബുദ്ധിമുട്ടുന്ന അരസികത്വത്തിനിടയിലായിരുന്നു എന്റെ കാവ്യജീവിതം. പരുഷപണ്ഡിതന്മാരുടെ ബുദ്ധിപരമായ വ്യായാമങ്ങൾക്കധീനമായി അവിടത്തെ മഹത്തായ ഭാവനാസൃഷ്ടികളും പിടഞ്ഞു നിലവിളിച്ചിരിക്കണം! മനുഷ്യഭാവനയെന്ന മഹോന്നത സത്യത്തിന്റെ ഗായകനായ മഹാത്മാവേ, അവിടന്നായിരുന്നു, അവിടന്നും അങ്ങയെപ്പോലുള്ള സ്വപ്നഭുക്കുകളുമായിരുന്നു, എന്റെ അവലംബം.''

ഇത്രയും കേട്ടു കൊണ്ടിരുന്നതിനിടയിൽ കാളിദാസൻ വികാരാധീനനായി, വക്താവിന്റെ മുഖത്തു ദൃഷ്ടികളുറപ്പിച്ചിരിക്കുകയായിരുന്നു. ടാഗോറിന്റെ കണ്ണുകളിൽ കൂടി ബാഷ്പബിന്ദുക്കൾ ഒഴുകിക്കൊണ്ടിരുന്നു. ആ ഭാവനാശാലികൾക്ക് കുറേനേരം ഒന്നും സംസാരിക്കാൻ കഴിഞ്ഞില്ല. എപ്പോഴാണെന്നറിഞ്ഞില്ല വീണ്ടും അവർ സംഭാഷണമാരംഭിച്ചത്. ആ സംഭാഷണത്തിനിടയിൽ ഒരു ഭാഗം ഏതാണ്ടിങ്ങനെ ആയിരുന്നു.

''സ്വതന്ത്രഭാരതം സ്വപ്നം കണ്ടിരുന്ന എനിക്ക് അത് യാഥാർത്ഥ്യമായി കാണാൻ കഴിയാത്തതിൽ കുണ്ഠിതമില്ല. ഈ ജീവിതം എന്നും സ്വപ്നം കാണാൻ മാത്രമായിരുന്നെങ്കിൽ എന്നേ എനിക്കാശയുള്ളൂ. ഇപ്പോൾ ഞാൻ കാണുന്നത് ഒരു സർവസുന്ദരമായ ഭാരതത്തെയാണ്.'' ടാഗോർ പറയുകയാണ്.

കാളിദാസൻ പ്രതിവചിച്ചു: ''എന്റെ സ്വപ്നം അതിലും വലുതാണ്. ഒരു സർവസുന്ദരമായ ലോകത്തെ എന്തുകൊണ്ടു നമുക്കു സ്വപ്നം കണ്ടു കൂടാ?''

''ഒരു സർവസുന്ദരമായ ഭാരതത്തിനേ ഈ ലോകത്തിൽ സൗന്ദര്യം വിള യിക്കാൻ കഴിയൂ എന്നാണ് എന്റെ വിശ്വാസം. അവിടന്നു ജീവിച്ചിരുന്ന കാലത്തെക്കാൾ വിശ്വവീക്ഷണം വർദ്ധിച്ചിട്ടുണ്ടെന്നു പറയപ്പെടുന്ന ഒരു കാലത്താണ് ഞാൻ ജീവിച്ചത്. എന്നിട്ടും ഇന്നത്തെ ലോകത്തിന്റെ ഗതി കണ്ടിടത്തോളം ഇങ്ങനെ പറയാനേ സാധിക്കുന്നുള്ളൂ. രാജ്യാഭിമാനഭ്രാന്തു തെല്ലും കൂടാതെ സത്യത്തെ മുൻനിർത്തി പറയുകയാണിത്.''

കാളിദാസൻ ഒരു നിമിഷം എന്തോ ആലോചിച്ചു നിന്നു. അനന്തരം അദ്ദേഹം പറയുകയാണ്.

''ശരിയാണ്; സർവഭൂതഹിതേതരത്വം മനുഷ്യധർമ്മമായി അംഗീകരി ക്കപ്പെടാതെ, ശാന്തിയും ആനന്ദവും ഈ ലോകത്തു വിളയുകയില്ല. അതെ വിടെയെങ്കിലും വിളയാൻ ഇന്നു പാകമായിട്ടുണ്ടെങ്കിൽ, ആ രാജ്യം ഭാരത മാണ്.''



# 2.നാടുവാഴിത്തത്തിന്റെ കബറിടങ്ങൾ

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

[മലയാള സാഹിത്യ വിമർശകരിൽ പ്രമുഖനായ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി (1903-1977) അധ്യാപന രംഗത്തും രാഷ്ട്രീയ രംഗത്തും കഴിവു പ്രകടിപ്പിച്ച വ്യക്തിയാണ്. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന അദ്ദേഹം പില്ക്കാലത്ത് കൊച്ചി സർവ്വകലാശാല യുടെ വൈസ് ചാൻസലറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നല്ലൊരു വാഗ്മി കൂടിയായിരുന്ന അദ്ദേഹം സ്വന്തം പ്രസംഗങ്ങളിലൂടെ സാഹിത്യ വിമർശനത്തെ സാമാന്യജനങ്ങളോട് അടുപ്പിച്ചു എന്നു പറയാം.
മാറ്റൊലി, മാനദണ്ഡം, നാടകാന്തം കവിത്വം, അന്തരീക്ഷം, വായനശാലയിൽ, രാജരാജന്റെ മാറ്റൊലി, ഒറ്റ നോട്ടത്തിൽ എന്നിങ്ങനെ ഒട്ടേറെ കൃതികൾ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരൂപണങ്ങൾക്കു പുറമെ പ്രൊഫസർ, പാറപ്പുറത്തു വിതച്ച വിത്ത് എന്നിങ്ങനെയുള്ള നോവ ലുകളും അക്കൂട്ടത്തിൽ പെടുന്നു. പഴയ ചോള രാജ്യത്തിന്റെ തലസ്ഥാനവും ഇന്ന് തമിഴ്നാ ട്ടിന്റെ നെല്ലറയുമായ തഞ്ചാവൂർ സന്ദർശിച്ച മുണ്ടശ്ശേരി സ്വാനുഭവങ്ങൾ വിവരിച്ചിരിക്കുന്നു ഈ ലേഖനത്തിൽ. 'ഒറ്റനോട്ടത്തിൽ' എന്ന സമാഹാരത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണീ പ്രബന്ധം.]

എന്തു കൊണ്ടെന്നു ചോദിച്ചാൽ പറയാനറിഞ്ഞു കൂടാ. പഴയ പഴയ ജനപഥങ്ങൾ - ഇപ്പോൾ ജീർണ്ണിച്ചുവശായിട്ടുള്ള ജനവാസകേന്ദ്രങ്ങളാണെ ങ്കിൽ വിശേഷിച്ചും - നടന്നു നോക്കി കാണാൻ വല്ലാത്തൊരു കമ്പമാണെ നിക്ക്. എക്കാലത്തേതായാലും വേണ്ടില്ല. ജനങ്ങൾ തിങ്ങിക്കൂടി താമസിക്കു ന്നിടങ്ങളിൽ ഏതെല്ലാം സാഹചര്യങ്ങളാണ്. സാമൂഹ്യജീവിതപ്രേരകമായ തെന്നു ചികഞ്ഞറിയാൻ കണക്കറ്റുത്സാഹം തോന്നാറുണ്ട്. മനുഷ്യനെത്തി നോക്കാതെ കിടക്കുന്ന ഭൂഭാഗങ്ങൾ ധാരാളം കാണാമെന്നിരിക്കെ, ചില ചില പ്രദേശങ്ങളിൽ മാത്രം ആളുകൾ കൂട്ടം കൂടി പാർത്തിരുന്നതായോ പാർ

ക്കുന്നതായോ കണ്ടാൽ മനുഷ്യ ജീവിതത്തിനു പശ്ചാത്തലമാകത്തക്കവിധം ആ പ്രദേശങ്ങൾക്കുള്ള സവിശേഷതകൾ തേടിപ്പിടിക്കാൻ സ്വതേ ഒരുൾപ്രേരണ ഉണ്ടാകാമല്ലോ. ജനവാസം കൈയൊഴിച്ചു പോയേടങ്ങളിലാണെങ്കിൽ, കടന്നു ചെല്ലുമ്പോൾ ആ അന്തരിച്ചു പോയ പൂർവ്വ നിവാസികളുടെ ശ്വാസോച്ഛ്വാസങ്ങളുൾച്ചേർന്നതല്ലേ അവിടത്തെ അന്തരീക്ഷമെന്നു തോന്നിപ്പോവും. ആ പഴയ മനുഷ്യരുടെ ജീവിതം അവിടത്തെ മണ്ണിൽ കിളിർത്തു കാറ്റും വെയിലുമേറ്റാടിയുലഞ്ഞു മൊട്ടിട്ടു വിരിഞ്ഞുല്ലസിച്ചതിന്റെ ഓരോ പതനവും അവിടെ കാൽ കുത്തുമ്പോൾ പതുക്കെപ്പതുക്കെ മനസ്സിൽ ഉരുത്തിരിയുകയായി. അവരുടെ നിരന്തര യത്നഫലങ്ങൾ അങ്ങുമിങ്ങും അവശേഷിച്ചിട്ടുണ്ടെങ്കിൽ. അവയിൽ കണ്ണോടിക്കേണ്ട താമസമേയുള്ളൂ. ആ പിതാമഹന്മാരുടെ സാംസ്കാരിക സിദ്ധികളെക്കുറിച്ചു ഓരോന്നങ്ങനെ തോന്നിത്തുടങ്ങും. അങ്ങനെയങ്ങനെ മനുഷ്യജനുസ്സുകൾ സംസ്കാരത്തിന്റെ കണ്ണികളെ കൂട്ടിക്കൊളുത്തി താൻ ജീവിക്കുന്ന കാലഘട്ടത്തോളമെത്തിയതിന്റെ രഹസ്യം വരെ കെട്ടഴിച്ചു നോക്കിയിട്ടേ മനസ്സടങ്ങുകയുള്ളൂ.

തൃശ്ശിനാപ്പള്ളിയിൽ പഠിച്ചിരുന്നപ്പോൾ തഞ്ചാവൂരോളം പോയതായി ഓർക്കുന്നുണ്ട്. പക്ഷേ അന്നൊന്നും മേലെഴുതിയ വിധം ആ പട്ടണത്തിന്റെ പൂർവ്വാദ്ധ്യായങ്ങൾ മറിച്ചു നോക്കാൻ ഉൾപ്രേരണയുണ്ടായിട്ടില്ല. അതിന്നവസരം കിട്ടിയതുമില്ല. ഏതാനും രസികന്മാരായ സഹപാഠികളുമൊന്നിച്ച് ഒരു സായാഹ്നത്തിൽ തീവണ്ടിയും കയറിയങ്ങു പോയി, പാട്ടും മേളവുമായി കുറേയേറെ നേരം കഴിച്ചു കൂട്ടി, ഹോസ്റ്റലിൽ എത്തേണ്ട സമയത്തേക്ക് തിരിച്ചു പോരികയേ ഉണ്ടായുള്ളൂ. അക്കൂട്ടത്തിൽ എന്തെല്ലാമോ കണ്ടിരിക്കാം. പക്ഷേ അത്തരമൊരനുഭവമല്ല പിന്നീടവിടെ പോയപ്പോൾ ഉണ്ടായത്.

ഇന്ന മാസമാണെന്നോർമ്മയില്ല. നോക്കെത്താത്ത ദൂരത്തോളം നീണ്ടു കിടക്കുന്ന നെൽപ്പാടങ്ങൾ കതിരിട്ടു ബാലസൂര്യന്റെ അരുണ കാന്തിപ്പുളപ്പിൽ ഓളം വെട്ടിക്കൊണ്ടിരുന്നതിന്റെ ഒത്ത നടുവിലൂടെയാണ് തീവണ്ടി ആ പട്ടണത്തിലേക്ക് കയറിയത്. ഏതാണ്ടടുത്തപ്പോൾ പട്ടണമായെന്നു വിളിച്ചറി



യിച്ചത് സ്തംഭാകൃതിയിൽ ഉയർന്നുന്നയർന്നങ്ങനെ സ്വർണ്ണത്താഴികക്കുടം വെച്ചു നിൽക്കുന്ന 'പെരിയ കോവിലാ'ണ്. ഏറ്റവും ഉയരത്തിൽ ദേവന്റെ കൊടി, അതിനും കീഴേ കൊടിയില്ലാത്ത മനുഷ്യൻ - പൗരാണിക ജനപഥങ്ങളിൽ പരക്കേ കാണാറുള്ള ഈ നിർമ്മാണക്രമം അവിടെയും ശേഷിച്ചിരിക്കുന്നതായി തോന്നി. ആണ്ടോടാണ്ട് ആ പട്ടണത്തിന്റെ നാലു പാടും വിലോഭനീയമാം വണ്ണം വിളഞ്ഞങ്ങനെ കിടക്കാറുള്ള കണക്കറ്റ സമൃദ്ധിയിൽ നിന്ന് ഉടലെടുത്തതാണോ ആ ശില്പ സമ്പന്നമായ ശ്രീകോവിൽ, അതോ ആ ശ്രീകോവിലിൽ പ്രതിഷ്ഠിതനായ ദേവന്റെ കാരുണ്യവർഷത്താൽ വിളഞ്ഞതാണോ ആ സമൃദ്ധി? ആദ്യത്തെ കാഴ്ചയിൽ ആർക്കും അങ്ങനെ സംശയം തോന്നാം. വണ്ടിയിറങ്ങി നഗരത്തിലേക്കു കടന്നപ്പോൾ ഞങ്ങൾ ആ ദിക്കുകാരല്ലെന്നു മിക്കവാറും മനസ്സിലാക്കിയ ചിലർ അടുത്തെത്തി 'എവിടെ പോകണം', എന്തെല്ലാം കാണണം' എന്നന്വേഷിക്കുകയായി. അത്രയേറെ കാണാനെന്തിരിക്കുന്നു എന്ന ഭാവത്തിൽ, ഞങ്ങൾ അവരുടെ പിടിയിൽ നിന്നൂരി അന്നവിടെ നടന്നിരുന്നൊരു കോൺഫ്രൻസിൽ സംബന്ധിക്കാൻ പോയി. അവിടത്തെത്താമസത്തിനിടയ്ക്ക് യദൃച്ഛയാ തിരക്കിയപ്പോഴാണ് അറിയാൻ കുറെ കാര്യങ്ങളും കാണാൻ കുറെ കാഴ്ചകളുമുണ്ടെന്ന് മനസ്സിലായത്.

റേഷൻ കാലമാണ്. പക്ഷേ, അരിക്കു യാതൊരു ക്ഷാമവുമില്ല അവിടെ. കോൺഫ്രൻസിൽ സംബന്ധിക്കാനെത്തിയിരുന്ന അനേക ശതം പേർക്ക് അതവസാനിക്കും വരെ പൊടിപൊടിച്ച സദ്യയായിരുന്നു. ഹോട്ടലുകളിൽ തന്നെയും ഊണ് റേഷൻ ചെയ്യുന്ന ഏർപ്പാടുണ്ടായിരുന്നില്ല. ചോറു മതിയാവോളം കിട്ടിയിരുന്നുവെന്നർത്ഥം. അതോ, നല്ലരിച്ചോറും. അളന്നു വിളമ്പിയ ചോറുണ്ടു ശീലിച്ച മറുനാട്ടുകാർക്കെല്ലാം അവിടത്തെ സുഭിക്ഷത കണ്ട് അത്ഭുതം തോന്നി.ആയിടെ മദിരാശി സംസ്ഥാനത്തിലെ ഭക്ഷ്യ മന്ത്രി 'ഭിക്ഷാം ദേഹി'യായി അവിടത്തെ പ്രമാണിമാരുടെ കാൽക്കൽ വീഴുകയുണ്ടായി. 'മിച്ച ജില്ലക്കാരും മഹാമനസ്കരുമായ നിങ്ങളുടെ കാരുണ്യമൊന്നുകൊണ്ടേ സംസ്ഥാനത്തിലെ വിശേഷിച്ചും കമ്മി ജില്ലകളിലെ പട്ടിണിപ്പാടിനു

പരിഹാരമുണ്ടാവൂ. കുറെക്കൂടി കൈയയച്ചു നെല്ലും അരിയും വിട്ടു തരേണ്ടതു നിങ്ങളുടെ ധർമ്മമാണ്.' ഏതാണ്ടീ ശൈലിയിൽ മന്ത്രി ആ നഗരവാസികളോടു കെഞ്ചിയതായി ഓർക്കുന്നു. എന്താണ് ഇതിന്റെയെല്ലാം രഹസ്യം? കാവേരിയിലെ വെള്ളത്താൽ ആണ്ടോടാണ്ടു നനയ്ക്കപ്പെട്ട തമിഴ്നാടിന്റെ ഉത്തരാർദ്ധത്തിനു നെല്പത്തായമാകത്തക്കവിധം മുറയ്ക്കു മൂന്നു പൂവൽ വിളവെടുക്കാവുന്നതായി അനേകം നാഴിക പരന്നു കിടക്കുന്ന കൃഷിപ്പാടങ്ങളുടെ നടുവിലാണ് തഞ്ചാവൂർ. നാല്പതും നാല്പത്തഞ്ചും മേനി വിളയുന്ന കൃഷിവാടങ്ങളുടെ നടുവിൽ; നെല്ലും അരിയും എത്ര കയറ്റി അയച്ചാലും വേണ്ടില്ല, അത്രയും ഓരോ തവണയും ശേഷിക്കുന്ന ഒരക്ഷയപാത്രമാവില്ലേ തഞ്ചാവൂർ? വിള കൈയടക്കി വാഴാൻ അധികാരമുണ്ടെന്നിഭിമാനിക്കുന്ന മീറാജ്ദാർമാരാണ് എല്ലാ കർഷകരും എന്നായാൽ വിശേഷിച്ചും അങ്ങനെയാവില്ലേ? അവരുടെ കാൽക്കൽ കെട്ടിക്കരയുകയല്ലാതെ കോൺഗ്രസ്സിന്റെ ഭക്ഷ്യമന്ത്രിക്കെന്തു ചെയ്യാൻ കഴിയും? ഇഷ്ടം പോലെ സ്വത്തുണ്ടാക്കാനും കൈയ്യടക്കി വയ്ക്കാനുമൊക്കെ സകലമാന പേർക്കും മൗലികാവകാശം വിധിച്ചു കൊടുത്തിട്ടുള്ള കോൺഗ്രസ്സ് സർക്കാറിനു മനുഷ്യരുടെ സന്മനസ്സിനു വേണ്ടി പ്രാർത്ഥിക്കുകയേ നിർവ്വാഹമുള്ളൂ. മനുഷ്യരുടെ - എന്നു വെച്ചാൽ ഉള്ളവന്മാരുടെ എന്നേ അർത്ഥമാക്കേണ്ടൂ കേട്ടോ - ഭരണഘടനയിൽ ഇല്ലാത്തവർക്ക് എന്തവകാശം വിധിച്ചു കിട്ടിയാലും കാര്യമില്ലെന്നു പറയേണ്ടതില്ലല്ലോ.

പല നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും പറയത്തക്ക പുതിയ വ്യവസായങ്ങൾക്കൊന്നും ഒരുമ്പെടാതെ, ഫലപുഷ്ടിയുള്ള ആ ഭൂമിയെയും അതിൽ കൈക്കോട്ടും കരിയും പിടിച്ചു രാപ്പകൽ ദേഹണ്ഡിക്കുന്ന തൊഴിലാളിപ്പരിഷയെയും ഊറ്റിക്കറന്നു പോന്നിട്ടുള്ള കുറേയേറെ കേമന്മാരുടെ കേളീരംഗമായ തഞ്ചാവൂരിന്റെ സവിശേഷസിദ്ധികൾ എന്തൊക്കെയാണ്? അന്വേഷിക്കുമ്പോഴേക്കും ആളുകൾ ചൂണ്ടിക്കാട്ടുകയായി, ആ 'പെരിയ കോവിലി'ലേക്കും ആ പഴയ കൊട്ടാരക്കെട്ടിലേക്കും. കൊള്ളാം, പിറ്റേന്നു രാവിലെ ഞങ്ങൾ ആ പെരിയകോവിലിലേക്കു നടന്നു.



അനേകമാൾപ്പൊക്കത്തിൽ കെട്ടിപ്പടുത്തിട്ടുള്ള ഊക്കൻമതിൽ കോട്ടയ്ക്കകത്ത് ഒരു ഭാഗത്തേക്കു നീങ്ങിയാണ് ക്ഷേത്രം. അവിടേക്കെത്തും മുമ്പ് മണ്ണടിഞ്ഞ രാജകീയൈശ്വര്യത്തിന്റെ എല്ലും കോലുമായ ചിലതു കാണ്മാനിടയായി- ഉപവനവും പൊയ്കയും ക്ഷേത്രത്തിലേക്കുള്ള നടപ്പുരയും മറ്റും. ഉദ്യാനത്തലധികവും വെളിമ്പറമ്പായിക്കിടക്കുകയാണ്. ജലാശയങ്ങൾ ഒട്ടൊക്കെ മണ്ണു വീണ് തൂർന്നിരിക്കുന്നു. ഇരുഭാഗത്തുമുണ്ടായിരുന്ന കൽത്തൂണുകളുടെ തറക്കല്ലുകൾ മാത്രമ നടപ്പുരയുടേതായിട്ടുള്ളൂ. ഒക്കെ കൂടി കണ്ടാൽ ആഡംബരപ്രൗഢമായ എത്രയോ പുരുഷാന്തരങ്ങൾ അവിടെ കിടന്നു മത്തടിച്ചിരിക്കണമെന്നാർക്കും തോന്നാം. ആ ഭാഗം വിട്ടു ക്ഷേത്രത്തിലേക്കു തന്നെ അടുക്കുക. ഏതാണ്ടരനാഴിക നീളത്തിൽ കരിങ്കൽ മതിൽക്കെട്ടാണ് നെടുകേ ഇരു ഭാഗത്തും. വിലങ്ങനെ അത്ര തന്നെ നീളമില്ല മതിൽക്കെട്ടിന്. ക്ഷേത്രത്തിലേക്ക് ഒരു പ്രവേശനദ്വാരമേ ഉള്ളൂ - ഗോപുരക്കെട്ടായിട്ട്. ഉള്ളിൽ 'ബ്രഹ്മാണ്ഡ'മായ ക്ഷേത്രവും അതിന്റെ നാനാവിധത്തിലുള്ള ഉപക്ഷേത്രങ്ങളും ഉപശാലകളും. അനേകമാൾപ്പൊക്കത്തിൽ ഏറെക്കുറെ ശില്പവേലകളോടു കൂടി കെട്ടിപ്പടുത്തിട്ടുള്ള ആ മതിൽക്കെട്ടു തന്നെ നോക്കിക്കാണാൻ വകയുള്ള ഒന്നാണ്. 'ആറേഴടി നീളത്തിലും രണ്ടോ രണ്ടരയോ അടി കനത്തിലുമുള്ള ഊക്കൻ ഉയരത്തിൽ കരിങ്കൽക്കട്ടകൾ ഇഷ്ടികപ്പണിയെക്കാളേറെ ഭദ്രമായി ഓരം ചേർത്തു കെട്ടിപ്പൊക്കിയിട്ടുള്ളതാണ് ആ മതിൽ ഉടനീളം. ഇടയ്ക്കിടയ്ക്കു പാദുകങ്ങളും വളരുകളും കൊത്തിത്തിരിച്ചാണ് പണി കയറിയിട്ടുള്ളത്. അതൊന്നും സാരമാക്കാനില്ല. വേറെയും ക്ഷേത്രമതിൽക്കെട്ടുകൾ അങ്ങനെ കണ്ടിട്ടുണ്ടല്ലോ. വിശേഷിച്ചും പറയാനുള്ളത് മറ്റൊന്നാണ്. മതിൽക്കെട്ടിൽ നിലത്തു നിന്ന് ഒരാൾപ്പൊക്കത്തിലധികം ഉയരത്തിൽ കരിങ്കൽക്കട്ടകളിൽ നല്ല സ്ലേറ്റുപലകകളിൽ എഴുതിയപോലെ ഇന്നും യാതൊരു ക്ലേശവുമില്ലാതെ വായിക്കാവുന്ന പാകത്തിൽ പല പല ചരിത്രങ്ങളങ്ങനെ കൊത്തിയിട്ടിരിക്കുന്നു. അങ്ങുമിങ്ങുമെന്നു കരുതിപ്പോകരുത്. പ്രവേശനദ്വാരത്തിന്റെ ഒരു കട്ടിളക്കാലിൽ നിന്നു തുടങ്ങിയാൽ ചുറ്റോടു ചുറ്റെത്തി മറ്റേ കട്ടിളക്കാലിൽ വന്നിട്ടേ ആ കല്ലെഴുത്തവസാനിക്കുന്നുള്ളൂ. ബാബിലോണിയയിലും മറ്റും ശിലാലിഖിതമായി ഗ്രന്ഥശാലകൾ ഉണ്ടായിരുന്നു എന്നു കേട്ടിട്ടു വിശ്വസിക്കാൻ വിഷമിക്കുന്നവർ ഈ പെരിയ

കോവിൽ മതിൽക്കെട്ടൊന്നു കണ്ടാൽ മതി, കാലാന്തരത്തിൽ മണ്ണുവീണ് നിലം പൊങ്ങുകയാൽ ചില ഭാഗങ്ങളിൽ ശിലാ ലിഖിതങ്ങൾ ഭൂമിക്ക് അടിയിലായിട്ടുണ്ട്. എത്രയധികം പേരുടെ എത്രകാലത്തെ ചോരയും വിയർപ്പുമാണ് ആ മതിൽക്കെട്ടൊന്നു തന്നെ! കെട്ടിടവും അലമാരിയുമില്ലാതെ, വെയിലും മഴയും ഗൗനിക്കാതെ നൂറ്റാണ്ടുകളായങ്ങനെ നിലകൊള്ളുന്ന ആ കരിങ്കല്ലു ലൈബ്രറി ഞങ്ങളെ വിസ്മയിപ്പിച്ചു കളഞ്ഞു. ഇനി ക്ഷേത്രത്തിലേക്കു കടക്കാം. അത്യുന്നതവും ശില്പവിചിത്രവുമായ ഗോപുരവും ഉപശാലകളുമൊക്കെ വിട്ട് ഉള്ളിലേക്കു കടന്നാൽ ഏറ്റവും കാര്യമായാകർഷിക്കുന്നതു ക്ഷേത്രനടയ്ക്കൽ കിടക്കുന്ന ആ പടുകൂറ്റൻ നന്ദിയാണ്. ഒറ്റക്കല്ലിൽ കൊത്തിത്തിരിച്ചിട്ടുള്ള ശിവവാഹനമായ കാള തന്നെ. ഒരാൾക്കു കൈ പൊക്കി തൊടാനാവാത്തത്ര ഉയരത്തിലാണ് അവന്റെ തല. കറുത്തു മിന്നുന്ന അവന്റെ ശരീരം മഞ്ഞ വെയ്‌ലത്തങ്ങനെ കിടന്നിള വെട്ടുന്നതു കണ്ടു നിൽക്കാൻ തോന്നും. ശ്രീകോവിലെത്തും വരെ ഒരു നീണ്ട ഹാളാണ്. ഇരുഭാഗത്തും, അനേകം ഉപപ്രതിഷ്ഠകളോടു കൂടി. ഉടനീളം കരിങ്കൽപ്പണി തന്നെ. കൊത്തുവേലകൾക്കൊരു കയ്യും കണക്കുമില്ല. മേൽപുരയും കഴുക്കോലുമൊക്കെ കരിങ്കല്ലിൽത്തന്നെ കൊത്തിത്തിരിച്ചിരിക്കുകയാണ്. മരത്തിൽ പണിയുന്നതിലേറെ മിനുസമായിട്ട്. പ്രതിമകൾ നോക്കുന്നിടത്തെല്ലാം കാണാം-നല്ല പണിക്കുറ തീർത്ത ശില്പമാതൃകകൾ. ഓവു താങ്ങികൾ പോലും വിചിത്ര പ്രതിമകളായിട്ടാണ്. ഇന്നത്തെ പരിഷ്കരിച്ച കോൺക്രീറ്റ് ട്രില്ലീസിന്റെ മാതൃകയിൽ കൊത്തിത്തിരിച്ചിട്ടുള്ള കരിങ്കൽപ്പണിപ്പാടുകൾ പോലും അവിടെ കാണുകയുണ്ടായി.

അകലെ നിന്നു കാണുമ്പോൾ അപാരം അപാരമെന്നൊരു തോന്നലും അതോടൊന്നിച്ച് എന്തെന്നില്ലാത്തൊരു ഭക്ത്യാദരവും ഉളവാക്കാൻ മതിയാകുന്ന മട്ടാണ് ആ പെരിയകോവിൽ. സാധാരണക്കാരിൽ ഈശ്വരഭയം ജനിപ്പിക്കാൻ അത്രയും നല്ലൊരു തന്ത്രം വേറെയില്ലല്ലോ. തൊട്ടടുത്തു നോക്കുന്നവർക്കാകട്ടെ അത്ഭുതാദരങ്ങളുദ്ദീപിക്കാൻ സൂക്ഷ്മശില്പ വൈചിത്ര്യങ്ങൾ വേണ്ടുവോളമുണ്ട്.



മറ്റൊരു ദിവസം ഞങ്ങൾ കൊട്ടാരാവശിഷ്ടങ്ങൾ സന്ദർശിക്കാൻ പോയി. കോട്ട വാതിൽ കടന്നകത്തേക്കു നോക്കിയപ്പോൾ കണ്ടത്, ഹിമവാന്റെ കൊടുമുടികൾ പോലെ, തൊട്ടു തൊട്ടു കോർത്തു കെട്ടി പല വലുപ്പത്തിലും സമ്പ്രദായത്തിലും ഉള്ള കൊട്ടാരക്കെട്ടുകളാണ്. - ഉദിച്ചസ്തമിച്ച പല രാജവംശങ്ങളുടെ കബറിടങ്ങൾ. അധുനിക കാലത്തോടടുക്കും തോറും ആ കെട്ടിടമാതൃകകൾ പരിഷ്കാരപ്പെട്ടിട്ടുണ്ട്. 'ബ്രഹ്മാണ്ഡത' പഴയ കൊട്ടാരക്കെട്ടുകൾക്കധികമാണ്. മിക്കവയും മനുഷ്യസ്പർശമില്ലാതെ ജീർണ്ണിച്ചു പോയിരിക്കുന്നു. സ്തംഭാകൃതിയിൽ കെട്ടിക്കയറ്റിയ വലിയ എടുപ്പുകളിൽ കയറി നിന്നു കാഴ്ചകൾ കാണ്മാൻ ഉണ്ടായിരുന്ന സൗകര്യങ്ങൾ അവിടവിടെ ഇടിഞ്ഞു പൊളിഞ്ഞു താറുമാറായിരിക്കുകയാണ്. അനേകായിരം പേരുടെ അത്യദ്ധ്വാനങ്ങൾ ഇങ്ങനെ പാഴായിപ്പോയല്ലോ എന്നോർത്തിട്ട് എനിക്കു കണ്ണീർ പൊടിഞ്ഞു പോയി.

രാജധാനിയിൽ ഇന്നും കാണത്തക്കതായി ശേഷിച്ചിട്ടുള്ളതു ദർബാർ ഹാൾ, സംഗീതമഹാൾ, സരസ്വതി മഹാൾ എന്നിവയാണ്. നായ്ക്കർ ഭരണത്തിന്റെ ബാക്കികളാണ് അവ. രാജാവെഴുന്നെള്ളിയിരുന്നു കാര്യവിചാരം ചെയ്യുന്നതിനു വേണ്ട അന്തസ്സോടു കൂടിയതാണ് ദർബാർഹാൾ. മുഗൾ ചക്രവർത്തിമാരുടെ താദൃശാസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ നായ്ക്കന്റെ ദർബാർഹാൾ അത്ര കേമമാണെന്നൊന്നും പറഞ്ഞു കൂടാ. പക്ഷേ, ഇന്ത്യയുടെ ഇങ്ങേത്തലയ്ക്കൽ വാണുകൊണ്ടിരുന്ന സാമന്തശക്തിക്ക് അത്രയും അന്തസ്സുറ്റൊരു മന്ത്രമണ്ഡപം അന്നുണ്ടാക്കാൻ കഴിഞ്ഞു എന്നത് ചില്ലറക്കാര്യമല്ല. സംഗീതമഹാൾ ഇന്നത്തെ കാഴ്ചക്കാരെയും അമ്പരിപ്പിക്കത്തക്ക ഒന്നാണ്. പുതിയകാലത്തെ ഒരൊന്നാംകിട ടൗൺഹാളിന്റെ വലിപ്പത്തിൽ വേണ്ടത്ര ഉയർത്തി ഇരുഭാഗത്തേക്കും വലിയ ജന്നലുകൾ വെച്ച് ഏതു ഭാഗത്തിരുന്നാലും ശ്രവണവൈഷമ്യമുണ്ടാകാത്ത മട്ടിൽ പണിതൊപ്പിച്ചിട്ടുള്ളതാണ് സംഗീതമഹാൾ. മറ്റേ അറ്റത്തു നൃത്ത സംഗീതാദികൾക്കുള്ള പ്രത്യേക മണ്ഡപം നിർമ്മിച്ചിട്ടുണ്ട്. ബഹുമാന്യ സദസ്യർക്കിരിക്കാൻ തക്ക സ്ഥാനങ്ങൾ ഒരുക്കിയിട്ടുണ്ട്. അവയിൽ മണ്ഡപാഭിമുഖമായി സജ്ജമാക്കിയിട്ടുള്ള ബാൽക്കണികളുണ്ട്. ദക്ഷിണഭാരതത്തിൽ വെന്നിക്കൊടി പറത്തിയ ഭരനാ

ട്യത്തിന്റെയും കർണ്ണാടക സംഗീതത്തിന്റെയും പരീക്ഷണരംഗം അതായിരുന്നിരിക്കണം. ഇന്നും വേണമെങ്കിൽ കലകളുടെ മാറ്റുരച്ചു നോക്കാനുള്ളൊരു കേന്ദ്രമായി അതിനെ ഉജ്ജീവിപ്പിക്കാവുന്നതാണ്. ഇപ്പോൾ അതിന്റെ ഉപശാലകളേ ഉപയോഗപ്പെടുത്തുന്നുള്ളൂ. ചില ആപ്പീസുകൾക്കു വേണ്ടി.

സരസ്വതി മഹാൾ ഇന്നും ഒരു വിധം സജീവമാണ്. നായ്ക്കർ ഭരണം തൊട്ട് മഹാരാഷ്ട്രരാജാവായ ശരഭോജിയുടെ കാലത്തോളം ശേഖരിക്കപ്പെട്ടിട്ടുള്ള ഒട്ടേറെ വിലപിടിച്ച ഗ്രന്ഥങ്ങൾ കൈയെഴുത്തായും അച്ചടിയായും അവിടെ ഇപ്പോഴും സൂക്ഷിക്കപ്പെടുന്നുണ്ട്. സംസ്കൃതത്തിലും തമിഴിലും തെലുങ്കിലുമായി എത്രയോ അപ്രകാശിത കൃതികൾ അക്കൂട്ടത്തിലുണ്ടെന്ന് അവിടത്തെ ഗവേഷണവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നുണ്ട്. തനിസാഹിത്യം മാത്രമല്ല, കാലാന്തരത്തിൽ വിസ്മൃതമായിട്ടുള്ള പ്രയോജനകരങ്ങളായ പല നല്ല ശാസ്ത്രവിധികളും ആ കൈയെഴുത്തു ശേഖരത്തിൽ നിന്നുദ്ധരിക്കാനുണ്ടത്രെ. ഒടുവിലായപ്പോൾ യൂറോപ്യൻ വിജ്ഞാനം പകർന്നെത്തിച്ച പാശ്ചാത്യഭാഷകളിലുള്ള ഗ്രന്ഥങ്ങളും സംഭരിക്കാൻ അധികൃതന്മാർ മനസ്സിരുത്തിയിരുന്നു എന്നതിന് ധാരാളം തെളിവുകളുണ്ട്. ശരഭോജി തന്നെ വരുത്തി വായിച്ചടയാളപ്പെടുത്തിയിട്ടുള്ള യൂറോപ്യൻ ഭാഷാഗ്രന്ഥങ്ങൾ കുറച്ചൊന്നുമല്ല അവിടെയുള്ളൂ. രാജഹസ്തസമ്പാദിതങ്ങളായ ചിത്ര ശേഖരങ്ങളും അവിടെ കാണാം.

മദിരാശി ഗവർമെന്റിന്റെ കീഴിൽ വേതനം വാങ്ങി കുറേ പണ്ഡിതന്മാർ സരസ്വതി മഹാളിലിരുന്ന് പഴയ കൈയെഴുത്തു ഗ്രന്ഥങ്ങൾ പരിശോധിച്ചു പകർത്തിയെടുത്തച്ചടിക്കാൻ പാകപ്പെടുത്തുന്നുണ്ട്. ആ വിജ്ഞാന തീർത്ഥത്തിൽ മുഴുകി മുഴുകി പാപശാന്തിയടയുക എന്നതിൽ കവിഞ്ഞൊരുദ്ദേശ്യവും അവർക്കുള്ളതായി തോന്നിയില്ല. പകർപ്പെഴുത്തുകാരിൽ നിന്നും മറ്റെന്തു പ്രതീക്ഷിക്കണം? പക്ഷേ അവർ ചെയ്യുന്നതെല്ലാം ഗവേഷണമായി കണക്കാക്കുമ്പോൾ ആ ഗ്രന്ഥസമുച്ചയത്തിൽ നിന്നു പ്രയോജനമായി വല്ലതും സമുദ്ധരിച്ച് നാട്ടുകാർക്കു സമ്മാനിക്കാൻ അവർ ധൈര്യപ്പെട്ടില്ലെങ്കിലോ എന്നു സംശയിച്ചേക്കാം ചിലർ.



സംഗീതമഹാളും സരസ്വതി മഹാളും കണ്ടാൽ തഞ്ചാവൂർ നാടുവാഴി പ്രഭുത്വങ്ങളുടെ നേരെ ഒരാദരം തോന്നും. വേറെ അധികമൊന്നും ചെയ്തില്ലെന്നിരുന്നാലും അവ കലകളെയും വിജ്ഞാനങ്ങളെയും യഥാർഹം മാനിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നുവല്ലോ.

തഞ്ചാവൂരിൽ വളരെ കാലേക്കൂട്ടിത്തന്നെ ജനങ്ങൾ കൂട്ടമായി താമസിക്കുകയും അവരുടെ മധ്യത്തിൽ പല പല രാജവംശങ്ങൾ ഉദിച്ചസ്തമിക്കുകയും ചെയ്വാനിടയായതെന്തു കൊണ്ടാവാം? ഈ ചോദ്യം പിന്നെയും പിന്നെയും എന്റെ മനസ്സിൽ പൊന്തി വന്നു. കനകക്കതിരിട്ടു നിന്ന കൃഷിവാടങ്ങളിലൂടെയാണ് പട്ടണത്തിലേക്ക് കടന്നതെന്നു തുടക്കത്തിൽത്തന്നെ പറഞ്ഞില്ലേ? അവിടേക്കു തന്നെയെത്തി ഒടുവിൽ ആ ചോദ്യം. അതേ, നിഷ്പ്രയാസം വിതച്ചു ഭക്ഷ്യധാന്യങ്ങൾ വിളയിക്കാനുള്ള സൗകര്യം നോക്കിയായിരിക്കണം ജനങ്ങൾ ആദ്യമേ അവിടെ സമുദായം കെട്ടി പാർത്തത്. ജലസൗകര്യവും ജലത്തിലൂടെ ഗതാഗത സൗകര്യവും കൂടി അവരെ അതിനു പ്രേരിപ്പിച്ചിരിക്കണം. ഉദരപൂരണ ക്ലേശം അത്ര വളരെ അനുഭവപ്പെടാതെ വളർന്നുപോന്ന തഞ്ചാവൂർ ജനത പിന്നീട് മനസ്സിനെ ആഹ്ലാദിപ്പിക്കുന്ന സാംസ്കാരിക സിദ്ധികളിൽ ദത്താവധാനരായിത്തീർന്നിരിക്കാൻ ഇടയുണ്ട്. ആ ഉയർച്ച ഇന്നതിനുണ്ടായ അധഃപതനത്തിന്റെ ആഴത്തിൽ നിന്നൂഹിക്കാം.

# 3. വായനയുടെ സ്വർഗ്ഗം

പ്രൊഫ. സുകുമാർ അഴീക്കോട്

[മലയാള വിമർശനരംഗത്ത് സമുന്നതസ്ഥാനം അലങ്കരിക്കുന്ന പ്രതിഭാശാലിയായ പ്രൊഫസർ സുകുമാർ അഴീക്കോട് ( 1926-) അധ്യാപകൻ, പ്രഭാഷകൻ എന്നീ നിലകളിലും പ്രശസ്തനാണ്. കോഴിക്കോട് സർവ്വകലാശാലയിൽ മലയാള പ്രൊഫസറായും പ്രോ-വൈസ് ചാൻസലറായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മലയാള സാഹിത്യ വിമർശനം, ആശാന്റെ സീതാകാവ്യം, രമണനും മലയാള കവിതയും, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു. തത്ത്വമസി, വായനക്കാരുടെ സ്വർഗ്ഗം എന്നിങ്ങനെ പല കൃതികളും ഇദ്ദേഹം മലയാളത്തിന് സംഭാവന ചെയ്തു. 'വായനയുടെ സ്വർഗ്ഗം' എന്ന ഉപന്യാസ സമാഹാരത്തിൽ നിന്നും എടുത്തു ചേർത്തതാണ് പാഠ്യഭാഗം ]

ജന്മജന്മാന്തരങ്ങളിൽ താൻ അനുഭവിക്കാൻ കൊതിക്കുന്ന സുഖാമൃതങ്ങളിൽ വച്ച് മുന്തിയതാണ് കാളിദാസ കൃതികളെന്ന് പ്രഘോഷിക്കുന്ന ഒരു പ്രഖ്യാത പദ്യമുണ്ടല്ലോ, നമ്മുടെ ഒരു പഴയ രസികൻ നമ്പൂതിരിയുടെ വകയായിട്ട്-''കാളിദാസകവിതാരസാമൃതം നാളികേരസലിലം നവംപയ... സംഭവന്തു മമ ജന്മജന്മസു'' എന്നിങ്ങനെ അതിലെ ചില വരികൾ മാത്രം ഇവിടെ ഉദ്ധരിക്കട്ടെ. ഗ്രന്ഥാസ്വാദ സുഖം മനുഷ്യ ജീവിതത്തിന്റെ സാഫല്യപാരമ്യമാണെന്ന് ഇത്രത്തോളം ഹൃദയംഗമമായി വർണ്ണിക്കുന്ന മറ്റൊരു വാക്യം ഞാൻ കേട്ടിട്ടില്ല. കിഴക്കും പടിഞ്ഞാറും പണ്ടും ഇന്നുമായി പല പല പണ്ഡിതന്മാർ ഗ്രന്ഥവരിഷ്ഠതയെക്കുറിച്ച് പാടുകയും പറയുകയും ചെയ്തിട്ടുണ്ടാവാം. അവയെല്ലാം ഈ സത്യസന്ധമായ പ്രാർത്ഥനയുടെ മുമ്പിൽ അല്പാർത്ഥവും നിഷ്പ്രഭവുമായിത്തീരുന്നതായിത്തോന്നുന്നു. സംസ്കൃത ഭാഷയിൽത്തന്നെ അനേകം ഗ്രന്ഥപ്രശസ്തികൾ പ്രചാരത്തിലുണ്ടല്ലോ. ''കാദംബരീരസം അറിഞ്ഞവർക്ക് ആഹാരം പോലും രുചിക്കില്ല'' എന്ന സുപ്രശസ്തമായ ഒരു പഴഞ്ചൊല്ലുണ്ട്. ഇവിടെ സുഖത്തിന്റെ മാനദണ്ഡം ആഹാരമാണ്. ആ



രസമെവിടെ, ഗ്രന്ഥരസമെവിടെ? അമൃതം എന്ന് പറഞ്ഞപ്പോഴെ നമ്പൂതിരി അതിനൊക്കെ അപ്പുറത്തെത്തിയിരിക്കയാണ്. ''ബുദ്ധിമാന്മാർ കാവ്യശാസ്ത്ര കൃതികൾ വായിച്ച് കാലം കഴിക്കുമ്പോൾ മൂർഖന്മാർ ദുഷ്കർമ്മ വ്യസനികളും നിദ്രാലുക്കളും കലഹരതരുമായി നേരം കഴിച്ചു കൂട്ടുന്നു'' എന്നു മറ്റൊരു പദ്യം പാടുന്നു.

'കാവ്യശാസ്ത്രവിനോദേന
കാലോ ഗച്ഛതി ധീമതാം,
വ്യസനേന തു മൂർഖാണാം
നിദ്രയാ കലഹേന വാ.'

ഇവിടെയും ആ നമ്പൂതിരി വർണ്ണിക്കാൻ ശ്രമിച്ച ആനന്ദാതി പ്രസരത്തിന്റെ ഛായ പോലും നിഴലിച്ചിട്ടില്ല. സംസാരമാകുന്ന വിഷവൃക്ഷത്തിന്റെ രണ്ട് അമൃതഫലങ്ങളിൽ ഒന്നത്രേ കാവ്യരസാസ്വാദം' എന്ന് മറ്റൊരു പദ്യം.

'സംസാരവിഷവൃക്ഷസ്യ
ദ്വേ ഫലേ അമൃതോപമേ
കാവ്യാമൃതരസാസ്വാദ:
സദ്ഭിസ്സഹ സമാഗമ

ഈ പദ്യമാണ് ഭാവതീവ്രതയിൽ മേൽപ്പറഞ്ഞ നമ്പൂതിരി പദ്യത്തിന്റെ അടുത്തെങ്കിലും എത്തുന്നത്. ഇതിൽപ്പോലും ജീവിതത്തിലെ അല്പതമവും അനവദ്യവുമായ സുഖപരമ്പരകളുടെ അത്യുൽക്കർഷം കലരുന്ന ഗ്രന്ഥാനന്ദം ഇടതടവില്ലാതെ അനുഭവിക്കാനുള്ള തീക്ഷ്ണമായ അഭിലാഷം അതിലുള്ളതിന്റെ നേരിയൊരംശമെങ്കിലും പ്രതിഫലിക്കുന്നില്ല. വിദ്യയുടെ അധിദേവതയെ വിനീതയായ ഒരു കൊച്ചു വിദ്യാർത്ഥിനിക്കൊപ്പം 'പുസ്തകഹസ്തയായി ചിത്രീകരിച്ചു പ്രാർത്ഥിക്കുന്ന ഒരു ജനതയിൽ ഈ നിസ്തുലമായ ചിന്താപ്രകർഷം സ്വാഭാവികം മാത്രമാണെന്നേ പറയേണ്ടൂ. അവർക്ക് വിദ്യാധനം സർവ്വധനങ്ങളെക്കാളും പ്രധാനമായിരുന്നു. വിദ്യാവിഹീനൻ വെറും മൃഗവും.

ഇത്രത്തോളം ചെന്നില്ലെങ്കിലും, പുസ്തകത്തിന്റെ മുമ്പിൽ കൂപ്പിത്തൊഴാത്ത ഒരു ജനതയും ഇന്നോളം ഭൂമുഖത്തിൽ ഉണ്ടായിട്ടില്ല. അതിനെ നമസ്കരിക്കാതിരിക്കത്തക്കവണ്ണം ഉയർന്ന പാണ്ഡിത്യമോ താണ വങ്കത്തമോ ഒരു മനുഷ്യനും ഇന്നേവരെ പ്രകടിപ്പിച്ചു കണ്ടിട്ടില്ലതാനും. ഒറ്റ നോട്ടത്തിന് വെറും കടലാസ്സായിരിക്കുന്ന പുസ്തകം ചിന്തിക്കുന്തോറും മനുഷ്യനെക്കാൾ മഹനീയവും ജനതകളുടെ സ്രഷ്ടാവും സമൂഹങ്ങളെക്കാൾ അനശ്വരവും, ഇതു കൊണ്ടെല്ലാം തന്നെ ഇവയെക്കാളൊക്കെ അഭൗമമെന്നോ ദിവ്യമെന്നോ വിളിക്കാവുന്നതും ആണെന്നു തെളിഞ്ഞു വരും. പുസ്തകത്തിന്റെ സ്രഷ്ടാവ് മനുഷ്യനാണെന്ന് ആർക്കും പറയാം. കൂടുതൽ ആലോചിക്കുന്നവർ പറഞ്ഞേക്കും ഒരാളല്ല ഒരു ജനതയാണ് യഥാർത്ഥത്തിൽ പുസ്തകം രചിക്കുന്നതെന്ന്. ഏത് പുസ്തകത്തിന്റെ രചനയുടെ പിന്നിലും ആ കാലത്തിന്റയോ ജനങ്ങളുടെയോ ഒരാവശ്യം ഉണ്ടായിരിക്കണമല്ലോ. മറിച്ച്, പുസ്തകമാണ് ജനതയെ സൃഷ്ടിക്കുന്നതെന്നു പറയണമെങ്കിൽ, മനുഷ്യൻ എഴുതി വച്ചിട്ടുള്ളവയിൽ സാരഭൂതമായതെല്ലാം വായിച്ചു മനുഷ്യസംസ്കാരത്തിന്റെ ദശാന്തരപരിണതികൾ ചിന്തിച്ചു പഠിച്ച ഒരു ക്രാന്തദർശി തന്നെ വേണ്ടി വരും. ക്രാന്തദർശികളിൽ വച്ചു ക്രാന്തദർശിയായ എച്ച്.ജി.വെൽസ് അതാണ് തന്റെ ലോക ചരിത്രത്തിൽ എഴുതിയത്. യഹൂദന്മാർ ബൈബിൾ സൃഷ്ടിച്ചു എന്നതിനെക്കാൾ വാസ്തവം ബൈബിൾ യഹൂദന്മാരെ സൃഷ്ടിച്ചു എന്നതാണെന്നു. ലോകത്തിലെ ചില മഹാഗ്രന്ഥങ്ങൾ ജനതകളെ സൃഷ്ടിച്ചവയത്രേ. രാമായണം ഉദാഹരണം. അതാണല്ലോ കവീശ്വരനായ ടാഗോർ എഴുതിയത്, രാമായണത്തിന്റെ ഇരുപത്തിനാലായിരം ആനുഷ്ടുഭച്ഛന്ദസ്സുകളിലൂടെ ഇന്ത്യ യുഗങ്ങളിലൂടെ കേട്ടു കൊണ്ടേയിരിക്കുന്നത് അതിന്റെ സംസ്കാരത്തിന്റെ നാഡീസ്പന്ദനങ്ങൾ ആണെന്ന്.

പഴയ ദൈവങ്ങളെ ഒന്നൊന്നായി ഉച്ചാടനം ചെയ്തു കൊണ്ടിരുന്ന നൂതനയുഗത്തിന്റെ ഉദയദശയിലാണ് യൂറോപ്പ് ഗ്രന്ഥത്തിന് ദിവ്യതയോടടുത്ത ഒരു പരിവേഷം ചാർത്തിക്കൊടുത്തത്. പടിഞ്ഞാറിന്റെ നെറ്റിത്തടത്തിൽ നവീനയുഗമുദ്ര അണിയിച്ച വോൾട്ടയർ പുസ്തകത്തിന് ജഗന്നിയന്ത്രിത്വം കല്പിച്ചു കൊടുത്തു. അദ്ദേഹം ഘോഷിച്ചു: ''അപരിഷ്കൃത ജനതകളൊഴികെ അറിയപ്പെട്ട മറ്റെല്ലാ രാഷ്ട്രങ്ങളെയും ഭരിക്കുന്നത് ഗ്രന്ഥമാണ്''. ബാസ്റ്റിൽക്കോട്ടയിൽ ബന്ദിയായിക്കഴിയുമ്പോൾ വോൾട്ടയർ ആഗ്രഹിച്ചത്. ഹോമറിന്റെ കൃതികളായിരുന്നുപോൽ. 15-ാം നൂറ്റാണ്ടിൽ അച്ചടി പ്രചാരത്തിൽ വന്നതോടെ ചിന്തയുടെയും വിജ്ഞാനത്തിന്റെയും സത്യതൃഷ്ണയുടെയും പുതിയൊരു പ്രകാശസാമ്രാജ്യത്തിന്റെ അധിപതിയായി ദിഗ്വിജയം നടത്തിയ മനുഷ്യ മനസ്സിന്റെ അപൂർവ്വരഥമായി വെന്നിക്കൊടി പറത്തിക്കൊണ്ട് പുസ്തകം നാടെങ്ങും വിളയാടി. വിജ്ഞാനം വിലസുന്ന വിശിഷ്ട ഗ്രന്ഥങ്ങളെ മറ്റേത് നിധിയെക്കാളും മനുഷ്യൻ അന്ന് വിലമതിച്ചു. ചരിത്രകാരന്മാരിൽ വെച്ച് അതികായനായ ഗിബൺ രേഖപ്പെടുത്തി: ''ഇന്ത്യയിലെ മഹാനിധികൾക്കു വേണ്ടിപ്പോലും എന്റെ അദമ്യമായ ഗ്രന്ഥപ്രേമത്തെ ഞാൻ പകരം കൊടുക്കില്ല.'' അക്കാലത്തെ മറ്റൊരു മഹാവിദ്വാനും ശാസ്ത്രയുഗത്തെ അവതരിപ്പിച്ച ഒരു പ്രതിഭയുമായ ഫ്രാൻസിസ് ബേക്കൺ, മാനസിക ഭോജ്യങ്ങളിൽ വെച്ച് അത്യുൽക്കൃഷ്ടമായ സ്ഥാനം പുസ്തകത്തിന് നല്കി.

പുസ്തകം ഏതായാലും ഭുജിക്കേണ്ടതാണ്; ചിലത് നുണച്ചിറക്കേണ്ടതാണെങ്കിൽ മറ്റ് ചിലത് വിഴുങ്ങേണ്ടതും വേറെ ചിലത് ചവച്ചരച്ചു കഴിക്കേണ്ടതും. മനുഷ്യസംസ്കാരത്തിലെ ഒരേയൊരു ശാശ്വതവസ്തു പുസ്തകമാണെന്ന് അന്ന് മനുഷ്യൻ വിശ്വസിച്ചു പോന്നു. 'പോംപെയുടെ അവസാന നാളുകൾ' മുതലായ ആഖ്യായികകൾ രചിച്ച ബുൾവർ ലിട്ടൺ അതു കൊണ്ടാണ് പറഞ്ഞത്, 'നിയമങ്ങൾ നശിക്കുമ്പോൾ ഗ്രന്ഥങ്ങൾ നില നില്ക്കുന്നു'' എന്ന് ബെൻ ജോൺസന്റെ പക്ഷത്തിൽ 'അല്പം ഗ്രീക്കും അതിൽ കുറവ് ലാറ്റിനും' മാത്രം പഠിച്ച അപണ്ഡിതനായ ഷെയിക്സ്പിയർ, തന്റെ നാടകങ്ങളിലൂടെ, എതിരില്ലാത്ത ഒരു പുസ്തക കാമുകനായി പ്രത്യക്ഷപ്പെടുന്നുണ്ട്. ''ഒരു പ്രഭുവിന്റെ രക്തത്തെക്കാൾ വില കൂടിയതാണ് ഒരു പിച്ചക്കാരന്റെ പുസ്തകം'' എന്നെഴുതണമെങ്കിൽ ('ഹെൻറി എട്ടാമൻ') ഷെയിക്സ്പിയറിന്റെ ഗ്രന്ഥപ്രേമത്തിന്റെ വീര്യം എന്തെന്ന് ഊഹിക്കാം. ''വിദ്യാവിഹീന: പശു:'' എന്ന നമ്മുടെ ചൊല്ലിനെ അനുസ്മരിപ്പിക്കുമാറ് ഷെയ്ക്സ്പിയർ മറ്റൊരു നാടകത്തിൽ ('ലവ്സ്ലേബർലോസ്റ്റ്') പറയുന്നു, ''പുസ്തകത്തിലൂടെ വളരാത്തവൻ വെറും മൃഗമാണ്'' എന്ന്. വിജ്ഞാനത്തിന്റെ പ്രതിരൂപമായി പാശ്ചാ

ത്യരുടെ ഇതിഹാസങ്ങളിൽ വിളികൊണ്ട '' പ്രൊമിഥിയൂസിന്റെ തീ'' പുസ്തകങ്ങളിൽ നിന്ന് എരിഞ്ഞുയരുന്നുവെന്ന് അദ്ദേഹം ഇതേ നാടകത്തിൽ പാടി. 'ടെംപെസ്റ്റി'ലെ നായകനായ പ്രഭുവിനെ നിരന്തരം ഗ്രന്ഥപാരായണം ചെയ്യുന്ന ഒരു വിജ്ഞാനദാസനായിട്ടാണ് ഷെയിക്സ്പിയർ ചിത്രീകരിച്ചിട്ടുള്ളത്. ''എന്റെ ഗ്രന്ഥാലയം മതി എനിക്ക് പ്രഭുത്വമായിട്ട് '' എന്ന് ആ പ്രോസ്പരോ പ്രഖ്യാപിക്കുന്നുണ്ട്. നവോത്ഥാന കാലഘട്ടത്തിന്റെ നിസ്തുലമായ വിജ്ഞാനപ്രശ്രയത്തിന്റെ പ്രതിധ്വനികളാണ് ഇവയെല്ലാം.

പുസ്തകത്തെ പ്രഭുത്വത്തെക്കാൾ വിലമതിച്ചവരെന്നപോലെ തന്നെ, പുസ്തകത്തിനു വേണ്ടി പട്ടിണിയും ദാരിദ്ര്യവും അനുഭവിക്കാൻ മടിക്കാത്തവരും ഉണ്ടായിട്ടുണ്ട്. ചാറല്സ്ലാംബ് പട്ടിണി കിടന്നും പുസ്തകം വായിച്ച ആളാണത്രേ. ഇറാസ്മസ് എന്ന വിശ്രുതനായ ഡച്ചു പണ്ഡിതൻ അഭിപ്രായപ്പെട്ടത്, പണം കൊണ്ട് വല്ലതും വാങ്ങുന്നുണ്ടെങ്കിൽ പുസ്തകങ്ങളായിരിക്കണമെന്നും, ബാക്കി വന്നാൽ അതുകൊണ്ടും പുസ്തകം വാങ്ങണമെന്നുമാണ്. ഇത് പുസ്തകപ്രേമമല്ല. പുസ്തകഭ്രാന്താണ് എന്നു പോലും നമുക്ക് തോന്നിപ്പോകും. എന്നാൽ ഇത്തരം ഒരു ഭ്രാന്തുമില്ലാത്ത മിതചിന്തകനായ എമേഴ്സൺ പറയുന്നത്, ഒരു വലിയ മനുഷ്യനായിത്തീരണമോ, വലിയൊരു വായനക്കാരൻ കൂടിയിരിക്കണമെന്നാണ്. പ്രാചീനയവന ചിന്തകന്മാരുടെ തിലകമായിരുന്ന അരിസ്റ്റോട്ടിൽ 'വായനക്കാരൻ' എന്ന പേരിൽ വിളികൊണ്ടിരുന്നു. ധ്യാനലോലുപരായ ചുരുക്കം ഋഷികളോ ഭക്തരോ നിരന്തര കർമ്മോൽസുകരായ ചുരുക്കം ധീരയോധരോ മനുഷ്യസേവകരോ ഒഴിച്ചാൽ മഹാന്മാരായ മഹാന്മാരെല്ലാം വീഴ്ചകൂടാതെ ഇറങ്ങിക്കുളിച്ച ഒരേയൊരു പുണ്യ തീർത്ഥമാണ് പുസ്തകം.

മനുഷ്യന്റെ സംസാക്ർമഹിമയുടെ പ്രതിരൂപമായിട്ട് പുസ്തകം സാഹിത്യകാരന്മാരാൽ എന്നും വാഴ്ത്തപ്പെട്ടു പോന്നു. കഥാകാരനും സമൂഹപരിഷ്കർത്താവുമായിരുന്ന ചാറല്സ് കിങ്സ്ലി, പുസ്തകത്തെക്കാൾ മഹനീയമായി മറ്റൊന്നുള്ളതു മനുഷ്യൻ മാത്രമാണെന്ന് പറഞ്ഞപ്പോഴും, അമേരിക്കയുടെ മഹാകവിയായ വാൾട്ട്വിറ്റ്മാൻ ഒരു പുസ്തകത്തെപ്പറ്റി അതു മനുഷ്യനാണെന്ന് പ്രശംസിച്ചപ്പോഴും പടിഞ്ഞാറ് പുസ്തകത്തെ എത്ര ഉയർ



ന്നൊരു പീഠത്തിലാണ് പ്രതിഷ്ഠിച്ചതെന്നു മനസ്സിലാക്കാം. ഇക്കൂട്ടത്തിൽ അവസാന വാക്ക് പറഞ്ഞത് ആംഗലമഹാകവിയായ മിൽട്ടനാണ്. അഭിപ്രായസ്വാതന്ത്ര്യത്തിനു വേണ്ടി സമരഭേരി മുഴക്കുന്ന 'ആരിയോപാജിറ്റിക്ക' എന്ന മഹാകവിയുടെ ഗദ്യപ്രബന്ധത്തിൽ പുസ്തകത്തിന്റെ വിശ്വോത്തര മാഹാത്മ്യത്തെപ്പറ്റി എഴുതപ്പെട്ട ഏറ്റവും ഉജ്ജ്വലമായ ചില വാക്യങ്ങൾ കാണാം. ''ഒരു ശ്രേഷ്ഠചൈതന്യത്തിന്റെ മഹാർഘമായ ജീവശോണിതമത്രേ നല്ലൊരു ഗ്രന്ഥം. ജീവിതത്തിനപ്പുറമുള്ള ഒരു ജീവിതത്തിനു വേണ്ടി അത് നിധിപോലെ പരിരക്ഷിക്കപ്പെട്ടിരിക്കുന്നു.'' അതിൽ നിന്നു തന്നെ വേറൊരു വാക്യം: ''മനുഷ്യനെ വധിക്കുന്ന ആൾ ചിന്തിക്കുന്ന ഒരു ജീവിയെ വധിക്കുമ്പോൾ നല്ലൊരു പുസ്തകത്തെ നശിപ്പിക്കുന്ന ആൾ ചിന്തയെത്തന്നെ നശിപ്പിക്കുന്നു.''

എഴുത്തുകാരന്റെ മാനുഷികമഹിമയുടെ ശാശ്വതീകരണമാണ് പുസ്തകം എന്ന മിൽട്ടന്റെ ആശയം യവനദാർശനികരുടെ മദ്ധ്യമണിയായ പ്ലേറ്റോവിന് കടപ്പെട്ടിരിക്കുന്നു. പക്ഷേ പ്ലേറ്റോവിന്റെ ഗുരുനാഥൻ- വിശ്വചിന്തകരിൽ വച്ച് ഏറ്റവും കുസൃതിക്കാരനായ സോക്രട്ടീസ്-പുസ്തകങ്ങളിൽ അത്ര വിശ്വാസമുള്ള ആളായിരുന്നില്ല. അച്ചടി അന്ന് നടപ്പില്ലായിരുന്നുവെങ്കിലും ലിപി ഉപയോഗിച്ച് കൊണ്ടുള്ള എഴുത്ത് പതിവായിരുന്നു. എഴുത്ത് മറവിയെയും ചിന്താദാരിദ്ര്യത്തെയും വളർത്തുമെന്നാണ് ആ പരമാചാര്യന്റെ ആക്ഷേപം - 'ഫീഡ്രസ്' എന്ന പ്ലേറ്റോവിന്റെ നിബന്ധം കാണുക. പുസ്തകം വായിച്ചു പഠിച്ചവനോട് ആ വിഷയത്തെപ്പറ്റി പിന്നീട് ചോദിച്ചാൽ ഒരേയൊരുത്തരം കണ്ണടച്ചു തത്തമ്മപോലെ പറയും എന്നു സോക്രട്ടീസ് കളിയാക്കി.

എത്ര സത്യം! ഇന്നും ആ കളിയാക്കൽ സത്യമായിരിക്കുന്നു. പുസ്തകനിഷ്ഠമായ നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ ദോഷം അതു വിദ്യാർത്ഥികളെ സ്വതന്ത്രചിന്താശീലമുള്ളവരാക്കിത്തീർക്കുന്നില്ല എന്നതാണെന്നു ആക്ഷേപിച്ചിട്ടില്ലാത്ത വിദ്യാഭ്യാസ വിചക്ഷണന്മാർ ഈ നാട്ടിൽ അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ല. പ്രാചീനഭാരതീയരിലും ഇതിനോടടുത്ത ഒരു തരം ഗ്രന്ഥഭയം ഉണ്ടായിരുന്നു. ഉപനിഷത്തുകളിൽ ഉപദർശിക്കപ്പെട്ട ആ വിചാരം പല ചിന്തകന്മാരും കവികളും ആവർത്തിച്ചാവർത്തിച്ച്,

പിന്നീട് ഒരു പഴഞ്ചൊല്ലു പോലെ ആയിട്ടുണ്ടെന്നു കാണാം. ഒരാൾ പറഞ്ഞത്, പുസ്തകസ്ഥിതമായ വിദ്യ പരഹസ്തഗതമായ ധനം പോലെ ആവശ്യത്തിന് എത്തുകയില്ല എന്നാണ്.

ചിന്താജഡമായ വ്യർത്ഥപാണ്ഡിത്യത്തെ കളിയാക്കുന്ന നല്ലൊരു ശ്ലോകം ഇതാ:

''യസ്യ നാസ്തി സ്വയംപ്രജ്ഞാ
ശാസ്ത്രം തസ്യ കരോതി കിം?
ലോചനാനാം വിഹീനസ്യ
ദർപ്പണ: കിം കരിഷ്യതി?''

ഇതിലും കടുത്ത പരിഹാസമുള്ളത്, പുസ്തക പണ്ഡിതന്മാർ കുങ്കുമം ചുമക്കുന്ന കഴുതയ്ക്ക് സമമാണെന്നുള്ള ആ പഴയ പരിഹാസത്തിലാണ്. ചന്ദനം ചുമക്കുന്ന കഴുത എന്ന് ഇതിന് പാഠഭേദമുണ്ട്.

''വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ വാസമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം'' എന്ന് പൂന്താനത്തിന്റെ ജ്ഞാനപ്പാനയിൽ.

'മറ്റെരാളുടെ തലച്ചോറു കൊണ്ടു ചിന്തിക്കലാണ് വായന' എന്നു പറഞ്ഞ ജർമ്മൻ ദാർശനികനായ ഷോപ്പനോവർക്കു പോലും ഈ 'കുങ്കുമ ഗർദ്ദഭ' പരിഹാസത്തിന്റെ അടുത്തെത്താൻ കഴിഞ്ഞിട്ടില്ല. എന്നെനിക്ക് തോന്നുന്നു. ഈ ചിന്തകന്മാർ പറഞ്ഞത് വളരെ സത്യമാണ്-ഒട്ടു മിക്ക പേരും പുസ്തകം വായിക്കുന്നത് കൂടുതൽ ചിന്തിക്കുവാനല്ല, ചിന്തയുടെ ശല്യം ഒഴിവാക്കുവാനാണ്. പുസ്തകം വായിച്ച ഉടനെ പലരും പുസ്തകത്തിന്റെ പേരൊഴികെ മറ്റെല്ലാം മറക്കുന്നു. അല്പം കഴിഞ്ഞാൽ പുസ്തകത്തിന്റെ പേരും മറക്കാം! താജ് കണ്ട പട്ടിയെപ്പോലെ ഇക്കൂട്ടർ പുസ്തകം മണത്ത് നോക്കിയവരാണ്. പുസ്തകത്തിന്റെ ഏറ്റവും വലിയ ശത്രുക്കൾ ഇവരാണ്. പുസ്തകം വായിക്കാത്തവർ പോലുമല്ല. ഇത്തരക്കാർക്ക് പണം കൂടിയാൽ, പുസ്തകത്തെ



ഫർണിച്ചറായി ഗൃഹാലങ്കാരത്തിന് ഉപയോഗിച്ചു കളയും. നമ്മുടെ നാട്ടിൽപ്പോലും ഈ ഗ്രന്ഥ-ഫർണിച്ചർ' പ്രസ്ഥാനം പണക്കാർക്കിടയിൽ തുടങ്ങിയിട്ടുള്ളതായിക്കാണാമല്ലോ.

ചീത്ത വായനക്കാരെപ്പറ്റിയാണ് ഇത്രയും പറഞ്ഞത്. ചീത്ത പുസ്തകങ്ങളുമുണ്ട്. ബേക്കൺ എന്തു പറഞ്ഞാലും ശരി, എല്ലാ പുസ്തകങ്ങളും സുഭോജ്യങ്ങളല്ല, പലതും അഭക്ഷ്യങ്ങളാണ്. വായനയുടെ ലോകത്തിലാണ് ഇന്ന് ഏറ്റവുമധികം ഭക്ഷ്യവിഷബാധ നടമാടുന്നത്. വിഷം, ചെളി, കല്ല്, മരപ്പൊടി, ഇവയ്ക്കൊക്കെ തുല്യങ്ങളായ ഗ്രന്ഥങ്ങളുണ്ട്. ആരും വായിക്കാത്ത പുസ്തകങ്ങളും, ആരും വായിക്കാൻ പാടില്ലാത്ത പുസ്തകങ്ങളും-ഇങ്ങനെ രണ്ടു തരമേ പുസ്തകങ്ങളുള്ളൂവെന്നാണ് അമേരിക്കൻ ഹാസ്യസാഹിത്യകാരനായ മെൻകന്റെ അഭിപ്രായം. ഇപ്പറഞ്ഞവയിൽ വച്ച്, വായിക്കാൻ പാടില്ലാത്തവ വായിക്കാൻ ആൾ കൂടുമ്പോൾ വായന സാമൂഹ്യമായ ഒരുവൻ വിനയായിത്തീരുന്നു. ചില പുസ്തകങ്ങളിലെ ഏറ്റവും നല്ലഭാഗം ചട്ടയാണെന്ന് ഡിക്കൻസ് പറഞ്ഞതിനു ശേഷം അത് ആവർത്തിക്കാത്ത പുസ്തകപ്രേമികൾ ഉണ്ടായിരിക്കാനിടയില്ല. മികച്ച കൃതികൾക്ക് വായനക്കാർ ഇല്ലാതിരിക്കുകയും പൊട്ട കൃതികൾക്ക് കണക്കില്ലാത്ത വായനക്കാർ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു ദുരവസ്ഥയിലാണെന്ന് നമ്മുടെ ഇന്നത്തെ കിടപ്പ്.

ഇത്തരം പുസ്തകങ്ങൾ നടത്തുന്ന സാംസ്കാരികാക്രമണം കണ്ടിട്ടാകണം വിശ്രുത സാഹിത്യകാരനായ സാമുവേൽ ബട്ളർ പറഞ്ഞത്, ജഡ്ജി കുറ്റം പരിശോധിക്കുന്നതു പോലെ നിഷ്കൃഷ്ടമായി പുസ്തകങ്ങൾ പരിശോധിക്കേണ്ടതാണെന്ന്. മിക്ക പുസ്തകങ്ങളും വായിച്ചാൽ വിശേഷിച്ച് ഒരറിവും കിട്ടാനില്ല എന്ന പക്ഷക്കാരുമുണ്ട്. മുമ്പ് ഉദ്ധരിച്ച ആ മെൻകൻ എഴുതി : ''പുസ്തകങ്ങൾ വായിച്ചാൽ കിട്ടുന്ന പ്രധാനപ്പെട്ട അറിവ്, വായിക്കാൻ കൊള്ളാവുന്നവ അധികമില്ലെന്നാണ്.'' കുറെ കടുപ്പിച്ചു പറഞ്ഞതാണെങ്കിലും ഇതിലടങ്ങിയ സത്യം കഠിനമാണ്. പുസ്തകങ്ങളുടെ ദൂഷകതയെപ്പറ്റി പണ്ടുള്ളവരും അജ്ഞരായിരുന്നില്ല. ബൈബിളിലെ പഴയ നിയമത്തിൽ ഗ്രന്ഥകാരനെക്കുറിച്ച് പറയുന്നത് വളരെ രസകരമാണ്. ''പുസ്തകം എഴുതുന്നുണ്ടെ

ങ്കിൽ അതെന്റെ ശത്രുവാകട്ടെ'' എന്ന് അതിലെ 'ജോബ്' എന്ന ഖണ്ഡത്തിൽ കാണാം. ഏറ്റവും ആധുനികവും പുരോഗാമിയുമായ ബർട്രാൻഡ് റസ്സൽ പോലും പുസ്തകത്തെ ശല്യമായിട്ട് കണക്കാക്കിയിട്ടുണ്ട്. ''വലിയ പുസ്തകമാണെങ്കിൽ വലിയ ശല്യം'' എന്നാണ് അദ്ദേഹം തന്റെ ഒരു പുസ്തകത്തിന്റെ അവതാരികയിൽ പറഞ്ഞു കാണുന്നത്.

എങ്കിലും ആകെ കണക്കെടുത്താൽ, പുസ്തകം വെളിച്ചത്തിന്റെ നാളമാണെന്നും ഇരുട്ടിന്റെ പുകയല്ലെന്നും സമ്മതിക്കുക തന്നെ വേണ്ടി വരും. ദണ്ഡി ശബ്ദത്തെപ്പറ്റി പാടിയതുപോലെ പുസ്തകം എന്നൊന്നില്ലായിരുന്നെങ്കിൽ ഈ ഭുവനത്രയവും അന്ധതമസ്സിൽ അകപ്പെട്ടുപോയേനേ. അതിനാൽ പ്ലിനിയോടൊപ്പം നമുക്കും ധീരമായി പറയാം. തീരെ ചീത്തയായിട്ട് ഒറ്റ പുസ്തകവും ഇല്ലെന്ന്. ഏതു പുസ്തകം കിട്ടിയാലും ഉടനെ വായിച്ചു തീർക്കുന്ന പ്രകൃതക്കാരനായ ഈ ലേഖകൻ ബട്ളറുടെയോ മെൻകന്റെയോ കൂടെയല്ല നിൽക്കുക, പ്ലിനിയുടെ കൂടെത്തന്നെയാണ്. കവിതയും സാഹിത്യവിമർശനവും തത്ത്വചിന്തയും രാഷ്ട്രമീമംസയും അതുപോലുള്ള ഗഹനവിഷയങ്ങളും വായിക്കുന്ന അതേ രസോൽസാഹങ്ങളോടെ, കുറ്റാന്വേഷണ കഥകളും അദ്ഭുതേതിഹാസങ്ങളും തമാശക്കഥകളും ബാല സാഹിത്യവും ഒക്കെത്തന്നെ ഞാൻ ഇപ്പോഴും വായിച്ചു വരുന്നുണ്ട്. അതിന്നിടയിൽ, പ്ലിനി പറഞ്ഞതു പോലെ, തീരെ കൊള്ളാത്തതായി ഒന്നും കണ്ടിട്ടില്ല. ഏൾസ്റ്റാൻലി ഗാർഡ്നരുടെ വിശ്വവിശ്രുതമായ പെരിമേസൻ കഥകളിൽ നിന്ന് പാരായണസുഖത്തിനപ്പുറം, അമേരിക്കയിലെ മിക്ക പട്ടണങ്ങളിലേയും ജീവിതരീതികളെപ്പറ്റി മാത്രമല്ല, സത്യപരിശോധനയ്ക്കുപയോഗിക്കുന്ന 'പോളിഗ്രാഫ്' തുടങ്ങിയ നവീനോപകരണങ്ങളുടെ പ്രയോഗരീതിപോലും പഠിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ഇയാൻ ഫ്ളെമിങ്ങിന്റെ ജെയിംസ് ബോണ്ട് നോവലുകളിൽ നിന്ന് രത്നങ്ങൾ തുടങ്ങിയവയെപ്പറ്റി എൻസൈക്ലോപീഡിയകളിൽ നിന്ന് കിട്ടുന്നതിൽ കൂടുതൽ അറിവ് നേടാൻ കഴിയും. ഫ്ളെമിങ്ങിന്റെ "Diamonds are for ever" എന്ന നോവലിൽ നോക്കുക. കപ്പലിൽ നിന്ന് ചക്രവാളത്തിലേക്കുള്ള ദൂരം എങ്ങനെ കണ്ടുപിടിക്കാമെന്ന് ഞാൻ മനസ്സിലാക്കിയത് ബുദ്ധിജീവികൾ വായിക്കാറില്ലാത്ത ഒരു ''വൈൽഡ് വെസ്റ്റ്'' നോവ



ലിൽ നിന്നായിരുന്നു. ലൂയിലെ അമൂറിന്റെ "The Californios" എന്ന നോവൽ കാണുക. അതേ, എല്ലാ വസ്തുക്കളും ഔഷധമാണെങ്കിൽ എല്ലാ പുസ്തകങ്ങളും പഠനീയങ്ങളുമാണ്.

ഈ മനോഗതിയുള്ളവരുടെ ഉത്സവകാലമാണ് ഇന്ന് എന്നു പറയാം. കാരണം, പുസ്തകങ്ങൾ ചിറകടിച്ച് പറന്നു കളിക്കുന്ന പ്രസിദ്ധീകരണത്തിന്റെ വസന്തമാണിത്. ലോകം ഇന്ന് ഒരു 'പേപ്പർ ബാക്ക്' കവറിനിടയിൽ കഴിയുന്നു എന്നു പോലും പറഞ്ഞു കൂടായ്കയില്ല. പക്ഷേ വല്ലവരും വിശ്വസിക്കുമോ എന്ന സംശയത്തോടു കൂടിത്തന്നെ പറയട്ടെ. പുസ്തക പാരായണം ഏറ്റവും കുറച്ചു മാത്രം നടക്കുന്ന കാലവും ഇതു തന്നെ. വെള്ളത്തിന്റെ നടുവിൽ കിടന്ന് കുടിക്കാതെ വിഷമിക്കുന്നവനാണ് ഇന്നത്തെ ശരാശരി മനുഷ്യൻ. വൃത്താന്തപത്രവും അതിന്റെ അനുബന്ധങ്ങളും മുമ്പേ തന്നെ ഗ്രന്ഥപാരായണശീലത്തിന്റെ വലിയ ശത്രുവായിത്തീർന്നിട്ടുണ്ട്. ഇന്നാണെങ്കിൽ റേഡിയോയും ടെലിവിഷനും ഇന്ദ്രിയങ്ങളെ ബലമായി ആകർഷിച്ചുകൊണ്ട് ഗ്രന്ഥങ്ങളിൽ നിന്ന് മനുഷ്യന്റെ ശ്രദ്ധയെ വളരെ വേഗത്തിൽ പിന്തിരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഫ്രഞ്ചുകാർക്കിടയിൽ അഞ്ചിൽ മൂന്നു പേർ ചെറുപ്പം തൊട്ട് ഒരു പുസ്തകവും വായിക്കാത്തവരാണെന്ന് റൈറ്റ് മാറിസ് എന്ന ഒരു പുതിയ സാഹിത്യനിരൂപകൻ എഴുതിക്കണ്ടപ്പോൾ വാസ്തവത്തിൽ ഞെട്ടിപ്പോയി. നവദമ്പതിമാർക്ക് ഫ്രഞ്ചു ഗവൺമെന്റ് വിവാഹ സമ്മാനമായി അഞ്ചു പ്രശസ്ത സാഹിത്യകൃതികൾ കൊടുത്തു വരുന്നുണ്ടത്രേ. തീരെ പുസ്തകം വായിക്കാത്ത മനുഷ്യർ മധുവിധു കാലത്ത് പുസ്തകം വായിച്ചേക്കുമെന്നു കരുതിയ ഫ്രഞ്ചു ഗവൺമെന്റിന്റെ ശുദ്ധതയെ പ്രണമിക്കുക തന്നെ വേണം! അവരുടെ കുട്ടികളെങ്കിലും വായിക്കുമെന്നാവാം ഗവൺമെന്റിന്റെ ശുഭാപ്തി വിശ്വാസം! നമ്മുടെ നാട്ടിലും ഇതുപോലെ വല്ല പ്രോത്സാഹനവും ചെയ്തു കൊടുക്കാറായിട്ടുണ്ട്.

നല്ല പുസ്തകത്തെയും നല്ല വായനക്കാരനെയും കുറിച്ച് നാം ചിന്തിച്ചുവല്ലോ. ഉത്തമമായ ഒരു ഗ്രന്ഥവും ഉത്തമനായ ഒരു സഹൃദയനും തമ്മിലുള്ള ആത്മീയപരിണയമാണ് ഉത്തമമായ വായന. അതു വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും കർമ്മശക്തിയുടെയും ഉത്തമഭാവങ്ങളെ മനു

ഷ്യമനസ്സിൽ ഉൽപ്പാദിപ്പിക്കുന്നു. വ്യക്തിയുടെ അന്തർഭാഗങ്ങളിൽ അതുയർത്തുന്ന സൂക്ഷ്മതരംഗങ്ങൾ സമുദായത്തിന്റെ ബാഹ്യതലത്തിൽ സ്ഫുരിക്കുന്ന മഹാക്ഷോഭങ്ങൾ വരെ ആയിത്തീരാറുണ്ട്. പുസ്തകത്തിന്റെ ഏടുകൾ മറിക്കുമ്പോളുണ്ടാകുന്ന നേരിയ ഒച്ച, ഒരു സമൂഹമോ രാഷ്ട്രമോ സ്വന്തം ചരിത്രത്തിന്റെ ഒരു നവാദ്ധ്യായം തുടങ്ങുന്നതിന്റെ ഭേരീനാദമായി പ്രതിധ്വനിച്ചിട്ടുണ്ട്. കാർലൈൻ ഗ്രന്ഥപ്രഭാവത്തെപ്പറ്റി ഇപ്രകാരം എഴുതിയെന്നു കേട്ടിട്ടുണ്ട്- ''റൂസ്സോവിന്റെ പുസ്തകത്തിന്റെ രണ്ടാം പതിപ്പ്, ഒന്നാം പതിപ്പിനെ കളിയാക്കി ചിരിച്ചവരുടെ തോൽ കൊണ്ടു തുന്നിക്കെട്ടിയതായിരുന്നു.'' നല്ല വായനക്കാരന് ഇങ്ങനെ സ്വന്തം തോൽ നഷ്ടപ്പെടേണ്ടി വരികയില്ല!

പുസ്തകത്തിന് എന്തോ ഒരു വശീകരണശക്തിയുണ്ട്, പുസ്തകം വായിക്കുന്ന ശീലമില്ലാത്തവർ കൂടി ഒന്നു കൈയിൽ കിട്ടിയാൽ മടക്കിത്തരാൻ മടിക്കുന്നവരായിരിക്കും. ഇങ്ങനെ ചതിക്കപ്പെട്ടവർ തന്നെ മറ്റുള്ളവരെ സസന്തോഷം ചതിക്കുന്നു എന്നതാണ് പുസ്തകപുരാണത്തിലെ ഏറ്റവും വലിയ തമാശ. കൈ മോശം വന്നു പോയാൽ തിരിച്ചു കിട്ടാൻ ബുദ്ധിമുട്ടുള്ള സംഗതി മൂന്നാണെന്ന് കേട്ടിട്ടുണ്ട്-സ്ത്രീയും ധനവും പുസ്തകവും. പക്ഷേ, സ്ത്രീയെ ഭ്രഷ്ടയായിട്ടാണെങ്കിലും തിരിച്ചു കിട്ടാം. ധനം കുറേശ്ശേയായും; എന്നാൽ പുസ്തകം പോയാൽ പോയതു തന്നെ. മഹാസാഹിത്യകാരനായ അനത്തോലെ ഫ്രാൻസ് അതുകൊണ്ടാണല്ലോ ഇങ്ങനെ പറഞ്ഞത്: ''ഒരിക്കലും പുസ്തകം കടം കൊടുക്കരുത്. ആരും അതു തിരിച്ചു തരില്ല. എന്റെ ഗ്രന്ഥാലയത്തിൽ ഉള്ള പുസ്തകങ്ങളെല്ലാം ഞാൻ മറ്റുള്ളവരിൽ നിന്ന് കടം വാങ്ങിയവയാണ്''.



# 4. ഉപ്പു സത്യാഗ്രഹം

ഇ.എം.എസ്

[കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട് (1909-1988) സാഹിത്യകാരൻ, പത്രപ്രവർത്തകൻ, രാഷ്ട്രീയ ചിന്തകൻ, സ്വാതന്ത്ര്യസമരസേനാനി, കമ്മ്യൂണിസ്റ്റ് നേതാവ് എന്നീ നിലകളിലെല്ലാം പ്രശസ്തി നേടിയ വ്യക്തിയാണ്. ഇംഗ്ലീഷിലും മലയാളത്തിലുമായി അനേകം ലേഖനങ്ങളും ഗ്രന്ഥങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികളെല്ലാം സമാഹരിച്ച് പല ഭാഗങ്ങളായി ഇപ്പോൾ പ്രസിദ്ധീകരിച്ചു വരുന്നു. 'ഉപ്പുസത്യാഗ്രഹം' എന്ന പേരിൽ ഇവിടെ ചേർത്തിട്ടുള്ളത് അദ്ദേഹത്തിന്റെ ആത്മകഥയിലെ ഒരദ്ധ്യായമാണ്. നമ്മുടെ സ്വാതന്ത്ര്യ സമരത്തിലെ അതിപ്രധാന സംഭവങ്ങളിലൊന്നായ ഉപ്പുസത്യാഗ്രഹത്തെക്കുറിച്ചാണ് അദ്ദേഹം ഈ അദ്ധ്യായത്തിൽ വിവരിക്കുന്നത്.]

നമ്പൂതിരിമാരുടെ സാമൂഹ്യപരിഷ്കാരത്തിന്റെ രംഗത്ത് നടന്നിരുന്ന പരിവർത്തനങ്ങളുടെ സമയത്ത് തന്നെ ഇന്ത്യയുടെ പൊതുരാഷ്ട്രീയ രംഗത്ത് ചരിത്ര പ്രധാനമായ പല സംഭവങ്ങളും നടക്കുന്നുണ്ടായിരുന്നു. രാഷ്ട്രീയ രംഗത്തെ ഈ പരിവർത്തനങ്ങളാകട്ടെ, സാമൂഹ്യ പരിഷ്കാര രംഗത്ത് സ്വാധീനം ചെലുത്തുകയും ചെയ്തിരുന്നു.

ഒരു കൊല്ലത്തിനുള്ളിൽ ഡൊമിനിയൻ പദവി അനുവദിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് തയ്യാറായില്ലെങ്കിൽ ദേശവ്യാപകമായ ഒരു സമരത്തിലൂടെ പൂർണ്ണസ്വാതന്ത്ര്യം നേടുന്നതിന് നേതൃത്വം കൊടുക്കാമെന്നാണല്ലോ കൽക്കത്താ കോൺഗ്രസ്സിൽ വെച്ച് മഹാത്മാഗാന്ധിയും മോത്തിലാൽ നെഹ്റുവും മറ്റും ഉറപ്പ് നൽകിയിരുന്നത്. ഇതിനെ തുടർന്ന് ദേശീയ. സമരത്തിനുള്ള ഒരുക്കങ്ങൾ സാർവത്രികമായി നടന്നു കൊണ്ടിരുന്നു, ഖാദി, ഹിന്ദി, അയിത്തോച്ചാടനം മുതലായ സൃഷ്ടിപരപ്രവർത്തനങ്ങളിലൂടെയാണ് ഗാന്ധിയൻ വിഭാഗക്കാർ സമരത്തിന് തയ്യാറെടുത്തുകൊണ്ടിരുന്നത്. യുവതലമുറയാകട്ടെ,

ഇതിലൊന്നും വിശ്വസിച്ചിരുന്നില്ല. വിപ്ലവകരമായ സമരമാർഗ്ഗങ്ങളിലൂടെ മാത്രമെ ബ്രിട്ടീഷ് ഗവൺമെന്റിനെ നേരിടാൻ കഴിയുകയുള്ളുവെന്നാണ് അവർ വിശ്വസിച്ചിരുന്നത്. ഇക്കാര്യത്തിൽ അവർക്ക് ഭാഗികമായ പിന്തുണ കോൺഗ്രസ്സ് നേതാക്കൻമാരിലെ ഒരു വിഭാഗത്തിൽ നിന്നു തന്നെ കിട്ടുകയും ചെയ്തിരുന്നു.

ഈ വിപ്ലവകാരികളെ സംബന്ധിച്ച അവ്യക്തമായ ചില ധാരണകൾ മാത്രമേ അന്നെനിക്കുണ്ടായിരുന്നുള്ളൂ. അവരിൽ രണ്ടു ഗ്രൂപ്പുകൾക്കെതിരായി ഗൂഢാലോചനക്കേസുകൾ നടന്നിരുന്നതിന്റെ റിപ്പോർട്ടുകൾ പത്രങ്ങളിൽ വന്നിരുന്നു. ലാഹോർ ഗൂഢാലോചനക്കേസും മീറത്ത് ഗൂഢാലോചനക്കേസും. ഇതിൽ ആദ്യത്തേതിനെക്കുറിച്ച് താരതമ്യേന കൂടുതൽ അറിയാമായിരുന്നു. എന്തുകൊണ്ടെന്നാൽ ഭഗത്സിങ്ങിന്റെ പേരുമായി ബന്ധപ്പെട്ടതായിരുന്നു ആ കേസ്. ഗാന്ധിയൻ നേതൃത്വത്തിൽ കോൺഗ്രസ്സംഗീകരിച്ചിരുന്ന അഹിംസാസിദ്ധാന്തത്തിൽ വിശ്വസിക്കാത്ത ഭീകര പരിപാടിക്കാരാണ് പ്രതികളെന്ന ഒരു ധാരണയുണ്ടായിരുന്നു. അതിൽ കൂടുതലായി അവരെ സംബന്ധിച്ചൊന്നും അറിഞ്ഞു കൂടായിരുന്നു. എന്നാൽ ഇത്ര പോലും വിവരം മീറത്ത് ഗൂഢാലോചനക്കേസിനെക്കുറിച്ചില്ലായിരുന്നു. ഗാന്ധിയൻ സിദ്ധാന്തത്തിലോ കോൺഗ്രസ്സ് സംഘടനയിലെ അച്ചടക്കത്തിലോ വിശ്വസിക്കാത്ത ഒരു കൂട്ടം വിപ്ലവകാരികളാണവരെന്നു മാത്രം ധരിച്ചിരുന്നു.

കോൺഗ്രസ്സിന് വെളിയിലുള്ള ഈ വിപ്ലവകാരികളുടെ പരിപാടിയെയും പ്രവർത്തനങ്ങളെയും കാൾ കൂടുതൽ കോൺഗ്രസ്സിനകത്തുള്ള ഇടതുപക്ഷ വിഭാഗത്തെക്കുറിച്ചാണ് വ്യക്തമായ ധാരണയുണ്ടായിരുന്നത്. ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ് മുതലായവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചിരുന്ന ഈ വിഭാഗം ഗാന്ധിയൻ നേതൃത്വത്തിന്റെ പൊതുസമീപനത്തോട് യോജിച്ചിരുന്നില്ല. എങ്കിലും ബ്രിട്ടീഷ് ഗവൺമെന്റിനെതിരായി നടക്കാൻ പോകുന്ന ദേശീയ സമരത്തിൽ പഴയ തലമുറക്കാരുടെ പിന്തുണയും നേതൃത്വവും ആവശ്യമാണെന്ന് അവർ വിശ്വസിച്ചിരുന്നു. അത് നേടാൻ സഹായിക്കുമെന്ന പരിഗണനയാണ് കൽക്കത്തയിൽ വെച്ചുണ്ടായ



ഒത്തു തീർപ്പിലേക്ക് അവരെ നയിച്ചത്. ഈ സമീപനം കൂടുതൽ പ്രായോഗികമായി എനിക്ക് തോന്നുകയും ചെയ്തു. അതുകൊണ്ട് ഇടതുപക്ഷ കോൺഗ്രസ്സ് നേതാക്കൻമാരുടെ വിശേഷിച്ച് നെഹ്റുവിന്റെയും ബോസിന്റെയും പ്രസംഗങ്ങളും ലേഖനങ്ങളും മറ്റും പഠിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു.

ഇടതുപക്ഷ കോൺഗ്രസ്സ് നേതാക്കൻമാർ പ്രതീക്ഷിരുന്നതു പോലെ തന്നെ ഡോമിനിയൻ പദവി അനുവദിക്കാൻ ബ്രിട്ടീഷ് ഗവൺമെന്റ് തയ്യാറായില്ലെന്ന് വ്യക്തമായി. പൂർണ്ണ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഒരു ദേശീയ സമരം സംഘടിപ്പിക്കുകയല്ലാതെ നിവൃത്തിയില്ലെന്ന് വന്നു. അതിനുള്ള ആഹ്വാനം ലാഹോറിൽ വെച്ച് നടക്കാൻ പോകുന്ന കോൺഗ്രസ് സമ്മേളനത്തിൽ നിന്ന് നൽകപ്പെട്ടേ കഴിയൂ എന്ന് വന്നു. പഴയ തലമുറയും പുതിയ തലമുറയും യോജിച്ചു കൊണ്ട് സമരത്തിന് തയ്യാറെടുക്കണമെന്ന ബോധം പരന്നു. രണ്ടുതലമുറകൾ തമ്മിലുള്ള ഈ ഐക്യത്തിന്റെ സൂചനയായി യുവതലമുറയുടെ നേതാവായ ജവഹർലാൽ നെഹ്റുവിനെ ലാഹോർ സമ്മേളനത്തിൽ അധ്യക്ഷനാക്കണമെന്ന് മഹാത്മാഗാന്ധി നിർദ്ദേശിച്ചു. ആ നിർദ്ദേശം മറ്റെല്ലാ കോൺഗ്രസ് നേതാക്കൻമാരും അംഗീകരിച്ചു. യുവതലമുറക്കാരനായ കോൺഗ്രസ് അധ്യക്ഷനും സഹനസമരങ്ങളുടെ നേതാവായ ഗാന്ധിയും ചേർന്ന് ബ്രിട്ടീഷ് ഗവൺമെന്റിനെ വെല്ലുവിളിക്കുന്ന ഒരു വമ്പിച്ച സമരത്തിന് നേതൃത്വം കൊടുക്കാൻ പോവുകയാണെന്ന് വ്യക്തമായി.

ഈ സംഭവ വികാസങ്ങളെല്ലാം എന്നെയെന്ന പോലെ മറ്റനവധി നമ്പൂതിരി യുവാക്കളെയും അഗാധമായി സ്പർശിച്ചു. യഥാർത്ഥം പറയുകയാണെങ്കിൽ സാമൂഹ്യ പരിഷ്കാരപരമായ പ്രവർത്തനങ്ങൾ നടത്തിയിരുന്ന നമ്പൂതിരി യുവാക്കൻമാരിൽ ഭൂരിപക്ഷവും രാഷ്ട്രീയ കാര്യങ്ങളിൽ കൂടി താൽപര്യമുള്ളവരും കോൺഗ്രസ്സനുഭാവികളുമായിരുന്നു. ഇത് വ്യക്തമാക്കുന്ന ഒരു സംഭവം ഇവിടെ എടുത്തു പറയുന്നത് അനുചിതമായിരിക്കുകയില്ല.

1929 ഡിസംബറിൽ എടക്കുന്നിയിൽ വെച്ച് യോഗക്ഷേമ സഭയുടെ സമ്മേളനം കൂടിയ വിവരം ഇതിന് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. അവിടെ വെച്ചാണ് 'അടുക്കളയിൽ നിന്നരങ്ങത്തേക്ക്' എന്ന നാടകം അഭിനയിച്ചത്. അവിടെ വെച്ചു തന്നെയാണ് മിസിസ് മനേഴി ഘോഷാനിയമം ലംഘിച്ച് പുറത്തു വന്നതും സമ്മേളന നടപടികളിൽ പരസ്യമായി പങ്കുകൊണ്ടതും.

ആ സമ്മേളനത്തിൽ പതിവനുസരിച്ച് പ്രവർത്തന റിപ്പോർട്ടും വരവു ചെലവ് കണക്കും ഭരണസമിതി സമർപ്പിച്ചു. ആ റിപ്പോർട്ടിലും കണക്കിലു മടങ്ങിയ ഒരു സംഗതി പ്രതിനിധികളിലൊരു വിഭാഗത്തിന്റെ ശക്തിയായ എതിർപ്പിന് വിധേയമായി. ഇന്ത്യ സന്ദർശിച്ച് ഇവിടത്തെ ജനങ്ങളുടെ അഭി പ്രായമാരായാൻ വന്ന സൈമൺ കമ്മീഷന് നമ്പൂതിരി സമുദായത്തിന്റെ പ്രാതിനിധ്യം വഹിച്ചു കൊണ്ട് ഭരണ സമിതി ഒരു നിവേദനം സമർപ്പിച്ചി രുന്നു. അവരെടുത്ത ഈ നടപടി ഈ സമുദായത്തിനാകമാനം അപമാനക രമാണെന്ന് ഈ പ്രതിനിധികൾ വാദിച്ചു. ഭരണസമിതിക്കുവേണ്ടി സംസാ രിച്ച നേതാക്കൻമാർ ഈ നടപടി ന്യായീകരിക്കാൻ കഴിയുന്നതെല്ലാം ശ്രമി ച്ചുവെങ്കിലും അത് വിലപ്പോയില്ല. സജീവപ്രവർത്തനം നടത്തുന്ന നിരവധി സമുദായാംഗങ്ങളുടെ വികാരങ്ങൾക്കെതിരായാണ് നേതൃത്വം പ്രവർത്തിച്ച തെന്ന് വ്യക്തമായിരുന്നു.

യോഗക്ഷേമസഭയുടെ എടക്കുന്നി സമ്മേളനം നടക്കുന്ന അവസര ത്തിൽ തന്നെയാണ് കോൺഗ്രസ്സിന്റെ ലാഹോർ സമ്മേളനവും നടന്നിരുന്നത്. അതുകൊണ്ട് സ്വാഭാവികമായും ലാഹോർ കോൺഗ്രസ് നടപടികളെക്കുറിച്ച് പല പരാമർശനങ്ങളും (ഔപചാരികമായും അനൗപചാരികമായും) എട ക്കുന്നിയിൽ നടന്നിരുന്നു. യുവതലമുറയുടെ മുന്നേറ്റം, അതിന്നംഗീകരണം നൽകാൻ പഴയ തലമുറ തന്നെ തയ്യാറാകുന്നത് മുതലായവ ആവേശകര മായിരുന്നു. യുവതലമുറയുടെ നേതാക്കൻമാർ പ്രചരിപ്പിച്ചിരുന്ന വിപ്ലവാ ശയങ്ങൾ യോഗക്ഷേമസഭാസമ്മേളനത്തിലും അലയടിച്ചിരുന്നു. അതിന്റെ ഒരു ചെറിയ സൂചന മാത്രമാണ് മുകളിൽ കൊടുത്ത സംഭവം.

ലാഹോർ സമ്മേളനത്തെത്തുടർന്ന് ആവേശകരമായ പല സംഭവ ങ്ങളും നടന്നു. 1930 ജനുവരി 26-ാം തീയതി നാടൊട്ടുക്ക് പൂർണ്ണസ്വാതന്ത്ര്യ



പ്രതിജ്ഞയെടുക്കുന്നതിനുള്ള ദിവസമായി നിശ്ചയിച്ചു. ദേശീയവികാരങ്ങൾ തട്ടിയുണർത്തുകയും ജനങ്ങളെ സമര സന്നദ്ധരാക്കുകയും ചെയ്യുന്ന ആ പ്രതിജ്ഞ നാടിന്റെ രാഷ്ട്രീയ ചരിത്രത്തിൽ അവിസ്മരണീയമായിത്തീർന്നു. അതിലെ വാചകങ്ങൾ ഏറ്റു പറഞ്ഞ് ദേശീയ സമരത്തിൽ പങ്കാളികളാകാൻ ലക്ഷോപലക്ഷം ആളുകൾ മുന്നോട്ടു വന്നു. അവർ പ്രകടമാക്കിയ ആവേ ശത്തിനും സമരസന്നദ്ധതയ്ക്കും പ്രായോഗികരൂപം നൽകുന്ന സമരരൂപങ്ങൾ ആവിഷ്കരിക്കാൻ കോൺഗ്രസ്സിന്റെ സർവസൈന്യാധിപനായി മഹാത്മാ ഗാന്ധി നിയമിക്കപ്പെട്ടു. അദ്ദേഹമാകട്ടെ, സമരത്തിന്റെ ആദ്യരൂപമെന്ന നിലയ്ക്കു ഉപ്പു നിയമം ലംഘിക്കാൻ തീരുമാനിക്കുകയും അതുദ്ഘാടനം ചെയ്യുന്നതിന് താൻ തന്നെ പുറപ്പെടുകയും ചെയ്തു.

ഈ പരിപാടിയനുസരിച്ച് ഉപ്പു നിയമം ലംഘിക്കുന്നതിന് ഗാന്ധിയും അനുയായികളും നടത്തിയ ദണ്ഡിയാത്ര, അതിനിടയ്ക്ക് അവർ സന്ദർശിച്ച സ്ഥലങ്ങൾ, ഗാന്ധി ചെയ്ത പ്രസംഗങ്ങളും ഇറക്കിയ പ്രസ്താവനകളും, ഇതിനെക്കുറിച്ചെല്ലാം ഇന്ത്യയിലും പുറത്തുമുള്ള പല പ്രധാനികളും പുറ പ്പെടുവിച്ച അഭിപ്രായങ്ങൾ-ഇതെല്ലാം പത്രങ്ങളിൽ സവിസ്തരമായി വന്നി രുന്നു. അതോരോന്നും വായിക്കുമ്പോൾ ചരിത്ര പ്രധാനമായ ഈ സംഭവ ങ്ങൾക്ക് സാക്ഷിയാവാൻ കഴിഞ്ഞല്ലോ എന്ന കൃതാർത്ഥത ഞങ്ങൾക്കെല്ലാം തോന്നിയിരുന്നു. പിന്നീട് ദണ്ഡിയാത്രയുടെ അവസാനത്തിൽ നിയമം ലംഘിച്ചു കൊണ്ട് ഉപ്പു കുറുക്കുകയെന്ന നടപടിക്ക് ഗാന്ധി നേതൃത്വം കൊടുക്കുകയും തുടർന്നു മറ്റു പല നേതാക്കൻമാരും ഉപ്പു നിയമം ലംഘി ക്കുകയും ചെയ്തപ്പോൾ ഞങ്ങൾക്കെല്ലാമുണ്ടായ വികാരങ്ങൾ വിവരി ക്കാൻ പ്രയാസമാണ്. ലോകത്തിൽ വെച്ചേറ്റവും വലിയ സാമ്രാജ്യക്കോയ് മകളിലൊന്നിനെതിരായി നിരായുധരായ ഇന്ത്യൻ ജനത നടത്തുന്ന സമരം എന്തൊരു കോരിത്തരിപ്പാണ് ഞങ്ങളിലെല്ലാം ഉളവാക്കിയത്!

ഗാന്ധിയെത്തുടർന്ന് പല സംസ്ഥാനങ്ങളിലും അതാതിടത്തെ പ്രാദേ ശിക നേതാക്കൻമാർ മുൻനിന്നുകൊണ്ട് ഉപ്പു നിയമം ലംഘിക്കാൻ തുടങ്ങി. അക്കൂട്ടത്തിൽ കേരളത്തിലും കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരിൽ വെച്ച് ഉപ്പു നിയമം ലംഘിക്കാൻ തീരുമാനിച്ചു. അതിനുള്ള ജാഥ കോഴിക്കോട്ടു

നിന്നു പുറപ്പെട്ടു. നാട്ടുരാജ്യങ്ങളിൽ നിയമം ലംഘിക്കരുതെന്ന ഗാന്ധിയുടെ നിർദേശമനുസരിച്ച് കൊച്ചി-തിരുവിതാംകൂർ പ്രദേശങ്ങളിലുള്ള വളണ്ടിയർമാർ മലബാറിലേക്കോ ബോംബേ മുതലായ മറ്റു സംസ്ഥാനങ്ങളിലേക്കോ ആണ് പോയത്. ഏതായാലും കേളപ്പന്റെ പയ്യന്നൂർ യാത്ര കേരളത്തിലും ഉപ്പു സത്യാഗ്രഹം ഉദ്ഘാടനം ചെയ്തു. അതിനെത്തുടർന്ന് കോഴിക്കോട്ട് ഉപ്പു നിയമ ലംഘനം നടന്നു. മുഹമ്മദ് അബ്ദുൾ റഹ്മാൻ, പി.കൃഷ്ണപിള്ള, ആർ.വി. ശർമ്മ മുതലായവർ കോഴിക്കോട്ടു കടപ്പുറത്തു നടത്തിയ നിയമലംഘനവും അവർക്കേൽക്കേണ്ടി വന്ന പോലീസ് മർദ്ദനവും ചരിത്രം സൃഷ്ടിക്കുന്നതായിരുന്നു. തുടർന്ന് നടന്ന വനനിയമലംഘനം, വിദേശവസ്ത്രഷാപ്പു പിക്കറ്റിങ്ങ്, മദ്യഷാപ്പു പിക്കറ്റിങ്ങ് മുതലായവയിൽ നൂറു കണക്കിന് വളണ്ടിയർമാർ പങ്കെടുത്തു. കൊച്ചു കേരളം അതിന്റേതായ പങ്കു നിറവേറ്റി.

ഈ സംഭവ വികാസങ്ങൾ വിദ്യാർത്ഥികളായ ഞങ്ങളിൽ വലിയൊരു ചലനമുണ്ടാക്കി. നാടിന്റെ നാനാഭാഗത്തും നടക്കുന്ന നിയമലംഘന സമരങ്ങളുടെ റിപ്പോർട്ടു വായിച്ച് ആവേശം കൊണ്ടാൽ പോരാ, അതിൽ സ്വയം പങ്കു കൊള്ളുക തന്നെ വേണം എന്ന വിചാരം ഞങ്ങളിൽ പലർക്കുമുളവായി. തൃശൂരിൽ തന്നെ അതേ വരെ ഒരു സ്കൂളധ്യാപികയായി ജോലി നോക്കിയിരുന്ന കാർത്യായനി അമ്മ ജോലി വിട്ടു സത്യാഗ്രഹത്തിൽ പങ്കു ചേരാൻ പോയി. അവരെ യാത്ര അയയ്ക്കാൻ റെയിൽവേ സ്റ്റേഷനിൽ പോയ ഞങ്ങളിൽ ചിലർ അവരുടെ മാതൃക പിന്തുടരാൻ ആലോചിച്ചു. എന്റെ സഹപാഠികളിലൊരാളായ എം.എസ്.കൃഷ്ണൻ നമ്പൂതിരിയടക്കം ഏതാനും വിദ്യാർത്ഥികൾ കോഴിക്കോട്ടു പോയി സത്യാഗ്രഹത്തിൽ പങ്കു ചേരാൻ ശ്രമിച്ചു. എന്നാൽ അവിടത്തെ ഭാരവാഹികൾ അവരെ തിരിച്ചയയ്ക്കുകയാണുണ്ടായത്. വിദ്യാർത്ഥികൾ കോളേജു വിട്ട് സത്യാഗ്രഹത്തിൽ ചേരാൻ സമയമായിട്ടില്ലന്ന ധാരണയാണ് കോഴിക്കോട്ടെ ഭാരവാഹികൾക്കുണ്ടായിരുന്നത്. (ഈ കാര്യം പിന്നീട് 1932-ൽ നിയമം ലംഘിക്കാൻ കോഴിക്കോട്ടു പോയപ്പോൾ നിയമ ലംഘന പ്രസ്ഥാനത്തിന്റെ സംഘാടകനായിരുന്ന കോങ്ങാട്ടിൽ രാമൻ മേനോൻ എന്നോടു പറയുകയുണ്ടായി.)



എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ, എന്റെ സുഹൃത്തുക്കളെപ്പോലെ കോഴിക്കോട്ടു പോയി തിരിച്ചു വരാനിടയായില്ല. സത്യാഗ്രഹത്തിൽ പങ്കു ചേരുകയെന്ന വിചാരമുണ്ടായിരുന്നുവെങ്കിലും ഉടൻ അങ്ങനെ ചെയ്യുന്നതിൽ നിന്നു എന്നെ വിലക്കിയ രണ്ടു മൂന്നു പരിഗണനകളുണ്ടായിരുന്നു. അതിലൊന്നു വ്യക്തിപരവും കുടുംബപരവുമാണ്. ഞാൻ ജയിലിൽ പോയാൽ അതു എന്റെ അമ്മയെ എങ്ങനെ ബാധിക്കുമെന്ന വിചാരം, ജയിൽവാസമനുഭവിക്കുന്നതു കൊണ്ടുള്ള ബുദ്ധിമുട്ടു മാത്രമല്ല തുടർന്നുണ്ടാവാനിടയുള്ള സമുദായ ഭ്രഷ്ട് കൂടി അറിഞ്ഞിട്ടുള്ള അവർ കുറൂരിനു പറ്റിയതുപോലെ എനിക്കും പറ്റുകയാണെങ്കിൽ അങ്ങേയറ്റം വേദനിക്കുമെന്നതിനു സംശയമില്ല. അതു സ്വാഭാവികമായും എന്നെ അലട്ടിയിരുന്നു.

എന്നാൽ ഇതിലും വലിയ രാഷ്ട്രീമായ ഒരു പരിഗണന കൂടിയുണ്ടായിരുന്നു. ഉപ്പു സത്യാഗ്രഹം തുടങ്ങി അധികം കഴിയുന്നതിന് മുമ്പു തന്നെ സത്യാഗ്രഹമവസാനിപ്പിച്ച് സമാധാനം പുന:സ്ഥാപിക്കുന്നതിനുള്ള നീക്കങ്ങളും തുടങ്ങിയിരുന്നു. സർ തേജ് ബഹദൂർ സപ്രു, എം.ആർ.ജയക്കർ എന്നിവർ മുൻകയ്യെടുത്തു കോൺഗ്രസ്സും ഗവൺമെന്റും തമ്മിൽ ഒരു സന്ധിയുണ്ടാക്കാൻ ശ്രമിച്ചിരുന്നു. അവർ വൈസ്രോയിയെയും ബന്ധനസ്ഥരായ ദേശീയ നേതാക്കൻമാരെയും മാറി മാറിക്കണ്ടു സംഭാഷണങ്ങൾ നടത്തിയിരുന്നു. ആ സംഭാഷണങ്ങൾ പരാജയപ്പെട്ടുവെങ്കിലും പിന്നീടും ആ ശ്രമങ്ങൾ തുടർന്നു.

ഇതിന്റെ ഫലമായി ഒരു പക്ഷേ സമരം ഒത്തു തീർപ്പിലെത്തിയേക്കാമെന്ന ഒരു ധാരണ പരന്നു. അങ്ങനെയാണെങ്കിൽ ഈ ഘട്ടത്തിൽ കോളേജു വിട്ട് നിയമം ലംഘിക്കാൻ പുറപ്പെട്ടാൽ രണ്ടു കൊല്ലത്തെ കോളേജു വിദ്യാഭ്യാസം നഷ്ടപ്പെടും. നേരെ മറിച്ച് ഏതാനും മാസം കൂടി കാത്തിരുന്നാൽ ഇന്റർമീഡിയറ്റ് പരീക്ഷ കഴിയും. അന്നും സമരം തുടരുകയാണെങ്കിൽ ഇന്റർമീഡിയറ്റ് പൂർത്തിയായ ഒരു വിദ്യാർത്ഥിയെന്ന നിലയ്ക്ക് സമരത്തിൽ പങ്കെടുക്കുകയും ചെയ്യാം.

യഥാർത്ഥത്തിൽ ആ സമരത്തിൽ പങ്കെടുക്കാനെനിക്കിട വന്നില്ല.

ഞങ്ങൾ ഇന്റർമീഡിയറ്റ് പരീക്ഷയ്ക്ക് തയ്യാറായിക്കൊണ്ടിരുന്നപ്പോഴാണ് കോൺഗ്രസ്സും ഗവൺമെന്റും തമ്മിൽ ഒരൊത്തുതീർപ്പുണ്ടായത്. ഗാന്ധി-ഇർവിൻ സന്ധിയെന്ന പേരിൽ പ്രസിദ്ധമായ ആ ഒത്തു തീർപ്പിനെത്തുടർന്ന് വിദേശ വസ്ത്ര ഷാപ്പുകളും മദ്യഷാപ്പുകളും പിക്കറ്റു ചെയ്യാനും ഉപ്പു കുറുക്കാനും മറ്റുമുള്ള പരിമിതമായ അവകാശം ജനങ്ങൾക്കു കിട്ടി. ഒരു കൊല്ലം മുമ്പ് തുടങ്ങിയതുപോലുള്ള സത്യാഗ്രഹത്തിന്റെ ആവശ്യമില്ലാതായി.

പക്ഷേ ഗാന്ധി-ഇർവിൻ സന്ധി അധികകാലം നീണ്ടു നിൽക്കാനിടയില്ലെന്ന ബോധം പരക്കെയുണ്ടായിരുന്നു. വീണ്ടും ഒരു സമരം തുടങ്ങാൻ കോൺഗ്രസ് നിർബ്ബന്ധിക്കപ്പെട്ടേക്കുമെന്നും അങ്ങനെ വന്നാൽ അതിൽ സജീവമായി പങ്കു കൊള്ളുന്നതു എന്നെപ്പോലുള്ള വിദ്യാർത്ഥികളുടെ കടമയാണെന്നും ഞങ്ങൾ വിചാരിച്ചു. അതുപോലെ തന്നെയാണ് യഥാർത്ഥത്തിൽ സംഭവിച്ചത്.



# 5. പ്രാചീനഭാരതീയസാഹിത്യത്തിലേക്കു സ്ത്രീകളുടെ സംഭാവന

ഡോ.എം.ലീലാവതി

[അധ്യാപനരംഗത്തും വിമർശന രംഗത്തും ഒരേ പോലെ കഴിവ് പ്രകടിപ്പിച്ചിട്ടുള്ള ഡോക്ടർ എം. ലീലാവതി (1929-) പ്രിൻസിപ്പാൾ പദവിയിലിരിക്കെയാണ് ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ചത്. സാഹിത്യനിരൂപണ രംഗത്ത് പൗരസ്ത്യപാശ്ചാത്യ സിദ്ധാന്തങ്ങൾ ഒരേ പോലെ ഇവർ ഉപയോഗപ്പെടുത്തുന്നു. വർണ്ണമ രാജി, കവിതാധ്വനി, അമൃത മശ്നുതേ, ജി.യുടെ കാവ്യ ജീവിതം, കണ്ണീരും മഴവില്ലും, നവതരംഗം, മലയാള കവിതാസാഹിത്യ ചരിത്രം തുടങ്ങിയവയാണ് അവരുടെ പ്രശസ്ത കൃതികൾ.]

ശൈശവത്തിലെ ക്രീഡാലോലതയും മറ്റു ദശകളിൽ അതിന്നു ബദലായി വർത്തിക്കുന്ന ദിവാസ്വപ്നദർശനകൗതുകവും രണ്ടിന്നും പ്രേരകമായിരിക്കുന്ന അതൃപ്താഭിലാഷ സാക്ഷാൽക്കാരത്വരയും മനുഷ്യന്റെ സൃജനവാഞ്ഛയെ രൂപപ്പെടുത്തുന്നു. സ്ത്രീയുടെ കാര്യത്തിൽ, സാമാന്യേന ഇവയെല്ലാം, മാതൃത്വാഭിലാഷത്തിൽ കേന്ദ്രീകരിക്കുന്നു. അവളുടെ യശസ്കാമം, കാമത്തിൽ വിലയിക്കുന്നുവെന്നാണിതിന്നർത്ഥം. ഇതു ബഹുഭൂരിപക്ഷം സ്ത്രീകളുടെ കഥ. സൗന്ദര്യാവിഷ്കരണത്തോടൊപ്പം ബുദ്ധിപ്രവർത്തനത്തോടും കൂടി ബന്ധപ്പെട്ട സാഹിത്യാദി കലകളുടെ നിർമ്മാണത്തിലേർപ്പെടാതെ തന്നെ സ്ത്രീവർഗ്ഗ ചരിത്രത്തിലെ യുഗയുഗാന്തരങ്ങൾ കഴിഞ്ഞുപോയതിന് ഇതായിരിക്കാം ഒരു കാരണം. മനുഷ്യവർഗ്ഗം നിലനിറുത്തുകയെന്ന പ്രക്രിയയിൽ കൂടുതൽ കാലം ഏർപ്പെടേണ്ടതും കൂടുതൽ കായക്ലേശം അനുഭവിക്കേണ്ടതും സ്ത്രീയാണെന്ന നിയതിനിർദ്ദിഷ്ടകൃത്യം കൊണ്ടും കൂടിയാണ് ഇത് ഇപ്രകാരമായിത്തീർന്നത്. ചില തിര്യഗ്വർഗ്ഗങ്ങളെപ്പോലെ മനുഷ്യർ യൂഥങ്ങളായി സഞ്ചരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നിരിക്കണമെന്നു

കരുതുവാൻ മനശ്ശാസ്ത്രജ്ഞന്മാർ പല ന്യായങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പ്രാചീനതമഘട്ടങ്ങളിലെ യൂഥങ്ങളുടെ സുസംസ്കൃതരൂപങ്ങളായിരിക്കണം ചരിത്രഘട്ടങ്ങളിലെ ഗോത്രങ്ങൾ. യൂഥനാഥനോടുള്ള വിധേയത സ്ത്രൈണ മനസ്സിൽ അനാദികാലം മുതൽക്കേ വേരൂന്നിയ ഭാവമായിരിക്കണം. വിധേയതയിൽ സ്വർഗ്ഗം സാക്ഷാൽക്കരിക്കുന്ന ശീലവും അനാദി തന്നെ. എന്നാലും പുരുഷ മനസ്സിൽ ഒരു സ്ത്രൈണഭാവം ഒളിഞ്ഞിരിക്കുന്നതു പോലെ സ്ത്രൈണമനസ്സിൽ ഒരു പുരുഷഭാവവും നിലീനമായിക്കിടപ്പുണ്ട്. പ്രായേണ അത്, 'കാര്യേഷു മന്ത്രി' എന്നതിൽ വെളിപ്പെട്ടു സംതൃപ്തമാകുന്നു. എന്നാൽ 'അനിമസ്' എന്നു ചില മനശ്ശാസ്ത്രജ്ഞന്മാർ പേരിട്ടിരിക്കുന്ന ആ പുരുഷഭാവം ചിലപ്പോൾ സ്വതന്ത്രമായ ആവിഷ്കാരം തേടാറുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ സാഹചര്യത്തിന്റെ സവിശേഷതയും വ്യക്തിത്വമനോഘടനയുമനുസരിച്ച്, ആധിപത്യം സ്ഥാപിക്കുന്നതിനുള്ള തന്ത്രങ്ങളിലോ ധൈഷണിക പ്രവർത്തനങ്ങളിലോ സാഹിത്യാദികലകളുടെ നിർമ്മാണത്തിലോ സ്ത്രീ ഏർപ്പെടുകയും വിജയിക്കുകയും ചെയ്യുന്നു. പുരുഷന്മാരുടെ ആയസദൃഢമായ ആധിപത്യത്തോടു കൂടാത്ത കുടുംബസംവിധാനവും സാമൂഹിക-ദേശീയ പരിത:സ്ഥിതികളും ഈ പ്രവണതയ്ക്ക് അനുകൂലമായ അവസ്ഥയായിരിക്കും. എല്ലാ രംഗത്തും പുരുഷനോടൊപ്പം പ്രവർത്തിക്കാനും മത്സരിക്കാനും സ്ത്രീയെ അനുവദിക്കുന്ന ഒരു സാമൂഹിക വ്യവസ്ഥ സ്ത്രീയുടെ 'അനിമസ്' ഊർജ്ജസ്വലമായി ബാഹ്യാവിഷ്കാരം തേടുന്നതിനെ പ്രോത്സാഹിപ്പിക്കും. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയോടു കൂടിയ രാജ്യങ്ങളിൽ സ്ഥിതിയിതാണ്. സാമ്പത്തികമായി സ്ത്രീക്കു പരാധീനതയുണ്ടാകാതിരിക്കത്തക്കവണ്ണമുള്ള ഏതു വ്യവസ്ഥിതിയിലും മറിച്ചാവില്ല, അവസ്ഥ.

ആധിപത്യസ്ഥാപനം, ധൈഷണികപ്രവർത്തനം, സാഹിത്യാദി കലാനിർമ്മാണം എന്നിവയുടെ അടിസ്ഥാന പ്രേരണയായ മഹത്വവാഞ്ഛ ഉണർന്നെഴുന്നേല്ക്കാൻ ഉതകുന്ന പരിത:സ്ഥിതിയും മനോഘടനയും ഒത്തുചേരുമ്പോൾ മാത്രം സ്ത്രീ അതാതിന്നനുഗുണമായ പ്രവർത്തനങ്ങളിലേർപ്പെടുന്നു. മഹാനും ഭരണാധികാരിയുമായ ഒരു പിതാവ് തന്റെ പുത്രിയുടെ മഹത്വവാഞ്ഛ ഉദ്ദീപ്തമാക്കാനുള്ള സാഹചര്യങ്ങൾ സഞ്ചയിച്ചു കൊടുത്തിട്ടുണ്ടെങ്കിൽ, അവളുടെ മനോഘടന അതിന്നനുഗുണവുമാണെങ്കിൽ, ആ പിതാവിന്റെ പ്രതിബിംബമായ 'അനിമസ്' ഉദ്ദീപ്തമാകയും കാലം വരുമ്പോൾ സ്വാധിപത്യസ്ഥാപനത്തിനു വിട്ടു വീഴ്ച കൂടാതെ പ്രവർത്തിക്കയും ചെയ്യും. ധൈഷണിക പ്രവർത്തനത്തിന്റെ പാരമ്പര്യവും സാഹചര്യവും അതിന്നനുഗുണമായ മനോഘടനയുമുള്ള ഒരു ബാലിക അത്തരം പ്രവർത്തനങ്ങളിൽ കാലേ ഏർപ്പെടുന്നു. അവളുടെ ആ പ്രവണതകൾ യൗവനത്തിൽ വിധേയത മാത്രം ആവശ്യപ്പെടുന്ന ഒരുവൻ മുരടിപ്പിച്ചു കളയുന്നില്ലെങ്കിൽ, ധൈഷണിക പ്രവർത്തനം വികസ്വരവും വിജയപൂർണ്ണവുമായിത്തീരും. സാഹിത്യനിർമ്മാണവും ഇതുപോലെതന്നെ.

ശക്തിയും ലോകശാസ്ത്രകാവ്യാദ്യവേക്ഷണം കൊണ്ടുള്ള നിപുണതയും ചേർന്ന ഒരുവളുടെ അനിമസ്സിന് ഉണരാനുതകുന്ന സാഹചര്യമുളവായാൽ മാത്രമേ അവൾ സാഹിത്യസൃജനത്തിലേർപ്പെടൂ. അത്തരം സംഭവങ്ങൾ അതിപ്രാചീനകാലങ്ങളിൽ അതിവിരളമാകത്തക്കവണ്ണം പ്രതികൂലമായിരുന്നു, ആയിരത്താണ്ടുകളായി നില നിന്നു പോന്ന കുടുംബസംവിധാനവും സമൂഹസംവിധാനവും എന്നാലും വേദകാലത്തും ഉപനിഷത് കാലത്തും മറ്റും ഭാരതീയസ്ത്രീകൾക്കു ലോകത്തിലെ മറ്റു ജനസമൂഹങ്ങളിലെ സ്ത്രീകൾക്കുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ഇത്തരം പ്രവർത്തനങ്ങൾക്ക് അനുകൂല പരിത:സ്ഥിതികളുണ്ടായിരുന്നു. ഋഗ്വേദം അഞ്ചാം മണ്ഡലത്തിലെ 28-ാം സൂക്തവും എട്ടാം മണ്ഡലത്തിലെ 91-ാം സൂക്തവും യഥാക്രമം വിശ്വവാര, അപാല എന്നീ സ്ത്രീകൾ നിർമ്മിച്ചയാണ്. അത്രിഗോത്രജയായ വിശ്വവാരയും അത്രിപുത്രിയായ അപാലയും മന്ത്രദ്രഷ്ടാക്കളായ ഋഷികളായി വിദഗ്ധത്തിൽ അംഗീകരിക്കപ്പെട്ടു. വിശ്വവാരയുടെ സൂക്തം അഗ്നിസ്തുതിയാണ്. അപാലയുടെ സൂക്തം ഭൗതിക വ്യാഖ്യാനമനുസരിച്ചു ത്വഗ്രോഗശമനാർത്ഥമുള്ള ഇന്ദ്രപ്രാർത്ഥനയായിത്തോന്നുന്നെങ്കിലും അതിനു പ്രതീകാത്മകമായി നിഗൂഢതയുണ്ട്. കർഷകവൃത്തിയോടു ബന്ധപ്പെട്ട ഒരർത്ഥം കൂടി അതിനുണ്ട്. ഏതു നിലയ്ക്കും, ഈ സ്ത്രീസൂക്തങ്ങൾ ഭക്തിഭാവത്തോടൊപ്പം ഐഹികസുഖസമൃദ്ധികളെക്കുറിച്ചുള്ള ഉൽക്കണ്ഠയും ധ്വനിപ്പി

ക്കുന്നു. എന്നാൽ ഉപനിഷത് കാലഘട്ടത്തിലെ ഗാർഗ്ഗിയെപ്പോലെ പ്രപഞ്ച സത്യാന്വേഷണമെന്ന മസ്തിഷ്ക വ്യാപാരത്തിലേർപ്പെട്ടവരല്ല വിശ്വവാരയും അപാലയും. വേദകാലത്ത് പുരുഷർഷിമാരുടെ കൃതികളിലും ഭക്തിഭയാദരാവനമ്രതയാണ്, സത്യജിജ്ഞാസയല്ല, പ്രധാനഭാവം, അതിന്നനുഗുണമാണ് സ്ത്രീകളുടെ അവസ്ഥയും.

എന്നാൽ ഉപനിഷത്കാലത്തു നിത്യസത്യാന്വേഷണത്വര, ജ്ഞാനവ്യസനിത, അതിവികസ്വരമായിത്തീർന്നു. ബൃഹദാരണ്യ കോപനിഷത്തിൽ യാജ്ഞവല്ക്യനോടു ഗാർഗ്ഗി ചോദിക്കുന്ന ചില ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളുമുണ്ട്. അക്ഷര ബ്രഹ്മത്തെക്കുറിച്ചുള്ള പ്രഖ്യാതമായ വിവരണം യാജ്ഞാവല്ക്യനിൽ നിന്ന് അവതരിച്ചത് ഗാർഗ്ഗിയുടെ അടങ്ങാത്ത തത്ത്വാന്വേഷണത്തിന്റെ ഫലമായിട്ടാണ്. പ്രപഞ്ചഘടനാരഹസ്യമാണ് ഗാർഗ്ഗിക്ക് അറിയേണ്ടിയിരുന്നത്. ഭൂമിയുടെ ആധാരമെന്ത്? ജലമണ്ഡലത്തിന്നാധാരമെന്ത്?വായുമണ്ഡലത്തിന്റെയും നക്ഷത്രമണ്ഡലത്തിന്റെയും ദേവലോകത്തിന്റെയും ബ്രഹ്മലോകത്തിന്റെയും എല്ലാം ആധാരങ്ങളെക്കുറിച്ചു ഗാർഗ്ഗിയിൽ നിന്നു തുടരെത്തുടരെ പ്രശ്നങ്ങളുയർന്നു. ''ഇനി ചോദിക്കരുത്. ഇനിയും ചോദിച്ചാൽ നിന്റെ തല നിലം പതിക്കും''. എന്നു യാജ്ഞവല്ക്യൻ ഗാർഗ്ഗിയെ വിലക്കിയപ്പോഴാണ് ചോദ്യങ്ങൾ നിർത്തിയത്. എങ്കിലും സത്യാന്വേഷണത്വര വീണ്ടും മറ്റൊരു സന്ദർഭത്തിൽ ചോദ്യങ്ങളുന്നയിക്കാൻ ഗാർഗ്ഗിയെ പ്രേരിപ്പിച്ചു. അത്തവണ അദ്ദേഹം അവൾക്ക് അക്ഷരബ്രഹ്മതത്ത്വം ഉപദേശിക്കുകയും ചെയ്തു. യാജ്ഞവല്ക്യന്റെ ആദ്യത്തെ വിലക്ക് ഒരു ശാപമോ ഭീഷണിയോ ആയിരുന്നില്ല. കൂടുതൽ തീവ്രമായ അന്വേഷണത്വര സ്ത്രീക്കു താങ്ങാവതല്ലെന്നാവാം വ്യംഗ്യം. ഭാരതീയമായ ഐശ്വര്യസങ്കല്പത്തിന്റെ കാതലാണ് അക്ഷരബ്രഹ്മതത്ത്വം. മൂർത്തിമാനായ പ്രവാചകനെ കേന്ദ്രസ്ഥമാക്കിക്കൊണ്ടുള്ള മതങ്ങളുടെ അനുയായികൾക്കു സ്ത്രൈണമായ വിധേയതയുണ്ടായേ മതിയാവൂ. എന്നാൽ അക്ഷരബ്രഹ്മം പോലുള്ള ഒരു കോസ്മിക് സങ്കല്പം ഉൾക്കൊള്ളാൻ വിധേയതയല്ല, ധീരമായ പുരുഷ ഭാവമാണു വേണ്ടത്. ആ വലിയ സത്യം ഉൾക്കൊണ്ടിട്ടും ഗാർഗ്ഗിയുടെ തല നിലം പതിക്കുകയുണ്ടായില്ല. വേദകാലത്തെ വിശ്വവാരയും അപാലയും തങ്ങളുടെ



ഭക്ത്യാത്മകമായ അനുഭൂതികളെയോ ലൗകികാഭിലാഷങ്ങളെയോ ഭാവികവിതയുടെ രൂപത്തിൽ അവതരിപ്പിച്ചപ്പോൾ പ്രകടമാക്കിയ സ്ത്രൈണമായ വിധേയതാഭാവത്തിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ഗാർഗ്ഗിയുടെ കഴിവും കരുത്തും. യാജ്ഞവല്ക്യന്റെ പത്നി മൈത്രേയിയും ഗാർഗ്ഗിയെപ്പോലെ സത്യജിജ്ഞാസ പ്രകടിപ്പിച്ച ബ്രഹ്മവാദിനിയായിരുന്നു. അദ്ദേഹത്തിന്റെ മറ്റൊരു പത്നി കാത്യായനിയാകട്ടെ, ഒരു സാധാരണ സ്ത്രീയായിരുന്നു. മമതാബന്ധങ്ങളെല്ലാം സ്വാത്മസ്നേഹകേന്ദ്രീകൃതമാണെന്ന മഹാതത്ത്വം യാജ്ഞവല്ക്യൻ മൈത്രേയിക്കാണ് ഉപദേശിച്ചു കൊടുത്തത്.

മൈത്രേയിയുടെയും ഗാർഗ്ഗിയുടെയും പാരമ്പര്യം നിലനിർത്തിയവരാണ് ബുദ്ധമതാനുവർത്തിനികളായ തേരികൾ. തേരിയെന്ന പദത്തിനു ജ്ഞാനവൃദ്ധയെന്നാണർത്ഥം. അവരുടെ തിരുവായ്മൊഴികളത്രെ തേരീഗാഥകൾ. എഴുപത്തിമൂന്നോളം തേരീഗാഥകൾ സഞ്ചയിച്ചിട്ടുണ്ട്. മൗര്യചക്രവർത്തിമാരുടെ കാലത്താണ് അവ സഞ്ചയിച്ചു രേഖപ്പെടുത്തിയതെന്നു പറയപ്പെടുന്നു. കൂട്ടത്തിൽ ഏറ്റവും ദീർഘമായ ഗാഥ, 75 ഗാനങ്ങളോടു കൂടിയത്, സുമേധാ എന്നു പേരായ തേരിയുടെതാണ്. രാജകീയ സുഖസമൃദ്ധികളുടെ മടിത്തട്ടിൽ വളർന്ന സുമേധരാജകുമാരിയെ വാരണാവതിയിലെ രാജാവു പരിണയിക്കാൻ ആഗ്രഹിച്ചു കൊണ്ടിരുന്ന കാലത്ത് അവൾ ക്ഷണഭംഗുരമായ ജീവിത സുഖങ്ങളിൽ വിരക്തി തോന്നി, ഗൗതമബുദ്ധനെപ്പോലെ എല്ലാം പരിത്യജിച്ച് ഇറങ്ങി. ഭിക്ഷുണീസംഘത്തിൽ ചേർന്നു ലോകക്ഷേമോത്സുകയായി ഏറെക്കാലം പ്രവർത്തിച്ചു നിർവാണം പ്രാപിച്ചു.

ഋഷിദാസിയെന്ന തേരിയുടെ ഗാനമാലികയാണു ശ്രദ്ധേയമായ മറ്റൊരു ഗാഥ. അതിൽ 46 ഗാനങ്ങളുണ്ട്. ഋഷിദാസിയുടെ കഥ മറ്റൊരു തരത്തിൽപ്പെട്ടതാണ്. സുന്ദരിയും യൗവനയുക്തയും സുശീലയുമായ അവൾ യഥാകാലം വിവാഹിതയായി. ഭർത്തൃഗൃഹത്തിൽ എല്ലാവരും അവളെ ഇഷ്ടപ്പെട്ടു. എന്നാൽ എന്തു കൊണ്ടോ ഭർത്താവു മാത്രം സംതൃപ്തനായില്ല. അവൾ പിതൃഗൃഹത്തിലേക്കു തിരിച്ചു പോന്നു. ഒരിക്കൽ കൂടി അവൾ വിവാഹിതയായി. അയാൾക്കും അവളെ പിടിച്ചില്ല. മൂന്നാമത് അവളുടെ പിതാക്കൾ ഒരു ഭിക്ഷുവിനെ ജാമാതാവായി കൈക്കൊണ്ടു. ഒരു പക്ഷം കഴിഞ്ഞപ്പോഴേക്കും

അയാൾ പഴയ ജീവിതത്തിലേക്കു തന്നെ തിരിച്ചു പോയി. വീണ്ടും സംസാരത്തിൽ പരീക്ഷണങ്ങൾക്കൊരുങ്ങാതെ അവൾ ഭിക്ഷുണിയായി സംഘത്തിൽ ചേർന്നു.

ശുഭയെന്ന ഭിക്ഷുണിയുടെ ജീവചരിത്രം ഐതിഹ്യത്തിന്റേതായ അത്ഭുതാത്മകതയുൾക്കൊള്ളുന്നുണ്ട്. അവളുടെ സൗന്ദര്യം ലോക സുഖങ്ങളിലേക്കിറങ്ങി വരാൻ അവളെ പ്രേരിപ്പിച്ചു. എന്നാൽ പ്രലോഭനങ്ങൾക്കു വഴങ്ങാതിരിക്കത്തക്കവണ്ണം അവൾ അശുഭനശ്വരങ്ങളുടെ സത്യം കണ്ടെത്തിക്കഴിഞ്ഞിരുന്നു. തന്റെ കണ്ണുകളുടെ ദിവ്യഭംഗി വാഴ്ത്തിയ ജീവകന് ആ കണ്ണുകൾ ചൂഴ്ന്നെടുത്തു മുമ്പിൽ വെച്ചു കൊടുത്തു അവൾ! ജീവകന്റെ മനസ്സു മാറി. പിന്നീട് അവൾക്കു ബുദ്ധഭഗവാൻ ദർശനശക്തി നൽകിയെന്നാണു കഥ.

കുണ്ഡലകേശിയെന്ന തേരിയുടെ കഥ ദാരുണപരിണാമമായ ഒന്നാണ്. ഒരു സമ്പന്നവർത്തകന്റെ പുത്രിയായിരുന്ന അവൾ സാർത്ഥകനെന്ന ഒരുവനെ പ്രണയിച്ചു. അവനൊരു കശ്മലനായിരുന്നു. കളവുകേസ്സിൽ പ്രതിയായിത്തീർന്ന അയാളെ കൊലനിലത്തിലേക്കു കൊണ്ടു പോകുന്നുവെന്നു കേട്ടപ്പോൾ അവൾ സ്വപിതാവിന്റെ മനസ്സലിയിപ്പിച്ച്, അദ്ദേഹത്തെക്കൊണ്ടു പണം വ്യയം ചെയ്യിച്ച്, അയാൾക്കു സ്വാതന്ത്ര്യവും ജീവനും വീണ്ടെടുത്തു കൊടുത്തു. എന്നാൽ അവളെ വിവാഹം ചെയ്തതിനുശേഷവും അവനിലെ കശ്മലൻ ഉറങ്ങിയില്ല. അവളെ കൊന്ന് അവളുടെ ആഭരണങ്ങൾ കൈവശപ്പെടുത്താൻ നിശ്ചയിക്കത്തക്കവണ്ണം അവനിലെ പിശാച് ഉണർന്നുവശായി. ഒരു വഴിപാടു നടത്താൻ അവളുടെ സാന്നിധ്യം വേണമെന്നു പറഞ്ഞു വഞ്ചിച്ചു മല മുകളിലേക്ക് അവളെ കൂട്ടിക്കൊണ്ടുപോയി. അയാളുടെ ഉദ്ദിഷ്ടപരിപാടിയെന്തെന്നു മണത്തറിഞ്ഞ അവൾ സ്നേഹപൂർണ്ണമായ വാക്കുകൾ കൊണ്ട് അയാളുടെ മനസ്സുമാറ്റുക സാദ്ധ്യമല്ലെന്നു മനസ്സിലാക്കി. മല മുകളിൽ നിന്ന് അയാളെ തള്ളിയിട്ട് ഓടി രക്ഷപ്പെട്ടു. ആദ്യം ഒരു ജൈനസംഘത്തിൽ ചേർന്നു പിന്നീടു ബൗദ്ധസംഘത്തിലും.

ഉൽപലവർണ്ണ എന്ന തേരിയുടെ കഥ ജീവിതത്തിന്റെ പരിണാമവൈചിത്ര്യത്തെ ധ്വനിപ്പിക്കുന്നു. അവളെ ഭർത്താവ് ഉപേക്ഷിച്ചു. അവൾക്ക് ഒരു



പെൺകുട്ടിയുണ്ടായിരുന്നു. കുട്ടി യഥാകാലം വിവാഹിതയായി. അതിനുശേഷം ഉല്പലവർണ്ണയെ മറ്റൊരാൾ വിവാഹം ചെയ്തു. അയാൾക്കു വേറെ ഭാര്യയുണ്ടായിരുന്നു. കഥ പറഞ്ഞുവന്നപ്പോഴാണറിയുന്നത് അയാൾ തന്റെ ജാമാതാവാണെന്ന്. അവൾ വൈരാഗ്യം വന്നു ബൗദ്ധസംഘത്തിൽ ചേർന്നു. വൈശാലിയിലെ അംബപാലി, കാശിയിലെ അർദ്ധകേശി, ഉജ്ജയിനിയിലെ പത്മാവതി, വിമല മുതലായവർ ഗണികാവൃത്തിയിൽ പുകൾ നേടിയവരായിരുന്നു. അവരെല്ലാം വിരക്തിവന്നു തേരികളായി. വിരക്തിയിലേക്കുള്ള മാർഗ്ഗങ്ങൾ അനന്തവൈചിത്ര്യ വൈവിദ്ധ്യപൂർണ്ണങ്ങളാണെന്നു തേരിമാരുടെ കഥകൾ വ്യക്തമാക്കുന്നു. ബുദ്ധമതസാഹിത്യത്തിൽ തേരീഗാഥകൾക്ക് അതിപ്രാധാന്യമുണ്ട്. സംസാരസാഗരത്തിൽ നിന്നു കരകേറിയവരുടെ ആത്മീയമായ മഹത്ത്വവാഞ്ഛയാണു തേരീഗാഥകളുടെ നിർമ്മിതിയിൽ ആവിഷ്കാരം പൂണ്ടത്.

തേരീപാരമ്പര്യത്തിന്റെ ഭാവലോകം പിന്നീടു ഭക്തിപ്രസ്ഥാനത്തിലൂടെ പുനരവതരിച്ചു. മീരാബായിയുടെ ഗാനങ്ങൾ ഭക്തി പ്രസ്ഥാനത്തിലേക്കുള്ള സ്ത്രീകളുടെ സംഭാവനയിൽ ഏറ്റവും മികച്ചവയാണ്. തെന്നിന്ത്യയിൽ ആണ്ടാളാണ് ആ വകുപ്പിൽ ഏറ്റവും ആദരിക്കപ്പെടുന്ന കവയിത്രി. ആൾവാർമാരുടെയിടയിൽ ഒരു ഉന്നതസ്ഥാനം ആണ്ടാൾക്കു ലഭിച്ചിട്ടുണ്ട്.

എന്നാൽ പഴയ തമിഴ്സാഹിത്യത്തിലെ കവയിത്രികൾ പ്രായേണ വിരക്തിയുടെയും അലൗകികയുടെയും മാർഗ്ഗമല്ല കൈക്കൊണ്ടത്. അവർ ലൗകികജീവിതകഥാഗായികകളാണ്. പുറനാനൂറിൽ ധാരാളം കവയിത്രികളുടെ കൃതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഒക്കൂർ മാചാത്തിയാർ, ഔവൈയാർ, കാക്കൈപാടിനിയാർ നച്ചെള്ളൈയാർ, കുറമകൾ ഇളവെയ്നി, തായങ്കണ്ണിയാർ, അള്ളൂർ നൻമുല്ലൈയാർ, കാമക്കണ്ണിയാർ മുതലായവർ പുറനാനൂറിലൂടെ ശശ്വൽകൃതരായി. പുറനാനൂറ് സാമാന്യമായി വീരരസപ്രധാനങ്ങളായ ഗാനങ്ങളാണുൾക്കൊള്ളുന്നത്. അത്തരം ഗാനശേഖരത്തിലേക്കു പോലും സ്ത്രീകൾ ശ്രദ്ധേയമായ സംഭാവന ചെയ്തിട്ടുണ്ടെന്ന വസ്തുത ജീവിതായോധനത്തിൽ അവർക്കു മുന്നണി നിഷിദ്ധമായിരുന്നില്ലെന്നു ധ്വനിപ്പിക്കുന്നുണ്ട്. ഉണ്ണിയാർച്ചമാരുടെ മുതുമുത്തശ്ശിമാരെ ഈ ഗാനങ്ങളിൽ കണ്ടെത്തുന്നു.

കുശവർ, പാണർ, കുറവർ മുതലായ സമുദായ വിഭാഗങ്ങളിൽപ്പെട്ടവരാണ് ഈ കവയിത്രിമാരിൽ ചിലർ. മറ്റു ചിലർ രാജപുത്രികളും പാടിനി (പാണസ്ത്രീ)യായ നച്ചെള്ളൈയാർ പാടിയ ഒരു പാട്ടിന്റെ സാരം, ''മകൻ യുദ്ധത്തിൽ പിൻതിരിഞ്ഞോടി മരിച്ചുവെന്നു കേട്ടു കോപാകുലയായി, അതു സത്യമാണെങ്കിൽ അവൻ പാൽ കുടിച്ച ഈ മുല അറുത്തു കളയുന്നതാണെന്നു ശപഥം ചെയ്ത്, വാളുമെടുത്തു കൊണ്ടു പോർക്കളത്തിൽ ചെന്ന വൃദ്ധമാതാവ് തിരിഞ്ഞു നോക്കി, തന്റെ മകൻ മുഖത്തും നെഞ്ചത്തും വെട്ടേറ്റ് ശകലിതശരീരനായിക്കിടക്കുന്നതു കണ്ട് അവനെ പ്രസവിച്ചപ്പോഴെന്നതിനേക്കാൾ കൂടുതൽ ആനന്ദം അനുഭുവിച്ചു'' എന്നാണ്. (പിന്തിരിഞ്ഞോടിയാൽ മുതുകിലാണല്ലോ വെട്ടേല്ക്കുക).

''നേരിട്ടുവെട്ടി മരിച്ചിതെങ്കിൽ
വീട്ടേക്കു നല്ലൊരു മാനം തന്നെ
ഒളിവാളുകൊണ്ടു മരിച്ചിതെങ്കിൽ
പച്ചോലേൽ കെട്ടി വലിപ്പിക്കേണ്ടു
പുലകൂടി ഞാനും കുളിക്കയില്ല.''

എന്നു പറഞ്ഞ വീരനായികയെ അനുസ്മരിപ്പിക്കുന്ന പാട്ടാണത്. ഭൗതിക സുഖങ്ങളും ഐശ്വര്യവും യുദ്ധവും മരണവും രാജകീയപരാക്രമങ്ങളും മറ്റുമാണ് പുറനാനൂറിലെ വർണ്ണ്യവിഷയങ്ങൾ. തേരീഗാഥകളുടെ ഭാവാന്തരീക്ഷത്തിനു തീരെ വിരുദ്ധം. കാക്കൈപ്പാടിനിയാർ പതിറ്റുപ്പത്തിലെ ഒരു പത്തുകൂടി നിർമ്മിച്ചിട്ടുണ്ട്. മറ്റ് ഏതു പത്തിനോടും കിടപിടിക്കും. ആടുകോട്ടുപ്പാട്ടുച്ചേരലാതനെ വർണ്ണിക്കുന്നതാണ് ആ പത്തു പാട്ടുകൾ-അലംഭാവമേലാത്ത അത്യുക്തികളും മികച്ച ഭാവനാവിലാസവും നർമ്മബോധവും ചേർന്ന വർണ്ണനകൾ. 'കാവ്യം യശസേ' എന്നതോടൊപ്പം 'അർത്ഥകൃതേ' എന്നു കൂടി പൂർണ്ണമായി വിശ്വസിച്ചിരുന്നവരാണു പതിറ്റുപ്പത്തിലെ കവികൾ. കാക്കൈപ്പാടിനിയാർക്ക് ചേരലാതനെ പ്രകീർത്തിച്ചതിനു കിട്ടിയ പാരിതോഷികം അൻപതു തുലാം പൊന്നും ലക്ഷം പൊൻകാശും പിന്നെ കൊട്ടാരത്തിൽ ചെല്ലും ചെലവും. പൊന്ന് ആഭരണങ്ങൾ പണിയാനാണത്രേ. രാജാവിന്റെ മഹത്ത്വപ്രകീർത്തനത്തിൽ പ്രയോഗിച്ച അത്യുക്തി തനിക്കു



കിട്ടിയ പാരിതോഷികം പെരുപ്പിച്ചു കാണിക്കുന്നതിലും പ്രയോഗിച്ചിട്ടുണ്ടെന്നു തീർച്ച. 'ചേരാ ഉൻനാട് പൊന്നാട് (പൊൻനാട്) എന്നു പാടിയ ഔവൈയാർക്കു ഒരു പൊന്നാടിനെ ചേരരാജാവു സമ്മാനിച്ചുവെന്നാണു മറ്റൊരു കഥ.

വൈദികകാലത്തെ മന്ത്രദ്രഷ്ടാക്കളായ കവയിത്രികളുടെ കവന പാടവത്തിനും ഉപനിഷത്കാലത്തെ സത്യാന്വേഷണ വ്യഗ്രരായ ധിഷണാശാലികളുടെ മേധാശക്തിക്കും തേരികളുടെ പരിപക്വജ്ഞാനശോഭിതമായ വിരക്തിഭാവത്തിനും മദ്ധ്യകാലങ്ങളിൽ ഉത്തരദേശങ്ങളിൽ പിന്തുടർച്ചാവകാശിനികളില്ലാതായിപ്പോയതുപോലെ, പുറനാനൂറിലെ കവയിത്രികളും ആണ്ടാളും മറ്റും ഉയർത്തിപ്പറപ്പിച്ച വിജയവൈജയന്തിക ഏറ്റെടുക്കാൻ തെന്നിന്ത്യയിലും കുറേക്കാലത്തേക്ക് ആരുമില്ലാതായി.

കേരളത്തിലെ സാമൂഹികവ്യവസ്ഥയും സ്ത്രീകൾക്കു ലഭിച്ചിരുന്ന സ്വാതന്ത്ര്യവും ഓർക്കുമ്പോൾ, ഉദ്ദീപ്തമായ ആന്തരചേതനയോടു കൂടിയ സ്ത്രീകൾ സാഹിത്യരചനയിലേർപ്പെടുകയെന്നത് അനുസ്യൂതമായി വികസിക്കേണ്ടതായിരുന്നു. എന്നാൽ, സാഹിത്യനിർമ്മാണത്തിനു ശാശ്വതസ്മാരകം നിർമ്മിക്കാൻ വേണ്ടി മാത്രം മണിപ്രവാള കവികൾ കാവ്യരചനയിലേർപ്പെട്ടു. 'മഹിളാളിമഹാസ്പദ'മായ മണിപ്രവാളവിദ്യക്കു സ്ത്രീവർണ്ണനാത്മകമായ കൃതിയെന്ന ഒരർത്ഥം പോലും പ്രരൂഢമായിത്തീർന്നു. എന്നാൽ ആടി-അച്ചി-ചിരുതേവി-നീലി പ്രഭൃതികളായ ഉണ്ണിപ്പെണ്ണുങ്ങളിലാരും തന്നെ സാഹിത്യരചന കൊണ്ടു തങ്ങളുടെ മേധാവിനീത്വം ഉറപ്പിക്കുകയുണ്ടായിട്ടില്ല. അവരിൽ ചിലരെങ്കിലും ഭാഷാപാണ്ഡിത്യവും കാവ്യാസ്വാദനശീലവുമുള്ളവരായിരു ന്നിരിക്കാമെങ്കിൽപ്പോലും മലയാളത്തെ സംബന്ധിച്ചിടത്തോളം സാഹിത്യപ്രവർത്തന മണ്ഡലത്തിലേക്കു സ്ത്രീ ഉണരുന്നതു കഴിഞ്ഞ നൂറ്റാണ്ടിന്റെ സുപ്രഭാതത്തിലാണ്.

# 6. സാമൂഹ്യപ്രസ്ഥാനങ്ങളും സാഹിത്യവും

- തായാട്ട് ശങ്കരൻ

[നിരൂപകൻ, ജീവചരിത്രകാരൻ, നാടകകൃത്ത്, വിദ്യാഭ്യാസ വിദഗ്ദ്ധൻ എന്നീ നിലകളിലെല്ലാം നൈപുണ്യം പ്രകടിപ്പിച്ചിട്ടുള്ള വ്യക്തിയാണ് തായാട്ട് ശങ്കരൻ (1924-1985). സാമൂഹിക ശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ സാഹിത്യത്തെ വിലയിരുത്താൻ ശ്രമിക്കുന്നു അദ്ദേഹം. ഭാരതീയ നവോത്ഥാനത്തിന്റെ രൂപരേഖ, മാനസികമായ അടിമത്തം, പാർശ്വ വീക്ഷണം, അനാച്ഛാദനം, ആശാൻ നവോത്ഥാനത്തിന്റെ കവി, വള്ളത്തോൾ നവയുഗത്തിന്റെ കവി, സാഹിത്യദീപ്തി തുടങ്ങിയവ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള ചില കൃതികളാണ്.
സാഹിത്യദീപ്തി എന്ന പ്രബന്ധസമാഹാരത്തിൽ നിന്നു എടുത്തു ചേർത്തതാണ് 'സാമൂഹ്യ പ്രസ്ഥാനവും സാഹിത്യവും' എന്ന പാഠം.]

സാഹിത്യം എക്കാലവും സമൂഹവുമായി ബന്ധപ്പെട്ടു തന്നെ കിടന്നു. ഈ ബന്ധം പല തരത്തിലും ആണെന്നേയുള്ളൂ. വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധവും ഒരേ തരത്തിലല്ലല്ലോ. സമൂഹത്തെ നിന്നേടത്തു തന്നെ തളച്ചിടാൻ ചിലർ ശ്രമിക്കുന്നു. മറ്റു ചിലരാകട്ടെ അതിനെ മുന്നോട്ടു കൊണ്ടു പോകാനുദ്യമിക്കുന്നു. ഈ രണ്ടിലും പെടാതെ ഒളിച്ചോടുന്നവരും ഉദാസീനത ഭാവിക്കുന്നവരും സമൂഹത്തിലുണ്ട്. ഒരുതരം നിസ്സംഗതയോടെ എല്ലാം നോക്കി പുച്ഛഭാവത്തിൽ ചിരിക്കുന്നവരാണു ചിലർ. എന്നാൽ സമൂഹത്തിന്റെ സ്വഭാവത്തെക്കുറിച്ച് അവബോധവും അതിന്റെ ഗതിക്രമത്തെക്കുറിച്ച് ചരിത്രബോധവും ഉള്ളവർ ഈ മാറ്റത്തിന്റെ കെൽപ്പുകളെ ത്വരിപ്പിക്കുന്നതിന് നോക്കുന്നു. അവരെ നാം വിപ്ലവകാരികൾ എന്ന് വിളിക്കുന്നു. വ്യക്തികളിൽ കാണുന്ന ഈ സ്വഭാവ വൈവിധ്യം സാഹിത്യകൃതികളിലും കാണാം. മനുഷ്യകഥാനുഗായികൾ ആണെന്നതു കൊണ്ടു മാത്രം സാഹിത്യകൃതികളുടെ തരവും ഗുണവും വ്യവച്ഛേദിച്ചു കിട്ടിയെന്നു പറഞ്ഞു



കൂടാ. ഒടുവിൽ പറഞ്ഞ വിപ്ലവാത്മകത മനുഷ്യർക്കെന്ന പോലെ കൃതികൾക്കുമുണ്ട്. അതോടൊപ്പം സമൂഹത്തെ നിശ്ചലതയിൽ നിർത്തുന്നവയും പുച്ഛം കലർന്ന പരിഹാസത്തോടെ നോക്കുന്നവയും അതിന്റെ മുമ്പിൽ ഉദാസീനമായി ഉറക്കം തൂങ്ങുന്നവയുമായ സാഹിത്യകൃതികളും നമുക്കുണ്ട്.

ആര്യന്മാർ കേരളത്തിലേക്ക് കടന്നു വന്നത് എന്നാണെന്ന് വ്യവച്ഛേദിച്ചു പറയുന്നതിന് ചരിത്ര പണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടില്ല. എന്നാൽ ഒന്നു തീർച്ച. കേരളത്തിലെ മനുഷ്യവാസം ആരംഭിക്കുന്നത് അവരിൽ നിന്നല്ല. അതിന് മുമ്പു തന്നെ ഇവിടെ ദ്രാവിഡരുണ്ടായിരുന്നു. അവർക്ക് സ്വന്തമായ ഭാഷയും സംസ്കാരവും ഉണ്ടായിരുന്നു. ആര്യന്മാരുടെ മാതൃഭാഷയായ സംസ്കൃതവും ദ്രാവിഡരുടെ ഭാഷയായ മലയാള(തമിഴ്)വും സമന്വയിപ്പിക്കുന്നതിന് അക്കാലത്തു തന്നെ ശ്രമങ്ങൾ നടന്നു. അതിന് കാരണം സാമൂഹ്യതലത്തിൽ ആര്യ-ദ്രാവിഡ വർഗ്ഗങ്ങൾ തമ്മിൽ നടന്ന സങ്കലനമാണ്. ഈ ഭിന്ന വർഗ്ഗങ്ങളുടെ പരസ്പരമുള്ള ചേർച്ചയിൽ നിന്നാണ് ഇന്നത്തെ കേരളീയർ ഉണ്ടായത്. അതിന്റെ പ്രതിഫലനം ഭാഷാരംഗത്തും കണ്ടു. ആര്യദ്രാവിഡഭാഷകൾ ചേർന്ന് മണിപ്രവാളം ഉണ്ടായി. ആര്യനേത്, ദ്രാവിഡനേത് എന്ന് തിരിച്ചറിയാൻ കഴിയാത്ത വിധം സമുദായ സങ്കരം പൂർത്തിയാകുമ്പോഴേക്കും ഭാഷയിൽ നിന്ന് 'മണിപ്രവാള'രൂപം മാഞ്ഞു പോവുകയും സംസ്കൃതത്തെ സ്വാംശീകരിച്ച് കരുത്തു പ്രാപിച്ച ഇന്നത്തെ മലയാളം രൂപം കൊള്ളുകയും ചെയ്തു.

ഭാഷയുടെ ഘടനയിൽ വന്ന ഈ മാറ്റം സാഹിത്യത്തിന്റെ ഉള്ളടക്കത്തിലും പ്രതിഫലിക്കുകയുണ്ടായി. രാമചരിതകാരനായ ചീരാമൻ ആര്യന്മാരുടെ ഇതിഹാസത്തിൽ നിന്ന് തന്റെ ഇതിവൃത്തം സ്വീകരിക്കുകയും ഭാഷ, വൃത്തം, ശൈലി തുടങ്ങിയതെല്ലാം ദ്രാവിഡത്തിൽ നിന്നു തന്നെ ഉപയോഗപ്പെടുത്തുകയും ചെയ്തു. ഈ വഴി തന്നെയാണ് തുഞ്ചത്ത് എഴുത്തച്ഛൻ വരെയുള്ള ആചാര്യന്മാർ സ്വീകരിച്ചു പോന്നത്. സമുദായത്തിലെ ജാതിപരവും സാമ്പത്തികവുമായ നേതൃത്വം ഒരിടത്തു തന്നെ കേന്ദ്രീകരിച്ചതോടെ ആ സാമൂഹ്യനേതൃത്വം ജീർണ്ണിച്ചു തുടങ്ങി. ആ ജീർണ്ണ സ്വഭാവം അക്കാലത്തെ മണിപ്രവാള സാഹിതിയിലുംപ്രതിഫലിച്ചതായി കാണാം. വൈശികതന്ത്രം മുതൽ പൂരപ്രബന്ധം വരെയുള്ള കവിതകൾ ഈ ജീർണ്ണതയുടെ

സന്തതികളാണ്. കേരളീയ ജീവിതത്തിൽ നൂറ്റാണ്ടുകളിലൂടെ സംഭവിച്ച പരിവർത്തനവും ഭാഷാസാഹിത്യത്തിൽ സംഭവിച്ച പരിവർത്തനവും ഒപ്പത്തിനൊപ്പം ചേർത്തു വെച്ച് പഠിക്കുന്നത് പ്രയോജനപ്രദമാണ്. സാമൂഹ്യചരിത്രത്തിലും സാഹിത്യവികാസത്തിലും താത്പര്യമുള്ളവർ അവരുടെ ഗവേഷണം ഈ വഴിക്കു കൂടി തിരിച്ചു വിടേണ്ടതാണ്. കുറെക്കൂടി ഹ്രസ്വമായ ഒരു കാലപരിധിയെ മാത്രമേ ഈ ലേഖനം ലക്ഷ്യം വെക്കുന്നുള്ളു. ആധുനിക കാലത്തിൽ സമൂഹവും സാഹിത്യവും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നു മാത്രമേ ഇവിടെ പരിശോധിക്കുന്നുള്ളു.

ആധുനിക കാലഘട്ടമെന്ന് പറഞ്ഞാലോ? മലയാള സാഹിത്യത്തിലെ ആധുനിക ഘട്ടം എവിടെ നിന്നാണ് ആരംഭിക്കുന്നത്? മലയാള ഭാഷയുടെ പിതാവ് എന്ന് എഴുത്തച്ഛനെ വിശേഷിപ്പിക്കുമ്പോൾ അതിനു മുമ്പ് നിലവിലുണ്ടായിരുന്ന കൃത്രിമ മണിപ്രവാളശൈലിക്കു പകരം ശക്തവും കൃത്രിമവുമായ ഒരു ഭാഷാശൈലി സാഹിത്യത്തിൽ വളർത്തിയെടുത്ത ആചാര്യൻ എന്നേ അതിനർത്ഥമുള്ളു. സംസ്കൃത വിഭക്ത്യന്തരൂപത്തേയും സംസ്കൃതവ്യത്തത്തേയും മാറ്റി നിർത്തിക്കൊണ്ട് ഊർജ്ജസ്വലമായ ഒരു കാവ്യശൈലി അദ്ദേഹം ആവിഷ്കരിച്ചു. അതുകൊണ്ട് ആധുനിക മലയാളസാഹിത്യം എഴുത്തച്ഛനിൽ നിന്ന് ആരംഭിക്കുന്നു എന്ന് വാദിക്കുന്നവരുമുണ്ട്. എന്നാൽ ആധുനിക സാഹിത്യം എന്ന് മൂല്യ നിർണ്ണയം ചെയ്യുമ്പോൾ സാഹിത്യത്തിൽ പ്രതിഫലിക്കുന്ന ജീവിതത്തിന്റെ ആധുനികതയാണ് ഇവിടെ അടിസ്ഥാനമായെടുക്കുന്നത്. ആ മാനദണ്ഡം വെച്ചളന്നാൽ 'ഇന്ദുലേഖാ' കർത്താവിൽ നിന്നാണ് ഭാഷാസാഹിത്യത്തിലെ ആധുനികഘട്ടം ആരംഭിക്കുന്നതെന്ന് കാണാം.

കേരളത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം കടന്നു വന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. അതിന്റെ സ്വാധീനം പതുക്കെ പ്രചരിച്ചു തുടങ്ങി. അതാണ് ഇന്ദുലേഖയുടെ രംഗപ്രവേശത്തിന് അണിയറയൊരുക്കിയത്. മാമൂലുകളെയും പാരമ്പര്യാചാരങ്ങളെയും കുറിച്ച് കാരണവന്മാർ പുലർത്തിപ്പോന്ന വിശ്വാസങ്ങളെ അനന്തിരവന്മാർ ചോദ്യം ചെയ്തു തുടങ്ങി. 'കുരുത്തമില്ലാത്തവൻ' എന്നത് ഈ അനന്തിരവന്മാരിൽ ചൊരിഞ്ഞു പോന്ന ശാപവചസ്സായിരുന്നു. എന്നാൽ 'ഗുരുത്വമില്ലായ്മ' അത്ര വലിയ പാതകമാണെന്നു ഈ പുതുവിശ്വാസികൾ കരുതിയില്ല. അവർക്ക് തികച്ചും ഭിന്നമായ ജീവിത സങ്കല്പങ്ങളാണുണ്ടായിരുന്നത്. ഇംഗ്ലണ്ടിൽ പുതുതായി വളർന്നു വന്ന മുതലാളിത്തം, ജനജീവിതത്തിന് നേരെ ലിബറൽ വീക്ഷണമാണ് പുലർത്തിപ്പോന്നത്. ഈ ചിന്താഗതി ഇംഗ്ലീഷ് സാഹിത്യത്തിലൂടെ ഇന്ത്യയിലും എത്തിച്ചേർന്നു. അതിന്റെ വക്താക്കളായിരുന്നു മുൻ പറഞ്ഞ ഈ അനന്തിരവന്മാർ. 'ഗുരുത്വമോ? അതിന്റെ അർത്ഥം തന്നെ എനിക്കറിഞ്ഞു കൂടാ' എന്നു കാരണവർക്കെതിരെ കലഹക്കൊടി ഉയർത്തുന്ന അനന്തിരവനെ അവതരിപ്പിച്ചു കൊണ്ടാണ് 'ഇന്ദുലേഖ' ആരംഭിക്കുന്നതു തന്നെ. സമകാലിക രാഷ്ട്രീയ ചിന്തകൾ ഉൾപ്പടെ മുഖ്യമായ സാമൂഹ്യപ്രശ്നങ്ങളെയെല്ലാം 'ഇന്ദുലേഖ'യിൽ സ്പർശിക്കുന്നുണ്ട്. നമ്പൂതിരി-നായർ വിവാഹബന്ധം ചർച്ചകളിൽ ഒന്നു മാത്രമേ ആകുന്നുള്ളു. പുതുതായി സ്ഥാപിക്കപ്പെട്ട നൂൽ കമ്പനിയെക്കുറിച്ചും അതിൽ ഷെയർ എടുക്കുന്നതിനെക്കുറിച്ചും ആ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. നിരീശ്വര വാദവും പരിണാമവാദവും കോൺഗ്രസും രാഷ്ട്രീയവും ആ നോവലിൽ കടന്നു വരുന്നു. ഉയർന്ന ഇടത്തരം വർഗ്ഗത്തിനിടയിൽ കടന്നു വരുന്ന പരിവർത്തനമാണ് ആ നോവലിന്റെ കരുത്ത്. 1889-ൽ പ്രസിദ്ധം ചെയ്ത ഒരു നോവലിലാണ് ഈ കാര്യങ്ങളൊക്കെ ഉൾക്കൊള്ളുന്നതെന്ന കാര്യം ഓർക്കണം. 'ഇന്ദുലേഖ' തുടങ്ങി വെച്ച പ്രബുദ്ധതയുടെ ചാലിലൂടെയാണ് പിൽക്കാലത്ത് തൊഴിലാളികൾ വരെയുള്ള താഴ്ന്ന വർഗ്ഗക്കാർ സാഹിത്യത്തിലേക്ക് കടന്നു വന്നത്.

എന്നാൽ ചന്തു മേനോന്റെ സമകാലികനും അതേ കാലത്തു തന്നെ നോവൽ രചനയിൽ ഏർപ്പെട്ട പ്രതിഭാശാലിയുമായ സി.വി.രാമൻപിള്ള മറ്റൊരവബോധമാണ് നമുക്ക് നൽകുന്നത്. ഇന്ദുലേഖാകർത്താവ് എവിടെ നിൽക്കുന്നുവോ അതിന്റെ മറുചേരിയിലാണ് മാർത്താണ്ഡവർമ്മയുടെ കർത്താവ് നിലയുറപ്പിച്ചത്. ജാതിയുടെ ഉച്ചനീചത്വത്തിലും ഗുരുത്വബോധത്തിലും അടിത്തറ പണിത ഫ്യൂഡലിസത്തിന്റെ വിജയമാണ് മാർത്താണ്ഡവർമ്മ ഉൽഘോഷിക്കുന്നത്. രാജാധികാരത്തിന് സുപ്രതിഷ്ഠ നൽകുകയാണ് അതിന്റെ ലക്ഷ്യം. അന്ന് തിരുവിതാംകൂറിൽ നിലവിലുണ്ടായിരുന്ന സാമൂഹ്യ

പശ്ചാത്തലത്തിൽ സി.വി.കൃതികൾക്കും 'ദേശാഭിമാന'പരമായ ഒരു സാമൂഹ്യപശ്ചാത്തലമുണ്ട്. തിരുവിതാംകൂർ രാജവംശത്തെ ചുറ്റിപ്പറ്റി, 'പരദേശ ബ്രാഹ്മണർ' രാജ്യാധികാരം കൈയടക്കി വെച്ച കാലമായിരുന്നു അത്. ഈ ആധിപത്യത്തിനെതിരെ അഭ്യസ്തവിദ്യരായ നായർ യുവാക്കളിൽ നിന്ന് പ്രതിഷേധമുയർന്നു. യൂണിവേഴ്സിറ്റി വിദ്യാഭ്യാസം ലഭിച്ചു പുറത്തു വന്ന ഒട്ടേറെ ചെറുപ്പക്കാർ ഈ ബ്രാഹ്മണാധിപത്യത്തിൽ അമർഷമുള്ളവരായിരുന്നു. നായന്മാർ മാത്രമല്ല അതിൽ താഴെയുള്ള സമുദായക്കാരും പ്രതിഷേധത്തിൽ പങ്കു ചേരുകയുണ്ടായി. അവർ തിരുവിതാംകൂർ മഹാരാജാവിന് ഒരു മെമ്മോറാണ്ഡം നൽകി. മലയാളി മെമ്മോറിയൽ എന്നറിയപ്പെടുന്ന ആ അവകാശ പത്രികയുടെ ചൈതന്യമാണ് 'മാർത്താണ്ഡവർമ്മ'യിൽ പ്രതിഫലിക്കുന്ന സാമൂഹ്യബോധം. അന്നത്തെ തിരുവിതാംകൂർ ബ്രിട്ടീഷു പരമാധികാരത്തിന് വിധേയമായി, മഹാരാജാവിന്റെ കീഴിലുള്ള ഒരു 'സ്വതന്ത്ര' രാജ്യമായിരുന്നല്ലോ. അതുകൊണ്ട് തിരുവിതാംകൂറിന് പുറത്തുള്ളവർ, ആ നാട്ടുകാരെ സംബന്ധിച്ചിടത്തോളം പരദേശികളുമായിരുന്നു. തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക് എന്ന മുദ്രാവാക്യത്തിന്റെ വ്യാഖ്യാനമായിരുന്നു മലയാളി മെമ്മോറിയൽ. സി.വി.യുടെ ചരിത്രാഖ്യായികകൾ ജനതയുടെ ചരിത്രം. ഉൾക്കൊള്ളുന്നില്ല. പ്രഭുത്വത്തിന്റെ ചരിത്ര കഥയാണ് അതിലുള്ളത്.

ഈ നൂറ്റാണ്ടിന്റെ ഉദയത്തോടെ ലോകത്തിലെങ്ങുമെന്ന പോലെ കേരളത്തിലും സാമൂഹ്യ ജീവിതം പരിവർത്തനത്തിന് വെമ്പിക്കൊണ്ടിരുന്നു. ആ ചലനങ്ങൾ ഭാഷാ സാഹിതിയേയും സ്പർശിക്കുകയുണ്ടായി. ഈ ഓരോ ചലനത്തേയും ഇഴവിടർത്തി പരിശോധിക്കുന്നതിന് ഇവിടെ ഉദ്യമിക്കുന്നില്ല. ചില മുഖ്യധാരകളെ മാത്രമേ സ്പർശിക്കുന്നുള്ളൂ. ഈ സാമൂഹ്യപ്രസ്ഥാനങ്ങളിൽ മുന്നോടിയായി വർത്തിച്ചത് എസ്.എൻ.ഡി.പി.യാണ്. ഡോ: പൽപ്പുവിന്റെ ആസൂത്രണവും കുമാരനാശാന്റെ പരിചരണവും ശ്രീനാരായണന്റെ അനുഗ്രഹവും ആ സംഘടനയെ കേരളത്തിലെ സാമൂഹ്യപരിഷ്കരണത്തിനുള്ള ഒരു ഉപകരണമാക്കി. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഗാന്ധിജിയുടെ രംഗപ്രവേശത്തോടെ ഇന്ത്യൻദേശീയ പ്രസ്ഥാനത്തിന്റെ പ്രകമ്പനം കേരളത്തിലെ ജനജീവിതത്തേയും പിടിച്ചു കുലുക്കി. നമ്പൂതിരിമാർ



ക്കിടയിലും മുമ്പു തന്നെ സാമുദായിക സംഘടനയുടെ തുടക്കം കുറിച്ചിരുന്നുവെങ്കിലും 1920കളുടെ അന്ത്യത്തിൽ പൊട്ടിത്തെറിച്ച നമ്പൂതിരി യുവജനപ്രസ്ഥാനം സമൂഹത്തിൽ ഒരു പുതിയ പരിവർത്തന തരംഗം ഉയർത്തി. 1930കളിലെ സാമ്പത്തികാധ:പതനത്തെ തുടർന്ന് ആലപ്പുഴയിലെ വ്യവസായ കേന്ദ്രങ്ങളിൽ സംഘടിത തൊഴിലാളി ശക്തികൾ ഉയർന്നു വന്നു. ഏറെ താമസിയാതെ കണ്ണൂർ ജില്ലയിലെ ഉത്തരഭാഗങ്ങളിൽ കർഷക പ്രസ്ഥാനവും നവശക്തിയായി രൂപം പൂണ്ടു. ഇപ്പറഞ്ഞ ഓരോ പ്രസ്ഥാനവും ഭാഷാസാഹിതിയെ സമൂലമായി സ്പർശിക്കുകയും തൽഫലമായി ജനങ്ങളിലെ ധാരകൾ സാഹിത്യത്തിൽ ഉറവു പൊട്ടുകയും ചെയ്തിട്ടുണ്ട്.

സാമ്പത്തികമായി ഒട്ടൊരു നിവൃത്തിയും സംസ്കൃത വിദ്യാഭ്യാസം, വൈദ്യം, കച്ചവടം എന്നിവയിൽ സുസ്ഥിതിയും ഉള്ള ഉപരിതലത്തിലെ ഈഴവരുടെ സാമൂഹ്യമായ അവശതകൾ പരിഹരിക്കുന്നതിനുള്ള പ്രസ്ഥാനം എന്ന നിലയ്ക്കാണ് എസ്.എൻ.ഡി.പി. ആരംഭിച്ചത്. എന്നാൽ അയിത്തം, അനാചാരങ്ങൾ തുടങ്ങിയ സാമൂഹ്യമായ അനീതികൾക്കെതിരായും പൊതുജനവിദ്യാഭ്യാസത്തിനു വേണ്ടിയും ഉള്ള മുദ്രാവാക്യങ്ങൾ ഏറ്റെടുത്തതോടുകൂടി ആ സംഘടന ജനസാമാന്യത്തിലേക്കിറങ്ങി വരികയും കേരളത്തിലെ - പ്രത്യേകിച്ച് ദക്ഷിണ കേരളത്തിലെ ശക്തിയേറിയ ഒരു സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനമായി വളരുകയും ചെയ്തു. കുമാരനാശാന്റെ കൃതികളിൽ മനസ്സിന്റെ ഈ നവോന്മേഷം നിഴലിച്ചു കാണാം. ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ, ചിന്താവിഷ്ടയായ സീത എന്നീ കൃതികളിൽ ജാതിക്കെതിരായും സ്ത്രീയുടെ വ്യക്തിത്വം സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടിയുമുള്ള വ്യക്തമായ ആഹ്വാനം പ്രതിധ്വനിക്കുന്നു. മലയാള കവിതയ്ക്ക് ആകെ കൈവന്ന പുതിയ ചൈതന്യത്തിന്റെ രക്തപ്രസാദം ആശാൻ കവിതകളുടെ രണ്ടാം ഘട്ടമായ വീണപൂവ് തുടങ്ങിയ കൃതികളിൽ കാണാവുന്നതാണ്. ഒരു പുതിയ ജീവിതദർശനത്തിന്റെ സന്ദേശമാണ് ആ കൃതികൾ പ്രചരിപ്പിച്ചു പോന്നത്.

ബ്രിട്ടന്റെ നേരിട്ടുള്ള ഭരണത്തിന് വിധേയമായിരുന്ന പഴയ മലബാറിൽ കേരളത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ച്, ദേശീയ പ്രസ്ഥാനത്തോടൊപ്പമാണ് സാമൂഹ്യപരിവർത്തനത്തിനുള്ള സംഘടിത പരിശ്രമങ്ങളും രൂപം

കൊണ്ടത്. ആശാന്റെ സമകാലികനായിരുന്ന വി.സി.ബാലകൃഷ്ണപ്പണിക്കരുടെ 'വിശ്വരൂപ'മെന്ന കവിത, പ്രപഞ്ചത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നതെങ്കിലും ഇന്ത്യൻ ദേശീയ രംഗത്തിൽ ഉദിച്ചുയർന്നു തുടങ്ങിയ ബാലഗംഗാധര തിലകനെക്കുറിച്ചുള്ള സൂചന ഉൾക്കൊള്ളുന്നു. 'പൂർവ്വാശയാം കമനി തൻ തിലകായമാനൻ' എന്ന പരാമർശം തിലകത്തെയും തിലകനെയും കുറിക്കുന്നു. ദേശീയബോധം രാഷ്ട്രീയ പരാമർശത്തിലൂടെ മലയാള കവിതയിൽ കടന്നു വരുന്നത് ഒന്നാമതായി വി.സി.യുടെ കൃതിയിലാണെന്നു വേണം വിചാരിക്കുവാൻ. കുമാരനാശാനിൽ അത് സാമൂഹ്യമായ ഉണർവ്വായി വികസിച്ചു. എന്നാൽ വള്ളത്തോളിന്റെ രംഗപ്രവേശത്തോടെയാണ് കവിതയുടെ കാര്യത്തിൽ ഈ വഴിക്കുള്ള പുതിയ ഒരു പരിവർത്തനം സംഭവിച്ചത്. അന്നത്തെ ദേശീയ നേതൃത്വം ഉയർത്തിപ്പിടിച്ച സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാ മുദ്രാവാക്യങ്ങളും വള്ളത്തോൾക്കവിതയിൽ അനുരണനങ്ങൾ ഉണ്ടാക്കി. മദ്യവർജ്ജനം, അയിത്തോച്ചാടനം, ഹിന്ദു മുസ്ലീം ഐക്യം, ഖാദിപ്രചരണം, ദേശീയ വിദ്യാഭ്യാസം, നിയമസഭാ ബഹിഷ്കരണം, മാതൃഭൂമിയെക്കുറിച്ചുള്ള അഭിമാനം എന്നിങ്ങനെ സമരോത്സുകമായ ദേശീയ ഭാരതത്തിന്റെ മുദ്രാവാക്യങ്ങളെല്ലാം വള്ളത്തോൾക്കവിത സ്വാംശീകരിക്കുകയുണ്ടായി. ഒന്നാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ ആഗോള സാമ്പത്തികത്തകർച്ച 'ഉൺമാനില്ല ഉടുപ്പാനില്ല' എന്ന കവിതയിൽ മഹാകവി ശക്തിയായി പ്രതിഫലിപ്പിച്ചിട്ടുണ്ട്. സോഷ്യലിസവും മുതലാളിത്ത ചൂഷണവും നമ്മുടെ ദേശീയ മണ്ഡലത്തെ പരക്കെ സ്വാധീനിക്കുന്നതിന് മുമ്പു തന്നെ വള്ളത്തോൾ പ്രതിഭയിൽ അതിന്റെ ചില കിരണങ്ങൾ കടന്നെത്തുകയുണ്ടായി.

''മേലാൾക്ക് പൂമ്പട്ടു കിടക്ക തുന്നി-
ക്കൂട്ടുന്നതിന്നാരുടെ കൈകഴച്ചു
ഏതോ മരത്തിൻ പൊളിയാണവന്ന്
കിടച്ച, താഹന്ത, കിടന്നുചാകാൻ.''

എന്ന് 'മാപ്പ്' എന്ന കവിതയിൽ മഹാകവി ഉൽഘോഷിക്കുന്നു. 1924-ൽ ആണ് ഈ കൃതി പ്രസിദ്ധീകരിച്ചത്. വള്ളത്തോളിന്റെ ആ നേതൃത്വം ജി. ശങ്ക



രക്കുറുപ്പ്, പി.കുഞ്ഞിരാമൻ നായർ, ബാലാമണിയമ്മ, കല്ലന്മാർതൊടി രാമുണ്ണിമേനോൻ തുടങ്ങിയ ആ തലമുറയിലെ മികച്ച കവികളെയെല്ലാം ആ വഴിക്ക് സഞ്ചരിക്കുന്നതിന് പ്രേരിപ്പിച്ചു. ഗാന്ധിജി ആയിരുന്നു ഈ പ്രബുദ്ധതയുടെ കേന്ദ്രസൂര്യൻ.

1920കളിൽ ഭദ്രദീപം കൊളുത്തിയ ഈ ദേശീയ പ്രബുദ്ധതയിലാണ് നമ്പൂതിരിയെ മനുഷ്യനാക്കാനുള്ള പ്രസ്ഥാനവും ഇവിടെ ആരംഭിച്ചത്, പക്ഷേ ആ ദശകത്തിന്റെ അന്ത്യഘട്ടത്തിലാണെന്നേയുള്ളൂ. യോഗക്ഷേമസഭയും ഉണ്ണി നമ്പൂതിരി പ്രസ്ഥാനവും കേരളത്തിന്റെ സാമൂഹ്യനേതൃത്വത്തിൽ ഒരു വലിയ കോളിളക്കം തന്നെ സൃഷ്ടിച്ചു. ഇംഗ്ലീഷു ചിന്താഗതിയും യഥാസ്ഥിതികത്വത്തിന് വഴങ്ങാൻ കൂട്ടാക്കാത്ത ഒരു യുവതലമുറയെ രൂപപ്പെടുത്തിയെടുത്തു. ഇംഗ്ലീഷു പഠിച്ചവരായിരുന്നു. ഈ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുണ്ടായിരുന്നവർ എന്ന് സാമാന്യവൽക്കരിച്ചു കൂടാ. എന്നിരുന്നാലും അവരെ ഭരിച്ച ആശയമണ്ഡലത്തിന്റെ ഉറവിടം അതായിരുന്നു. കണക്കറ്റ് സമ്പത്തുള്ള നമ്പൂതിരി കുടുംബങ്ങളിൽ പോലും മൂത്ത പുരുഷ സന്തതിയൊഴിച്ച് മറ്റാർക്കും സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അവർക്കു സ്വജാതിയിൽ വിവാഹം നിഷിദ്ധമായിരുന്നു. ഇതിന്റെ ഫലമോ? എണ്ണമറ്റ അന്തർജ്ജന കന്യകമാർ വിവാഹിതകളായ ശേഷവും കന്യകമാരായി പുലരേണ്ടി വന്നു. മൂത്ത പുരുഷനു മാത്രമേ വേളിക്കധികാരമുള്ളുവെന്നതുകൊണ്ട് ഏതു പടുവൃദ്ധനും എത്രയെങ്കിലും കന്യകമാരെ വേളി കഴിക്കാമെന്നു വന്നു. പടുവൃദ്ധന്റെ നാമമാത്രമായ പത്നിമാരിൽ ഒരാളായി കഴിയേണ്ടി വന്ന നമ്പൂതിരിയുവതി മൂകമായ നിത്യവേദനയുടെ പ്രതിരൂപമായിരുന്നു. ആ സുമദായത്തിൽ പരിഷ്കരണ പ്രക്ഷോഭത്തെ തുടർന്ന്, കുറച്ചു നാൾ കൊണ്ടു സംഭവിച്ച പരിവർത്തനം അത്ഭുതകരമായിരുന്നു.

മറ്റു സാമുദായിക പ്രസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്പൂതിരി സമുദായത്തിന്റെ പ്രസ്ഥാനത്തിനുള്ള ഒരു സവിശേഷത എടുത്തു പറയേണ്ടതായിട്ടുണ്ട്. മറ്റു സമുദായങ്ങൾ അവയ്ക്ക് പുറത്തുള്ള ശക്തികേന്ദ്രങ്ങൾക്കെതിരെ അവകാശസമ്പാദത്തിനു വേണ്ടി പ്രക്ഷോഭണം തുടങ്ങുകയാണ് ചെയ്തത്. നമ്പൂതിരി സമൂഹമാവട്ടെ സ്വന്തം സമുദായത്തിനെതിരായിത്തന്നെയാണ്

പോരാടിയത്. അതൊരു സ്വയം പരിഷ്ക്കരണ പ്രസ്ഥാനമായിരുന്നു. അതുകൊണ്ടുതന്നെ ആ പ്രസ്ഥാനത്തിൽ നിന്ന് ആത്മാന്വേഷണപരമായ ഒട്ടധികം സാഹിത്യകൃതികൾ ലഭിക്കുകയുണ്ടായി. നാടകം, ചെറുകഥ, നോവൽ, കവിത എന്നിവയിലെല്ലാം ആ ചലനം പ്രതിഫലിച്ചു. വി.ടി. ഭട്ടതിരിപ്പാടിന്റെ ‘അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്’, എം. ആർ.ബി.യുടെ ‘മറക്കുടയ്ക്കുള്ളിലെ മഹാനരകം’, എം.പി.ഭട്ടതിരിപ്പാടിന്റെ ‘ഋതുമതി’ എന്നീ നാടകങ്ങൾ അന്നത്തെ നമ്പൂതിരി സമുദായത്തിൽ ആഞ്ഞടിച്ച കൊടുങ്കാറ്റായിരുന്നു. വി.ടിയുടെ ‘രജനീരംഗം’ എന്ന ചെറുകഥാസമാഹാരം. മൂത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ ‘അപ്ഫന്റെ മകൾ’ എന്ന നോവൽ എന്നിവ എടുത്തു പറയേണ്ട മറ്റു നേട്ടങ്ങളത്രേ. ‘നമ്പൂതിരി സമുദായത്തിലെ യുവതീയുവാക്കളുടെ പ്രണയകഥകൾ പറയുന്നതിലൂടെ അന്ത:പുരങ്ങളുടെ അന്ധകാരമറ പൊളിച്ച് നീക്കാൻ അദ്ദേഹം മുതിർന്നപ്പോൾ പലരും ഞെട്ടി’ എന്നാണ് വി.ടിയുടെ കഥകളെക്കുറിച്ച് ഇ.എം.എസ്. നമ്പൂതിരിപ്പാട് ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മൂത്തിരിങ്ങോടന്റെ നോവലിന് അവതാരിക എഴുതിയത് ഇ.എം.എസ് ആണ്. ഇന്ദുലേഖയ്ക്കു ശേഷം മലയാള സാഹിത്യത്തിനു ലഭിച്ച ഏറ്റവും മികച്ച സാമൂഹ്യനോവലാണ് അപ്ഫന്റെ മകൾ’.

നമ്പൂതിരി പരിഷ്കരണ പ്രസ്ഥാനത്തോടെ കേരളത്തിൽ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ വേലിയേറ്റം നിലച്ചു. 1935 ആവുമ്പോഴേക്കും സാമൂഹ്യരംഗത്തിലെ ചലനങ്ങൾ മന്ദീഭവിച്ചു. ആ സ്ഥാനത്ത് കുറെക്കൂടി ഊർജ്ജസ്സുള്ള മറ്റു പ്രസ്ഥാനങ്ങൾ സ്ഥലം പിടിച്ചു. 1934ലാണ് ഇന്ത്യൻ സോഷ്യലിസ്റ്റ് പാർട്ടി രൂപം കൊണ്ടത്. അതോടെ ഇതുപക്ഷ ചിന്താഗതിക്ക് സിദ്ധാന്തപരമായ ഒരടിത്തറ കൈവന്നു. സ്വാതന്ത്ര്യമെന്ന സർവാദൃതവും എന്നാൽ അവ്യക്തവുമായ വികാരത്തിന്നിടയിൽ മർദ്ദിതന്റെ അവകാശ ബോധം പ്രത്യേകമായി ഉരുത്തിരിഞ്ഞു തുടങ്ങിയപ്പോൾ കൃഷിക്കാരും തൊഴിലാളികളും പ്രത്യേകം വർഗ്ഗ സംഘടനകൾ ഉണ്ടാക്കുന്നതിനു തുടങ്ങി. വർഗ്ഗസംഘടന സമര സംഘടനയായി മാറി. തൊഴിലാളി സമരങ്ങൾ കൊണ്ട് ആലപ്പുഴ മുഖരിതമായി. അവിടെ വെച്ചാണ് കേശവദേവിന്റെ ചെറുകഥകളും പൊട്ടി വിരിഞ്ഞത്. കേസരിനായനാർ, എം.ആർ.കെ.സി., കെ.സുകു



മാരൻ തുടങ്ങിയ ആദ്യകാല കാഥികന്മാരിൽ നിന്നും തികച്ചും ഒരു വഴിത്തിരിവായിരുന്നു കേശവദേവും തകഴിയും. ആദ്യകാലകഥകളിൽ കാണത്തിന്റേയും മേൽചാർത്തിന്റെയും കള്ളാധാരത്തിന്റേയും പ്രശ്നങ്ങളാണ് പ്രതിഫലിച്ചതെങ്കിൽ 1935നെ തുടർന്ന് കർഷകത്തൊഴിലാളികളുടേയും ഫാക്ടറിത്തൊഴിലാളികളുടേയും പ്രശ്നങ്ങൾ സാഹിത്യത്തിലേക്കു കടന്നു വന്നു. ഈ മാറ്റത്തിനു കാരണം വ്യക്തമാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ജന്മിയിൽ നിന്ന് കാണച്ചാർത്തുകാരന്റെ അവകാശം സംരക്ഷിക്കുക എന്നതായിരുന്നു ഭൂപ്രശ്നത്തിലെ കാതലായ വശം. മുപ്പതുകളിൽ കൈവശക്കാരനും തൊഴിലാളിയും അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരായി.

ഈ ഘട്ടത്തിൽ ശ്രദ്ധേയമായ ഒരു കവിത, മേഘജ്യോതിസ്സു പോലെ, മലയാള സാഹിത്യത്തിൽ പൊട്ടി വിരിയുകയുണ്ടായി. ചങ്ങമ്പുഴയുടെ ‘വാഴക്കുല’യായിരുന്നു അത്. 1937-ലാണ് അതു രചിക്കപ്പെട്ടത്. അഖിലേന്ത്യാ കർഷക സംഘം രൂപം കൊണ്ടതും ആ വർഷം തന്നെ. കൃഷിക്കാർ കേരളത്തിൽ അന്നുയർത്തിപ്പിടിച്ചിരുന്നത് നുരി, വാശി, പതം തുടങ്ങിയ അക്രമപ്പിരിവുകൾ അവസാനിപ്പിക്കുക എന്ന മുദ്രാവാക്യമായിരുന്നു. കൃഷി ഭൂമിയിൽ അവകാശമോ അതിന്റെ ഉടമസ്ഥതയോ അവർ അന്ന് ആവശ്യപ്പെട്ടിരുന്നില്ല. ജന്മിയുടെയും കാര്യസ്ഥന്റെയും അക്രമങ്ങൾ അവസാനിപ്പിക്കുക എന്നതായിരുന്നു അവരുടെ മുഖ്യമായ ആവശ്യം.  വാഴക്കുല ഈ വളർച്ചയുടെ സത്യസന്ധമായ പ്രതിഫലനമാണ്. ‘വാശി’, നുരി’ക്കെതിരായ സമരത്തിന്റെ രൂപത്തിലല്ല അത് പ്രകാശനം നേടിയത്. അതിനു പകരം സ്വന്തം കുടിലിൽ താനുണ്ടാക്കിയ വാഴക്കുല ജന്മി കൊണ്ടു പോകുന്നതിലെ അക്രമത്തിനെതിരെ നിശ്ശബ്ദമായ പ്രതിഷേധം എന്ന നിലയിൽ. വടക്കെ മലബാറിലെ കർഷക പ്രസ്ഥാനത്തിന് പ്രാണവായു നൽകിയ ഒരു നാടകമായിരുന്നല്ലോ കെ. ദാമോദരന്റെ ‘പാട്ടബാക്കി’. കർഷക സംഘടനകൾ വളരുകയും അതിന്റെ സമരോത്സുകമായ സ്വഭാവത്തിന് ആക്കം കൂടുകയും ചെയ്തപ്പോഴാണ് തകഴിയുടെ ‘രണ്ടിടങ്ങഴി’ രചിക്കപ്പെട്ടത്. ബഹുജനപ്രസ്ഥാനത്തെ ഉൾക്കൊണ്ടു രചിച്ച ആദ്യത്തെ രാഷ്ട്രീയ നോവൽ രണ്ടിടങ്ങഴിയാണ്. അതിനു മുമ്പുതന്നെ തിരുവിതാംകൂർ രാജവാഴ്ചയെ കേന്ദ്രമാക്കിയുള്ള രാഷ്ട്രീയോ

പജാപങ്ങളെ ഉൾക്കൊണ്ട് 'പാറപ്പുറം' എന്ന രാഷ്ട്രീയ നോവൽ രചിക്കപ്പെട്ടിരുന്നെങ്കിലും ബഹുജനസമരം അതിൽ പ്രതിഫലിച്ചിട്ടില്ല. സാമൂഹ്യപരിഷ്കരണത്തെ മാത്രം പോരാ സമൂഹത്തിലെ വർഗ്ഗത്തെയും അതിന്റെ പോരാട്ടത്തെയും അതോടൊപ്പം തന്നെ ആവിഷ്കരിക്കണമെന്ന ധാരണയാണ് രണ്ടിടങ്ങഴിയുടെ പിന്നിലുള്ളത്. പോരാടുന്ന കർഷകത്തൊഴിലാളിയാണ് അതിന്റെ ജീവൻ. എന്നാൽ കർഷകത്തൊഴിലാളിയോടൊപ്പം താഴ്ന്ന ഇടത്തരക്കാരും ഈ രാജ്യത്തിലെ പുരോഗമന പ്രസ്ഥാനങ്ങളുടെ സംഘടിതാംശമായിത്തീർന്നു. ചെറുകാടിന്റെ നോവലുകൾ ഈ വിഭാഗത്തിന്റെ സമരചരിത്രമാണ് ഉൾക്കൊള്ളുന്നത്. അദ്ധ്യാപക പ്രസ്ഥാനവുമായിട്ടാണ് ചെറുകാടിന് കൂടുതൽ ബന്ധം. 'മനുഷ്യബന്ധങ്ങൾ', 'നമ്മളൊന്ന്' എന്നിവ. താനംഗമായ വിഭാഗത്തെ കഥാരൂപത്തിലും നാടകരൂപത്തിലും അവതരിപ്പിക്കുന്നു. ചെറുകാടു താഴ്ന്ന കർഷകന്റേയും അവരിൽ നിന്നുയർന്നു വന്ന ഇടത്തരക്കാരനായ അദ്ധ്യാപകന്റേയും എഴുത്തുകാരനായിരുന്നു.

ഈ അന്വേഷണത്തിൽ, മുഖ്യമായ സാമൂഹ്യപ്രസ്ഥാനങ്ങളെ മാത്രമെ സ്പർശിച്ചു പോയിട്ടുള്ളൂ. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആദ്യഫലം, വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും കുറിച്ചുള്ള മുതലാളിത്തബോധത്തിന്റെ പ്രസരണമായിരുന്നല്ലോ. അതല്ലേ ഇന്ദുലേഖയിലെ അടിയൊഴുക്ക്? എന്നാൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മറ്റൊരു സുപ്രധാനമായ ഫലമുണ്ട്. ആധുനികശാസ്ത്ര വിജ്ഞാനത്തിന്റെ വികാസമാണത്. ഈ ശാസ്ത്രാവബോധം പാരമ്പര്യാധിഷ്ഠിതമായ ഒരു സമുദായത്തെ (Traditional Society) സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. അന്ധവിശ്വാസം വെറും കുമിളകളാണെന്ന് തോന്നിയാലും അതിന്റെ ഓടിന്ന് ഉരുക്കു കവചത്തിന്റെ ഉറപ്പുണ്ട്. പാമ്പിൻ കാവും മാരിയമ്മയും വേളാങ്കണ്ണിയും നേർച്ചയുമെല്ലാം ഇതിന്റെ കൊത്തളങ്ങളാണ്. ശാസ്ത്രീയാവബോധം എന്നതിന് സാങ്കേതിക ശാസ്ത്രത്തിനുള്ള പരിജ്ഞാനം എന്നല്ല അർത്ഥം. വിധി വിശ്വാസത്തെ മനുഷ്യപ്രയത്നം കൊണ്ടു തിരുത്തുകയാണ് അതു ചെയ്യുന്നത്. പ്രപഞ്ചത്തിന്റെ സനാതനാനുക്ഷണ വികസ്വരമായ സ്വഭാവം കണ്ട് 'ജി' അത്ഭുതാദരങ്ങളോടെ ഹർഷപുളകിതനായിട്ടുണ്ട്. ഇവിടെ ഉദ്ദേശിക്കുന്ന ശാസ്ത്ര



ബോധം ഇതല്ല. അതിൽ അപാരതയ്ക്കുള്ള അവബോധമാണുള്ളത്. എന്നാൽ ഒരു പാമ്പിൻകാവിൽ കുടിയിരിക്കുന്ന ക്ഷുദ്രസങ്കല്പത്തിനു നേരെ അമർഷം കൊള്ളുന്നത് ജീവിതത്തിനു നേരെ ശാസ്ത്രീയാവബോധം പുലർത്തുന്ന ആധുനിക മനസ്സിന്റെ സ്വഭാവമാണ് ഈ നിലയ്ക്കു നോക്കിയാൽ മലയാള കവിതയിൽ ശാസ്ത്രീയ മൂല്യത്തെ അലിയിച്ചെടുത്ത കവി ശ്രീ വൈലോപ്പിള്ളിയാണ്. ജീ.യുടെ അന്തം വിട്ടുള്ള നില്പല്ല, പി.യുടെ കണ്ണടച്ചുള്ള ആരാധനയല്ല. പുതുവിജ്ഞാനം കൊണ്ട് തിളക്കം പൂണ്ട കണ്ണുകളുടെ സൂക്ഷ്മമായ അന്വേഷണമാണ് ശ്രീ വൈലോപ്പിള്ളിയുടെ കവിത. നവീന വിദ്യാഭ്യാസത്തിന്റെ ഫലമായി വളർന്ന ശാസ്ത്രീയാവബോധമെന്ന പ്രസ്ഥാനമാണ് ആ കവിതകൾക്ക് പശ്ചാത്തലമായി നിൽക്കുന്നത്. സെക്കന്ററി വിദ്യാഭ്യാസത്തിന്റെ വ്യാപ്തിയാണ് ഈ അവബോധം പ്രചരിച്ചത്.

1947-ലെ സ്വാതന്ത്ര്യലബ്ധി, ജനശ്രദ്ധയെ എന്ന പോലെ കവിശ്രദ്ധയെയും പല വഴിക്കും തിരിച്ചിട്ടുണ്ട്. ഭരണത്തിന്റെ കയ്യിൽ നിറഞ്ഞു കവിഞ്ഞു നിൽക്കുന്ന പദവികളും വിഭവ സമ്പത്തുകളും യഥേഷ്ടം വാരി വിതറാൻ തുടങ്ങിയതോടെ എഴുത്തുകാരിൽ വലിയൊരു വിഭാഗം എസ്റ്റാബ്ലിഷ്മെന്റിന്റെ തേന്മാവിൻ ചുവട്ടിൽ പന്തൽ കെട്ടി. സോഷ്യലിസത്തിലുള്ള വിശ്വാസം പോലും തല്ലിപ്പൊട്ടിച്ച് ഗുരുവായൂർ അമ്പലത്തിൽ കാണിക്ക വെക്കുകയെന്നതാണ് ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യകഥയുടെ ഇതിഹാസമെന്നു പോലും അവർ കണ്ടെത്തി. ശ്രീ.എൻ.വി.കൃഷ്ണവാരിയരുടെ 'ഗാന്ധിയും ഗോദ്സേ'യും പോലുള്ള കൃതികളാണ് ആ കാലത്തെ ജനകീയമായ അമർഷത്തെ കെടാതെ സൂക്ഷിച്ചത്. സ്വാതന്ത്ര്യാനന്തരം കേരളത്തിൽ സാഹിത്യമണ്ഡലത്തിൽ സംഭവിച്ച ഈ മാറ്റം മറ്റൊരു പഠനത്തിനു വിഷയമാക്കേണ്ടതാണ്.

# 7. കെട്ടിടപ്രതാപം

ഏ.പി.ഉദയഭാനു

[നമ്മുടെ രാഷ്ട്രീയരംഗത്തു സമുന്നത നേതാവായിരുന്ന ശ്രീ ഉദയഭാനു പത്രപ്രവർത്തകൻ, സാഹിത്യകാരൻ എന്നീ നിലകളിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള വ്യക്തിയാണ്. മലയാളത്തിലെ രമ്യോപന്യാസകാരന്മാരിൽ പ്രമുഖനാണ് അദ്ദേഹം. നർമ്മബോധത്തോടൊപ്പം ധർമ്മ ബോധവും നിറഞ്ഞു നില്ക്കുന്നവയാണ് അദ്ദേഹത്തിന്റെ ഉപന്യാസങ്ങൾ. അർത്ഥവും അനർ ത്ഥവും, സംസാരിക്കുന്ന ദൈവം, കൊച്ചു ചക്കരച്ചി, ആനയും അൽപം തെലുങ്കും, ഒരു പൂക്കി നാവ്, ഉദയഭാനുവിന്റെ തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.
ഉദയഭാനുവിന്റെ തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ എന്ന സാമാഹാരത്തിൽ ഉൾപ്പെടുത്തിയി ട്ടുള്ളതാണ് 'കെട്ടിടപ്രതാപം' എന്ന ലേഖനം.]

ഇന്നു തിരുവനന്തപുരത്തു നിന്നും ദില്ലിയിൽ പോകാൻ വേണ്ടുന്നത്ര സമയം വേണമായിരുന്നു അന്നൊക്കെ 'കിടങ്ങിൽ' നിന്നു 'കണ്ടത്തിപ്പുര യിൽ' പോകുവാൻ. അന്ന് എന്നു വച്ചാൽ നാല്പതു നാല്പത്തിയഞ്ചു കൊല്ലം മുമ്പ്. മുട്ടോളം പുതയുന്ന നാട്ടുവാഴികളും അരഞ്ഞാൺ പോലെ യുള്ള വരമ്പുകളും നീന്തിത്തുടിച്ചു കയറേണ്ടുന്ന തോടുകളും വൈതരണി കടക്കാൻ വേണ്ടുന്ന പരിശീലനം നൽകുന്ന നൂൽപ്പാലങ്ങളും കടന്ന് ആണ്ടിൽ രണ്ടു മൂന്നു തവണയെങ്കിലും ഞങ്ങൾ 'കണ്ടത്തിപ്പുര'യിൽ വിരു ന്നുപോകുമായിരുന്നു. നാലും അഞ്ചും മണിക്കൂർ നീണ്ടു നിൽക്കുന്ന ഈ 'പദയാത്രയ്ക്ക്' ഒരു കൊച്ചു കാശു പോലും ചെലവുണ്ടായിരുന്നില്ല. കുറച്ചു 'ശ്രമദാനം' മാത്രമേ വേണ്ടിയിരുന്നുള്ളൂ. അല്പം കൈയയച്ചങ്ങു ചെലവാ ക്കാമെന്നു വച്ചാൽ തന്നെയും അതിനു വഴിയൊന്നുമുണ്ടായിരുന്നില്ല. ഇന്നു ള്ളതു പോലെ കാപ്പിക്കടകളും മുറുക്കാൻ കടകളും അന്നില്ലായിരുന്നു. ഇന്നു



ദൽഹിയിൽ പോകാനും മണിക്കൂറുകൾ മതി. അതിനുള്ള വിമാനച്ചാർജ്ജ് കൊടുക്കാൻ ഒരു മുറിപ്പുരയിടം തീറെഴുതിക്കൊടുക്കണമെന്നു മാത്രം. അപ്പോൾ 'പരാർത്ഥമായി'- അതായത് സർക്കാരിനോ പൊതുജനത്തിനോ വേണ്ടിയേ- അങ്ങനെ പോകാൻ പറ്റൂ.

'കണ്ടത്തിപ്പുര'യിലേക്കുള്ള പഴയ യാത്രയിൽ എന്റെ മനസ്സിൽ മായാതെ നിൽക്കുന്ന ഒരു ചിത്രമുണ്ട്. ഞങ്ങൾ പോകുന്ന വഴിയുടെ വക്കിൽ മനോ ഹരമായ ഒരു ഓടിട്ട കെട്ടിടം ഉയർന്നു വന്നു. ഓടിട്ട കെട്ടിടങ്ങൾ അന്ന് അപൂർവമായിരുന്നു. മുമ്പോട്ടു തള്ളി നിൽക്കുന്ന ജനാലകൾ അതിന്റെ പ്രത്യേ കതയായി ശോഭിച്ചു. ആകെക്കൂടെ വീട് ഗംഭീരമായി. അടുത്ത പ്രാവശ്യം അതിലേ പോയപ്പോൾ നേരം സന്ധ്യയായിരുന്നു. ആ വീട് ഇരുട്ടിൽ മുഴുകി നിൽക്കുകയാണ്. മുൻവശത്തെ തിണ്ണയിൽ ഒരു പൊട്ട മണ്ണെണ്ണ വിളക്ക് ചുവന്ന ദീപവും ഇരുണ്ടുയരുന്ന പുകയുമായി ഇരുട്ടിനോടു മല്ലടിക്കുന്നു. വഴിയേ വന്ന ആരോടോ അതിനെപ്പറ്റി ചോദിച്ചു. അയാൾ പറഞ്ഞു. 'അടു ക്കളയിൽ തീപുകഞ്ഞിട്ടു വേണ്ടേ, സന്ധ്യക്ക് ഒരു നിലവിളക്കെങ്കിലും കത്തിച്ചു വെക്കാൻ! ഉണ്ണാനുള്ള നിലം എഴുതിക്കൊടുത്ത് ബാക്കി കടവും വാങ്ങി പുര പണിയുകയാണ്. കടക്കാരെ പേടിച്ച് അതും നിവൃത്തിയില്ലെ ന്നായിരിക്കയാണ്' എന്ന്. കുറച്ചു നാൾ കൂടെ കഴിഞ്ഞ് അതിലേ പോയ പ്പോൾ ആ വീട്ടിൽ ആളും അനക്കവും വെട്ടവും വെളിച്ചവും ചിരിയും വർ ത്തമാനവും എല്ലാം ഉണ്ട്. കടക്കാർ ആരോ അത് ചുളുവിൽ തട്ടിയെടുത്തു. പുര പണിയിച്ചവന് 'വഴി ആധാരമായി.'

വലിയ വീടുകൾ ഉണ്ടാക്കുന്നതിനെപ്പറ്റി ഒരു ഭീതി ഈ സംഭവം എന്നിൽ ഉണ്ടാക്കിത്തീർത്തു. ഞാൻ ജനിച്ചു വളർന്നത് നാലു കെട്ടും ചാവ ടിയും ഒക്കെയുള്ള സാമാന്യം വലിയ ഒരു വീട്ടിലായിരുന്നു. ഭാഗം കിട്ടി മാറി ത്താമസിച്ചത് തറവാട്ടു വീട്ടിലേക്കും. ഇതെല്ലാം വലിയ വീടുകളുമായി മെരു ക്കിയെടുക്കുന്നതിനു പകരം എന്നെ കൂടുതൽ ഭീതനാക്കുകയാണു ചെയ് തത്. എല്ലാ സ്വത്തുകളും അടക്കി ഭരിച്ചിരുന്ന കാരണവന്മാരുടെ കാലത്തെ സുഭിക്ഷതയും സമൃദ്ധിയുമാണ്. തറവാട്ടിലെ പഴയ മാളികയും നാലുകെട്ടും നെൽപ്പുരയും മറ്റു നിരവധി കെട്ടിടങ്ങളും സന്ദർശകരുടെ സങ്കൽപ്പത്തിൽ,

ഉണർത്തുന്നത്. തറവാട്ടു സ്വത്തിന്റെ ഒരു ഭാഗം മാത്രം കൈവശം ഉണ്ടായിരുന്നു. ചെറിയ വീടുകളിൽ താമസിച്ചിരുന്നവർക്ക് കൂടുതൽ മന:സ്വാസ്ഥ്യവും സുഭിക്ഷതയും കിട്ടി. ഈ അനുഭവങ്ങൾ എന്റെ ഹൃദയത്തിന്റെ ആഴത്തിൽ ദൃഢമായ ഒരു വിശ്വാസമുണ്ടാക്കി. വലിയ വീടുകളിൽ ഭ്രമിക്കരുത്. വലിയ വീട്ടിൽ താമസിച്ചുള്ള ദുർഭിക്ഷരിയേക്കാൾ ഉത്തമമായത് ചെറിയ വീട്ടിൽ താമസിച്ചുള്ള സുഭിക്ഷതയാണ്. വ്യക്തികളെ മാത്രമല്ല, രാജ്യങ്ങളെ സംബന്ധിച്ചും ഇതാണു ശരിയായ സമീപനം.

ഭാഗ്യത്തിന് ഞങ്ങളുടെ തറവാട്ടുവീടും പ്രധാനപ്പെട്ട മറ്റു കെട്ടിടങ്ങളും ഓടുമേഞ്ഞവയായിരുന്നു. ഞങ്ങളുടെ അടുത്തു തന്നെ കൊടി കെട്ടി വാണ ചില പ്രഭുഭവനങ്ങളുണ്ടായിരുന്നു. എട്ടു കെട്ടുകളും നെൽപ്പുരകളും മറപ്പുരകളും ഒക്കെയുള്ളവ. അവിടെയെല്ലാം ആളോഹരി ഭാഗം വന്ന് കാരണവന്മാർ ഭാര്യാഗൃഹങ്ങളിലേക്ക് താമസം മാറുകയും ഏതെങ്കിലും ഒരു ശാഖയ്ക്ക് തറവാട് വീതിക്കപ്പെടുകയും ചെയ്തപ്പോൾ വന്നുഭവിച്ച ദുരന്തം ദുസ്സഹം തന്നെയായിരുന്നു. 'ഇല്ലം വീണു കുത്താറായതും വല്ലഭയുടെ വിശപ്പും' 'കഴല്ക്കു കെട്ടി കരയുന്ന ആത്മജന്മാരും' ഒക്കെയായിരുന്നു ശ്രീദേവിയുടെ കൈയിൽ നിന്നു 'മൂധേവി ഏറ്റെടുത്ത അവിടങ്ങളിലെ സ്ഥിതി. ഓഹരി കിട്ടിയ പുരയിടങ്ങളിലെ ഓല എരുത്തിൽ മേയുന്നതിനു മതിയാവില്ല. പിന്നല്ലേ എട്ടു കെട്ടും മറ്റേക്കെട്ടും മറിച്ചേക്കെട്ടും എല്ലാം മേഞ്ഞെത്തുക! തങ്ങളെ അതുവരെ രോധിച്ചു നിറുത്തിയ ആ പുരകളുടെ മേൽക്കൂരകളെ വേനലും വർഷവും മാറി മാറി ആക്രമിച്ച് ജീർണ്ണിപ്പിച്ചു മണ്ണോടു മണ്ണാക്കിത്തീർത്തു. അന്തസ്സു കൊണ്ട് പൊളിച്ചു വിൽക്കാൻ ഒരുമ്പെട്ടില്ല. ആകായ്കയാൽ സംരക്ഷിച്ചു നിറുത്താനും കഴിഞ്ഞില്ല. 'ബുദ്ധിപൂർവ്വം' ഒന്നു മാത്രം ചെയ്തു പോന്നു. ഇടയ്ക്കും തലയ്ക്കും ഓരോ കഴുക്കോൽ വലിച്ചെടുത്ത് വെട്ടിക്കീറി അടുപ്പിൽ വെക്കും. വെറുതെ ദ്രവിച്ചു പോകാതെ വിറകായെങ്കിലും അതു പ്രയോജനപ്പെട്ടു എന്നാശ്വസിക്കാം.

മരുമക്കത്തായത്തിൽ നിന്നു മക്കത്തായത്തിലേക്കും കൂട്ടു കുടുംബത്തിൽ നിന്ന് ഒറ്റക്കുടുംബങ്ങളിലേക്കും വന്ന മാറ്റത്തിന്റെ ദുരന്തഫലമായിരുന്നു ആ ഭവനങ്ങളുടെ ജീർണ്ണതയും നാശവും എന്നാശ്വസിക്കാം. എന്നാൽ



താനും ഭാര്യയും എണ്ണമില്ലാത്ത മക്കളും അവർ പെറ്റു പെരുക്കുന്ന മക്കളും എല്ലാം ചേർന്ന തന്റെ 'കുടുംബം' ആചന്ദ്രതാരമേ സന്തതി പ്രവേശമേ ഒരുമിച്ചു കഴിയാൻ പോകുകയാണെന്നും മക്കൾ ഓരോരുത്തരായി പിരിയാൻ തുനിയുകയില്ലെന്നും എല്ലാം ധരിച്ച് ചില 'ചിരഞ്ജീവികൾ' ഇന്നും കെട്ടിടങ്ങൾ ഉണ്ടാക്കുന്നതു കാണുമ്പോൾ 'മായാവൈഭവ'ത്തെപ്പറ്റി ഞാൻ ഓർത്തു പോകാറുണ്ട്. പഴയ ആ എട്ടു കെട്ടുകൾക്ക് ഏർപ്പെട്ട ദുരന്തമാണല്ലോ ഭഗവാനേ, ഇവയ്ക്കും വരാൻ പോകുന്നതെന്നു ഞാൻ ദു:ഖിക്കാറുണ്ട്. പണ്ടൊക്കെയുള്ള വീടുകളാണെങ്കിൽ പൊളിച്ചടുക്കിയാൽ വിറ്റു മുതലാക്കാം. അല്ലെങ്കിൽ മൂന്നോ നാലോ വീടുകൾ വയ്ക്കാം. തല്ലിക്കൂട്ടാനുള്ള കാശു മതി. ഇപ്പോഴത്തെ 'സിമന്റു തീപ്പെട്ടികൾ' തല്ലിപ്പൊളിച്ചാൽ പൊളിക്കാമെന്നു മാത്രം. ഒരു വഴിയുണ്ട്. ഓരോ മുറിയിൽ ഓരോ കുടുംബത്തിനും കഴിയാം; എന്നും വഴക്കും വക്കാണവുമായിരിക്കുമെന്നു മാത്രം.

നമ്മുടെ ഇടത്തരക്കാരുടെയും സമ്പന്നരുടെയും ശാപമായിത്തീർന്നിരിക്കുകയമാണ്. 'കെട്ടിടപ്രതാപം' കാണിക്കൽ. അവനവന്റെ സാമ്പത്തിക സ്ഥിതി, രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി, ഇതൊന്നുമായി യാതൊരു ബന്ധവുമില്ലാത്ത മട്ടിലാണു കെട്ടിടപ്രതാപം പോകുന്ന പോക്ക്. വിളഭൂമി വിറ്റ് കെട്ടിടവും ആഭരണവും പണിയിക്കുന്നവർ, കടം വാങ്ങി പൊടി പൊടിച്ചു മാളികവയ്ക്കുന്നവർ, ഉൽപാദനക്ഷമമായ കാര്യങ്ങൾക്കു ചെലവാക്കേണ്ട പണം വാരിക്കോരി കൊട്ടാരം പണിയുന്നവർ-ഇവരെല്ലാം രാജ്യത്തെയും തങ്ങളെത്തന്നെയും ദ്രോഹിക്കുന്നു എന്നാണെന്റെ പക്ഷം. മാത്രമല്ല, അവർ കെട്ടിയുയർത്തുന്ന പ്രകടമായ അസമത്വപ്രദർശനം സ്ഫോടകമായ ഫലങ്ങൾ രാജ്യത്തുണ്ടാക്കുകയും ചെയ്യും. മനുഷ്യപുത്രന്മാർ തല ചായ്ക്കാനിടം കാണാതെ ഭൂതപ്രേതപിശാചുകൾ നൃത്തം വെക്കുന്ന ചുടലക്കളങ്ങളിലേക്കു കുടിലുകൾ കെട്ടി കയറുമ്പോൾ ആകാശത്തെ സ്പർശിക്കുന്ന ഭവനങ്ങൾ ചിലർ കെട്ടിയുയർത്തുന്നത് അപകടത്തിനുള്ള വഴിയാണെന്ന് ആരറിയുന്നു?

അഴിമുഖത്തെ വലിവിൽപ്പെട്ടു തോണികൾ കടലിലേക്കു നിസ്സഹായമായി ഒഴുകിപ്പോകുന്നതു പോലെ 'കെട്ടിടപ്രതാപ'ത്തിന്റെ വലിവിൽപ്പെട്ട് ആത്മബലമില്ലാത്ത അനേകർ ആപത്തിന്റെ പാരാവാരത്തിലേക്ക് അശരണ

രായി നീണ്ടുകയാണ്. മത്സരിച്ചു മത്സരിച്ചു പ്രതാപം കാണിക്കാൻ കെട്ടിയുയർത്തുന്ന കെട്ടിടങ്ങൾ പലതും ഉപയോഗത്തേക്കാൾ 'പദവി' പ്രദർശിപ്പിക്കാനുള്ളവയാണുതാനും. വീടുകളല്ല, 'സ്മാരകങ്ങൾ' ആണ് ഇവർ പലരും പണിയിക്കുന്നതെന്നു തോന്നിപ്പോകും. പക്ഷേ, അവരുടെ സ്ഥാവരമായ ഈ 'പദവി' പുറത്തുള്ളവർ എങ്ങനെ അറിഞ്ഞു ബഹുമാനിക്കാനാണ്? ഒച്ചിനെപ്പോലെ സ്വന്തം ഭവനവും പുറത്തു ചുമന്ന് ഇവർക്ക് ഇഴഞ്ഞു നടക്കാൻ കഴിയേണ്ടതാണ്. അങ്ങനെയായാൽ 'മാലോകർ' വീടിന്റെ സ്ഥിതിഭേദമനുസരിച്ച് ആവശ്യമായ അളവിൽ ബഹുമാനം പകർന്നു കൊടുക്കുമായിരുന്നു.

വ്യയകരമായ ഈ പോക്കിന്റെ മുഖ്യമായ ഉത്തരവാദിത്വം ഭവനനിർമ്മാണപദ്ധതിയുടെ നയം പടച്ചു വെച്ചവർക്കു തന്നെയാണ്. ശരിയാണ്-മനുഷ്യപുത്രന്മാർക്കു തല ചായ്ക്കാൻ ഇടം വേണം! പക്ഷികൾക്കു കൂടും കുറുക്കനു മടയും ഉള്ളതു പോലെ മനുഷ്യനും ഒരു പാർപ്പിടം ഉണ്ടാവണം. പക്ഷേ, ഇന്ത്യയിലെ കോടാനുകോടി മനുഷ്യരെ മുഴുവൻ മനസ്സിൽക്കണ്ടു വേണം ഇതിനുള്ള നയം ആവിഷ്കരിക്കാൻ. അതാണോ ചെയ്തിരിക്കുന്നത്? താഴ്ന്നവരുമാനക്കാരനും ഇടത്തരക്കാരനും ഉദ്യോഗസ്ഥനും വായ്പകൾ കൊടുക്കും-നന്ന് വളരെ നന്ന്! പക്ഷേ, വ്യവസ്ഥ എന്താണ്? കൊടുക്കുന്നതിന്റെ നാലിലൊന്നു കൂടെയെങ്കിലും കൈയിൽ നിന്നു മുടക്കണം ശരിയാണ്! കൊടുത്ത മുതൽ ഈടാക്കിക്കിട്ടണമല്ലോ. പക്ഷേ, മുകളോട്ട് എത്ര വേണമെങ്കിലും മുടക്കാം. അതിന് ആകാശം തന്നെയാണ് അതിർത്തി. ഈ നയത്തിന്റെ ഫലമായി വായ്പ വാങ്ങുന്നതിന്റെ എത്രയോ മടങ്ങാണു കെട്ടിടത്തിൽ കൊണ്ടു ചെന്നു മുടക്കുന്നത്! പ്രത്യുല്പാദനപരമല്ലാത്ത ഒരു രംഗത്തു ദരിദ്രമായ ഈ രാജ്യത്തിന്റെ സമ്പത്തും വിഭവവും ചെന്നു നിശ്ചേതനമായി സ്തംഭിച്ചു നിന്നു പോകുന്നു.

ഒരിക്കലും എഴിച്ചം പിടിക്കാത്തവരുടെ വഴിയാണു നമ്മുടേത്. 'അല്പന്മാ'രായ നാം ഇരന്നു വാങ്ങിയ കുട അർദ്ധരാത്രിക്കു നിവർത്തിപ്പിടിച്ച് അങ്ങു നടക്കുകയാണ്-അന്തസ്സിൽ! അന്തസ്സുണ്ട്; അഭിമാനമേ ഇല്ലാതുള്ളൂ. നാം ആരുടെ അടുക്കൽ പിച്ചപ്പാളയുമായിച്ചെന്ന് ഇരക്കുന്നുവോ, അവർ എങ്ങനെയാണ് ഐശ്വര്യത്തിലും അഭിവൃദ്ധിയിലും വന്നതെന്നു നാം



ആലോചിക്കുന്നുണ്ടോ? ഒരു പത്തു മുപ്പതു കൊല്ലം മുമ്പ് അമേരിക്കക്കാർ പറഞ്ഞു. നൂറായിരം ഡോളറിൽ കൂടുതൽ ചെലവാക്കി സ്വകാര്യഭവനങ്ങൾ ഉണ്ടാക്കരുതെന്ന്. ഇന്നത്തെ കൂടിയ നാണയനിരക്കു നോക്കിയാൽപ്പോലും നാല്പതു നാല്പത്തീരായിരം രൂപയിൽ കൂടുതൽ വരില്ല. (അവർ എത്ര ദാരിദ്ര്യവാസികളാണെന്നു ഓർത്തുപോകുകയാണ്-അല്ലേ?) അതുപോലെത്തന്നെ കെട്ടിടത്തിനു സിമന്റും ഇരുമ്പും ഉപയോഗിക്കുന്നതും നിയന്ത്രിച്ചിരുന്നു. ബ്രിട്ടീഷുകാർ എന്ന 'ദരിദ്രവാസി'കളും ഇങ്ങനെയുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അതു യുദ്ധകാലം കഴിഞ്ഞും അനേക കൊല്ലങ്ങൾ നീണ്ടു നിന്നിരുന്നു! (ഇന്നത്തെ സ്ഥിതി എനിക്കറിയില്ല). പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനോ ഉള്ളതു പുതുക്കിപ്പണിയുന്നതിനോ ആയിരം പവനിൽ കൂടുതൽ ചെലവു വരുമെന്നു കണ്ടാൽ മരാമത്തു വകുപ്പിന്റെ അനുമതി വാങ്ങണം. ഈ നിയന്ത്രണം തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങളെയും ബാധിച്ചിരുന്നു. വാടയ്ക്കുള്ള വീടുകൾ ഹെൽത്ത് മിനിസ്ട്രി(ഇപ്പോൾ ഗൃഹനിർമ്മാണ വകുപ്പ്)യാണ് നിർമ്മിച്ചു പോന്നത്. സ്വകാര്യഭവനങ്ങൾ നിർമ്മിക്കാനുള്ള അനുവാദം നൽകാൻ തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തിയിരുന്നെങ്കിലും അവരെ അതിനു നിർബന്ധിക്കാൻ ആർക്കും അവകാശമുണ്ടായിരുന്നില്ല. വീടു നന്നാക്കുന്നതിനുള്ള ചെലവു പോലും ആദ്യകാലത്ത് പത്തു പവൻ എന്നു നിയന്ത്രിച്ചിരുന്നു. വ്യവസായ ശാലകളും വ്യാപാരസ്ഥാപനങ്ങളും കെട്ടിടം നിർമ്മിക്കണമെങ്കിൽ അത് ഒഴിച്ചു കൂടാത്തതാണെന്നു തെളിയിക്കണമായിരുന്നു. യുദ്ധാനന്തര പശ്ചിമജർമ്മനിയിലും മറ്റു പല രാജ്യങ്ങളിലും ഇതു തന്നെയായിരുന്നു സ്ഥിതി. അവർ, ബോംബേറു മൂലം ഇടിഞ്ഞു തകർന്ന് ഇഷ്ടികക്കൂമ്പാരമായിത്തീർന്ന കെട്ടിടങ്ങളിൽ കഴിച്ചു കൂട്ടിക്കൊണ്ടാണ് അഭിവൃദ്ധിക്കുള്ള വഴിയിൽക്കൂടെ അവിശ്രമം പ്രയത്നിച്ചു മുമ്പോട്ടു വന്നത്.

പക്ഷേ, അവർ ആര്-നമ്മൾ ആര്? അവരുടെ പൂർവ്വികന്മാർ മരത്തിൽ നിന്ന് മരത്തിലേക്കു ചാടി നടന്നപ്പോൾ നമ്മുടെ ആകാശചുംബികളായ മാളികകളുടെ ജനാലകളിൽക്കൂടെ സൂര്യചന്ദ്രന്മാർ നൂഴ്ന്നിറങ്ങിയാണു പോയിരുന്നത്. മോഹൻജദാരോ മുതൽ ഇങ്ങോട്ട് എത്ര ചരിത്രാവശിഷ്ടങ്ങൾ

നമ്മുടെ പഴയപ്രതാപം വിളംബരം ചെയ്യുന്നു! ഇംഗ്ലീഷുകാരനും ജപ്പാൻ കാരനുമെല്ലാം എളിയ കെട്ടിടങ്ങളിൽ-ചിലതു വെറും തകരം പോലു മാവും-വില കൂടിയ യന്ത്രങ്ങൾ സ്ഥാപിച്ച് ഒന്നാന്തരം സാധനങ്ങൾ മിത മായ വിലയ്ക്ക് നിർമ്മിച്ചയച്ച്, ഗംഭീരമായ സൗധങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നമ്മുടെ തല്ലിപ്പൊളി യന്ത്രങ്ങളിൽ അധ്വാനത്തേക്കാൾ അവധിക്കു പ്രാധാന്യം നൽകുന്ന നാം അലസമായി നിർമ്മിച്ചിറക്കുന്ന വില കൂടിയ മൂന്നാം തരം സാധനങ്ങളുമായി മത്സരിക്കുന്നുണ്ടാവാം. അതുകൊണ്ടൊക്കെ നമ്മുടെ ആകാശം തുളച്ചു കയറുന്ന ഭരണപക്ഷത്തിന്റെ (Administrative wing) മഹിമ കുറയ്ക്കാൻ കഴിയുമോ?

വ്യവസായരംഗത്ത് അമേരിക്കയെ തള്ളി പിറകോട്ടു നീക്കുന്ന ജപ്പാൻ സന്ദർശിച്ച ഒരു സ്നേഹിതൻ പറയുകയായിരുന്നു-അവിടത്തെ പല ഫാക്ടറി കളും, തകരപ്പന്തലുകളിലാണ് സ്ഥാപിച്ചിരിക്കുന്നതെന്ന്. എന്നാൽ യന്ത്ര ങ്ങൾ മേൽത്തരം; തൊഴിലാളികളോ സമർത്ഥരും അർപ്പണബുദ്ധിയുള്ള വരും. ഇവിടത്തെ സ്ഥിതി അദ്ദേഹം അനുസ്മരിച്ചു. നമ്മുടെ വ്യവസായ എസ്റ്റേറ്റുകളിൽ ചെന്നു നോക്കിയാൽ മൂന്നിൽ രണ്ടു പങ്കു മുതൽ മുടക്കും കെട്ടിടത്തിനും അനുസാരികൾക്കുമാണ്! യന്ത്രങ്ങൾക്കു വക കാണുന്നത് മൂന്നിലൊന്നോ അതിനു താഴെയോ മാത്രം. തനിക്കു നേരിട്ടറിയാവുന്ന വ്യവ സായസ്ഥാപനത്തെപ്പറ്റി അദ്ദേഹം പറഞ്ഞു: മൊത്തം മുതൽ മുടക്കു പതി നഞ്ചു ലക്ഷം. കെട്ടിടത്തിന് ഒമ്പതും യന്ത്രസാമഗ്രികൾക്ക് ആറും. വന്ധ്യ മായ കെട്ടിടത്തിന്റെ ഭാരം കൂടെ പേറിക്കൊണ്ടു യന്ത്രത്തിനു ലാഭകരമായി പ്രവർത്തിക്കാൻ കഴിയില്ല. ഫലമോ? വ്യവസായിക്കു കനത്ത നഷ്ടം, തൊഴി ലാളിക്ക് അസംതൃപ്തി. സർവ്വത്ര സ്തംഭനം! പൊതു ഉടമയിലായാലും സ്വകാര്യ ഉടമയിലായാലും പ്രത്യുല്പാദനപരമല്ലാത്ത നിക്ഷേപം കൊണ്ട് നമ്മുടെ സാമ്പത്തിക ജീവിതം നിശ്ചലമാകുകയാണ്.

നമ്മുടെ കോളേജുകളും യൂണിവേഴ്സിറ്റികളും ചുറ്റിക്കറങ്ങിക്കണ്ട മറ്റൊരു സ്നേഹിതനും ഈ വിഷയത്തെപ്പറ്റി പറയുകയുണ്ടായി. ഏറ്റവും നല്ല 'പുരാണവസ്തു'ക്കളായി അവശേഷിക്കാൻ പോരുന്ന ഗംഭീര സൗധങ്ങൾ കെട്ടിപ്പൊക്കിയിരിക്കയാണ്-പൊക്കിക്കൊണ്ടിരിക്കയുമാണ്. ഒരിക്കലും അവ



സാനിക്കാത്ത പ്രവർത്തനം സൗധനിർമ്മാണമാണ്. അതിൽ പലതിലും കടന്നു ചെന്നാൽ ശൂന്യമായ വായനശാലകൾ, ശൂന്യമായ ലബോറട്ടറികൾ, അന്തസ്സിനെപ്പറ്റി മാത്രം തൽപ്പരരായ ധിഷണാവാമനന്മാരായ വിദ്യാർത്ഥി കൾ, നമ്മുടെ നിക്ഷേപം മുഴുവൻ സൗധങ്ങളിലായിപ്പോയി-മനുഷ്യന്റേയും മസ്തിഷ്കത്തിന്റേയുംപം കാര്യം അപ്രധാനവുമായി. 'പാരിനുള്ളടിത്തട്ടു പാർത്തു കണ്ടറിഞ്ഞവരാ'യ ഭാരതവർഷത്തിലെ പൂർവരാമൃഷീന്ദ്രന്മാരെ'പ്പറ്റി അഭി മാനിക്കുന്ന നാം അതേ അഭിമാനത്തോടു കൂടെ പറഞ്ഞു: 'അവർതൻ വാസ ങ്ങളോ-പൊട്ടപ്പുല്ലുകൾ കൊണ്ടും ശുഷ്കപത്രൗഘം കൊണ്ടും കെട്ടി മേഞ്ഞ വയായ പാഴ്ക്കുടിലുകളത്രേ' എന്ന്. ഈ 'പാഴ്ക്കുടിലു'കളിൽ നിന്ന് 'മഹാർ ഘങ്ങളും മറ്റെങ്ങുമലഭ്യങ്ങളു'മായ രത്നങ്ങളാണു കിട്ടിയത്. നമ്മുടെ മഹാ സൗധങ്ങളിൽ ചുറ്റിക്കറങ്ങി നടക്കുന്ന 'ഋഷികളി'ൽ നിന്നു കിട്ടുന്നതു മുത്തു ച്ചിപ്പിയും പാറക്കല്ലുമത്രേ. അറിവും അർത്ഥവുമല്ല-ആർഭാടമാണ് 'കെട്ടിട പ്രതാപ'ക്കാരായ നമുക്കു മുഖ്യം.

എന്തിനധികം? മരച്ചുവട്ടിലും മൺകുടിലിലും ഇരുന്നു ജ്ഞാനവി ജ്ഞാനങ്ങൾ വികിരണം ചെയ്ത ആ ഋഷിതുല്യനായ മഹാകവിയുടെ പേരിൽ നാം ലക്ഷങ്ങൾ വ്യയം ചെയ്ത് 'ഹോളുകൾ' (ദ്വാരങ്ങൾ) ഉണ്ടാ ക്കിയാണല്ലോ അദ്ദേഹത്തിന്റെ സ്മരണ നില നിറുത്താൻ പോകുന്നത്. വാല് മീകിയും വ്യാസനും എല്ലാം നാം 'ഹോളുകൾ' പണിയാതെ വിടില്ല. അതൊക്കെ പണ്ടു കാലത്തു കണിയാന്മാർ കോലം വരച്ച പോലെ കൂടെയാ വുകയും ചെയ്താൽ ബഹുഭേഷായി. അല്ലാതെ, സ്മരിക്കാൻ മറ്റൊന്നും അവശേഷിച്ചിട്ടില്ലാത്തവർക്കു 'ഹോളുകളോ' മറ്റെന്തെങ്കിലുമൊക്കെയോ നിർമ്മിച്ചു കൊള്ളൂ. പക്ഷേ, നിർമ്മിക്കുന്നത് അന്യഥാ നിറവേറാൻ കഴി യാത്ത ഒരത്യാവശ്യം നിറവേറ്റുന്നതിനും അനാവശ്യമായ ധനദുർവ്യയും കൂടാതെയുമായാൽ തരക്കേടില്ലായിരുന്നു. നമുക്ക് ഹോളുകളുടെ മേൽ ഹോളുകളാണ്-വിക്ടോറിയാറാണിയുടെ സ്മരണയ്ക്കുള്ളത്, യൂണിവേഴ്സി റ്റിയുടെ അന്തസ്സിനുള്ളത് (യൂണിവേഴ്സിറ്റി സെനറ്റ്ഹാൾ), ടാഗോറിനെ മറന്നു പോകാതിരിക്കാനുള്ളത്, കോളേജുകളുടെ ഹോളുകൾ, വൈ,എം.സി.എ.യുടെയും മറ്റും മറ്റുമായ സ്വകാര്യഹോളുകളും. അതു

പോലെ സ്റ്റേഡിയത്തേൽ സ്റ്റേഡിയം കണ്ടാൽത്തോന്നും പണം വന്നു കുമിഞ്ഞിട്ടു ചെലവാക്കാൻ മറ്റുപായമില്ലെന്ന്. ഇതേയവസരത്തിൽ ആശുപത്രിയിൽ, ഹോസ്റ്റലുകളിൽ, സ്കൂളുകളിൽ-ഇടമില്ലാതെ വിഷമിക്കുകയാണ്.

ഓ, നമ്മുടെ പാരമ്പര്യം മറക്കരുതല്ലോ-പുരാണകില, ആഗ്രാക്കോട്ട, ഫത്തേപ്പൂർ സിക്രി, കുട്ടബ് മിനാർ, ടാജ് മഹാൾ ഇങ്ങനെ പോകുന്ന പുരാണ വസ്തുക്കളുടെ അനന്തരാവകാശികളല്ലേ നാം. ശംഖ് എന്ന ജന്തു കടലിന്റെ അടിത്തട്ടിൽ പരതിപ്പരതി നടന്നു ചത്ത് അഴുകിപ്പോയെങ്കിലും അതിന്റെ 'ഓട്ടി' (Shell) എത്ര ഗംഭീരമായ അവശിഷ്ടമായിരിക്കുന്നു! 'ടാജ്മഹാൾ' ലോകത്തിലെ വിസ്മയമല്ലേ-പ്രേമത്തിന്റെ ഉദ്ഘോഷമല്ലേ-ഗംഭീരമായ ശവകുടീരം, നമ്മുടെ അഭിമാനകുടീരം, അതുപോലെത്തന്നെ കോട്ടകൊത്തളങ്ങളും കൊട്ടാരങ്ങളും. എന്നാൽ, ഒന്നോർക്കണം-ഇതെല്ലാം മനുഷ്യനു വിലയില്ലാതിരുന്ന കാലത്തു ജീവിതത്തിന്റെ മുകൾത്തട്ടിൽ ബാഹുപരാക്രമം കൊണ്ട് എല്ലാ ഭോഗങ്ങളും സുഖങ്ങളും അപഹരിച്ചു പോന്ന അത്യല്പന്യൂനപക്ഷത്തിന്റെ ലീലാവിലാസങ്ങളാണ്. ഷാജഹാന്റെയും മറ്റും കാലത്ത് ഇന്ത്യ സന്ദർശിച്ച ചിലരുടെ വിവരണങ്ങളിൽ നിന്ന് ദാരിദ്ര്യത്തിലും നിരന്തരമായ ഭീതിയിലും യാതനയിലും കഴിഞ്ഞ ജനസാമാന്യത്തിന്റെ ജീവിത ചിത്രം കാണാം. അവർക്കു നിഷേധിക്കപ്പെട്ട ജീവിതത്തിന്റെ ആകെത്തുകയുടെ ഒരംഗമാണ് ഈ മഹാത്ഭുതങ്ങൾ. അവ അത്ഭുതങ്ങൾ തന്നെ. പക്ഷേ, ഇന്നത്തെക്കാലത്ത് ആ മാതിരി അത്ഭുതങ്ങളുടെ വഴിയേ പോകാൻ പാടില്ല. അന്ന് ചക്രവർത്തിമാരും സാമന്തന്മാരും പ്രഭുക്കളും എല്ലാം ജനങ്ങൾക്കു മനം കൊണ്ടു പോലും സ്പർശിക്കാൻ വയ്യാത്ത അകലത്തിൽ-ഉയരത്തിൽ ദേവാംശസംഭവരമായിക്കഴിഞ്ഞവരായിരുന്നു. ആ അകൽച്ചയും അഗമ്യതയും അസാധാരണത്വം നിറഞ്ഞ ലോകവും പ്രജകളിൽ 'ഭയഭക്തികൾ' നിറയ്ക്കാൻ ആവശ്യമായിരുന്നു.

ഇന്നു രാജ്യം ചക്രവർത്തിയുടേതല്ല; ജനങ്ങളുടേതാണ്. ജനജീവിതവുമായി ഒരനുപാതം എല്ലാ കാര്യത്തിലും വേണം. ഏതു ചെയ്യുമ്പോഴും അതു ജനജീവിതത്തിന്റെ അടിയന്തിരവും അത്യാവശ്യവുമായ കാര്യനിർവ്വഹണത്തിന് ഒഴിച്ചു വെക്കാൻ വയ്യാത്തതാണോ എന്നാലോചിക്കണം. 'ദാരിദ്ര്യം



പങ്കു വെക്കലല്ലാ സോഷ്യലിസം-സമ്പത്തു പങ്കു വെക്കലാണ്' എന്നു ഗംഭീരമായി പറയും. അതു ശരിയെന്നു സമ്മതിക്കാമെന്നും വെച്ചോളൂ. നമ്മുടെ ഇന്നത്തെപ്പോക്ക് എന്നെങ്കിലും പങ്കു വെക്കാൻ സമ്പത്തുണ്ടാക്കുമോ? പ്രത്യുല്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് എത്ര പണം നാം ചെലവഴിക്കുന്നു! ആരാന്റെ കൈയിൽ നിന്നു കടം വാങ്ങിയത്; ആളുകളെ ഞെക്കിപ്പിഴിഞ്ഞെടുത്തത്. പൊതുമുതൽ മാത്രമല്ല, സ്വകാര്യ മുതൽ പോലും പ്രത്യുല്പാദനപരമല്ലാതെ ചെലവഴിക്കാൻ പാടില്ല. ആർക്കും 'സ്വന്തം മുതൽ' ഇല്ല. 'സ്വന്തം മുതൽ' സംബന്ധിച്ചും ഒരളവു മാത്രമേ സ്വാതന്ത്ര്യം ആവൂ.

ഇന്നു നാം 'കൂടാരങ്ങളിൽ പാർത്ത് ' അത്യദ്ധ്വാനം ചെയ്ത് യഥാർത്ഥ സമ്പത്തുണ്ടാക്കേണ്ട കാലമാണ്. കെട്ടിടങ്ങളെ സംബന്ധിച്ച് ഇന്നു വേണ്ട നിയമം അതിൽ ചെലവാക്കുന്ന പണത്തിനു പരിമിതി വെക്കലാണ്. വില കുറഞ്ഞതും അത്യാവശ്യ സൗകര്യങ്ങൾ വേണ്ടുന്നതുമായ കെട്ടിട നിർമ്മാണത്തിനുള്ള ഉപദേശം നല്കണം. എല്ലാം അതിൽ ഒതുക്കി നിറുത്തണം. ബാക്കി എല്ലാം കൃഷിയും വ്യവസായവും വാണിജ്യവും വർദ്ധിപ്പിക്കാൻ ഉപയോഗിക്കപ്പെടണം. വീടില്ലാത്തവർക്കു സ്വച്ഛതയുള്ള വീടുകൾ നിർമ്മിക്കാൻ വിപുലമായ രീതിയിൽ പ്രവർത്തിക്കുകയും വേണം. പത്തു പതിനഞ്ച് ഇരുപതു കൊല്ലത്തിനകം സമൃദ്ധി വന്നാൽ അന്ന് 'കെട്ടിടപ്രതാപ'ങ്ങളും മറ്റെല്ലാ പ്രതാപങ്ങളുമാവാം. അല്ലെന്നുണ്ടെങ്കിൽ ഞാൻ ആദ്യം കണ്ട 'സൗധനിർമ്മാതാവിന്റെ ഗതിയാവും പല വ്യക്തികൾക്കും ഈ രാഷ്ട്രത്തിനു മൊത്തത്തിലും വന്നു ഭവിക്കാൻ പോകുന്നത്.

# 8.വായുമണ്ഡലം

സി.എച്ച്.രാമചന്ദ്രൻ

[വിദ്യാഭ്യാസകാലത്തു തന്നെ കവിതകളും ലേഖനങ്ങളും എഴുതിയിരിക്കുന്ന സി.എച്ച്.രാമചന്ദ്രൻ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ചേർന്ന് സർക്കാർ ഉദ്യോഗത്തിൽ ഉയർന്ന നിലയിലെത്തുകയുണ്ടായി. ഒരു പക്ഷേ അതുകൊണ്ടാകാം പില്ക്കാലത്ത് സാഹിത്യരംഗത്ത് സജീവസാന്നിധ്യം പുലർത്താൻ അദ്ദേഹത്തിന് കഴിയാതെ പോയത്.
ഭൗതികശാസ്ത്രത്തിൽ ഉന്നത ബിരുദം നേടിയ ശ്രീ. രാമചന്ദ്രൻ എഴുതിയിട്ടുള്ള ലളിതമായ ശാസ്ത്ര ലേഖനങ്ങളിൽ ഒന്നാണ് 'വായുമണ്ഡലം'.]

നാമെല്ലാം സമുദ്രം കണ്ടിട്ടുണ്ട്. ഭൂതലത്തിൽ, വൻകരകളെ ചുറ്റി, ആയിരമായിരം നാഴിക വിസ്താരത്തിൽ പരന്നു കിടക്കുന്ന ജലസമുദ്രം. നമുക്കു കാണാൻ കഴിയാത്ത വേറൊരു മഹാസമുദ്രം കൂടിയുണ്ട്. നമ്മുടെ ചുറ്റും. നാം ജീവിക്കുന്ന ഈ ഗോളത്തെ ആകമാനം ആവരണം ചെയ്ത്, നമ്മുടെ തലയ്ക്കുമേലെ, മലകൾക്കു മേലെ, നൂറു കണക്കിന് നാഴിക ഉയരത്തിൽ പരന്നു കിടക്കുന്ന വായുമണ്ഡലമാണത്. ആ കടലിന്റെ അടിപ്പരപ്പിൽ ഓടി നടക്കുന്ന മനുഷ്യൻ, ആഴിയുടെ അടിത്തട്ടിൽ ജീവിക്കുന്ന മത്സ്യത്തിനു സമനാണ്. വായുസമുദ്രത്തിന്റെ അടിയിൽ നിന്ന് അവനെ കുറച്ചു നേരത്തേക്കു നീക്കി നിർത്തിയെന്നിരിക്കട്ടെ, വെള്ളത്തിനടിയിൽ നിന്ന് മാറ്റപ്പെട്ട മത്സ്യം പോലെ അവൻ ശ്വാസം മുട്ടിപ്പിടഞ്ഞു മരിക്കും. ഭൂഗോളത്തിന്റെ ചരിത്രത്തിലും ജീവജാലങ്ങളുടെ പരിണാമത്തിലും മനുഷ്യസംസ്കാരത്തിന്റെ വളർച്ചയിലുമെല്ലാം വായുമണ്ഡലം അതിപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്.

ഭൂകേന്ദ്രത്തിന്റെ ആകർഷണ ശക്തിക്കു വിധേയമായി ഭൂമിയെ പറ്റിപ്പിടിച്ചു നില്ക്കുന്ന വായുമണ്ഡലം നമ്മുടെ ഗോളത്തിന്റെ ഒരു പ്രത്യേകതയാണെന്നു തന്നെ പറയാം. ജീവരാശിയുടെ നില നില്പിനു മുഖ്യഹേതുവായ



ഇത്തരമൊരാവരണം, ചുട്ടു പഴുത്തു കിടക്കുന്ന ശുക്രനിലോ, ബുധനിലോ, തണുത്തു മരവിച്ചു കിടക്കുന്ന വ്യാഴത്തിലോ ശനിയിലോ ഉണ്ടാവാനിടയില്ല. ഭൂമിയോടു പല വിധത്തിലും സാരൂപ്യം വഹിക്കുന്ന ചൊവ്വയിൽപ്പോലും അന്തരീക്ഷമെന്നു പറയത്തക്കതായി ഒന്നുമില്ല. ചന്ദ്രഗോളത്തിലും അങ്ങനെ ത്തന്നെ. പറവകൾക്കും പ്രാണികൾക്കും മരങ്ങൾക്കും മത്സ്യങ്ങൾക്കുമെല്ലാം ജീവിതാധാരമായി നില്ക്കുന്ന വായുവിന്റെ മഹത്വം മനസ്സിലാക്കിത്തന്നെയായിരിക്കണം, നമ്മുടെ പൌരാണികർ അതിനെ ഒരു ദേവനായിക്കരുതി ആരാധിച്ചു വന്നത്.

അന്തരീക്ഷത്തിൽ അനവരതം നടന്നു കൊണ്ടിരിക്കുന്ന നാനാമുഖമായ പരിണാമങ്ങളുടെ ഫലമാണ് നാമനുഭവിക്കുന്ന കാലഭേദങ്ങളും മഴയും കാറ്റുമെല്ലാം. വായുമണ്ഡലത്തിന്റെ അഭാവത്തിൽ ''നീരന്ധ്രനീലജലദപ്പലകപ്പുറത്ത്'' വളർവില്ലു വരച്ചു മായ്ക്കാൻ പ്രകൃതിക്കു കഴിവുണ്ടാവില്ല. ആകാശത്തിലെ നീലമേലാപ്പും ഉഷസ്സിന്റെ കവിൾത്തട്ടിലെ ചുവപ്പും അന്തിയുടെ തങ്കക്കസവുമുണ്ടും വായുമണ്ഡലത്തിന്റെ സൃഷ്ടികളാണ്. ചുരുക്കത്തിൽ വായുമണ്ഡലമില്ലെങ്കിൽ നമ്മുടെ ഭൂമി ഒരു നിർജ്ജീവ ഗോളമായിത്തീരുന്നു.

സൂര്യോദയത്തിനു മുമ്പും അസ്തമയത്തിനു ശേഷവും കുറച്ചു നേരത്തേക്കുണ്ടാവാറുള്ള പാടലപ്രഭയ്ക്കു കാരണവും വായുമണ്ഡലമാണ്. പുലർച്ചെ സൂര്യൻ ചക്രവാളസീമയിലെത്തും മുമ്പ്, അന്തരീക്ഷത്തിന്റെ മേലടുക്കുകളിൽ സൂര്യരശ്മികൾ പതിക്കുകയും വെളിച്ചം തട്ടിച്ചിതറി ഭൂമിയിലെത്തുകയും നമുക്ക് മങ്ങിയ പ്രകാശം കിട്ടുകയും ചെയ്യുന്നു. അതേ മാതിരി, സൂര്യാസ്തമയത്തിനു ശേഷവും കുറേ നേരം അന്തരീക്ഷം നമുക്കു വെളിച്ചം തരുന്നു. വായുമണ്ഡലമില്ലാതിരുന്നെങ്കിലോ, പ്രഭാതത്തിൽ പെട്ടെന്ന് വെളിച്ചം പൊട്ടി വിടരുകയും സന്ധ്യക്ക് പെട്ടെന്ന് ഇരുട്ടാവുകയും ചെയ്യുമായിരുന്നു.

ഭൂമിക്ക് ഒരു മേൽക്കട്ടി പോലെ നിന്ന്, സൂര്യനിൽ നിന്നും അനന്തശൂന്യതയുടെ അഗാധതയിൽ നിന്നും വരുന്ന ഹാനികരങ്ങളായ ശക്തിപ്രസരങ്ങളെ തടഞ്ഞു നിർത്തി, ഭൂമണ്ഡലത്തെയും ജീവരാശിയെയും സംരക്ഷിക്കു

കയാണ് വായുമണ്ഡലത്തിന്റെ ഒരു പ്രധാനകർത്തവ്യം. സൂര്യനിൽ നിന്നു വരുന്ന അൾട്രാവയലറ്റ് കിരണങ്ങളെ, അന്തരീക്ഷത്തിലെ പത്തു പതിനഞ്ചു നാഴിക ഉയരത്തിലുള്ള ഓസോൺ വാതകമേഖല തടഞ്ഞു നിർത്തുകയും, മനുഷ്യനു ചൂടു നൽകാനും നാശകാരികളായ ചില അണുക്കളെ കൊല്ലാനും പിള്ളവാതത്തെ തടയാനും ആവശ്യമായ ചെറിയൊരംശം മാത്രം താഴത്തേക്കയക്കുകയും ചെയ്യുന്നു. ഈ അരിച്ചെടുക്കൽ ഇല്ലായിരുന്നെങ്കിൽ അൾട്രാവയലറ്റ് കിരണപ്രസരത്തിന്റെ അസഹ്യമായ ചൂടിൽ ഭൂമുഖം വെന്തു കരിഞ്ഞു പോയേനെ.

ബ്രഹ്മാണ്ഡവിസ്തൃതിയിൽ നിന്ന് ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് ദിവസത്തിൽ സുമാർ അഞ്ഞൂറുകോടിയിലധികം ഉൽക്കകൾ വീണുകൊണ്ടിരിക്കുന്നുണ്ടത്രേ. വായുമണ്ഡലത്തിന്റെ മേലടരുകളിലെത്തുമ്പോഴേക്കും, അവിടത്തെ വായുകണങ്ങളുമായി കൂട്ടിയുരസി അവ മിക്കവാറും കത്തിച്ചാമ്പലാകുന്നു. വളരെ വലുപ്പമുള്ള ചില ഉൽക്കകൾ അന്തരീക്ഷത്തിൽ കുറേ ദൂരം സഞ്ചരിച്ചെന്നു വരാം. അവയാണ് നാം കാണാറുള്ള കൊള്ളിമീനുകൾ. ഭൂമിയുടെ നേർക്കുള്ള ഈ കല്ലേറ് തടഞ്ഞു നിർത്തുവാൻ വായുമണ്ഡലമില്ലായിരുന്നെങ്കിൽ നമ്മുടെ ഗതിയെന്താവുമായിരുന്നു എന്നാലോചിക്കാൻ വയ്യ.

ഭൂമിയിലെ ശീതോഷ്ണാവസ്ഥകളെ ക്രമപ്പെടുത്തി, നമുക്ക് അതികഠിനമായ തണുപ്പോ ചൂടോ അനുഭവപ്പെടാതെ കാത്തു രക്ഷിക്കുന്നതും വായുമണ്ഡലമാണ്. പകൽ സമയത്ത് ഭൂമിക്കു കിട്ടുന്ന ചൂട് രാത്രി അതിവേഗം ആകാശശൂന്യതയിൽ അലിഞ്ഞുപോകാതിരിക്കാൻ അന്തരീക്ഷം മനസ്സു ചെലുത്തുന്നു. വായുശൂന്യമായ ചന്ദ്രമണ്ഡലത്തിലാകട്ടെ പകൽ വളരെ വേഗം ചൂടുയരുകയും രാത്രിയിൽ ഈ ചൂടത്രയും നിശ്ശേഷം പോയി കല്ലിനെപ്പോലും മരവിപ്പിക്കത്തക്ക തണുപ്പാവുകയും ചെയ്യാറുണ്ടത്രേ!

വായുമണ്ഡലം കൊണ്ടു ജീവജാലങ്ങൾക്കുള്ള ഉപയോഗങ്ങളെപ്പറ്റി മനുഷ്യൻ മനസ്സിലാക്കിത്തുടങ്ങിയിട്ട് കുറേ കാലമായെങ്കിലും, വായുവെ ഒരു ഭൗതികപദാർത്ഥമായി സങ്കല്പിക്കാനോ അതിന്റെ ഗുണഗണങ്ങൾ തീർ



ച്ചപ്പെടുത്താനോ അവന് പണ്ടൊന്നും സാദ്ധ്യമായിരുന്നില്ല. വായുവിന്റെ അദൃശ്യതയാണതിനു കാരണം. ഘനപദാർത്ഥങ്ങളോ ദ്രാവകങ്ങളോ ഇല്ലാത്ത ദിക്കിൽ വേറെ എന്തെങ്കിലുമൊരു ഭൗതികപദാർത്ഥമുള്ളതായി സങ്കല്പിക്കാൻ അത്ര എളുപ്പമല്ലല്ലോ. വെള്ളം നിറച്ച ഗ്ലാസിനുള്ളിൽ വെള്ളമുണ്ടെന്നു പറയാൻ ഏതു ചെറിയ കുട്ടിക്കും കഴിയും; ആ വെള്ളം കളഞ്ഞ ശേഷം ഗ്ലാസിലെന്താണുള്ളതെന്നു ചോദിച്ചാലോ, മുതിർന്നവർ കൂടി ഒന്നുമില്ലെന്നേ പറയൂ. വായുവുണ്ടെന്ന കാര്യം നമുക്ക് ഓർമ്മയുണ്ടാവാറില്ല. നമ്മുടെ പൂർവ്വികർക്കും അതാണ് കുഴപ്പം പറ്റിയത്. അഗോചരവും അതേ സമയത്ത് അസ്ഥിരവുമായ ബാഷ്പരൂപത്തെക്കുറിച്ച് അധികമൊന്നും മനസ്സിലാക്കാൻ അവർക്കു സാധിക്കാത്തതിൽ അത്ഭുതമില്ലല്ലോ. പതിനേഴാം നൂറ്റാണ്ടു മുതൽക്കേ ശാസ്ത്രത്തിന് ഈ വഴിക്കു കുറച്ചൊക്കെ അറിവുണ്ടായിത്തുടങ്ങിയുള്ളൂ.

കൂട്ടത്തിൽ, വായുവിന് അതിന്റേതായ തൂക്കമുണ്ടെന്ന പരമാർത്ഥമാണ് മനുഷ്യനെ ഏറ്റവുമധികം അത്ഭുതപ്പെടുത്തിയത്. വായുവിന് ഘനമോ? നാം കത്തിക്കാനുപയോഗിക്കുന്ന എലക്ട്രിക് ബൾബുകൾ അധികവും വായുശൂന്യമാണല്ലോ. അത്തമോരു ബൾബെടുത്ത് നല്ലൊരു തുലാസ്സിൽ വെച്ച് തൂക്കം നോക്കുക. ഇനി, വായു അകത്തേക്കു കടക്കത്തക്ക വിധം ആ ബൾബിലൊരോട്ടയുണ്ടാക്കി വീണ്ടും തൂക്കം നോക്കുക. തൂക്കം കൂടിയിട്ടുണ്ടെന്നു കാണാം. ബൾബിനകത്തു കടന്നു കൂടിയ വായുവിന്റെ ഘനമല്ലേ അതിനു കാരണം? ഒരു ഘനയടി വായുവിന് സുമാർ ഒന്നേകാൽ ഔൺസു തൂക്കമുണ്ടത്രെ. അതായത്, ഒരു സാധാരണ മുറിക്കുള്ളിൽ അഞ്ഞൂറു റാത്തലിലധികം തൂക്കമുള്ള വായു നിറഞ്ഞു കിടക്കുന്നുണ്ടെന്ന് ! വായുമണ്ഡലത്തിന് ആകപ്പാടെ സുമാർ അമ്പത്തെട്ടുകോടി ടൺ ഭാരമുണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു! ഭൂമുഖത്തിലും മനുഷ്യദേഹത്തിലും അനുഭവപ്പെടുന്ന വായുസമ്മർദ്ദം ചതുരശ്ര അടിക്ക് 2116 റാത്തൽ ആണെന്നർത്ഥം. ഇതിനു തുല്യമായ സമ്മർദ്ദം നമ്മുടെ ശരീരത്തിനുള്ളിലും ഉള്ളതു കൊണ്ട് നാമതറിയുന്നില്ലെന്നേയുള്ളൂ. പക്ഷേ, വളരെപ്പെട്ടെന്ന് നാം ഉയരത്തിലേക്കു പറക്കുകയാണെന്നിരിക്കട്ടെ. നമുക്ക് വല്ലാത്ത ഒരസുഖം അനുഭവപ്പെടും. ഉയരം പോകു

ന്തോറും വായു സമ്മർദ്ദം കുറയുകയാൽ ദേഹത്തിനകത്തും പുറത്തുമുള്ള പ്രതിരോധസമ്മർദ്ദശക്തികളുടെ തുല്യതയ്ക്കു കോട്ടം വരുന്നതാണതിനു കാരണം. യാത്രക്കാർക്ക് അസുഖം തോന്നാതിരിക്കാൻ, വിമാനങ്ങൾ സാധാരണ വളരെ മെല്ലെയേ ഉയരുകയും താഴുകയും ചെയ്യാറുള്ളൂ. പതിനായിരം അടിയിലധികം ഉയരത്തിൽ പറക്കുന്ന വിമാനങ്ങളിലെല്ലാം കൃത്രിമ സമ്മർദ്ദശക്തി സംഭരിച്ചു വെക്കാറുള്ളതിനു കാരണവും ഇതു തന്നെയാണ്.

ഈ വായുസമുദ്രം പല പല വാതകങ്ങളുടെ സമ്മിശ്രമാണ്. അതിൽ അഞ്ചിൽ നാലംശം നൈട്രജനും ഏകദേശം അഞ്ചിലൊന്ന് ഓക്സിജനുമാണ്. കാർബൺഡയോക്സൈഡ്, ഹീലിയം, ആർഗൺ തുടങ്ങിയ വേറെ പല ബാഷ്പങ്ങളും ചുരുങ്ങിയ തോതിലുണ്ട്. ചുരുക്കം ചില വാതകങ്ങളുമില്ലെന്നില്ല. സമുദ്രങ്ങളിൽ നിന്നും തടാകങ്ങളിൽ നിന്നും നദികളിൽ നിന്നും പൊന്തിപ്പോകുന്ന നീരാവിയും വായുമണ്ഡലത്തിൽ അലിഞ്ഞു ചേർന്നു കിടക്കുന്നു.

ഓക്സിജന്റെ സാന്നിദ്ധ്യം മൂലമാണ് നമുക്കു തീ കത്തിക്കാൻ സാധിക്കുന്നത്. നമ്മുടെ ശ്വാസോച്ഛ്വാസത്തിന്റെ കാര്യവും അതു തന്നെ. ശ്വാസത്തിലൂടെ ശ്വാസകോശങ്ങളിലെത്തുന്ന ഓക്സിജൻ രക്തപ്രവാഹത്തിലൂടെ ദേഹത്തിലെല്ലാ ഭാഗത്തുമെത്തി ശരീരസെല്ലുകളിലെ കാർബണുമായി ച്ചേർന്ന് കത്തി അവയ്ക്കു വേണ്ട ചൂടും ശക്തിയും കൊടുക്കുകയും, അപ്പോഴുണ്ടാകുന്ന ഉച്ഛിഷ്ടവാതകമായ കാർബൺഡയോക്സൈഡ് രക്തത്തിലൂടെ ശ്വാസകോശങ്ങളിലെത്തി നിശ്വാസ സമയത്ത് പുറത്തു പോവുകയും ചെയ്യുന്നതിനാണല്ലോ ശ്വാസോഛ്വാസം എന്നു പറയാറുള്ളത് ഓക്സിജന്റെ അസഹ്യമായ പ്രസരിപ്പിനെ മന്ദീഭവിപ്പിച്ച് നമുക്കു പൊറുക്കാവുന്ന വിധത്തിലാക്കിത്തീർക്കുകയാണ് നൈട്രജന്റെ ജോലി. ചെടികളുടെ വളർച്ചയ്ക്ക് നൈട്രജൻ അത്യാവശ്യമാണ്. അതുപോലെത്തന്നെ കാർബൺഡയോക്സൈഡ് വലിച്ചെടുത്ത് വേണ്ട ഭക്ഷണമുണ്ടാക്കി ഓക്സിജൻ പുറത്തു വിടുന്നു. ഇങ്ങനെ മണ്ണും സസ്യങ്ങളും ജന്തുക്കളുമെല്ലാം ചേർന്ന് വായുമണ്ഡലത്തിലെ പല ഘടകങ്ങളേയും വിനിയോഗിക്കുകയും അതേ സമയത്തു



പുനർ നിർമ്മിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നതിനാലാണ്, ഈ ബാഷ്പസമ്മിശ്രിതത്തിന്റെ ഘടനയ്ക്ക് നൂറ്റാണ്ടുകളായി അധികമൊന്നും മാറ്റം വരാത്തത്. എങ്കിലും കുറച്ചു കാലമായി, വായുമണ്ഡലത്തിലെ കാർബഡയോക്സൈഡിന്റെ ആകത്തുക കുറേശ്ശേ കൂടി വരുന്നുണ്ടെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. വീടുകളിലും യന്ത്രശാലകളിലും മറ്റും നാം കൂടുതൽ ഇന്ധനങ്ങൾ കത്തിക്കുന്നതിന്റെ ഫലമായിരിക്കാം ഇത്.

വായുമണ്ഡലം എത്രത്തോളം ഉയരത്തിൽ വ്യാപിച്ചു കിടക്കുന്നു? ഉയരം കൂടുന്തോറും അതിന്റെ ഘടനയ്ക്കും ഗുണത്തിനും വല്ല മാറ്റവും വരുന്നുണ്ടോ? ബലൂണുകളും വിമാനങ്ങളും റോക്കറ്റുകളും ഉപയോഗിച്ച് ഈ വിവരങ്ങൾ കുറച്ചൊക്കെ മനസ്സിലാക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ട്. മേലോട്ടു പോകുന്തോറും അന്തരീക്ഷത്തിന്റെ സാന്ദ്രത കുറഞ്ഞു വരുന്നു. ആറു നാഴിക ഉയരത്തിലെ വായു, നമുക്കു ശ്വസിക്കാൻ പറ്റാത്തത്ര നേർത്തിരിക്കുമത്രേ. ഒരു പത്തു നാഴിക ചെന്നാലോ, മെഴുകു തിരി കത്താൻ പോലും വേണ്ട ഓക്സിജൻ ഉണ്ടാവില്ല! മേലോട്ടു പോകുന്തോറും ഓക്സിജനും നൈട്രജനും തീരെ വിരളമായിപ്പോകുന്നു. ഉയരം കൂടുന്തോറും അന്തരീക്ഷത്തിന്റെ ചൂടിനും വ്യത്യാസം വരുന്നു. സാന്ദ്രത പോലെ താപനിലയും ക്രമേണ ചുരുങ്ങി വരുകയല്ല. ഉയരത്തേക്ക് പോകുമ്പോൾ ചൂടും തണുപ്പും മാറി മാറി അനുഭവപ്പെടുകയാണ് ചെയ്യുന്നത്.

വായുമണ്ഡലത്തിന്റെ ഗുണവിശേഷങ്ങളേയും പ്രതിഭാസവൈവിധ്യത്തേയും ആസ്പദമാക്കി, ശാസ്ത്രകാരന്മാർ അതിനെ പല മേഖലകളായി ഭാഗിച്ച് വിശകലനം ചെയ്യാറുണ്ട്. സമുദ്ര വിതാനത്തിൽ നിന്ന് സുമാർ ഏഴു നാഴിക ഉയരത്തോളം പരന്നു കിടക്കുന്ന ജീവമേഖലയാണ് ഏറ്റവും അടിയിലുള്ളത്. നാം ജീവിക്കുന്നതും മേഘങ്ങൾ ഓടി നടക്കുന്നതും മവവില്ലും മിന്നൽപ്പിണരും ഒളിച്ചു കളിക്കുന്നതുമൊക്കെ ഈ അടരിലാണ്. വായുമണ്ഡലത്തിന്റെ ഏറ്റവും ഘനം കൂടിയ ഭാഗമാണിത്. ഈ മേഖലയിൽ, മേലോട്ടു പോകുന്തോറും ചൂടു കുറഞ്ഞു വന്ന്, ഇതിന്റെ പുറത്ത് താപനില സുമാർ-60 ഡിഗ്രി സെന്റിഗ്രേഡ് ആയിത്തീരുന്നു.

അടുത്ത അടരിന് 'സമതാപമേഖല'യെന്നാണ് പേരിട്ടിരിക്കുന്നത്. ഇതു അമ്പതു നാഴിക ഉയരത്തോളം വ്യാപിച്ചു കിടക്കുന്നു. ഇതിൽ ഉയരത്തിന നുസരിച്ച് താപനിലയ്ക്ക് വലിയ വ്യത്യാസമൊന്നും വരാറില്ല. അൾട്രാ വയ ലറ്റു രശ്മികളെ അരിച്ചെടുക്കുന്ന ഓസോൺ വാതകമേഖല ഇതിന്റെ നടു ക്കാണ് കിടക്കുന്നത്.

അമ്പതു നാഴിക മുതൽ നാനൂറു നാഴിക വരെ ഉയർന്നു കിടക്കുന്ന 'വിദ്യുന്മേഖല'യിൽ നീരാവിയും കാർബൺഡയോക്സൈഡും നിശ്ശേഷം ഇല്ലെന്നു പറയാം. സാന്ദ്രതയാകട്ടെ, ഭൂതലത്തിലെ വായുവിന്റെ സാന്ദ്രത യുടെ കോടിയിലൊരംശമേയുള്ളൂ. ഇതിന്റെ അടിത്തട്ടിൽ വെച്ചാണ് മിക്ക കൊള്ളിമീനുകളും കത്തി നശിക്കുന്നത്. ഇവിടത്തെ വായുവിന്റെ അണു ക്കളും കണങ്ങളുമെല്ലാം വിദ്യുൽപ്രസരമുള്ളവയാണ്. ഭൂമിയിലെ റേഡിയോ പ്രക്ഷേപണ കേന്ദ്രങ്ങളിൽ നിന്ന് അന്തരീക്ഷത്തിലേക്കു ചെല്ലുന്ന വൈദ്യുത തരംഗങ്ങളെ, വിദ്യുന്മേഖല താഴോട്ടു പ്രതിഫലിപ്പിച്ചയയ്ക്കുന്നു. അതിൻ മൂലമാണ് ലണ്ടനിൽ നിന്നും ന്യൂയോർക്കിൽ നിന്നും മറ്റുമുള്ള പരിപാടികൾ നമുക്കിവിടെ റേഡിയോവിൽ സുലഭമായി കിട്ടുന്നത്. ഈ മണ്ഡലത്തിന്റെ താഴത്തെ അടരിൽ -50 ഡിഗ്രി സെന്റിഗ്രേഡ് താപനിലയാണെങ്കിലും ഉയരു ന്തോറും ക്രമേണ കൂടി വന്ന്, മുന്നൂറു നാനൂറു നാഴിക ഉയരത്തിൽ 3000 ഡിഗ്രിയിലധികമായിത്തീരുന്നു. വായുമണ്ഡലത്തിലെ അത്ഭുതപ്രതിഭാസങ്ങ ളിലൊന്നായ 'ധ്രുവദീപ്തികൾ' പ്രത്യക്ഷപ്പെടുന്നത് വിദ്യുന്മേഖലയിലാണ്.

നാനൂറു നാഴികയ്ക്കപ്പുറത്തുള്ള 'ബാഹ്യമേഖല'യാണ് അന്തരീക്ഷ ത്തിന്റെ ഏറ്റവും പുറത്തെ അടര്. ഇതെവിടെ വെച്ചവസാനിക്കുന്നു എവിടെ വെച്ച് ബ്രഹ്മാണ്ഡശൂന്യതയാരംഭിക്കുന്നു. എവിടെ വെച്ച് സൂര്യന്റെ വാതകപടലം തുടങ്ങുന്നു എന്നൊന്നും പറയാൻ വയ്യ. വാതകാണുക്കൾ അത്യന്തം വിരളമായ, ഒട്ടും സാന്ദ്രതയില്ലാത്ത, ഒരനിശ്ചിതപടലമായേ ഇതിനെ സങ്കല്പിക്കാൻ പറ്റൂ.

ആകാശത്തിനു നീലിമ കൊടുക്കുന്നതും മനുഷ്യന്റെ സൗന്ദര്യബോ ധത്തെ ഇക്കിളിയാക്കുന്ന പല നിറങ്ങളും കാണിക്കുന്നതും വായുമണ്ഡല



മാണെന്നു പറഞ്ഞല്ലോ.വെളിച്ചം തരംഗങ്ങളായാണ് സഞ്ചരിക്കുന്നത്. സൂര്യ വെളിച്ചത്തിൽ മുഖ്യമായി ഏഴു നിറങ്ങളുണ്ടെന്നും നമുക്കറിയാം. ഓരോ നിറത്തിനും ഒരു പ്രത്യേക തരംഗദൈർഘ്യമുണ്ട്. വയലറ്റിനും നീലവർണ്ണ ത്തിനുമാണ് ഏറ്റവും കുറഞ്ഞ തരംഗദൈർഘ്യം; ചുവപ്പിനോ, ഏറ്റവുമ ധികവും. സൂര്യപ്രകാശം അന്തരീക്ഷത്തിലൂടെ സഞ്ചരിക്കുമ്പോൾ ഹ്രസ്വ മായ നീല തരംഗങ്ങൾ, വായുവിലെ അണുക്കളിലും പൊടിയിലും തട്ടിച്ചിത റിപ്പരക്കുന്നു. അങ്ങനെയാണ് ആകാശത്തിനു നീലനിറം കിട്ടുന്നത്. ഒരു പത്തു പതിനാറു നാഴിക ഉയരത്തിൽ അണുക്കളും പൊടിയും നിറഞ്ഞ മേഖ ലയ്ക്കപ്പുറത്ത്, ചെന്നു നോക്കിയാൽ ആകാശത്തിനു നീലിമയല്ല, ശൂന്യമായ കറുപ്പു നിറമാണ് കാണുക.

കാലത്തും സന്ധ്യക്കും ചക്രവാളസീമയിൽ നിന്ന് ഭൂതലത്തിലേക്ക് സൂര്യകിരണങ്ങൾ ചെരിഞ്ഞു ചെരിഞ്ഞു സഞ്ചരിക്കുമ്പോൾ, വായുമണ്ഡ ലത്തിലെ അണുക്കളും നീരാവിയും ചേർന്ന് ഹ്രസ്വതരംഗങ്ങളെ അരിച്ചെടു ക്കുകയും, തരംഗദൈർഘ്യം കൂടിയ ചുവപ്പും ഓറഞ്ചും മഞ്ഞയും മാത്രം ഭൂമിയിലെത്തുകയും ചെയ്യുന്നു. ഈ നേരങ്ങളിൽ ലോകം മുഴുവൻ ചുവപ്പു നിറത്തിൽ മുങ്ങിക്കുളിക്കാറുള്ളതങ്ങനെയാണ്. മഴവില്ലുണ്ടാകുന്നതും ഏക ദേശം ഇങ്ങനെ തന്നെ. അന്തരീക്ഷത്തിൽ ഈർപ്പം ധാരാളമുള്ള സമയത്ത്, സൂര്യപ്രകാശത്തിലെ കിരണതരംഗങ്ങൾ നീരാവികണങ്ങളിലും മഴത്തുള്ളി കളിലും തട്ടിച്ചിതറി വർണ്ണരാജി വിതറുമ്പോഴാണ്, 'മാനത്തിൻ മാണിക്യ മാലാമതല്ലികകൾ' പ്രത്യക്ഷപ്പെടുന്നത്.

ചലനാത്മകതയാണ് വായുവിന്റെ ഏറ്റവും മുഖ്യമായ സ്വഭാവം. ഇള കുന്ന വായുവാണല്ലോ കാറ്റ്. വായുമണ്ഡലത്തിന്റെ ഘടനയെപ്പറ്റിയും അതിലെ പ്രതിഭാസങ്ങളെപ്പറ്റിയുമെല്ലാം ആലോചിക്കാൻ മനുഷ്യനു കഴിവു വരുന്നതിനു മുമ്പു തന്നെ, കാറ്റിനെ മനസ്സിലാക്കാനും പേടിക്കാനും ആരാ ധിക്കാനും അവർ തുടങ്ങിയിരുന്നു. മരങ്ങളെയും മഹാനഗരങ്ങളെയും തകർത്തു തരിപ്പണമാക്കുന്ന ഉഗ്രശാസനമായ കൊടുങ്കാറ്റും, വള്ളിക്കുടിലു കളിൽ മൂളിപ്പാട്ടു പാടിയും മുല്ലപ്പൂവിന്നിക്കിളി കൂട്ടിയും ചുറ്റിത്തിരിയുന്ന

കുളിർകാറ്റുമെല്ലാം നമ്മുടെ ചരിത്രത്തിലും സംസ്കാരത്തിലും സാമൂഹ്യപുരോഗതിയിലും ചിന്താഗതിയിൽപ്പോലും അലിഞ്ഞു ചേർന്നിട്ടുണ്ട്. കാലവർഷക്കാറ്റുകൾ,ഉഷ്ണക്കാറ്റുകൾ, ധ്രുവക്കാറ്റുകൾ, ചുഴലിക്കാറ്റുകൾ എന്നിങ്ങനെ പലവിധം കാറ്റുകളുണ്ട്. കാലാവസ്ഥ നിർണ്ണയിക്കുന്നതിലും, ശീതോഷ്ണാവസ്ഥ ക്രമപ്പെടുത്തുന്നതിലും ഭൂമുഖത്തിന്റെ ഫലപുഷ്ടിയും ജീവിത പരിത:സ്ഥിതികളും തീർച്ചപ്പെടുത്തുന്നതിലും കാറ്റുകൾക്കുള്ള പങ്ക് എടുത്തു പറയേണ്ടതില്ലല്ലോ. സൂര്യന്റെ ചൂടും ഭൂമിയുടെ സ്വയംഭ്രമണവും ഒത്തു ചേർന്നാണ് കാറ്റുകളെ ഉത്തേജിപ്പിക്കുന്നതെന്നു പറയാം. സൂര്യോഷ്ണം കാരണം വായുമണ്ഡലം പല ദിക്കിലായി പല തോതിൽ ചൂടു പിടിക്കുന്നു. ചൂടു പിടിച്ച വായു വികസിച്ച് സാന്ദ്രത കൂടിയ തണുത്ത വായുവും ഇളകിച്ചേരുന്നു. ഭൂമിയുടെ ഭ്രമണഗതിക്കനുസരിച്ച് ഈ ചലനങ്ങൾ പല വഴികളിൽ, പലപ്പോഴും ചില നിശ്ചിത വഴികളിൽ, നീങ്ങുകയും ചെയ്യുന്നു. അവയാണ് കാറ്റുകൾ.

ശരത്കാലത്ത് നീലാകാശത്തു പഞ്ഞിക്കെട്ടുകൾ പോലെ പാറിപ്പറക്കുന്ന വെള്ള മുകിലുകളും വേനൽക്കാലത്ത് വമ്പിച്ച തിരമാലകൾ പോലെ ഒഴുകിപ്പോകുന്ന മേഘമാലകളുമെല്ലാം വായുമണ്ഡലത്തിന്റെ അരുമസ്സന്താനങ്ങളാണ്. ഭൂമിക്കു തൊട്ടു കിടക്കുന്ന വായു ചിലപ്പോൾ വളരെ ചൂടു പിടിക്കുകയും അതിന്റെ സാന്ദ്രത വളരെ കുറയുകയാൽ ചുറ്റുമുള്ള തണുത്ത വായുവിന്റെ സമ്മർദ്ദത്തിനു വിധേയമായി അതു മുകളിലോട്ടു പോവുകയും ചെയ്യുന്നു. പലപ്പോഴും ആ വായുവിൽ ധാരാളം നീരാവി അടങ്ങിയിട്ടുണ്ടാവും. ഉയർന്നു ചെന്ന് അന്തരീക്ഷത്തിന്റെ തണുത്ത മേഖലകളിലെത്തുമ്പോൾ നീരാവി ഘനീഭവിക്കുന്നു. അപ്പോഴാണ് ആ നീരാവിക്കൂട്ടങ്ങൾ മേഘമാലകളായി നമുക്കു ദൃശ്യമാവുന്നത്. മേഘങ്ങളുടെ തണുത്ത മേലടരിലെ ധൂളികളിലും ഹിമകണങ്ങളിലും നീരാവി പറ്റിപ്പിടിക്കുന്നു. കൂടുതൽ കൂടുതൽ തൂക്കം കൂടുമ്പോൾ താഴോട്ടു വീഴുകയും ചെയ്യും. അവയാണ് ഭൂമിയുടെ ദാഹം തീർക്കാനെത്തുന്ന മഴത്തുള്ളികൾ.

നാനാമുഖമായ ഗവേഷണങ്ങളുടെ ഫലമായി, വായുമണ്ഡലത്തെക്കുറിച്ച് മനുഷ്യന് ഇന്നു ധാരാളം അറിവു കിട്ടിയിട്ടുണ്ട്. അവിടത്തെ പരിണാമ



ങ്ങളെപ്പറ്റിയും പ്രതിഭാസങ്ങളെപ്പറ്റിയും ഏറെക്കുറെ തിട്ടമിട്ടു പറയുവാൻ നമുക്കിന്നു സാധിക്കും. മഴയും കാറ്റും കൊടുങ്കാറ്റുമെല്ലാം ഉണ്ടാകുന്നതിനെക്കുറിച്ചു മുൻകൂട്ടിത്തന്നെ തീരുമാനിക്കാനും നമുക്കിന്നു കുറെയൊക്കെ കഴിയും. ഈ കഴിവ് നമ്മുടെ ദൈനംദിന ജീവിതത്തിൽ വളരെയേറെ ഉപയോഗപ്രദമാകുന്നുണ്ട്. പക്ഷേ, മനുഷ്യവിജ്ഞാനത്തിന് മനസ്സിലാക്കാൻ പറ്റാത്ത എത്രയെത്രയോ രഹസ്യങ്ങൾ ഇനിയും അനന്തരീക്ഷത്തിൽ അടിഞ്ഞു കിടക്കുന്നുണ്ട്. നിരന്തരമായ നിരീക്ഷണത്തിന്റേയും ഗവേഷണത്തിന്റേയും ഫലമായേ ഈ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടു പിടിക്കാൻ സാധിക്കൂ. അന്തരീക്ഷത്തെ കവച്ചു കടക്കാനും ചന്ദ്രമണ്ഡലത്തിൽ കാലൂന്നാനും ബ്രഹ്മാണ്ഡ വിസ്തൃതിയിലേക്കെത്തിനോക്കാനും കിണഞ്ഞു പരിശ്രമിച്ചു കൊണ്ടിരിക്കുന്ന ശാസ്ത്രത്തിന്റെ മുമ്പിൽ ഈ രഹസ്യങ്ങളുടെ ചുരുളുകൾ ഓരോന്നോരോന്നായി നിവർന്നു വരികയാണെന്നു പറയാം.

# 9. സിനിമയും ഇതരകലകളും

മധു ഇറവങ്കര

[സിനിമയെ സംബന്ധിക്കുന്ന പഠനഗ്രന്ഥങ്ങൾ മലയാളത്തിൽ അധികമില്ല. ഇന്നു ജനജീവിതത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്ന ദൃശ്യമാധ്യമങ്ങളിലൊന്നാണ് സിനിമ. കോളേജ് അധ്യാപകനായ മധു ഇറവങ്കര മലയാള സിനിമയെക്കുറിച്ചും അതിനു സാഹിത്യാദി കലകളുമായുള്ള ബന്ധത്തെക്കുറിച്ചും പഠനം നടത്തിയിട്ടുള്ള വ്യക്തിയാണ്. അദ്ദേഹത്തിന്റെ 'മലയാള സിനിമയും സാഹിത്യവും' എന്ന ഗ്രന്ഥത്തിൽ നിന്നു എടുത്തിട്ടുള്ളതാണ് പാഠ്യഭാഗം.]

ആദ്യകാല ചലച്ചിത്ര വിമർശകർ സിനിമയെ എല്ലാ കലകളുടേയും ഒരു സമന്വയമായി കണ്ടിരുന്നു. എന്നാൽ പില്ക്കാലത്ത് ചലച്ചിത്രഭാഷയെയും വ്യാകരണത്തെയും കുറിച്ചുള്ള അവബോധം ഈ അന്ധവിശ്വാസത്തെ പൂർണ്ണമായും ദുരീകരിച്ചു. ചലച്ചിത്രം സ്വന്തം ഭാഷ സംസാരിക്കുകയും സ്വന്തമായ അസ്തിത്വം വച്ചു പുലർത്തുകയും ചെയ്യുന്നു. പക്ഷേ, ഇതരകലകളിൽ നിന്നും ഒറ്റപ്പെട്ടു നില്ക്കുന്നുമില്ല. മറ്റു കലകളിൽ നിന്നു സിനിമയും സിനിമയിൽ നിന്നു മറ്റു കലകളും പ്രചോദനമുൾക്കൊണ്ടിട്ടുണ്ട്. സൂസൻ സൊണ്ടാഗ് ചൂണ്ടിക്കാണിക്കുന്നതുപോലെ സിനിമ സമഗ്രമായ ഒരു കലയാണ്, മറ്റെല്ലാ കലാരൂപങ്ങളുമായും സാമ്യമുള്ള ഏതെങ്കിലും ഒരംശം അതിലുണ്ട്. ചലച്ചിത്രചിന്തകയായ ജോയ് ഗൂൾഡ് ബോയത്തിന്റെ അഭിപ്രായവും സൂസൻ സൊണ്ടാഗിന്റെ നിരീക്ഷണത്തോടു യോജിച്ചു പോകുന്നു. ''സിനിമ അതിന്റെ ദൃശ്യസ്വഭാവത്തിൽ ചിത്രകലയുമായും ചലനാത്മകതയിൽ നൃത്തവുമായും വൈകാരിക പ്രഭാവത്തിൽ സംഗീതവുമായും പ്രദർശനത്തിലും പ്രകടനത്തിലും നാടകവുമായും സാങ്കേതികതയിൽ വാസ്തുവിദ്യയുമായും ഇതിവൃത്തം, കഥാപാത്രങ്ങൾ, പശ്ചാത്തലവിന്യാസം, സംഭാഷണം,



ബിംബ കല്പന, പ്രമേയാവിഷ്കരണം എന്നിവയിൽ സാഹിത്യവുമായും സാമ്യം പുലർത്തുന്നു.''

ചലച്ചിത്രം തികച്ചും ദൃശ്യ-ശ്രാവ്യ കലയാണ്. ചലച്ചിത്ര ബിംബങ്ങളെ ക്രമപ്പെടുത്തുന്നതിൽ ചിത്രകലയിലെ സൗന്ദര്യാത്മകതത്ത്വങ്ങളാണ് പ്രയോഗിക്കുന്നത്. സിനിമയിലെ ഒരു ഫ്രെയിമിന്റെ രചനയും പെയിന്റിങ്ങും തമ്മിൽ സാമ്യങ്ങളേറെയുണ്ട്. പക്ഷേ, ഫ്രെയിമിനുള്ളിൽ ചലിക്കുന്ന വസ്തുക്കളേയാണ് സമാഹരിച്ചിരിക്കുന്നത്. ഫ്രെയിമുകളുടെ ചലനത്തിലൂടെ ഈ വസ്തുക്കളുടെ ചലനാത്മകത യാഥാർത്ഥ്യമായിത്തീരുന്നു. പെയിന്റിങ്ങിലാകട്ടെ വസ്തുക്കൾ നിശ്ചലങ്ങളാണ്. ചിത്രവും ഒരു നിശ്ചല ഛായാചിത്രവും തമ്മിൽ സാദൃശ്യമുണ്ടെന്നതു സമ്മതിക്കാം. ചിത്രത്തെയോ നിശ്ചലഛായാചിത്രത്തെയോ ഒരു അടഞ്ഞ വ്യവസ്ഥയ്ക്കുള്ളിൽ നിർബന്ധിക്കാവുന്നതാണ്. അതിലെ വസ്തുക്കളുടെ ചലനമാകട്ടെ വ്യവസ്ഥയുടെ പരിധിക്കുള്ളിൽ നിശ്ചിതമാണ്; അതോടൊപ്പം തന്നെ വസ്തുക്കളുടെ പരസ്പരബന്ധത്തെയും ആശ്രയിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ഒരു വ്യവസ്ഥ ചലച്ചിത്രത്തിന് അപ്രായോഗികവും അതിന്റെ സാങ്കേതികതയ്ക്കു വിരുദ്ധവുമാണ്.

ചലച്ചിത്ര ദൃശ്യങ്ങളെ രണ്ടു രീതിയിൽ സമീപിക്കാം. ദ്വിമാനചിത്രങ്ങളായി കണക്കാക്കുകയും ചിത്രകലയുടെ അടിസ്ഥാനതത്ത്വങ്ങളുപയോഗിച്ച് അവയെ സമീപിക്കുകയുമാണ് ഒന്നാമത്തേത്. നോർമൻ മക്ലാറന്റെ കാർട്ടൂൺ ചിത്രങ്ങളും 'ലൈൻസ് പാരലൽ', 'ലൈൻസ്ഹൊറിസോണ്ടൽ' തുടങ്ങിയ ആനിമേഷൻ ചിത്രങ്ങളും ഈ സമീപന രീതിക്ക് ഉദാഹരണങ്ങളാണ്. പമ്പരാഗത ആഖ്യാനകലകളിൽ നിന്നും രൂപം കൊടുത്ത ത്രിമാന ചിത്രങ്ങളായി ചലച്ചിത്ര ദൃശ്യങ്ങളെ വീക്ഷിക്കുന്ന രീതിയാണ് രണ്ടാമത്തേത്. നാടകീയ ചിത്രങ്ങളിൽ ഈ സമീപനമാണ് പുലർത്തുന്നത്. വിജയം കൈവരിച്ച പല ചലച്ചിത്രങ്ങളും ഈ രണ്ടു തരം സമീപനങ്ങളെയും സമർത്ഥമായി ഉൾക്കൊള്ളാൻ ശ്രമിച്ചിട്ടുണ്ട്. കാണികൾ എല്ലായ്പോഴും നല്ല ഛായാഗ്രഹണവും നല്ല കഥാഖ്യാനവും ഇഷ്ടപ്പെടുന്നു എന്നതിന്റെ തെളിവാണിത്.

കഥാചിത്രങ്ങളെപ്പോലെ തന്നെ പെയിന്റിങ്ങുകളെ ആസ്പദമാക്കിയും ചലച്ചിത്രകാരന്മാർ ചിത്രമൊരുക്കാറുണ്ട്. വാൻഗോഗിന്റെ ചിത്രങ്ങളെ അധി

കരിച്ച് അലൻ റെനെ രചിച്ച സിനിമ പ്രസിദ്ധമാണ്. ചലച്ചിത്രകാരൻ ഒരു പെയിന്റിങ്ങിനെ മൂന്നു വിധത്തിൽ സമീപിക്കുന്നതായി ഗാസ്റ്റൺ റോബർജ് അഭിപ്രായപ്പെടുന്നുണ്ട്. യഥാർത്ഥത്തിൽ ഈ സമീപനരീതികൾ ചലച്ചിത്രവും ചിത്രകലയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നവയാണ്.

ചിത്രകാരന്റെ കലാസൃഷ്ടിയെ കുറെക്കൂടി വലിയൊരു സംഘം കാണികൾക്കു പരിചയപ്പെടുത്തുകയാണ് ഒന്നാമത്തെ സമീപനത്തിന്റെ ഉദ്ദേശ്യം. ചിത്രകാരന്റെ പെയിന്റിങ്ങിനാണിവിടെ പ്രാമുഖ്യം. ചലച്ചിത്രം ഇവിടെ വസ്തുക്കളെ രേഖപ്പെടുത്തുക മാത്രമാണു ചെയ്യുന്നത്. രണ്ടാമത്തെ രീതിയിലാകട്ടെ ചലച്ചിത്രകാരൻ ചിത്രകാരന്റെ സൃഷ്ടിയെ വ്യാഖ്യാനിക്കുകയും അയാളുടെ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുകയുമാണ്. പെയിന്റിങ്ങിനേക്കാൾ മഹത്തായ ഒരു കലാസൃഷ്ടിയായി ചലച്ചിത്രം പരിണമിച്ചേക്കാം. വെറുതെ ചിത്രം കാണുമ്പോൾ ലഭിക്കുന്ന അനുഭൂതിക്കു പകരം ചലച്ചിത്രാനുഭൂതിയാണ് പ്രേക്ഷകനു ലഭിക്കുന്നത്.

മൂന്നാമത്തെ സമീപനത്തിൽ ചലച്ചിത്രകാരനെ സംബന്ധിച്ചിടത്തോളം പെയിന്റിങ്ങ് ഒരു അസംസ്കൃത വസ്തു മാത്രമാണ്. സൗന്ദര്യപരമായി അയാൾ പെയിന്റിങ്ങിനെ നശിപ്പിക്കുകയും ചലച്ചിത്ര കലയാക്കി അതിനെ മാറ്റുകയുമാണ് ചെയ്യുന്നത്. പെയിന്റിങ്ങിന്റെ അസ്തിത്വം ഇല്ലാതാകുകയും ചലച്ചിത്രത്തിന്റേതായ ഒരു അനുഭവമണ്ഡലം അനാവൃതമാകുകയും ചെയ്യുന്നു.

ചിത്രകലയിലെ 'ക്യൂബിസം' എന്ന പ്രസ്ഥാനം ചലച്ചിത്ര ബിംബങ്ങളിൽ നിന്നും പ്രചോദനമുൾക്കൊണ്ടു വളർന്നതാണെന്നു കാണാം. ''ക്യൂബിസം ചലച്ചിത്ര കലയ്ക്കു സമാന്തരമായി വളരുകയായിരുന്നു. ക്യാൻവാസിൽ ഒന്നിലധികം പരിപ്രേക്ഷ്യങ്ങളുടെ പ്രതലങ്ങൾ സൃഷ്ടിക്കുവാനുള്ള ശ്രമത്തിൽ പിക്കാസോയും ബ്രാക്കും മറ്റു ചിത്രകാരന്മാരും ചലച്ചിത്രമുയർത്തിയ വെല്ലു വിളിയോടു പ്രതികരിക്കുകയായിരുന്നു.-ജെയിംസ് മൊണാക്കോ ചൂണ്ടിക്കാണിക്കുന്നു. പരിപ്രേക്ഷ്യങ്ങൾ തമ്മിലുള്ള ആന്തരിക ബന്ധം ക്യാൻവാസിൽ ആവിഷ്കരിക്കുവാനായിരുന്നു ക്യൂബിസ്റ്റു ചിത്രകാരന്മാർ ശ്രമിച്ചത്. ഇതിനു സമാനമാണ് ചലച്ചിത്രത്തിലെ മൊണ്ടാഷിന്റെ



യുക്തി. ക്യൂബിസവും മൊണ്ടാഷും നേരിട്ടനുഭവവേദ്യമാകുന്ന ഒരു അർത്ഥത്തെ ഒഴിവാക്കി അനവധി അർത്ഥതലങ്ങളെ തേടുകയാണെന്നു കാണാം.

ഒറ്റനോട്ടത്തിൽ ചലച്ചിത്രവും നാടകവും തമ്മിൽ വളരെ അടുത്ത ബന്ധം പുലർത്തുന്നുവെന്നു തോന്നാം. ചലച്ചിത്രം നാടകത്തിന്റെ ഒരു വിപുലീകരണമാണെന്ന സിദ്ധാന്തം ആവിഷ്കരിച്ചവരുമുണ്ട്. കഥാവതരണത്തിലും മാനുഷിക സംഘർഷങ്ങളിലും അഭിനയത്തിലുമുള്ള സമാനതയാകാം സൈദ്ധാന്തികരെ ഇങ്ങനെയൊരു നിഗമനത്തിലെത്തിച്ചത്. അരങ്ങിലവതരിപ്പിക്കുന്ന ഒരു നാടകത്തെ അപ്പാടെ സിനിമയിലാക്കുവാൻ കഴിയും. അപ്പോൾ അത് സിനിമയിലാക്കപ്പെട്ട ഒരു നാടകം മാത്രമായിരിക്കും. നിശ്ശബ്ദ സിനിമാ കാലഘട്ടത്തിലെ മിക്ക സിനിമകളും ഇത്തരത്തിൽ തിരശ്ശീലയിലെത്തിയ നാടകങ്ങളാണെന്നു കാണാം.

സിനിമയിലേക്ക് നാടകങ്ങൾ രൂപപ്പെടുത്തുന്നതിലെ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്തു കൊണ്ട് പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ മുൻ അദ്ധ്യാപകനായ പ്രൊഫ. സതീഷ് ബഹാദൂർ ശ്രദ്ധേയമായ ചില നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. നാടകകൃത്തിന്റെ വരികൾ അരങ്ങിലൂടെ നടീനടന്മാർ അഭിനയിച്ചു കാണികളിലെത്തിക്കുന്ന നാടകമാണ് അടിസ്ഥാനപരമായി ചലച്ചിത്രത്തിലാക്കേണ്ടത്. കാണികളുടെ വീക്ഷണകോണിലൂടെ മാത്രം ക്യാമറ അത് പകർത്തണമെന്നില്ല. സ്ഥിരമായി നില്ക്കുന്ന അരങ്ങിൽപ്പോലും ക്യാമറയുടെയും ലെൻസിന്റെയും ചലനങ്ങൾ കൊണ്ട് അരങ്ങിന്റെ വ്യാപ്തിയും സാദ്ധ്യതയും വർദ്ധിപ്പിക്കാൻ കഴിയും.

തിരശ്ശീലയിലെ നാടകങ്ങൾ ചലച്ചിത്രമാദ്ധ്യമത്തിന്റെ രേഖപ്പെടുത്തുവാനുള്ള കഴിവു മാത്രമാണുപയോഗിക്കുന്നത്. അവതരണ സമയത്തു മാത്രം ആയുസ്സുള്ള നാടകത്തെ വരും തലമുറയ്ക്കു വേണ്ടി സൂക്ഷിച്ചു വയ്ക്കാൻ ചലച്ചിത്രത്തിലാക്കപ്പെട്ട നാടകത്തിനു കഴിയുന്നു. ഇത്തരം ചലച്ചിത്രങ്ങളെ ഒരു പ്രത്യേക വിഭാഗമായി ഒഴിച്ചു നിർത്തിയിട്ടു വേണം സിനിമയും നാടകവും തമ്മിലുള്ള അടിസ്ഥാനപരമായ സാജാത്യവൈജാത്യങ്ങളെപ്പറ്റി ചിന്തിക്കേണ്ടത്.

ചലച്ചിത്രവും നാടകവും തമ്മിലുള്ള പ്രാഥമിക വ്യത്യാസം, ഒന്ന് രേഖപ്പെടുത്തുന്ന കലയും മറ്റൊന്ന് പ്രകടനകലയുമാണെന്നതാണ്. അരങ്ങിൽ നടനാണ് സർവ്വാധികാരി; ചലച്ചിത്രത്തിൽ സംവിധായകനും. ചലച്ചിത്രത്തിൽ നടൻ സംവിധായകന്റെ പല ഉപകരണങ്ങളിൽ ഒന്നു മാത്രമാണ്. അരങ്ങിൽ നടൻ പ്രേക്ഷകനുമായി നേരിട്ടു സംവദിക്കുന്നു. ചലച്ചിത്രത്തിലാകട്ടെ, ദൃശ്യ-ശ്രാവ്യ ബിംബങ്ങളുടെ ക്രമമായ ചിട്ടപ്പെടുത്തലിലൂടെ കാണികൾക്ക് അർത്ഥം മനസ്സിലാക്കിക്കൊടുക്കുകയാണ് സംവിധായകൻ.

നാടകത്തിൽ നടനോടൊപ്പം തന്നെ സംഭാഷണങ്ങൾക്കും പ്രാധാന്യമുണ്ട്. ആഖ്യാനത്തിനും ദൃശ്യസാദ്ധ്യതകൾക്കും ഊന്നൽ നല്കുന്നതിനാൽ ചലച്ചിത്രത്തിൽ സംഭാഷണങ്ങൾക്കു വലിയ സ്ഥാനമില്ല. സംഭാഷണങ്ങളില്ലാതെ തന്നെ സിനിമ രൂപപ്പെടുത്തുവാൻ കഴിയും. എന്നാൽ സംഭാഷണങ്ങളില്ലാത്ത ഒരു നാടകം നമുക്കു വിഭാവന ചെയ്യാനേ ആവില്ല.

നാടകം ഒരു നിശ്ചിത സ്ഥലകാലത്തിൽ അധിഷ്ഠിതമാണ്. എന്നാൽ ചലച്ചിത്രത്തിലെ കാലം അനിയതമാണ്. നാടകത്തിലെ സംഭവവികാസങ്ങളുടെ വളർച്ചയ്ക്ക് കാലപരിധിയുണ്ട്. സ്ഥലകാലങ്ങളെ ഭേദിക്കാനുള്ള പരീക്ഷണങ്ങൾ നാടകത്തിൽ നടന്നിട്ടുണ്ടെങ്കിലും സിനിമയുടെ സാദ്ധ്യതകളുമായി തട്ടിച്ചു നോക്കുമ്പോൾ ഇതു തുലോം പരിമിതമാണെന്നു കാണാവുന്നതേയുള്ളൂ.

ഒരു നാടകം തന്നെ വിവിധ അരങ്ങുകളിൽ അനേകം തവണ അവതരിപ്പിക്കാറുണ്ട്. ഒരു പ്രത്യേക നാടക കൃതിയെ അവലംബിക്കുന്നതൊഴിച്ചാൽ ഓരോ നാടകവും വ്യത്യസ്തമാണ്. ആ കൃതിയുടെ തന്നെ വ്യത്യസ്ത വ്യാഖ്യാനങ്ങളായി അവയെ കണക്കാക്കാം. പക്ഷേ, ചലച്ചിത്രം മാറ്റങ്ങളൊട്ടുമില്ലാത്ത പൂർണ്ണത പ്രാപിച്ച ഒരു കലാസൃഷ്ടിയാണ്. പശ്ചാത്തലത്തെ സംബന്ധിച്ച അടിസ്ഥാനപരമായ വ്യത്യാസങ്ങളും രണ്ടു മാദ്ധ്യമങ്ങളും പുലർത്തുന്നുണ്ട്. നാടകത്തിൽ സൂചനകൾ കൊണ്ടു മാത്രമാണ് പശ്ചാത്തല സംവിധാനം നടത്തുന്നത്. അതിനാൽ അതിന് യാഥാർത്ഥ്യ പ്രതീതിയില്ല. സിനിമയിലാകട്ടെ ഏതു പശ്ചാത്തലവും യാഥാർത്ഥ്യമായിത്തന്നെ അവതരിപ്പിക്കാൻ കഴിയുന്നു.



കാണികളും നടനും തമ്മിലുള്ള അകലം കുറയ്ക്കുവാനുള്ള പല പരീക്ഷണങ്ങളും നാടകത്തിൽ നടത്തിയിട്ടുണ്ട്. ആന്തോണിൻ അർതാൻഡിന്റെ 'ക്രൂരതയുടെ അരങ്ങും', ബ്രെഹ്റ്റിന്റെ 'എപ്പിക് തിയേറ്ററും' ഈ ദിശയിലുള്ള രണ്ടു പരീക്ഷണങ്ങളാണ്. നാടക രംഗത്തെ ഈ പരീക്ഷണങ്ങൾ പോലും സിനിമയിൽ നിന്നും പ്രചോദനമുൾക്കൊണ്ടതാണെന്നതാണ് വാസ്തവം. 'ഘടനാപരമായ സമാനത കാരണം സിനിമയും നാടകവും മറ്റു കലാരൂപങ്ങളെക്കാൾ പരസ്പരബന്ധത്തിലേർപ്പെടുന്നുണ്ട്. രണ്ടും തമ്മിലുള്ള സമാന്തരത നാടകത്തിന്റെ ദുരന്തത്തിൽ കലാശിക്കുവാനുള്ള എല്ലാ സാദ്ധ്യതയുമുണ്ടാക്കിയിരുന്നു. എന്നാൽ അത്ഭുതമെന്നു പറയട്ടെ, ചലച്ചിത്രം കരുത്താർജ്ജിച്ചതോടൊപ്പം തന്നെ പുതിയ ഊർജ്ജത്തോടെ നാടകം സിനിമയുയർത്തിയ വെല്ലുവിളികളെ ധീരമായി നേരിട്ടു.''- ജെയിംസ് മൊണാക്കോ ചൂണ്ടിക്കാണിക്കുന്നു.

പ്രേക്ഷകനെ നിമഗ്നനാക്കാനുള്ള കഴിവിന്റെ അടിസ്ഥാനത്തിൽ നാടകവും സിനിമയും വീണ്ടും വേർപിരിയുന്നു. ഒരു നാടകം കാണുവാനിരിക്കുമ്പോൾ നമുക്കു ചുറ്റുമുള്ള കാര്യങ്ങളെക്കുറിച്ചു നാം ബോധവാന്മാരാണ്. അരങ്ങ്, നടീനടന്മാർ, അവരുടെ വസ്ത്രാലങ്കാരം, പ്രകാശ സംവിധാനം, കർട്ടൻ, സംഭാഷണങ്ങൾ, നമ്മുടെ പരിസരത്തുള്ള കാണികൾ, സർവ്വോപരി നാം തന്നെ നമ്മുടെ ബോധമണ്ഡലത്തിൽ സചേതനമായി നിറയുന്നു. പക്ഷേ, സിനിമ പ്രേക്ഷകനെ സംബന്ധിച്ചിടത്തോളം ഒരു പുതിയ അനുഭവമാണ്. നാം ഒരു സിനിമാ തിയേറ്ററിലാണെന്നും നമുക്കു ചുറ്റും കാണികളുണ്ടെന്നും കുറെ സമയത്തേക്ക് നാം മറക്കുന്നു. തിരശ്ശീലയിലെ കഥാപാത്രങ്ങളുമായി നാം വളരെ വേഗം താദാത്മ്യം പ്രാപിക്കുന്നു. അതുകൊണ്ടു തന്നെയാണ് നാം സ്വയം മറന്നു ചിരിക്കുന്നതും നമ്മുടെ കണ്ണുകൾ ഈറനണിയുന്നതും തിയേറ്ററിൽ നിന്നും പുറത്തു വരുമ്പോൾ കുറെ സമയത്തേക്ക് നാം പുതിയ മനുഷ്യരായി മാറുന്നതും.

എല്ലാ കലകളിലും വെച്ച് ഏറ്റവും അമൂർത്തമാണ് സംഗീതം. സിനിമയ്ക്കേറ്റവും അടുപ്പം സംഗീതത്തോടാണെന്നു പറയപ്പെടുന്നു. ആസ്വാദകനിലേക്ക് നേരിട്ടു സംവദിക്കാൻ രണ്ടു കലാരൂപങ്ങൾക്കും കഴിയുന്നു എന്ന

താണ് ഇതിനു കാരണം. കാലത്തിന് നിശിതവും യഥാർത്ഥവുമായ പ്രാധാന്യം സംഗീതത്തിലുണ്ട്. കാലത്തിനുമേൽ അതിനുള്ള നിയന്ത്രണം അപാരമാണ്. ''സ്വരമാധുര്യം സംഗീതത്തിന്റെ ആഖ്യാനഭാവമാണെങ്കിൽ താളം അതിന്റെ കാലസൂചകമാണ്. സ്വരൈക്യം ഇതിന്റെ രണ്ടിന്റെയും മേളനവും. ചലച്ചിത്രവും ഇതേ സാദ്ധ്യതയിലേക്കു വിരൽ ചൂണ്ടുന്നു. ചലച്ചിത്രത്തിന്റെ യാന്ത്രിക സാദ്ധ്യത കാലത്തിന്മേലുള്ള നിയന്ത്രണത്തിലൂടെ ആഖ്യാന സ്വഭാവത്തെയും നിയന്ത്രിക്കുന്നു. ഫ്രെയിമുകളിൽ ഒന്നിനു മേൽ ഒന്നായി സംഭവങ്ങളെയും ദൃശ്യങ്ങളെയും വിരുദ്ധമായി ചേർത്തു വയ്ക്കാനാവുന്നു''-ജെയിംസ് മൊണാക്കോ വിശദീകരിക്കുന്നു. സംഗീതവും സിനിമയും കാലത്തിന്റെ അമൂർത്ത ബിന്ദുവിൽ ഒന്നിച്ചു ചേരുന്നു. രണ്ടും പ്രേക്ഷകനിലേക്കും ശ്രോതാവിലേക്കും നേരിട്ടു തന്നെ കടന്നു ചെല്ലുന്നു എന്ന് മൊണാക്കോവിന്റെ പ്രസ്താവനയും ശരി വയ്ക്കുന്നു.

ചലച്ചിത്ര കലയുടെ സമഗ്രതയ്ക്ക് സംഗീതം ഇന്ന് ഒരനിവാര്യ ഘടകമായിത്തീർന്നിട്ടുണ്ട്. നിശ്ശബ്ദ സിനിമകളിൽപ്പോലും സംഗീതത്തിന്റെ സാദ്ധ്യതകൾ വളരെയേറെ ആയിരുന്നു. ദൃശ്യബിംബങ്ങൾക്കു പുതിയ അർത്ഥതലങ്ങൾ കൈവരുത്തുവാൻ സംഗീതത്തിനു കഴിയും. 'ബാറ്റിൽഷിപ്പ് പോട്ടെംകിൻ' (1925) എന്ന ചിത്രത്തിനു വേണ്ടി എഡ്മണ്ട് മീസൽ നല്കിയ സംഗീതം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

സംഗീതത്തിന്റെ സാദ്ധ്യതകളെ സിനിമയിൽ ദുരുപയോഗപ്പെടുത്താറുമുണ്ട്. ദൃശ്യബിംബങ്ങൾക്ക് ഉദ്ദേശിച്ച ശക്തി കൈവരുന്നില്ലെങ്കിൽ ആ വിടവ് നികത്തുവാനും പ്രേക്ഷകന്റെ ശ്രദ്ധ പിടിച്ചു നിർത്തുന്നതിനും സംഗീതം ഉപയോഗിക്കാറുണ്ട്. ഇത് ആരോഗ്യകരമായ രീതിയല്ല. പിന്നണി ഗാനങ്ങളും പശ്ചാത്തല സംഗീതവും ചലച്ചിത്രത്തിന്റെ ഒരവിഭാജ്യ ഘടകമായിത്തീർന്നതിന്റെ പിന്നിലെ കാരണവും മറ്റൊന്നല്ല.

വളരെ ശക്തമായ സംഗീതം ഉപയോഗിക്കുന്ന എത്രയോ ചലച്ചിത്രകാരന്മാരുണ്ട്. ഒരു സ്വീക്വൻസിന്റെ നാടകീയത വർദ്ധിപ്പിക്കുവാനും കഥാപാത്രങ്ങളുടെ അന്ത:സംഘർഷങ്ങൾ വെളിവാക്കുവാനും സമർത്ഥമായി



സംഗീതം ഉപയോഗിക്കാം. 'പോക്കുവെയിൽ' എന്ന ചിത്രത്തിൽ അരവിന്ദൻ 'ശുഭപന്തുവരാളി' രംഗം ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. ചിലപ്പോൾ ഒരു സ്വാഭാവിക ശബ്ദത്തിനു പകരമായിരിക്കാം സംഗീതത്തിന്റെ ഒരു കഷണം ചലച്ചിത്രകാരൻ സ്വീകരിക്കുക. 'എലിപ്പത്തായ'ത്തിൽ എലിയെ മുക്കിക്കൊല്ലാൻ കൊണ്ടുപോകുമ്പോൾ അടൂർ ഗോപാലകൃഷ്ണൻ ഉപയോഗിച്ചിരിക്കുന്ന സംഗീതം രംഗത്തിന്റെ തീവ്രത പതിന്മടങ്ങായി വർദ്ധിപ്പിക്കുന്നു.

ചലച്ചിത്രത്തിൽ നല്ല ഛായാഗ്രഹണവും നല്ല അഭിനയവും നല്ല ശബ്ദലേഖനവുമെന്ന പോലെ തന്നെ നല്ല സംഗീതവും ശ്രദ്ധിക്കപ്പെടുന്നു. സിനിമയുടെ ഉദ്ദേശ്യത്തെപ്പറ്റി ബോധമുള്ള സംഗീതരചയിതാവിന് പലപ്പോഴും അതിന്റെ ദൗർബ്ബല്യങ്ങളെയും സംഗീതം കൊണ്ട് പരിഹരിക്കാൻ കഴിയും. ചലച്ചിത്രകാരന്റെ ചോദനകളുമായും രംഗത്തിന്റെ അപൂർവ്വതകളുമായും താദാത്മ്യം പ്രാപിക്കാൻ കഴിയുന്ന സംഗീതകാരനു മാത്രമേ നല്ല സംഗീതം പകരാനാവൂ.

# 10. സബർമതി ദൂരെയാണ്

ജി.ശങ്കരപ്പിള്ള

[നാടകത്തിന്റെ രചനയിലും അവതരണത്തിലും പരിശീലനത്തിലും മുഴുകി ജീവിച്ച ജി.ശങ്കര പ്പിള്ള (1930-1989) അധ്യാപകൻ, ഗവേഷകൻ, സംഘാടകൻ എന്നീ നിലകളിലും കഴിവു പ്രകടിപ്പിച്ചിട്ടുള്ള വ്യക്തിയാണ്. മലയാള നാടക രംഗത്തു ആരോഗ്യകരങ്ങളായ ചലനങ്ങൾ സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. സ്നേഹദൂതൻ, പൂജാമുറി, ബന്ദി,ഭരതവാക്യം, പൊയ്മുഖങ്ങൾ, ധർമ്മക്ഷേത്രേ കുരുക്ഷേത്രേ, സബർമതി ദൂരെയാണ് തുടങ്ങിയ അനേകം കൃതികൾ അദ്ദേഹത്തിന്റേതായി നമുക്കു ലഭിച്ചിട്ടുണ്ട്.
അദ്ദേഹത്തിന്റെ 'സബർമതി ദൂരെയാണ്' എന്ന ചെറുനാടകം വെറുപ്പിനും മത്സരത്തിനും സ്നേഹത്തിനും സഹകരണത്തിനുമാണ് ജീവിതത്തിൽ സ്ഥാനം നല്കേണ്ടതെന്നു വ്യക്തമാ ക്കുന്നു.]

(കർട്ടൻ ഉയരുമ്പോൾ നമുക്കു ദൃശ്യമാകുന്നത് മാധവന്റെ വീട്ടിലെ തളമാണ്. അവരുടെ അച്ഛന്റെ വലിയൊരു എണ്ണച്ചായ ചിത്രം, കലണ്ടർപടങ്ങൾ, മറ്റു ചിത്രങ്ങൾ എന്നിവ ചുവരിലുണ്ട്. ഒരു അരികിലായി ഇട്ടിട്ടുള്ള എഴുത്തുമേ ശയുടെ പുറത്ത് ഏതാനും പുസ്തകങ്ങളും കത്തിച്ചു വെച്ച ഒരു റാന്തൽ വിളക്കും കാണാം. ശാന്തി വിളക്കിനരികിൽ ഇരുന്നു പാഠങ്ങൾ വായിക്കു കയാണ്. ഒരു ഹൈസ്കൂൾ വിദ്യാർത്ഥിനി, പാഠഭാഗങ്ങൾ ഉരുവിട്ടു കാണാതെ പഠിക്കുകയാണ്.

അകലെ മാറി റാന്തൽവിളക്കിനും പ്രകാശിപ്പിക്കുനാവാത്ത കോണിൽ, തറ യിൽ, എന്തൊക്കെയോ മുനങ്ങിക്കൊണ്ട് തേവൻ ഇരിക്കുന്നു.)

ശാന്തി:- (ഒരു വിദ്യാർത്ഥി പുസ്തകം വായിക്കുന്ന രീതിയിൽ) Why so jubilant? Sabarmathy is far off; Nowkhali is near. Why so jubilant...



(രണ്ടു മൂന്നു പ്രാവശ്യം ആവർത്തിച്ചു വായിച്ചിട്ട്) തേവാ..തേവാ..

തേവൻ:- എന്തോ കൊച്ചമ്പ്രാട്ട്യേ!

ശാന്തി:- ങേ? എന്തോന്നാ വിളിച്ചത്? (കപടദേഷ്യം) ഒന്നു കൂടെ പറയൂ?

തേവൻ:- (അല്പമൊന്നു പരിഭ്രമിച്ച്) ഏൻ മനമറിയാണ്ട് വല്ലോം പറഞ്ഞു പോയോ തമ്പ്രാട്ട്യേ! അയ്യോ!

ശാന്തി:- ഇതാ.. ഇതാ.. ഇപ്പോഴും. ഞാൻ മുമ്പേ പറഞ്ഞിട്ടില്യേ?

തേവൻ:- വയസ്സൻ മറന്നു പോയതാ തമ്പ്രാട്ട്യേ!

ശാന്തി:- (വായിച്ചെടത്തു നിന്നെണീറ്റ് തേവന്റെ അടുത്തു ചെന്ന് ഒരു വിദ്യാർത്ഥിയെ ശിക്ഷിക്കുന്ന അധ്യാപകന്റെ ഗൗരവം നടിച്ച്) ഇനിമേലാൽ തമ്പ്രാട്ട്യേ എന്നു വിളിക്കരുത്. മനസ്സിലായോ? മനസ്സിലായോന്ന്? Understand?

തേവൻ:- (ഇപ്പോഴാണ് അവളുടെ കുസൃതിക്കളി മനസ്സിലാകുന്നത്. ചിരി ച്ചിട്ട്) എന്നെ പേടിപ്പിച്ചു കളഞ്ഞല്ലോ കൊച്ചമ്പ്രാട്ടി.

ശാന്തി:- (കണ്ണുരുട്ടിക്കാണിച്ച് മേശപ്പുറത്തു കിടന്ന റൂൾത്തടി എടുത്തു കൊണ്ട്) ഇനി പറഞ്ഞാലുണ്ടല്ലോ. ങാ! കാച്ചിക്കളയും. (റൂളർ കുലുക്കുന്നു) Stand! Sit, Right turn, about turn, Stand upon the bench! (കൃത്രി ഗൗരവം പോയി ചിരിച്ചു പോകുന്നു. വയസ്സനും ആ ചിരിയിൽ ചേരുന്നു).

തേവൻ:- (ചിരിച്ചു കൊണ്ട്) എന്താ കൊച്ചമ്പ്രാട്ടി! ഇതെല്ലാം?

ശാന്തി:- കണ്ടോ കണ്ടോ? ഞാൻ പറഞ്ഞു.

തേവൻ: - പഴകിയ വശത്തേക്കേ നാക്കു വളയൂ തമ്പ്രാട്ട്യേ!

ശാന്തി:- ഇനി ഇങ്ങനെ വിളിച്ചാൽ അച്ഛനാണെ! ദൈവത്തിനാണെ! എന്റെ സാറിനാണെ! ഞാൻ സഹിക്കത്തില്ല ങാഹാ!

തേവൻ:- പിന്നെന്താ തമ്പ്രാട്ടി ഏൻ വിളിക്കുന്നത്?

ശാന്തി:- പറഞ്ഞു തരാം. അതാ നല്ല കുഞ്ഞുങ്ങടെ ലക്ഷണം. (അക്ഷരം നിറുത്തി വ്യക്തമായി) ശാ...ശാ...ന്തി, ശാന്തി, ശാന്തി.

തേവൻ:- അയ്യോ! കൊച്ചമ്പ്രാട്ട്യേ! അടിയന്റെ കരിക്കാ ടീല് പാറ്റാ ഇടല്ലെ?

ശാന്തി:- എന്താ? എന്താ തേവാ?

തേവൻ:- ഏന് വിളിക്കാൻ കണ്ട മട്ട്!

ശാന്തി:- എന്താ അങ്ങനെ വിളിച്ചാൽ? ആകാശം ഇടിഞ്ഞു വീഴുമോ? ഭൂമി പിളർന്നു പാതാളമാകുമോ?

തേവൻ:- ഏന് പടിത്തമില്ല, ഈ കഴുത്തേച്ചുറ്റും നാക്കൊള്ളോരോട് വാതാടാന്.

ശാന്തി:- അപ്പൊ പറയുന്നതു കേൾക്കണം. മാല ഇന്നു ജീവിച്ചിരുന്നെ ങ്കിലേ തേവൻ.. ഏന്തോ വിളിക്കുമായിരുന്നു?

(തേവന്റെ മുഖം പെട്ടെന്ന് മങ്ങുന്നു. അവൻ ഭൂതകാലത്തിന്റെ നീർക്കയത്തി ലെങ്ങോ മുങ്ങിത്തപ്പുകയാണ്. ഒന്നു രണ്ടു തുള്ളി കണ്ണുനീർ ആ മിഴിക്കോ ണുകളെ ആർദ്രമാക്കുന്നു. ശാന്തിക്കും തന്റെ തമാശകൾ അവസാനിപ്പിക്ക ണമെന്നു തോന്നി. അവൾ അപരാധബോധത്തോടെ തേവനടുത്തു ചെല്ലുന്നു).

ശാന്തി:- (സാനുകമ്പം) തേവാ!

തേവൻ:- (ഗദ്ഗദചരായയിൽ) ഓ!

ശാന്തി:- ഞൻ വേദനിപ്പിച്ചോ?



തേവൻ:- (സ്പഷ്ടമായ ഗദ്ഗദത്തോടെ) ഇല്ലമ്പ്രാട്ട്, ഇല്ല. ഇല്ല. കുഞ്ഞേ! ഏൻ. വ്യാരിച്ചു പോയി കുഞ്ഞേ! എന്റെ ക്ടാത്തി! ഒടേമ്പ്രാൻ! (കൈകൾ കൊണ്ടു മുഖം പൊത്തി കരയുന്നു.)

ശാന്തി:- ... (മുൻപിലത്തേതിനെക്കാൾ കരുണാർദ്രമായ സ്വരത്തിൽ) തേവാ.. ഇതാ.. തല ഉയർത്തി നോക്കൂ..(തേവന്റെ കണ്ണീർ നിറഞ്ഞ മുഖം മെല്ലെ ഉയരുന്നു. രണ്ടു നിമിഷം അവർ പരസ് പരം നോക്കുന്നു. തേവൻ കൈ കൊണ്ടു കണ്ണീരൊപ്പുന്നു). തേവന്റെ മരിച്ചു പോയ മാലയാണിതെന്നോർമ്മിച്ചു കൊണ്ടാൽ മതി. കേട്ടോ! എന്നെ ശാന്തീന്ന് വിളിച്ചാലും മതി. വേണു ഏട്ടനും എനിക്കും മറ്റൊരാളായിരുന്നില്ല മാല. ഈ വീട്ടിലെ ഒരംഗമായിരുന്നു.

തേവൻ:- (വീണ്ടും കണ്ണു നിറഞ്ഞ്) ഒടേമ്പ്രാൻ പറ്റിച്ചു കളഞ്ഞു!

ശാന്തി:- ഒടയതമ്പുരാനെ നമുക്കും പറ്റിക്കാം. എന്നെ മാലേന്ന് വിളി ച്ചാൽ മതി. എന്ത്?

തേവൻ:- പക്ഷെങ്കില്...കുഞ്ഞാ!... മാഡോം തമ്പ്രാൻ!

ശാന്തി:- എന്താ? കൊച്ചേട്ടൻ?

തേവൻ:- ആ തമ്പ്രാ ഒന്നു വേറാ. ഈ അടുപ്പോം, വിളീമൊന്നും തമ്പ്രാക്ക് പിടിക്കൂല്ല.

ശാന്തി:- പിടിക്കാത്തവർക്ക് പിടിക്കണ്ട, എന്റച്ഛനൊണ്ടാരുന്നപ്പോ...തേ വനെങ്ങനെ കഴിഞ്ഞു.

തേവൻ:- അയ്യോ! അതൊരു കാലം കുഞ്ഞോ!...എന്റെ ആയുസ്സും.. എൻ തമ്പ്രാന്റെ (ചുവരിലിരിക്കുന്ന ചിത്രത്തിൽ തെല്ലു വികാരാത്മ കനായി നോക്കിയിട്ട്) ഉയിരെടുത്തപ്പം മാടൻതമ്പ്രാനങ്ങ് വിളി ച്ചിരുന്നെങ്കി.... കുഞ്ഞോ! എൻ തമ്രാനും മാലേം ഇല്ലാത്ത ഈ പൂമീല് ഏൻ കഴിഞ്ഞിട്ടെന്താ? (തെല്ലിട നിശ്ശബ്ദനായി ആ ലോകത്തിൽ കഴിയുന്നതുപോലെ കണ്ണടച്ചിരുന്നിട്ട്) പക്ഷേല്...

എൻ തമ്രാ കണ്ണടയ്ക്കും മുമ്പ് വിളിച്ചു പറഞ്ഞു ''തേവാ''.. ഏന് കാണാൻ വയ്യ.. കണ്ണിലൊക്കെ ഒരേ വെള്ളപ്പാച്ചില്! എൻ വിളി കേട്ട്...ഓ! തമ്രാ!....കൈകൊണ്ട് മാടി വിളിച്ച്... എന്നിട്ട് ചൊല്ലി...''തേവാ...എന്റെ ക്ടാങ്ങള്''... പിന്നൊന്നും ഏൻ കേട്ടില്ല. കണ്ണു തൊറന്നപ്പം മാവു വെട്ടണ്. (സ്പഷ്ടമായി കര യുന്നു.)

ശാന്തി:- (ഗദ്ഗദത്തോടെ) തേവാ! (അവളും കരയുന്നു.)

തേവൻ:- (തെല്ലിട കഴിഞ്ഞു) ഏനെന്റെ കുഞ്ഞിനെ കരയിച്ചു! കുഞ്ഞോ!...കുഞ്ഞു കണ്ണീര് തൊടയ്ക്കൂ.

ശാന്തി:- ശരി. എന്നെ ശാന്തീന്ന് വിളിക്കുമോ? ശാന്തീന്ന്? അല്ലെങ്കി മാലേന്ന്?

തേവൻ:- കുഞ്ഞോ! കുഞ്ഞിന്റെ പ്റാന്ത്!

ശാന്തി:- ശ്ശ്! പ്രാന്തോ!.. അതൊക്കെ കൊച്ചേട്ടനും കൂട്ടർക്കുമാ. വിളിക്ക്. എന്നാലേ ഞാൻ വായിക്കാൻ പോകൂ. ഉം

തേവൻ:- (അറച്ചറച്ച്) ശാ...ശാ...ശാന്തി.

ശാന്തി:- (ചിരിച്ച്) Right ഇനി മാല. ഉം.

തേവൻ:- (കുറെക്കൂടി തിടുക്കത്തിൽ കൂടുതൽ വികാരാത്മകനായി) മാലേ! മാലേ! (സന്തോഷ സന്താപ സമ്മിശ്രമായ ഭാവത്തിൽ നിൽക്കുന്നു. കണ്ണു നിറയുന്നു).

ശാന്തി:- ശരി, ഞാനിനി അല്പം പഠിച്ചു കളയാം. തേവൻ കേട്ടോളണം? ങേ? (മേശയ്ക്കടുത്തേക്കു പോകുന്നു. വീണ്ടും വായി ക്കുന്നു.) Why so jubilant? Sabarmathy is far off. Nowkhali is near (ആവർത്തിക്കുന്നു.)

തേവൻ:- (അതിനിടയിൽ) കുഞ്ഞോ! എപ്പഴാ മാധോം കൊച്ചമ്പ്രാ വരണതിനി?



ശാന്തി:- (പുസ്തകത്തിൽ നിന്നും തല ഉയർത്തി) ഉം? എന്താ വേണ്ട തിപ്പം കൊച്ചേട്ടൻ?

തേവൻ:- വയലേല് രാത്രി വെള്ളം മുറിച്ചു വിടാൻ പോണോന്ന് പറ ഞ്ഞേത്.

ശാന്തി:- മറ്റൊള്ളോരുടെ വയലീന്ന് നമ്മുടെ വയലിലേക്കോ?

തേവൻ:- ങാ!

ശാന്തി:- അപ്പം അവരുമായി വഴക്കുണ്ടാകത്തില്ലേ?

തേവൻ:- ചെലപ്പം

ശാന്തി:- നിസ്സാരകാര്യങ്ങൾ കാരണം കത്തിക്കുത്തും കൂട്ടയടിമൊക്കെ നടക്കും.

തേവൻ:- അതൊള്ളതാ..

ശാന്തി:- അപ്പൊ.. എന്തിനേ തേവൻ പോണത്? തേവനെക്കാൾ തടിമി ടുക്കുള്ളതു കൊച്ചേട്ടനല്ലേ? കൊച്ചേട്ടൻ പോകട്ടെ.

തേവൻ:- (ചിരിച്ചുകൊണ്ട്) ഏക്ക് വയ്യ. ഇതിനൊക്കെ ചേഴം പറയാന്. തേവനും കൊച്ചമ്പ്രാനും ഒന്നുപോലാ?

ശാന്തി:- തേവനെക്കൊണ്ട് പറ്റുന്ന പണിക്ക് തേവൻ പോകണം. കൊച്ച മ്പ്രാനെക്കൊണ്ടു പറ്റുന്ന പണിക്ക് കൊച്ചമ്പ്രാനും.

തേവൻ:- (ഇതിനൊക്കെ എന്തു മറുപടി പറയാനാണ് എന്ന ഭാവത്തിൽ) കുഞ്ഞോ! കുഞ്ഞു പോയി പഠിച്ചാട്ടെ. ഉം.

ശാന്തി:- (മേശയ്ക്കടുത്തേക്കു പോകുന്ന പോക്കിൽ) തേവൻ വേണോങ്കി ഒന്നു കിടന്നോ...കൊച്ചേട്ടൻ വരാൻ ഇനീം താമ സിക്കുമായിരിക്കും. ചിട്ടിപ്പിരിവും നാട്ടുകാര്യോം ജാതി ക്കാര്യോം എല്ലാം എല്ലാമായി നടക്കുകയല്യോ.

തേവൻ:- മേണ്ട, ഏന് കെടക്കണ്ട. ഏന്റെ കൊച്ചമ്പ്രാട്ട്...

ശാന്തി:- ഉം? (കടുപ്പിച്ചു നോക്കുന്നു)

തേവൻ:- ഏന്റെ പൊന്നുങ്കൊടം പടിക്കണതും കണ്ടോണ്ടിരുന്നാ മതി ഏന്.

ശാന്തി:- (വീണ്ടും വായിക്കുന്നു) ശെ! ഇതെന്താണെന്നൊരു പിടിയുമി ല്ലല്ലോ. വേണുവേട്ടനോട് ചോദിച്ചു കളയാം. (അകത്തേക്കു നോക്കി) വേണുവേട്ടാ! വേണു ഏട്ടാ! (അകത്ത് വേണു-''ഉം? എന്താ ശാന്തി'')

(അകത്തു നിന്നും വേണു പ്രവേശിക്കുന്നു. 30 കഴിഞ്ഞ പ്രായം താടി വളർത്തിയിരിക്കുന്നു. ഒരു കൂളിംഗ്ലാസുകൊണ്ട് അന്ധമായ കണ്ണുകൾ മറച്ചിട്ടുണ്ട്. ശാന്തി ഒരു കയ്യിൽ പിടിച്ചു മുമ്പേ നടത്തിക്കൊണ്ടു വരികയാണ്. മറ്റേക്കൈകൊണ്ട് ആകാശത്തേയും കടന്നു പോരുന്ന വ്സതുക്കളേയും സ്പർ ശിച്ചു നോക്കുന്നുണ്ട്. ശാന്തി ചേട്ടനെ ഒരു കസേരയിൽ ഇരു ത്തുന്നു. എന്നിട്ട് മേശയ്ക്കരുകിലേക്ക് പോകുന്നു. തേവൻ മുര ടനക്കുന്നു.)

വേണു:- ആരാത്? ആരാ ശാന്തി അത്?

ശാന്തി:- (ഗൗരവത്തിൽ തേവനെ നോക്കി) ഉം? വീണ്ടും തുടങ്ങിയോ? പറയൂ. ഞാൻ.

തേവൻ:- ഞാ...ഞാൻ. (വേണു പുഞ്ചിരിക്കുന്നു)

വേണു:- ശാന്തി! നീ എന്തിനാ എന്നെ വിളിച്ചത്?

ശാന്തി:- ചേട്ടാ! സാറൊരു Paraphrase ഇട്ടു. ആലോചിച്ചു നോക്കിയിട്ട് ഒരു പിടീം കിട്ടുന്നില്ല. ഒന്നു പറഞ്ഞ് താ ചേട്ടാ. അല്ലേൽ...

വേണു:- അല്ലേൽ?

ശാന്തി:- അല്ലേൽ ചേട്ടന്റെ പൊന്നനിയത്തി (സ്വരത്തിൽ കൃത്രിമത്വം കലർത്തി) ദയാവശേഷമില്ലാത്ത ആ സാറിന്റെ കയ്യിലുള്ള ചൂരൽ വള്ളിയാൽ ആവോളം ചുംബിക്കപ്പെടും. അത്ര തന്നെ.

വേണു:- (അതേ പോലെ കൃത്രിമതയോടെ) ചുംബിക്കപ്പെടട്ടെ.



ശാന്തി:- നല്ല ഏട്ടൻ! അനിയത്തിയോടൊരു സ്നേഹവുമില്ല.

വേണു:- അതൊക്കെ നമുക്കു പിന്നെ തീർച്ചപ്പെടുത്താം. Passage വായിക്ക്.

ശാന്തി:- (വായിക്കുന്നു) "Why so jubilant? Sabarmathy is far off. Nowkhali is near."

വേണു:- (പെട്ടെന്ന് ശ്രദ്ധാകുലനായി) ങേ? ങേ? (എണീൽക്കുന്നു: തപ്പുന്നു) ശാന്തി! ശാന്തി!

ശാന്തി:- (അവളുമെണീൽക്കുന്നു) എന്തു ചേട്ടാ? എന്ത്?

വേണു:- നിനക്കറിയാമോ, അതാരു പറഞ്ഞതാണെന്ന്?

ശാന്തി:- ചോദിച്ചു ചേട്ടാ. അപ്പം സാറു പറഞ്ഞു പാരപ്രേസിനു ആരു ടേതെന്നറിഞ്ഞേ തീരൂന്നില്ലെന്ന്. (അല്പം ചിരിച്ച്) സാറിനും അറിഞ്ഞു കൂടായിരിക്കും.

വേണു:- നീയും നിന്റെ സാറും, ശാന്തീ! അതു ഗാന്ധിജി പറഞ്ഞതാ. 1947 ആഗസ്റ്റ് പതിന്നാലാം തീയതി ഭാരതം സ്വതന്ത്രമാകുന്ന തിന്റെ തലേന്ന് അർധരാത്രി! (തേവനും തല ഉയർത്തി ശ്രദ്ധി ക്കുന്നു)

ശാന്തി:- എവിടെ വച്ച്?

തേവ:- എവിടെമ്രാ?

വേണു:- നവഖലിയിൽ: ഒരു വൃദ്ധമുസ്ലീം സ്ത്രീയുടെ കുടിലിൽ ഉപവ സിക്കുകയായിരുന്നദ്ദേഹം. മനുഷ്യന് നല്ല ബുദ്ധി തോന്നാൻ. പത്രക്കാർ നിർബന്ധിച്ചപ്പോൾ കൊടുത്ത സന്ദേശമാണിത്. ഇനി ആലോചിച്ചു നോക്ക്.

ശാന്തി:- ഇങ്ങനെ എനിക്കു വിടാതെ, ഒന്നു പറഞ്ഞു താ ചേട്ടാ.''

വേണു:- വളരെ ഏറെ പറയാനുള്ളൊരു വിഷയമാണത്. ശാന്തി, എനി ക്കതു പറയാൻ പ്രത്യേകിച്ചൊരവകാശവുമുണ്ട്.

തേവൻ:- ഏനൊന്നും പുടി കിട്ടണില്ലേ!

വേണു:- തേവൻ ഈ കണ്ണുകളിലേക്കു നോക്കൂ-കാഴ്ച നശിച്ച ഈ കണ്ണുകളിലേക്ക് മനസ്സിലാകുന്നില്ലേ.

തേവൻ:- (വിഷാദസംകുലമായ സ്വരത്തിൽ) ഉടയമ്പ്രൻ ചതിച്ച ചതി!

വേണു:- അല്ല തേവാ! ഉടയതമ്പുരാനായിരുന്നില്ല അതിൽ കൈ. മനുഷ്യനായിരുന്നു. പിശാചിനെ പൂജിക്കാൻ പുറപ്പെട്ട മനുഷ്യൻ ഹൊ! ഒരു പേടിസ്വപ്നം പോലെ തോന്നുന്നു. ഇപ്പോൾ അതൊക്കെ ആലോചിച്ചിട്ട്. അടുത്തിരിക്കുന്നത്, തെരുവിൽ നടക്കുന്നത് എല്ലാം എല്ലാം വന്യമൃഗങ്ങളാണെന്ന് തോന്നിച്ച സമയം. കോട്ടും സൂട്ടുമിട്ട വന്യമൃഗങ്ങൾ. കാട്ടുപോത്തിന്റെ നോട്ടവും ചെന്നായയുടെ വീറും. (അയാൾ ആ ലോകത്തിൽ വിഹരിക്കുകയാണ്. തേവനും ശാന്തിയും അതുതന്നെ ശ്രദ്ധിച്ചു നിൽക്കുന്നു). ഹൊ! എന്തൊരു പേപിടിച്ച നാളുകൾ! മതത്തിന്റെയും ജാതിയുടെയും കോലങ്ങൾ! ദൈവത്തിന്റെ പേരും വിളിച്ച് പരസ്പരം കഴുത്തിൽ കത്തിവച്ച കാലം. ബോംബേയിൽ, ഡൽഹിയിൽ-പരിഷ്കൃത മനുഷ്യൻ അധിവസിക്കുന്ന എല്ലായിടത്തും കഴുത്തറ്റ മനുഷ്യശരീരങ്ങൾ തെരുവിൽ തളം കെട്ടി നിന്ന രക്തത്തിൽ കിടന്നു പിടയ്ക്കുന്നതു ഞാൻ കണ്ടതാണ്. ഇളനീരു കുത്തിപ്പൊട്ടിക്കുമ്പോഴെന്ന പോലെ രക്തം പിടച്ചു ചാടുന്നത്. ഹൊ! ഒടുവിൽ...ഒടുവിൽ...ഒരു കൈ ബോംബ് ആ കാഴ്ചയും അവസാനിപ്പിച്ചു (ഗദ്ഗദത്തിൽ) ഇരുട്ടിന്റെ അറ്റമില്ലാത്ത, അന്തതയില്ലാത്ത ഇരുട്ടിന്റെ ഇരമ്പുന്ന തീരത്തിൽ ഞാൻ വലിച്ചെറിയപ്പെട്ടു. ശാന്തി!...ശാന്തി!... എനിക്കെന്തെങ്കിലും കുടിക്കാൻ വേണം. വേഗം... വേഗം.. (തളർന്ന മട്ടിൽ കസേരയിൽ ഇരിക്കുന്നു. ശാന്തി അകത്തേക്കോടി വെള്ളം കൊണ്ടു വന്നു കൊടുക്കുന്നു. ദാഹാർത്തനെപ്പോലെ കുടിക്കുന്നു.)



തേവൻ:- (ഭയത്തോടെ) തമ്രാ.. പോയിക്കെടക്ക് തമ്രാ. ചീണിച്ചു പോയി! (ദീർഘനിശ്വാസം)

വേണു:- വേണ്ട, തേവാ... ഇവൾക്കിതു മുഴുവൻ പറഞ്ഞുകൊടുക്കട്ടെ. അതാണനിയത്തി നവഖലി! ഹിന്ദുവും മുസ്ലീമും എന്തിനെന്നറിയാത്ത ഒരു സംഹാരത്തിനു കോപ്പിട്ടിറങ്ങിയ മണ്ണാണത്. അമ്മമാരും കുഞ്ഞുങ്ങളും എല്ലാം കുലവാഴ അരിയും പോലെ അരിയപ്പെട്ട മണ്ണ്. അവിടെ നിന്നു കൊണ്ടാണ് അദ്ദേഹം അതു പറഞ്ഞത്.

ശാന്തി:- അപ്പോൾ സബർമതിയോ ചേട്ടാ?

വേണു:- നീ കേട്ടിട്ടില്ലേ അതിനെക്കുറിച്ച്?

ശാന്തി:- ഇല്ല ചേട്ടാ.

വേണു:- (ശോകാത്മകമായി ചിരിച്ച്) അൽഭുതമില്ല. സബർമതിയെക്കാൾ ഇന്നത്തെ മനുഷ്യൻ അറിയുന്നതു നവഖലിയാ. സൃഷ്ടിയെക്കാൾ നശീകരണം.

ശാന്തി:- ആരുമുണ്ടായിരുന്നില്ല അതൊന്നും പറഞ്ഞു തരാൻ.

വേണു:- ശരിയാണ്; നിന്റെ കുറ്റമല്ല ശാന്തി. നിന്റെ തലമുറയുടേം കുറ്റമല്ല. കുറ്റമെല്ലാം ഇതാ ഈ ഇരിക്കുന്ന തേവന്റേം എന്റേം തലമുറയുടേതാണ്.

തേവൻ:- ഏനെന്നാ ചെയ്തു തമ്രാ!

വേണു:- തേവാ! നീ ഒന്നും ചെയ്തെന്നല്ല; നീയും ഞാനും ഉൾപ്പെടുന്ന ഈ തലമുറ. നമ്മൾ ചെയ്തതെന്തെന്നോ? പറഞ്ഞു കൊടുക്കേണ്ടതെന്തോ അത് ഇവൾക്കും കൂട്ടർക്കും പറഞ്ഞു കൊടുത്തില്ല. പകരം വേണ്ടാത്തതു പലതും പറഞ്ഞുകൊടുക്കുകയും ചെയ്തു.

ശാന്തി:- എന്താ ചേട്ടാ സബർമതി?

വേണു:- ഗാന്ധിജിയുടെ പ്രിയപ്പെട്ട ആശ്രമം. മനുഷ്യത്വത്തിന് വികസിക്കാവുന്നിടത്തോളം വികസിക്കാൻ സാധിച്ച സ്ഥലം. ജാതിയും

മതവും മറ്റു താൽപര്യങ്ങളും വിലങ്ങിട്ടു കെട്ടാത്ത സ്വാതന്ത്ര്യ ഭൂമി. അതാണനിയത്തീ സബർമതി. ഒരു മനോഹരസ്വപ്നമാണ് സബർമതി. മനുഷ്യന്റെ മഹത്തായ ഗുണങ്ങൾക്കൊക്കെ പരമമായി വികസിക്കാൻ കഴിഞ്ഞ ഒരു സ്വപ്നം. മനുഷ്യൻ മനുഷ്യനെ.

(പുറത്തെ കതകിൽ നിന്ന് മാധവൻ പ്രവേശിക്കുന്നു. ഒരു പരുക്കൻ മട്ടാണ് പൊതുവേ രൂപത്തിലും പെരുമാറ്റത്തിലും എല്ലാം. രംഗസ്ഥിതരെ ആകെ നോക്കുന്നു. ഒട്ടും പിടിക്കുന്നില്ല. വേണുവിന്റെ സംസാരം പെട്ടെന്ന് നിലയ്ക്കുന്നു. ശാന്തി വേണുവിനടുത്തു ചെന്ന് കൈ പിടിക്കുന്നു. തേവൻ ഇരുന്നിടത്തു നിന്നെണീറ്റ് ഭയാദരങ്ങളോടെ-കൂടുതലും ഭയത്തോടെ-ഒരരികുമാറി നിൽക്കുന്നു.)

ശാന്തി:- ചേട്ടാ അകത്തു പോകാം. ചേട്ടന് ക്ഷീണം അധികമുണ്ട്.

വേണു:- ആരാ ഇപ്പോൾ വന്നത്?

മാധവൻ:- (ഒട്ടും മയപ്പെടാത്ത സ്വരത്തിൽ) ഞാനാണ്.

വേണു:- ശരി. പോകാമനിയത്തി. (ശാന്തി, വേണുവിന്റെ കൈക്കു പിടിച്ച് അകത്തേക്ക് കൊണ്ടു പോകുന്നു.)

മാധവൻ:- തേവാ!

തേവൻ:- എന്തമ്രാ?

മാധവൻ:- ആ മുഹമ്മദ്കാസിമിന്റെ നിലമില്ലേ?-നമ്മുടെ അമ്പറേടെ കീഴായിട്ട്?

തേവൻ:- ഓ മ്രാ.

മാധവൻ:- അവനിന്ന് നമ്മള് പാടുപെട്ടു കെട്ടി നിറുത്തിയിരിക്കുന്ന വെള്ളം ചോർത്തിക്കൊണ്ടു പോകാൻ പോവുകാ. മനസ്സിലായോ?



തേവൻ:- ഓ മ്രാ!

മാധവൻ:- അപ്പോ നമ്മളെന്താ വേണ്ടത്?

തേവൻ:- പാവങ്ങള് തമ്രാ! ആ നെലം കണ്ടാ കഷ്ടം തോന്നു മ്രാ! വെള്ളം ഇന്നു കൊണ്ടു പോട്ടമ്രാ.

മാധവൻ:- (പരിഹസിച്ചു പൊട്ടിച്ചിരിച്ച്) ഓഹോ ഹോ! ഇതാണ് തലപ്പുലയന്റെ നന്ദി! വിശ്വസ്തത!

തേവൻ:- (അതിൽ മനം നൊന്തിട്ട്) തമ്രാ!

മാധവൻ:- എന്താടാ?

തേവൻ:- തമ്രാ അത് പറയല്ല്. മറ്റെന്തും പറഞ്ഞോ അതു പറയല്ല്.''

മാധവൻ:- പിന്നെന്താ ഇതിന് പറയേണ്ടത്?- ഉണ്ട ചോറ്റിനുചിതം കാട്ടാത്ത ഈ പണിക്ക്.

തേവൻ:- (കുറേക്കൂടി ഉഗ്രതയിൽ) തമ്രാ!

മാധവൻ:- ശെടാ! അല്ല, നിന്നെയൊന്നും പറഞ്ഞിട്ടു കാര്യമില്ല. ഇവിടത്തെ വിവരമൊള്ളോരാ നിന്നെയിങ്ങനെയാക്കുന്നത്.

തേവൻ:- തമ്രാ ഉണ്ട ചോറ്റിനുചിതം കാട്ടിയിട്ടൊണ്ട് തമ്രാ ഏൻ. (ചുവരിലിരിക്കുന്ന പിതാവിന്റെ പടം ചൂണ്ടി) ആ കയ്യാ തമ്രാ ഏറെ ഊട്ടിയത്. ഈ കൈയെ ഏൻ ചതിച്ചില്ല തമ്രാ.

മാധവൻ:- അച്ഛൻ ശുദ്ധനായിരുന്നു.

തേവൻ:- നെറവൊള്ള കയ്യാ അത് തമ്രാ.

മാധവൻ:- അതുമിതും പറഞ്ഞിട്ടൊന്നും കാര്യമില്ല. പറയുന്നതു കേൾക്കാമോ നിനക്ക്. അല്ലെങ്കിൽ വേറെ ആളുണ്ടു പാടത്തു പണിക്ക്.

തേവൻ:- (ക്ഷതഹൃദയനായി) ഏൻ ഇരിക്കെയോ? ആ പാടത്ത് ഇനി ഒരുത്തനിറങ്ങുന്നത് ഏൻ കാണത്തില്ല തമ്രാ! വല്യമ്രാനോട് ഏനൊരു നന്ദിയുണ്ടമ്രാ.

മാധവൻ:- നന്ദി! നന്ദി! നന്ദിയാണിവിടെ കണ്ടത്? അല്ലേ? സ്വജാതിയെ വിട്ടിട്ട് അന്യമതക്കാരനെ സഹായിക്കാനൊരുങ്ങുന്നത്.

തേവൻ:- ചേതമില്ലാത്തതാർക്കും ചെയ്തു കൊടുക്കണമമ്രാ! അതില് ജാതീം മതോം നോക്കാൻ നിക്കല്ല്. മണ്ണും മാനോം പൊലേന് വലുതാ തമ്രാ! രണ്ടും കെടണതും നോക്കി അവന് നിക്കാൻ മേലാ.

മാധവൻ:- (സഹി കെട്ട ഭാവം) പ്രസംഗം മതി. എന്താ? പറഞ്ഞതു പോലെ ചെയ്യാമോ? അവിടെ വരമ്പിൽ ഉറങ്ങണം നീ. വെള്ളം വെട്ടിക്കൊണ്ടു പോകാൻ വരുന്നവനെ വിട്ടു കൊടുത്തേക്ക രുത്. മനസ്സിലായോ? (തേവൻ ഒന്നും മിണ്ടുന്നില്ല.) എന്താ ഒന്നും മിണ്ടാത്തത്?

തേവൻ:- (പ്രയാസപ്പെട്ടു തല കുലുക്കി) ഓ തമ്രാ!

മാധവൻ:- പണിയിൽ നീണ്ടു നിൽക്കണമെങ്കിൽ ചെയ്യണം. അത്രതന്നെ. ഇതു പറയാനാ നിന്നെ വിളിച്ചത്. പോ. ഇപ്പം തന്നെ നേരെ പോയേക്ക്.

തേവൻ:- ങാ! തമ്രാ! (വിഷാദഭരിതനായി ഇറങ്ങിപ്പോകുന്നു.)

മാധവൻ:- (പുറകെ വിളിച്ചു പറയുന്നു) അവമ്മാരു വല്ല കൈയേറ്റ ത്തിനോ മറ്റോ വന്നാലേ തേവാ..വിട്ടു കൊടുത്തേക്കരുത്. കേട്ടോ, നമ്മുടെ വർഗ്ഗത്തിനു തന്നെ മാനക്കേടാ. മേത്ത മ്മാർക്ക് കീഴടങ്ങീന്നു വന്നാ. ഇങ്ങോട്ടടിച്ചാ അങ്ങോട്ടുമടിക്ക്. ശേഷമൊക്കെ നമുക്കു നോക്കാം, കേട്ടോ?

(അകലെ തേവൻ-ഓ! തമ്രാ)

(സന്തോഷചിത്തനായി മാധവൻ മേശക്കരികിലേക്കു വരുന്നു).

മാധവൻ:- (സ്വയം മന്ത്രിക്കുന്നു) ഒരു വെടിക്കു രണ്ടു പക്ഷി; ഇവന്റേം മുഷ്ക്കു കുറച്ചു കൂടിപ്പോയി. അതെങ്ങനെ? നിറു



ത്തേണ്ടിടത്തു നിറുത്താതല്ല്യോ ചേട്ടച്ചാര് തലയിൽ കയറ്റിയി രിക്കുന്നത്.

(ശാന്തി പ്രവേശിക്കുന്നു)

മാധവൻ:- (അവളെ നോക്കാതെ) എന്തോന്നായിരുന്നു ഇവിടത്തെ പ്രസംഗം?

ശാന്തി:- പ്രസംഗമോ?

മാധവൻ:- (അവളെ നോക്കി സപരിഹാസം) ങാ! ചേട്ടച്ചാരുടെ മൈതാ നപ്രസംഗം? നീയും ആ പൊലേനും കൂടി നിന്നങ്ങു തല കുലുക്കി രസിക്കുന്നതു കണ്ടല്ലോ.

ശാന്തി:- (നിശ്ശബ്ദം)

മാധവൻ:- ശാന്തീ!

ശാന്തി:- എന്തു വേണം ചേട്ടാ.

മാധവൻ:- നീ പഠിക്കാനുള്ള സമയത്ത് ഇങ്ങനെ പഞ്ചായത്തും പറഞ്ഞു നടക്കുന്നതെന്തിനാ? എന്താ ഇതിന്റെ അർത്ഥം?

ശാന്തി:- ഞാൻ പഠിക്കുകയായിരുന്നു ചേട്ടാ.

മാധവൻ:- അതിന്റെ മേളമാണോ ഞാൻ ഈ കണ്ടതും കേട്ടതും?

ശാന്തി:- അതെ ചേട്ടാ.

മാധവൻ:- അതേ! അതേ പോലും! എടീ, പഠിക്കുന്നിടത്തെന്തിനാ ഈ അട്ട ഹാസോം ബഹളോം?

ശാന്തി:- ഞാൻ സംശയം ചോദിച്ചു; വേണു ഏട്ടൻ അതു പറഞ്ഞു തരു കയായിരുന്നു.

മാധവൻ:- പറഞ്ഞു തരാൻ കണ്ട ആള്!

ശാന്തി:- എനിക്ക് ചേട്ടനും വേണു ഏട്ടനും ഒരുപോലെതന്നെ.

മാധവൻ:- ഏയ്! ഏയ്! അത്രയ്ക്കങ്ങു സത്യവതിയാകാൻ വരട്ടെ. നിനക്ക്

ഈ ചേട്ടനെക്കാൾ ആ ചേട്ടനെത്തന്നെയാണ് കാര്യം. ഓ! എനിക്കതിലൊന്നുമില്ല. ദിവസവും ചോറു തരാൻ പാടുപെടുന്നവനൊന്ന്; ചുമ്മാ അടുത്തിരുന്ന് ചല്ലുവാ ചപ്പുന്നവനൊന്ന്. കൂറു വേണ്ടത് അങ്ങോട്ടു തന്നെയാണ്! അതിൽ സംശയമൊന്നുമില്ല.

ശാന്തി:- ചേട്ടാ! എന്താണിങ്ങനെ പറയുന്നത് ?

മാധവൻ:- പറയുന്നതോ.സത്യമതായതു കൊണ്ട്.

ശാന്തി:- വേണു ഏട്ടനെക്കൊണ്ടൊന്നും ആകാഞ്ഞിട്ടല്ലെ? കണ്ണു രണ്ടും പോയി.

മാധവൻ:- ഓ ഹൊ ഹൊ! ആകുന്ന കാലത്തു മലയൊക്കെ മറിച്ചിട്ടാ. എന്താടീ അന്നു ചെയ്തത്? നിസ്സഹകരണം, ഹിന്ദു മുസ്ലീം മൈത്രി എന്നൊക്കെപ്പറഞ്ഞ് കൊടീം പിടിച്ച് നിലവിളീമായിട്ടു നടന്നു. അന്ന് വീട്ടിലെങ്ങനെ അടുപ്പിൽ തീ പൂട്ടിയതെന്നറിഞ്ഞിട്ടുണ്ടോടീ നിന്റെ ഈ ചേട്ടൻ? അറിഞ്ഞിട്ടുണ്ടോ?

(ശാന്തി നിശ്ശബ്ദം)

മാധവൻ:- എന്താ നീയൊന്നും മിണ്ടാത്തത്? നിനക്കറിയാമോ അന്ന് നീയും ഞാനും ഈ വീട്ടിലൊള്ളോരും കഴിച്ച ആഹാരം എവിടെന്നുണ്ടായി എന്ന്? എങ്ങനെ ഉണ്ടായി എന്ന്?

(ശാന്തി നിശ്ശബ്ദം)

മാധവൻ:- അന്ന്, മഷിയിട്ടരിച്ചാൽ കാണാമായിരുന്നോ നിന്റെ ചേട്ടനെ? അതും പോകട്ടെ; അച്ഛൻ മരിച്ചപ്പോൾ-നീയും നിന്റെ ചേട്ടനും നാഴികയ്ക്കു നൂറുവട്ടം വാഴ്ത്തുന്ന അച്ഛൻ മരിച്ചപ്പോൾ-എവിടെയായിരുന്നു നിന്റെ ഈ വാൽസല്യം പെരുത്ത ചേട്ടൻ? ഒരു നുള്ളു വായ്ക്കരിയിടാൻ ഇവിടുണ്ടായിരുന്നത് ഞാനോ ചേട്ടനോ?



ശാന്തി:- ചേട്ടൻ അന്നു ജയിലിലായിരുന്നതു കൊണ്ടല്ലേ? ആ ആധിയല്ലേ അച്ഛനെ ഇത്ര വേഗം കൊന്നത്? അത്രേമൊന്നും പറയണ്ട ചേട്ടൻ. അച്ഛൻ വേണു ഏട്ടനെ സ്നേഹിച്ചിരുന്നു.

മാധവൻ:- എന്നിട്ടാണ് അച്ഛൻ അവസാനമായിട്ട് വില്ലെഴുതി വെച്ചത്. സർവ്വവും എന്റെ പേർക്ക്.

ശാന്തി:- പക്ഷേ വല്ല്യേട്ടന്റെ കാര്യം മരിച്ചപ്പോഴും അച്ഛൻ പറഞ്ഞു. ഇല്ലേ? ഞാൻ കേട്ടല്ലോ കട്ടിലിന്റെ തലയ്ക്കൽ നിന്ന്. ചേട്ടനെ അടുത്തു വിളിച്ചല്ലേ പറഞ്ഞത്. 'വേണുവിന് ഇനി നീയാണു തുണ. പ്രത്യേകം നോക്കിക്കൊള്ളണേ'ന്ന്? അതിനാണ് സ്വത്തു മുഴുവൻ ഏട്ടന്റെ പേർക്കെഴുതുന്നതെന്ന്. ഇല്ലേ ഏട്ടാ.

മാധവൻ:- (തെല്ല് അസ്വസ്ഥനാകുന്നു. എങ്കിലും രൂക്ഷതയോടെ) അതിനൊന്നും രേഖയൊന്നുമില്ല.പക്ഷേ, ഇപ്പം ഞാൻ കണക്കു പറയാൻ നിൽക്കുകയല്ല. ഞാൻ ആവുന്നതു പണിപ്പെടുന്നു. കട്ടോമോട്ടിച്ചോ പിടിച്ചു പറിച്ചോ എങ്ങനെയെങ്കിലും ഈ വീട്ടിൽ അന്നത്തടം പോകുന്നു. അച്ഛൻ മരിച്ചതിനും മുമ്പു തുടങ്ങിയതാ ഇത്; അത്, ഇന്ന്-ഈ നിമിഷം വരെ തുടർന്നു പോകുന്നു. ഇങ്ങനെ പാടുപെടുമ്പോൾ എനിക്കു ചിലതാവശ്യപ്പെടാനും അധികാരമുണ്ട്. ഇല്ലേ?

ശാന്തി:- എന്നിൽ നിന്ന് തീർച്ചയായും.

മാധവൻ:- എന്താ ഏട്ടനെ ഒഴിച്ചു നിറുത്തിക്കളഞ്ഞത്?

ശാന്തി:- വേണു ഏട്ടൻ നാം രണ്ടു പേരുടെയും ഏട്ടനല്ലേ?

മാധവൻ:- അതുകൊണ്ട്? എല്ലാം ഞാനന്വേഷിക്കണമെങ്കിൽ ഞാൻ പറയുന്നതു അല്പമൊന്നു ചെവിക്കൊണ്ടാലെന്താ?

ശാന്തി:- എന്തായേട്ടാ ഞാൻ മര്യാദകേടു കാണിച്ചത്? ഏട്ടന് ഇത്രയും ക്ഷോഭമുണ്ടാകത്തക്കവിധം വേണു ഏട്ടൻ എന്തുചെയ്തു?

മാധവൻ:- ഇപ്പോൾ ഞാൻ വന്നപ്പം കണ്ടതെന്തോന്നാ?

ശാന്തി:- എന്താ?

മാധവൻ:- നിനക്കും നിന്റെ വേണു ഏട്ടനും അതൊന്നും ഒരദ്ഭുതമായിരിക്കില്ല.

ശാന്തി:- തേവനെ ഏട്ടനല്ലേ വരാൻ പറഞ്ഞത്?

മാധവൻ:- (ശുണ്ഠി എടുത്ത്) അതുകൊണ്ട്? ഞാൻ വരാൻ പറഞ്ഞതുകൊണ്ട് അവനെ വിളിച്ചു കേറ്റി ഒപ്പമിരുത്തി സല്ക്കരിക്കണോ? വേണോടീ?

ശാന്തി:- എത്രയോ കാലമായി, നമ്മുടെ അച്ഛനുള്ളപ്പോഴേ തേവൻ ഈ വീട്ടിനോടു ബന്ധപ്പെട്ടതല്ലേ? അച്ഛനേക്കാൾ പ്രായവുമുണ്ട്.

മാധവൻ:- ശരി; എന്നാൽ അമ്മാവന്റെ സ്ഥാനത്തു വച്ചു പൂജിച്ചാ! (പരിഹാസച്ചിരിയോടെ) വേണു ഏട്ടന് ഏതായാലും അമ്മാവൻ തന്നല്ലോ. അല്ലേ?

ശാന്തി:- (മുറിവേറ്റ മട്ടിൽ) ഏട്ടാ?

(രണ്ടു പേരും കാണാതെ ഈ സംഭാഷണത്തിന്റെ അന്ത്യത്തോടടുത്ത് വേണു രംഗത്തു വരുന്നു. സംഭാഷണം ഇത്രത്തോളമാകുമ്പോൾ അയാളുടെ നടത്തം ഒരു സ്റ്റൂളിൽത്തട്ടി ശബ്ദമുണ്ടാക്കത്തക്ക പതനത്തിൽ എത്തിയിരിക്കുന്നു. അങ്ങനെ രംഗസ്ഥിതർ അയാളുടെ സാന്നിധ്യം അറിയുന്നു. ശാന്തി വേഗം ചെന്ന് കൈക്കു പിടിക്കുന്നു. വേണുവിന്റെ മുഖത്ത് വികാരവിക്ഷോഭം പ്രത്യക്ഷം).

വേണു:- (ആരോടെന്നില്ലാതെ) എന്റെ കണ്ണേ പൊട്ടിയിട്ടുള്ളൂ! എന്റെ കണ്ണേ പൊട്ടിയിട്ടുള്ളൂ!

മാധവൻ:- ഇതാരോടാ?

വേണു:- നിങ്ങളോട്-നിന്നോട്. എല്ലാ പേരോടും.

മാധവൻ:- അതിന്?



വേണു:- എന്റെ കണ്ണേ പൊട്ടിയിട്ടുള്ളൂ. എനിക്കു കാതു കേൾക്കാമെന്ന്.

മാധവൻ:- ആരും ഇവിടെ രഹസ്യം പറയുന്നില്ല. കേൾക്കാവുന്നതേ പറഞ്ഞുള്ളൂ. കേട്ടതു കൊണ്ടൊന്നും വരാനുമില്ല.

ശാന്തി:- (മാധവനോട്) ഏട്ടാ!... (അപേക്ഷാസ്വരമാണ്)

മാധവൻ:- ഇഷ്ടപ്പെടാത്തതൊന്നും ആരും പറഞ്ഞു കൂടാ. അല്ലേ?

ശാന്തി:- (വേണുവിനോട്) വേണു ഏട്ടാ. വരൂ അകത്തു പോകാം.

വേണു:- നിൽക്കു ശാന്തി! എത്ര നാളെന്നു വച്ചു സഹിക്കും. ഞാനൊരു മനുഷ്യനല്ലേ?

മാധവൻ:- മനുഷ്യനാണെങ്കിൽ ഞാൻ പറയുന്നതിൽ കാര്യമുണ്ടെന്നു കണ്ടേനെ.

വേണു:- കാര്യം! കാര്യം!

മാധവൻ:- മനുഷ്യനാണെങ്കിൽ...

വേണു:- മനുഷ്യനായതുകൊണ്ടാണ് ഇന്ന് ഇതു വന്നത്. ഈ കണ്ണു പൊട്ടിയത്. ഇന്നു കണ്ടവന്റെ ആട്ടും അടിയും കൊള്ളുന്നത്. നടക്കാൻ ഒരാളിന്റെ സഹായം വേണ്ടത്.

മാധവൻ:- അതു നേതാവാകാൻ.

വേണു:- നിനക്കത്രയ്ക്കേ ഇക്കാര്യങ്ങൾ വിവരമുള്ളൂ.

മാധവൻ:- ഓ! അങ്ങനൊക്കെത്തോന്നും. പക്ഷേലേ...എന്റെ ആ വിവരക്കേടു കൊണ്ടോ ചേട്ടനും അനിയത്തിയും ഇന്നു കഞ്ഞി കുടിച്ചു കിടക്കുന്നതെന്നോർമ്മ വേണം.

വേണു:- കഞ്ഞീടേം കാടീടേം കഥ! കേട്ടു മടുത്തീശ്വരാ!

മാധവൻ:- നേടിത്തന്നു മടുത്തതോ?

വേണു:- ഈശ്വരാ! കണ്ണുകൾക്കു കാഴ്ചയുണ്ടായിരുന്നെങ്കിൽ!

മാധവൻ:- ഉണ്ടായിരുന്നപ്പഴത്തെ കഥയോ?

ശാന്തി:- (രണ്ടു പേരുടെ മുഖത്തും മാറി മാറി നോക്കി നിൽക്കുകയായിരുന്നു.) ഇതൊന്നു നിറുത്തിക്കൂടേ രണ്ടു പേർക്കും?

മാധവൻ:- സാധ്യമല്ല.

വേണു:- ശാന്തി! അനിയത്തി അകത്തു പോകൂ.

ശാന്തി:- (അപേക്ഷാസ്വരത്തിൽ) വേണു ഏട്ടാ! ഏട്ടനെങ്കിലും.

വേണു:- പറഞ്ഞൊഴിച്ചില്ലെങ്കിൽ എന്റെ ഹൃദയം തകർന്നു പോകും ശാന്തി. എത്ര ദിവസമെന്നു വച്ചാ കേൾക്കുക. ഈ ചോറിന്റെയും കഞ്ഞീടെയും കാര്യം.

മാധവൻ:- ചെയ്യുന്നതേ പറഞ്ഞുള്ളു അത് ആരുടെ മുമ്പിലും പറയും.

വേണു:- ദുര്യോധനന്റെ ഉരുള! ദുര്യോധനന്റെ ഉരുള!

മാധവൻ:- ഞാൻ ചോദിക്കട്ടെ? അച്ഛനു പണിയില്ലാതെ, യാതൊരു വരുമാനവുമില്ലാതെ, ഈ വീട് പട്ടിണിയിലേക്കു നീങ്ങിക്കൊണ്ടിരുന്നില്ലേ. അപ്പോൾ.

വേണു:- ഉം അപ്പോൾ?

ശാന്തി:- (കരച്ചിലിന്റെ സ്വരത്തിൽ) ഏട്ടാ!

മാധവൻ:- നീ അകത്തു പോ. പോ. പോകാനാണു പറഞ്ഞത് (ശാന്തി പോകുന്നില്ല). ഇതെങ്കിലും ഞാൻ പറയുന്നതൊന്നനുസരിച്ചുകള പോ.

ശാന്തി:- (വേണുവിനെ ദയനീയമായൊന്നു നോക്കുന്നു. പക്ഷെ അയാൾക്ക് തന്നെ കാണാനാവില്ലല്ലോ എന്നു കണ്ട് പതുക്കെ നടന്നകത്തു പോകുന്നു.)

വേണു:- നീ എന്താ ചോദിച്ചത്?



മാധവൻ:- മറ്റൊന്നുമല്ല; അന്ന്, ഈ നാടു നന്നാക്കാൻ നടന്നവർ എവിടായിരുന്നു?

വേണു:- മാധവാ! നാം രണ്ടും രണ്ടു വഴിക്കാ പോയത്. നീ നിന്റെ വഴിക്കും, ഞാൻ എന്റെ വഴിക്കും. നമ്മുടെ നേട്ടത്തിന്റേം നഷ്ടത്തിന്റേം കണക്കെടുക്കാറായിട്ടില്ല. അതറിയുമോ?

മാധവൻ:- (സപരിഹാസം പൊട്ടിച്ചിരിച്ചിട്ട്) ആയിട്ടില്ലപോലും! ആയിട്ടില്ല. ഇനി എന്തുണ്ട് ആകാൻ?

വേണു:- പരിഹസിക്കണ്ട. ഞാനൊന്നും നേടിയിട്ടില്ലെന്നല്ലെ? ശരിയായിരിക്കാം. നിന്റെ ദൃഷ്ടിയിൽ ഞാൻ ഒന്നും നേടിയിട്ടില്ല.

മാധവൻ:- നേടിയ സമ്പാദ്യമല്ലേ കൊണ്ടു വച്ച് കാലും നീട്ടിയിരുന്നുണ്ണുന്നത്.

വേണു:- ചിലർക്കുണ്ണു മാത്രമാണ് സമ്പാദ്യം. ഉണ്ണാൻ നേടിയാൽ നേട്ടമായി.

മാധവൻ:- അല്ലല്ല. കാറ്റു നിറച്ച ബലൂൺ പോലെ ആദർശോം പ്രസംഗിച്ചു നടക്കണം. ഒടുവിൽ കാറ്റും പോയിട്ട് ആളും പോയി. ഠപ്പ്.

വേണു:- അടുക്കാനാവാത്ത അന്തരത്തിലാണ് നാം നിൽക്കുന്നത്.

മാധവൻ:- അടുക്കണമെന്ന് ഇവിടെ ആർക്കും മോഹമില്ല, പക്ഷേ പറയുമ്പം ആർക്കും മുഞ്ഞി വീർക്കരുത്.

വേണു:- ചോറു തരുന്നു. ചോറു തരുന്നു, ചോറു തരുന്നു! ഇതു പറയുന്നതിനൊരറുതിയില്ലേ?

മാധവൻ:- അതിനനുസരിച്ച് കൂറുകാട്ടാത്തിടത്തോളം പറയുക തന്നെ ചെയ്യും.

വേണു:- എന്താണ് നീ ഇപ്പറയുന്ന കൂറ്?

മാധവൻ:- കണ്ണിക്കണ്ട പൊലേനേം നാലാം വേദക്കാരനേം പിടിച്ചു പൊര യ്ക്കകത്തു കേറ്റല്. അവൻമാരുടെ തോളേ കൈയിട്ട്, അവരുടെ ഇഷ്ടോം നോക്കി നടക്കുക. എനിക്കതിഷ്ടമില്ല

വേണു:- (ഉയർന്നു വന്ന ഉദ്വേഗമടക്കി) നിനക്കിഷ്ടമില്ലാത്തതു കൊണ്ട്?

മാധവൻ:- എനിക്കിഷ്ടമില്ലാത്തതൊന്നും ഞാൻ പുലർത്തുന്ന ആ വീട്ടിൽ നടക്കാൻ പാടില്ല.

വേണു:- മാധവാ! നീ മനുഷ്യനെ സ്നേഹിക്കാൻ ഇനിയും പഠിച്ചിട്ടില്ല.

മാധവൻ:- സ്വന്തം ജാതിയെയും മതത്തെയും സ്നേഹിക്കണമെന്ന് എനി ക്കറിയാം.

വേണു:- അതിൽക്കൂടുതൽ നീ അറിയേണ്ടിയിരിക്കുന്നു. മാധവാ! ഞാൻ കണ്ടതൊക്കെ നീയും കണ്ടിരുന്നെങ്കിൽ! ഞാനനുഭവിച്ച തൊക്കെ നീയും അനുഭവിച്ചിരുന്നെങ്കിൽ! കണ്ണടച്ചാൽ തലയറ്റ മനുഷ്യശരീരങ്ങളുടെ നീണ്ട ഘോഷയാത്ര! കണ്ണു തുറന്നാൽ പിഞ്ചുകുഞ്ഞുങ്ങൾ, പൂർണ്ണഗർഭിണികൾ അങ്ങനെ രക്ത ത്തിൽക്കിടന്ന് തുടിക്കുന്നത്;വെള്ളം വെള്ളം എന്നു വിളിച്ചു ചാവുന്നത്.

മാധവൻ:- ഇതിനൊക്കെ കാരണം ആരാ? മുസ്ലീങ്ങൾ! അവരെയാണ് പൂജി ക്കണമെന്നുപദേശിക്കുന്നത്.

വേണു:- മുസ്ലീമും ഹിന്ദുവുമായിരുന്നില്ല മനുഷ്യനായിരുന്നു. അല്ല; മൃഗം.. മൃഗം.

മാധവൻ:- എനിക്കീ വേദാന്തമൊന്നും വേണ്ട. വേദാന്തം പറയാഞ്ഞിട്ടാ കണ്ണും കണ്ട്, മൂന്നു നേരോം വെള്ളോം കുടിച്ചു നടക്കുന്നത്.

വേണു:- (ഹൃദയവേദനയോടെ) മാധവാ! എന്റെ കണ്ണുപോയി! അതിന്റെ നഷ്ടം-വേദന-അത് ഞാൻ സഹിച്ചോളാം. ആ പുണ്ണിൽ നീ ഇങ്ങനെ കൊള്ളിവാക്കിട്ടു കുത്തരുത്. അരുത്.



മാധവൻ:- ആരും കുത്താൻ വരുന്നില്ല. പക്ഷേ, ഇവൻമാരെ ആരേം ഈ പടിക്കകത്തു വച്ച് ഞാനിനി കാണരുത്. നമുക്കു പിടിച്ചു പുറ ത്താക്കാനൊക്കുമോ? ചോദിച്ചാൽ പറയും ''വേണു ഏട്ടൻ വിളിച്ചു; ശാന്തി വിളിച്ചു'' സഹിച്ചു സഹിച്ചു സഹികെട്ടെ നിക്ക്!

(വേണു നിശ്ശബ്ദം)

മാധവൻ:- എന്താ മറുപടി പറയാത്തത്? ഒക്കത്തില്ലെന്ന് സാരം. ഇന്നു തന്നെ ഞാൻ വന്നപ്പോൾ ആ തേവൻ-അവനുണ്ടിവിടെ ഇറ യത്ത്. ഇതെന്താ സത്രമോ മറ്റോ ആണോ?

വേണു:- എന്റച്ഛന്റെ തലപ്പുലയനാണ് തേവൻ. അറിയുമോ?

മാധവൻ:- (സപരിഹാസം) അറിയുമേ! അറിയും. അതിനെക്കാളേറെ അറിയും.

വേണു:- (ഉദിച്ചു വരുന്ന കോപം അടക്കാൻ പ്രയാസപ്പെട്ട്) മാധവാ!

മാധവൻ:- ആ മാലപ്പെണ്ണ് മരിച്ചില്ലെ? ഇനിയും എന്തിനാ?

വേണു:- (വികാരാവേശം കൊണ്ട് രണ്ടു മൂന്നടി മുന്നോട്ടു വയ്ക്കുന്നു. പെട്ടെന്നു നിന്ന് കൈ രണ്ടും ഞരടി അമർഷമൊതുക്കീട്ട്.) മാധവാ! ഒരക്ഷരം പറയരുതവളെപ്പറ്റി (മൃദുവും ശോകാത്മ കവുമായ സ്വരത്തിൽ) എന്റെ ഹൃദയത്തിന്റെ ഏറ്റവും അഗാ ധമായ ഒരു കോണിൽ അവൾക്കു മാത്രമായി ഞാൻ ഒരിടം ഒഴി ച്ചിട്ടിരിക്കുകയാണ്. തിരക്കു പിടിച്ച പട്ടണത്തെരുവിൽ മനുഷ്യ ശരീരം പുകുതി കത്തിയും കത്താതെയും കിടന്നപ്പോൾ... ചീഞ്ഞളിഞ്ഞ ശവത്തിൽ നിന്നും ദുർഗന്ധം ഉയർന്നുയർന്നു വന്നപ്പോൾ ഞാൻ അവളെ ഓർത്തു നിശ്വസിച്ചിരുന്നു. (സ്വരം വീണ്ടും തീക്ഷ്ണത പൂണ്ടുയരുന്നു) ഒരക്ഷരം പറയരുതവളെ പ്പറ്റി.

മാധവൻ:- (അൽപമൊന്ന് പരിഭ്രാന്തനാകുന്നുണ്ട്; എങ്കിലും അതു മറയ്ക്കുന്നു.) അവനു കിട്ടേണ്ടത് ഇന്നു കിട്ടും. അതിനു കൂടെയാ ഞാൻ പറഞ്ഞുവിട്ടത്. (ചിരിക്കുന്നു.)

വേണു:- എന്ത്? എന്ത്?

മാധവൻ:- അല്ല. വയലിൽ പോയിട്ടുണ്ട്. മുഹമ്മദ് കാസിമിന്റെ കയ്യുടെ ഊക്ക്!...ഹ!ഹ!ഹ!

വേണു:- (കോപം) ദ്രോഹി! തെളിച്ചു പറയൂ! പറയാൻ!

മാധവൻ:- പറയാനെന്തോന്ന്? ഇങ്ങനെ എന്തിനാ മറ്റൊള്ളോരു വേവലാതിപ്പെടണത്?

വേണു:- (തപ്പിത്തപ്പിചെന്നു മാധവന്റെ ചുമലു പിടിച്ചു കുലുക്കിക്കൊണ്ട്) പറയൂ വേഗം എന്തു ചെയ്തു തേവനെ? വേഗം പറയണം.

മാധവൻ:- ശെടാ, പാടെ! അവൻ വയലിപ്പോയി. നല്ല പണിക്കാരനെപ്പോലെ തമ്പുരാന്റെ വയലു കാക്കാൻ. വെള്ളം വെട്ടാൻ ആരാനും വന്നാൽ വിട്ടുകൊടുക്കരുതെന്നു ഞാനും പറഞ്ഞു.

വേണു:- ചതിച്ചു! ദ്രോഹി! ചതിച്ചു! (തോളിലെ പിടി വിടുന്നു. വാതിലിനടുത്തേക്കു നടക്കാൻ ആയുന്നു.)

ശാന്തി:- (പരിഭ്രാന്തയായി) എന്താ വേണു ഏട്ടാ?

വേണു:- എനിക്കു പോകണം. എനിക്കു വയലിൽപ്പോകണം ശാന്തി! എവിടെ നീ വരൂ.. ശാന്തി! നമ്മുടെ തേവൻ!

(മാധവൻ പൊട്ടിച്ചിരിക്കുന്നു. ശാന്തി വേണുവിന്റെ അടുത്തെത്തി അയാളുടെ കൈ പിടിക്കുന്നു. രണ്ടു പേരും ഒരടി കൂടി മുന്നോട്ടു വയ്ക്കുന്നതിനു മുമ്പ് ''തമ്രാ'' എന്നു വിളിച്ചു കൊണ്ട് അടികൊണ്ടു കീറിയ തലയുമായി



രക്തവുമൊലിപ്പിച്ച് തേവൻ പ്രവേശിക്കുന്നു. ശാന്തിയിൽ നിന്നും ദീർഘമായ ഒരാക്രന്ദനമുയരുന്നു. മാധവന്റെ പൊട്ടിച്ചിരിയും പെട്ടെന്ന് നിൽക്കുന്നു. എന്താണ് സംഭവിച്ചതെന്നറിയാതെ വേണു പരിഭ്രമിക്കുന്നു.)

വേണു:- (ഉച്ചത്തിൽ) തേവാ...എന്റെ തേവാ...അയ്യോ! എന്തു പറ്റി?

ശാന്തി:- (ഒപ്പം) തേവാ! (ഓടി അടുത്തു ചെന്നു സാരി കീറി തലയിൽ കെട്ടുന്നു. മാധവൻ നിർവികാരനായിത്തന്നെ നിൽക്കുകയാണ്.) ഇതെങ്ങനെപറ്റി തേവാ! ഇതെങ്ങനെ പറ്റി? (തേവൻ തറയിൽ ചടഞ്ഞു കൂടിയിരിക്കുകയാണ്).

തേവൻ:- തമ്രാ! (മാധവനെ നോക്കി) മമ്മട്ടി വച്ചടിച്ചമ്രാ! തല കീറിപ്പോയമ്രാ!... ദൈവം തമ്രാനേ! അമ്മച്ചിയേ! വെള്ളം! (ശാന്തി ഓടിച്ചെന്ന്, വെള്ളം എടുത്തു കൊണ്ടു വരുന്നു. വേണു ഈ സമയം കൊണ്ടു തേവനിരിക്കുന്നിടത്തെത്തിക്കഴിഞ്ഞു. വേണു തേവനെപ്പിടിച്ച് സ്വശരീരത്തോടു ചേർക്കുന്നു. മുതുകിൽ സ്നേഹപൂർവ്വം തലോടുന്നു.)

വേണു:- (അലിവോടെ) തേവാ...

മാധവൻ:- നീയെത്ര അങ്ങോട്ടു കൊടുത്തു തേവാ?

തേവൻ:- ഏന്..പറ്റീല്ല തമ്രാ..അതിനു മുമ്പ്...

മാധവൻ:- ശപ്പൻ! വർഗ്ഗത്തിന്റെ അന്തസ്സേ പോയി! ഒരു ഹിന്ദുവിനേം തല്ലിയിട്ടു രണ്ടുകാലേ നടന്നു പോകാമോടാ അവൻ? നിനക്കൊക്കെ ചോറു തരുന്നതും പട്ടിക്കിടുന്നതുമൊപ്പമാ.

വേണു:- (സകോപം എണീറ്റ്) മാധവാ! നിറുത്ത്. ഏതിനും ഒരതിരുണ്ട്.

മാധവൻ:- അതേ എനിക്കും പറയാനുള്ളൂ. എല്ലാറ്റിനും ഉണ്ടൊരതിര്. സ്വന്തം അമ്മാവനെ പിടിച്ചണച്ചിരിക്കും പോലല്യോ...ഇത്ര

അൻപുള്ള ആളാ, അച്ഛൻ ചത്തപ്പം ഏതോ ഒരു ആളുകേറാ മലയില് സന്യസിക്കാൻ പോയിരുന്നത്.

വേണു:- (കോപം കൊണ്ടു വിറച്ചു) മാധവാ! നിന്നോടു നിറുത്താനാണു പറഞ്ഞത്. തല പിളർന്നു രക്തം തൂവി വന്നിരിക്കുന്ന തേവനെ ഒരിറ്റാശ്വസിപ്പിക്കാൻ കൂടി നോക്കാതെ..

മാധവൻ:- ആശ്വസിപ്പിക്കേണ്ടവരാശ്വസിപ്പിക്കുകല്യോ. തേവാ! നീ ഇനി ഈ പണിക്കു കൊള്ളത്തില്ലെടാ. ഞാൻ വേറെ ആളന്വേഷിച്ചോളാം. കിട്ടിയതും വാങ്ങിച്ചോണ്ട് അങ്ങോട്ടൊന്നു കൊടുക്കാതെ വന്നിരിക്കുന്നു. ശപ്പൻ! അതും ഒരു മേത്തന്റടുത്തൂന്ന്.

വേണു:- മാധവാ! ഞാനൊന്നു കൂടി പറയുന്നു. ഇതു നിറുത്താൻ.

മാധവൻ:- ഇല്ലെങ്കിൽ...? ഇല്ലെങ്കിൽ?

വേണു:- (രുഷ്ടനായി) ഇല്ലെങ്കിലോ? ഇല്ലെങ്കിലോ? (തപ്പിത്തപ്പി മുന്നോട്ടടുക്കുന്നു.)

മാധവൻ:- കണ്ണു കാണാൻ വയ്യെങ്കിലെന്ത്? മറുജാതീടെ മാനം നേടാൻ നടക്കുന്ന യോഗ്യൻ!

വേണു:- (കടുത്ത സ്വരത്തിൽ) മാധവാ!

മാധവൻ:- നിറുത്തത്തില്ല. എന്തു ചെയ്യും? കാണട്ടെ. അത്രയ്ക്ക്.

(മുഴുമിക്കുന്നതിനു മുമ്പു വേണുവിന്റെ കൈ മാധവന്റെ ചെകിട്ടിൽ പതിക്കുന്നു. മാധവന് ഇത് അപ്രതീക്ഷിതമായിരുന്നു. അവൻ ഇതികർത്തവ്യതാമൂഢനായി അല്പസമയം നിന്നു പോകുന്നു. ശാന്തി ഉദ്വേഗത്തോടെ വിളിക്കുന്നു. തേവനും തല പൊക്കുന്നു.)

ശാന്തി:- ചേട്ടാ!

തേവൻ:- തമ്രാ! അയ്യോ? എന്റെ വല്യമ്രാ (വേണു കോപത്താൽ നിന്നു വിറയ്ക്കുകയാണ്)



മാധവൻ:- ഇതെന്റെ വീടാണ്. അതെ. ഇത് എന്റെ... എന്റെ മാത്രം വീടാണ്. നീയും അവളും എല്ലാം എന്റെ ചോറാണെടാ എന്റെ തോറ്. ഓരോ ഇഞ്ചു ചതയും ഓരോ ഇറ്റു ചോരയും എന്റേതാ. എന്റേത്.

വേണു:- നിറുത്താനാണ് പറഞ്ഞത്. നിറുത്താൻ.

മാധവൻ:- ഇല്ല. ഇവിടെ നിന്ന് ഞാൻ അട്ടഹസിക്കാനാണ് പോകുന്നത്.

ശാന്തി:- ചേട്ടാ!

മാധവൻ:- പോടീ അകത്ത്. ഈ തളത്തിൽ കണ്ടു പോകരുത് നിന്നെ. ഉം

വേണു:- ശരി. ഇതു നിന്റെ വീടാണ്. കണ്ണു കാണാക്കുരുടൻ ഞാൻ ഇവിടെ അധികപ്പറ്റ്..(തെല്ലിട നിന്നിട്ട്) ശാന്തി! ശാന്തി!

ശാന്തി:- എന്താണേട്ടാ?

വേണു:- എന്റെ വടിയിങ്ങു തരൂ ശാന്തി. ഈ വീട്ടിനും എന്റെ അനിയനും ഞാനൊരു ഭാരമാ. ഭാരം. വലിഞ്ഞു കയറിയവൻ തനിയേ ഒഴിഞ്ഞേക്കാം. എടുക്ക്.

ശാന്തി:- ഏട്ടാ! ഞാനും...എന്നെക്കൂടി കൊണ്ടു പോകൂ എന്നെയും.

തേവൻ:- തമ്രാ! ഏനും..ഏനും..(പിടഞ്ഞെണീക്കുന്നു).

മാധവൻ:- (സപരിഹാസം) ഭേഷ്! ചേർച്ചയുള്ളതു ചേർന്നു! എനിക്കല്പം പണിയുണ്ട്.

(മേശക്കരുകിൽ ചെന്ന് ഈ സംഭവവികാസങ്ങളിൽ സ്പഷ്ടമേ അലസനെന്നപോലെ ഭാവിച്ച് കണക്കു കൂട്ടുക, കാശു മേശപ്പുറത്തു തട്ടിയിട്ടെണ്ണുക തുടങ്ങിയവ ചെയ്യുന്നു. ഒരു വെള്ളി രൂപാ ശബ്ദമുണ്ടാക്കുമാറ്, ഒരു പ്രകടനമെന്ന നിലയിൽ, ആകാശത്തിലേക്കെറിഞ്ഞു പിടിക്കുന്നു. പൊട്ടിച്ചിരിക്കുന്നു. അതിനിടയിലാണ് ഇനി അങ്ങോട്ടുള്ള സംഭാഷണം.)

വേണു:- ശാന്തി! ചേട്ടൻ പറയുന്നതു കേൾക്ക്. നീ ഇപ്പഴിറങ്ങരുത്.

ശാന്തി:- (ദയനീയം) ചേട്ടാ!...

വേണു:- അതേ ശാന്തി. നീ കാപട്യമറിയാത്ത ഒരു പെൺകുഞ്ഞ്. ഈ ലോകം നിനക്കോ, നീ ഈ ലോകത്തിനോ പാകമായിട്ടില്ല. ചേട്ടൻ ഇനി ഒരിക്കൽ വരാം. അന്ന്... അന്നു വന്നാൽ മതി അനിയത്തി.

ശാന്തി:- ചേട്ടൻ?

വേണു:- ഞാൻ പോവുകയായി.

ശാന്തി:- എവിടേക്ക്?

വേണു:- എവിടെക്കെങ്കിലും, ഏതെങ്കിലും കടത്തിണ്ണകളിൽ-ശ്മശാനങ്ങളിൽ-കടൽപ്പുറങ്ങളിൽ...

ശാന്തി:- അയ്യോ! എന്റെ ചേട്ടാ!...

വേണു:- സാരമില്ലയനിയത്തി. ആ ശ്മശാനഭീകരതയിൽ നിന്നുമുള്ള എന്റെ ഓട്ടം അവസാനിച്ചിട്ടില്ല. അത്ര തന്നെ. ഞാൻ പോകട്ടെ. ഈ കൂര എന്റേതല്ല ശാന്തി. (ഗദ്ഗദച്ഛായയിൽ) വടി തരൂ.

ശാന്തി:- ഈ വീട്ടിൽ ഞാനായിരുന്നു ചേട്ടന്റെ വടി. ഇന്ന്.. ഇന്ന്.. ചേട്ടാ!

വേണു:- സാരമില്ല; ശാന്തി. എന്റെ വടി എടുത്തു തരൂ അനിയത്തി.

(ശാന്തി കരഞ്ഞുകൊണ്ട് വടി എടുത്തു കൊണ്ടു വരുന്നു. തേവൻ പെട്ടെന്ന് ആ വടി പിടിച്ചു വാങ്ങിക്കുന്നു; ചവിട്ടി ഒടിക്കുന്നു)

ശാന്തി:- തേവാ! തേവാ! ചേട്ടന്റെ വടി.

(തേവൻ നടന്ന് വടിയിരിക്കേണ്ട സ്ഥാനത്തു ചെന്നു നിന്ന് വേണുവിന്റെ കൈ പിടിച്ച് തന്റെ തോളിൽ ചേർത്തിട്ട്.)

തേവൻ:- നടക്ക് തമ്രാ! ഇനി തേവനാ തമ്രാന്റെ വടി. ഈ വടി ഒടിഞ്ഞിട്ടേ തമ്രാ വീഴത്തൊള്ള്...നടക്ക് തമ്രാ...നടക്ക്...



(ശാന്തി പൊട്ടിക്കരയുന്നു. മാധവൻ പരിഹസിച്ചു പൊട്ടിച്ചിരിക്കുന്നു. വേണുവും തേവനും രംഗത്തിന്റെ ഒരറ്റത്തെത്തിക്കഴിഞ്ഞിരിക്കുന്നു. ശാന്തി പെട്ടെന്നു വിളിക്കുന്നു.)

ശാന്തി:- ചേട്ടാ! ചേട്ടാ ഒരു നിമിഷം.

(തേവനും വേണുവും നിൽക്കുന്നു)

ശാന്തി:- വേണുവേട്ടാ! ഇപ്പോൾ.. ഇപ്പോൾ...എനിക്കു മനസ്സിലായി. ഇതാണ് (മുറി ചൂണ്ടിക്കാണിച്ചു കൊണ്ട്) ഇതാണു നവഖലി. അല്ലെ ചേട്ടാ.

വേണു:- അതെ അനിയത്തി.

ശാന്തി:- സബർമതി?

വേണു:- ഞാനും തേവനും അവിടേക്കാണ് പോണത്. അനിയത്തി.

ശാന്തി:- എത്ര ദൂരം നടക്കണം ഏട്ടാ.

വേണു:- രൂപമില്ല. വളരെ വേണം. പക്ഷേ ഞങ്ങളവിടെ എത്തും ശാന്തി. സബർമതി ദൂരെയാണ്. നവഖലിയാണ്, സമീപം നവഖലി!

ശാന്തി:- ചേട്ടാ! ഞാനെന്തുതരും എന്റേതായി ചേട്ടന്?

തേവൻ:- കുഞ്ഞോ! കുഞ്ഞിന്റെ കരളിന്റുള്ളിലെ സ്നേഹം.

ശാന്തി:- ഒരു നിമിഷം ഞാനകത്തു പോയിട്ടു വരട്ടെ ചേട്ടാ. എന്തെങ്കിലും.

മാധവൻ:- (താനിരുന്നിടത്തു നിന്ന്) എന്റേതൊന്നും സ്വീകരിക്കാതല്യോ പോക്ക്. എന്റേതല്ലാതെന്തുണ്ടെടീ നിനക്കിവിടെ? (പൊട്ടിച്ചിരിക്കുന്നു)

ശാന്തി:- (ഒരു നിമിഷം ആലോചിച്ചു നിന്നിട്ട്) ഈ വിളക്ക്... (റാന്തൽ എടുക്കുന്നു) അതെ ഈ വിളക്ക്. ഇത് നിങ്ങളുടേതല്ല. ഇതു ഞാൻ നേടിയതാണ്. എന്റെ സ്ക്കൂളിൽ വച്ച് സമ്മാനം.

വേണു ഏട്ടാ നിൽക്ക്. ഈ വിളക്കിരിക്കട്ടെ ചേട്ടന്റെ കയ്യിൽ. വഴിയിൽ ഇതു വെളിച്ചം തരും. ഇവിടെ ഇരുട്ടു മതി ഏട്ടാ. ഇരുട്ടാ നല്ലത്. (തേവന്റെ കയ്യിൽ വിളക്കു പിടിപ്പിക്കുന്നു.)

വേണു:- ശാന്തി! ശാന്തി! ഞങ്ങൾ പോവുകയാണനിയത്തി. സബർമതി ദൂരെയാണ്-അങ്ങു ദൂരെ, അവിടെ എത്തണം. പോകട്ടെ...പോകട്ടെ അനിയത്തി...തേവാ!

തേവൻ:- ഓ! നടക്കാമ്രാ,

മാധവൻ:- ചേരേണ്ടതു ചേർന്നു. ഇതു തന്നെ യോഗ്യത! മാനം! അന്തസ്സ്! (ഉറക്കെ ചിരിക്കുന്നു.)

(രംഗത്തെ ദീപം മുഴുവൻ റാന്തൽ മറയുമ്പോൾ അണയ്ക്കണം. ശാന്തി ദൂരെ, ദൂരെ അകന്നു പോകുന്ന വെളിച്ചവും അതോടൊത്തകലുന്ന നിഴലുകളും നോക്കി നിൽക്കുകയാണ്. മാധവന്റെ ഒരു വലിയ നിഴൽ കാണാം. വേണുവിന്റെ ഒടിഞ്ഞ ഊന്നുവടി അയാൾ കുനിഞ്ഞെടുക്കുന്നു. ചിന്തിച്ചു കൊണ്ടെന്നപോലെ ആ വടിയുടെ ഒടിഞ്ഞ കഷണങ്ങൾ യോജിപ്പിക്കാൻ ശ്രമിക്കുന്നു.)

ശാന്തി:- വേണ്ട; ഒടിഞ്ഞത് ഒടിഞ്ഞതായിരിക്കട്ടെ. ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും.

മാധവൻ:- ഇവിടാർക്കും ഏച്ചു കെട്ടണ്ട. (വലിച്ചു ദൂരെ എറിയുന്നു.)

ശാന്തി:- ആ വിളക്കും മാഞ്ഞു. നവഖലി! നവഖലി! സബർമതി ദൂരെയാണ്..ദൂരെ! വളരെ...വളരെ ദൂരെ. പക്ഷേ വേണു ഏട്ടാ..നമ്മളവിടെത്തില്ലേ...! എത്തും.

(മാധവൻ പൊട്ടിച്ചിരിക്കുന്നു. ശാന്തി 'സബർമതി ദൂരെയാണ് ദൂരേ' എന്നാവർത്തിച്ചു പറയുന്നു.)

- കർട്ടൻ -



# ഉപപാഠവിഭാഗം

## 1. അറ്റു പോകാത്ത ഒരു കണ്ണി

എം.ടി.വാസുദേവൻ നായർ

[സാഹിത്യകാരൻ, പത്രാധിപർ, തിരക്കഥാകൃത്ത്, സിനിമാ സംവിധായകൻ എന്നീ നിലകളിലെല്ലാം പ്രശസ്തനാണ് എം.ടി.വാസുദേവൻ നായർ (1933-) നോവൽ രംഗത്തും ചെറുകഥാ രംഗത്തും ഒരേ പോലെ വിജയിക്കാൻ കഴിഞ്ഞ അദ്ദേഹം മികച്ച ഭാരതീയ സാഹിത്യകാരന്മാർക്കു നല്കി വരുന്ന ജ്ഞാനപീഠ പുരസ്കാരത്താൽ ബഹുമാനിതനായിട്ടുണ്ട്. ഓളവും തീരവും, ഇരുട്ടിന്റെ ആത്മാവ്, സ്വർഗ്ഗം തുറക്കുന്ന സമയം, കുട്ട്യേടത്തി, വാനപ്രസ്ഥം, നാലുകെട്ട്, കാലം, അസുരവിത്ത്, മഞ്ഞ്, രണ്ടാമൂഴം തുടങ്ങി ചെറുകഥാ സമഹാരങ്ങളായും നോവലുകളായും അനേകം കൃതികൾ അദ്ദേഹത്തിൽ നിന്നും നമുക്ക് ലഭിച്ചിട്ടുണ്ട്. എം.ടി.യുടെ തെരഞ്ഞെടുത്ത കഥകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒന്നാണ് അറ്റു പോകാത്ത ഒരു കണ്ണി.]

'എന്റെ എത്രയും പ്രിയപ്പെട്ട ശേഖരേട്ടൻ വായിച്ചറിയാൻ സ്വന്തം സഹോദരി അമ്മുക്കുട്ടി എഴുതുന്നത്...

അച്ഛൻ കുറച്ചു ദിവസമായി സുഖമില്ലാതെ കിടക്കുകയാണ്. അച്ഛൻ പറഞ്ഞിട്ടാണിതെഴുതുന്നത്. ശേഖരേട്ടന് ഞങ്ങളെ ആരെയും പരിചയമുണ്ടാവില്ല. അച്ഛൻ ശേഖരേട്ടനെപ്പറ്റി ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. അച്ഛൻ ശേഖരേട്ടനോട് ഒന്നിവിടേക്കു വരാൻ പറഞ്ഞിരിക്കുന്നു. അച്ഛന് ഒന്നു കാണാനാണ്. ഞങ്ങൾക്കും ഒന്നു കാണാലോ. കത്തു കിട്ടിയ ഉടനെ വരുമെന്നു കരുതുന്നു. ശേഷം വഴിയെ. എന്ന് സ്വന്തം അമ്മുക്കുട്ടി.'

മുഷിഞ്ഞ കടലാസിൽ തേഞ്ഞ പെൻസിൽ കൊണ്ടെഴുതിയ ആ കത്ത്

വായിച്ചപ്പോൾ അയാൾക്കു ആദ്യം ഒരമ്പരപ്പാണ് തോന്നിയത്. അയാൾ ക്കൊന്നും മനസിലാവുന്നില്ല...സഹോദരി അമ്മുക്കുട്ടി അച്ഛൻ-എല്ലാം അർ ത്ഥശൂന്യങ്ങളായ ചില പദങ്ങളായിട്ടാണ് അയാൾക്കനുഭവപ്പെട്ടത്.

തണുത്തു തുടങ്ങിയ കാപ്പി പതുക്കെ മോന്തിക്കൊണ്ട് അയാൾ ആലോ ചിച്ചു. ഓർക്കുന്തോറും അല്പാല്പം വ്യക്തമാവുന്നുണ്ട്. ജീവിതത്തിന്റെ ചില പഴയ താളുകൾ ഓർമ്മയുടെ വെളിച്ചത്തിൽ അയാൾ കാണുന്നു.

ഒരിക്കൽ കൂടി, അയാൾ ആ കത്ത് വായിച്ചു. അപ്പോൾ അയാൾക്കത്ഭു തമല്ല ഒരു വെറുപ്പാണ് തോന്നിയത്.

അച്ഛൻ അയാളെ ഓർക്കുന്നുവത്രെ! തനിക്കൊരു മകനുണ്ടെന്ന് ഇപ്പോൾ അദ്ദേഹത്തിന് ഭൂതോദയം വന്ന പോലെ...! എന്നിട്ടാവിവരം അച്ഛന്റെ ഓമനമകൾ എഴുതിയിരിക്കുന്നു. നോക്കട്ടെ, എന്താണവളെഴുതി യിരിക്കുന്നത്? എത്രയും പ്രിയപ്പെട്ട ശേഖരേട്ടൻ...!

അച്ഛനും അച്ഛന്റെ രണ്ടാം ഭാര്യയും മകളും ഓർക്കുന്നു പോലും! അവർക്ക് കാണാനാഗ്രഹമുണ്ടത്രെ. ആ ക്ഷണത്തിന്റെ പിന്നിലുള്ള മനോ ഭാവം അയാൾക്കു മനസ്സിലാവുന്നുണ്ട്. ഉദ്യോഗവും മാന്യതയും ആവശ്യ ത്തിനുള്ള പണവുമുണ്ടായപ്പോൾ അറ്റു പോയ ബന്ധങ്ങൾ ഏച്ചു കൂട്ടി പുതുക്കാനെത്തിയിരിക്കുന്നു.

ഇതൊന്നുമില്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. കയ്യിൽ കാശില്ല, സഹായിക്കാൻ ആരുമില്ല. അന്ന് വാത്സല്യനിധിയായ ഈ അച്ഛൻ എവിടെ യായിരുന്നു? പട്ടിണിയും പാടുമായി അമ്മയും മകനും ജീവിതത്തിന്റെ പൊള്ളുന്ന നെരുപ്പോടിൽ കഴിയുമ്പോൾ, കയ്പുനീർ കുടിച്ചിറക്കുമ്പോൾ അച്ഛൻ പുതിയ ദാമ്പത്യജീവിതം ആസ്വാദിച്ചാനന്ദിക്കുകയായിരുന്നു...

മൺ മറഞ്ഞു പോയ അമ്മയെപ്പറ്റി ഓർത്തപ്പോൾ അയാളുടെ കണ്ണു കൾ നിറഞ്ഞു. ജീവിതത്തിൽ അവർ സുഖമെന്തെന്നറിഞ്ഞില്ല. ഇളം പ്രായ ത്തിൽ വിവാഹിതയായി. ആറു കൊല്ലം നീണ്ടു നിന്ന ദാമ്പത്യം. ഭർത്താവു പേക്ഷിച്ചപ്പോൾ ഒരു തകർന്ന ഹൃദയവും ഒരു തളിരു പോലത്തെ കുഞ്ഞും



മാത്രമായിരുന്നു. ബാക്കി. സ്നേഹം തിളങ്ങുന്ന ആ കണ്ണുകൾ നനഞ്ഞു കൊണ്ടേ അയാൾ കണ്ടിട്ടുള്ളു. അച്ഛനെപ്പറ്റി അയാൾ ഓർക്കാറില്ല. കൊച്ചു കുഞ്ഞായിരുന്ന കാലത്ത് അമ്മ പറഞ്ഞ ഓർമ്മയേയുള്ളു.

ക്ലാസ്സിലെ കൂട്ടുകാർക്കെല്ലാം അച്ഛനുണ്ട്. അവർക്ക് ഓണത്തിനും വിഷു വിനും പാവുമുണ്ടും കവറിട്ട പന്തും കിട്ടാറുണ്ട്. അടുത്ത വീട്ടിലെ ദാമു വിന്റെ അച്ഛൻ മദ്രാസിലാണ്. എന്നാലും കൊല്ലത്തിലൊരിക്കൽ വരും. വരു മ്പോൾ ദാമുവിന് പലതും കൊണ്ടു വന്നു കൊടുക്കും. തന്റെ അച്ഛനെ ന്താണു വരാത്തത്?

അച്ഛൻ അത്ര ദൂരത്തൊന്നുമല്ല. മദിരാശിയേക്കാളും ദൂരമുണ്ടോ എട ക്കല്ലൂർക്ക്?

അതിനിടയ്ക്ക് അവന്റെ ക്ലാസ്സിലെ നാരായണി പറയുന്നു:

'ആ കുട്ടീടെ അച്ഛൻ മാറ്റിപ്പോയീത്രെ.'

അത് ശേഖരൻ കേട്ടു. അവനെ ഉദ്ദേശിച്ചാണല്ലൊ പറഞ്ഞത്.

'ആരെ പറഞ്ഞു?'

'ഇന്റമ്മ പറയേ'

ഓ, അവളുടെ അമ്മയ്ക്കറിയാത്തത് ഒന്നുമില്ലന്നാണ് നാട്യം. മാറ്റിപ്പോ വുകയെന്നു വെച്ചാൽ...? ശേഖരന് മനസ്സിലാവുന്നില്ല.

സംശയം തീർക്കുക തന്നെ വേണം. ആരോടാണ് ചോദിക്കേണ്ടത്? അമ്മയോടു തന്നെ ചോദിക്കാം. അമ്മയെ മാത്രമേ അവന് വിശ്വാസമുള്ളു. വലിയമ്മയെ അവന് ഭയമാണ്. ഇടി വെട്ടുന്ന പോലെയാണ് എന്തെങ്കിലും പറയുക. തോട്ടം മുടിയാൻ കാലത്ത് മുച്ചീർപ്പൻ കുലച്ച കഥയാണ് അവർ ക്കെപ്പോഴും പറയാനുള്ളത്. മുത്തശ്ശിയെക്കൊണ്ട് ഉപദ്രവമൊന്നുമില്ല. മുത്ത ശ്ശിക്ക് അവനെ ഇഷ്ടമാണെന്നു തോന്നുന്നു. ചിലപ്പോൾ അടുത്തിരുത്തി തല തടവിക്കൊണ്ട് പറയും.

'ഒക്കേറ്റിനും മണ്ടേല് വര നന്നാവണ്ടെ?

അവൻ അമ്മയോട് ചോദിച്ചു:

'അച്ഛൻ മാറ്റിപ്പോയ്യോ അമ്മെ?'

അതു കേട്ടപ്പോൾ അമ്മയുടെ നനഞ്ഞ കണ്ണുകൾ തീക്കട്ടകളായി മാറി. ഇടത്തെ ചെകിടത്ത് ഒന്നു പൊട്ടിയതേ അവനറിഞ്ഞുള്ളൂ. ഏങ്ങിക്കരഞ്ഞു കൊണ്ട് അവർ അവൻ സ്ഥലം വിട്ടു: കോലായയുടെ അറ്റത്തു ചെന്നു തിരിഞ്ഞു നോക്കിയപ്പോൾ അമ്മയും കരയുന്നു.

അച്ഛനെപ്പറ്റി അവൻ പിന്നെ ചോദിച്ചില്ല. ആരും പറഞ്ഞതുമില്ല. അങ്ങിനെ ആ വാക്ക് മറക്കാൻ അവൻ പാടുപെടുകയായിരുന്നു.

മുതിർന്നപ്പോഴാണവന് മനസ്സിലായത്.

അച്ഛൻ അമ്മയെ ഉപേക്ഷിച്ചു. അച്ഛന് വേറെ ഭാര്യയുണ്ട്. കുട്ടിയുമുണ്ട്. അവർക്ക് സുഖമെന്നു കേൾക്കുന്നു.

വിസ്മൃതിയിൽ കുഴിച്ചു മൂടിയിരുന്ന ആ പഴയ ഏടുകൾ ഇപ്പോൾ ഓർക്കാൻ കാരണം ഈ കത്താണ്. വേദനയൂറുന്ന ഓർമ്മകൾ...വിദ്യാർത്ഥി ജീവിതവും ഉദ്യോഗത്തിനുവേണ്ടി നടന്ന നാളുകളും ഓർത്തു പോവുന്നു. ഒരു മനുഷ്യന് ഇത്രയും സഹിക്കുവാൻ കഴിയുമോ? അയാൾക്കിന്ന് അത്ഭുതം തോന്നുന്നുണ്ട്.

അമർഷത്തോടെ അയാൾ ചിന്തിച്ചു: അന്നാരും അയാളെ ഓർത്തില്ല. അച്ഛൻ അന്നെവിടെയായിരുന്നു. പരീക്ഷയ്ക്കു പണമടയ്ക്കാൻ നിവൃത്തിയില്ലാതെ വലിയ വീട്ടുകാരുടെ മുറ്റത്തു ചെന്ന് യാചിക്കേണ്ടി വന്നപ്പോൾ... അമ്മ രോഗശയ്യയിലവശയായി കിടന്നപ്പോൾ...പട്ടിണി കൊണ്ടു തളർന്ന ശരീരവുമായി, സർട്ടിഫിക്കറ്റു പുസ്തകവുമെടുത്ത് നഗരങ്ങളിൽ അലഞ്ഞു തിരിഞ്ഞപ്പോൾ...

...അന്നാരും അയാളെ ഓർത്തില്ല!



ഇപ്പോൾ-

വേണ്ട അതാലോചിക്കാതിരിക്കയാണു ഭേദം.

നിലത്തു കിടന്നെരിയുന്ന സിഗരറ്റു കുറ്റി ചവിട്ടിത്തേച്ചു കൊണ്ട് അയാൾ എഴുന്നേറ്റു. ഷർട്ടും ബനിയനും അഴിച്ച് സ്റ്റാൻഡിൽ തൂക്കി തോർത്തെടുത്ത് അയാൾ കുളി മുറിയിലേക്കു കടന്നു. തണുത്ത ജലധാരയുടെ ചുവട്ടിലിരുന്ന് സോപ്പ് പതപ്പിക്കുമ്പോഴും ചിന്തകൾ ആ കത്തിന് ചുറ്റും പാറി നടക്കുകയായിരുന്നു.

ഹോട്ടലിൽ നിന്ന് ഊണെത്തി, പൊരിച്ച മത്തിയും തക്കാളിസ്സാമ്പാറുമുണ്ടായിരുന്നു. രണ്ടും ശേഖരന് പ്രിയപ്പെട്ടതാണ്. എങ്കിലും രുചി തോന്നിയില്ല. ഊണു കഴിഞ്ഞ് ഒരു സിഗരറ്റും കത്തിച്ച്, മുറിയുടെ മുൻവശത്തുള്ള വരാന്തയിലിരുന്നു.

'ശേഖരോ...'

താഴെ നിന്ന് ആരോ വിളിക്കുന്നു.

'ശേഖരനില്ലേ മോളില്?

'ഉവ്വ്'

ശബ്ദം കേട്ടപ്പോൾ ആളെ മനസ്സിലായി. റെവന്യൂ ഇൻസ്പെക്ടർ ജനാർദ്ദനക്കുറുപ്പാണ്. കറുപ്പ് തീപ്പെട്ടിയിൽ താളം പിടിച്ചു കൊണ്ട് ഒരു പഴയ സിനിമാപ്പാട്ടും മൂളി പതുക്കെ കയറി വന്നു.

'ഊണു കഴിഞ്ഞോ?'

'ഉവ്വ്'.

'നടക്കാൻ പോയില്ലേ?'

'ഇല്ല'.

'നാണുവും കുട്ടിശങ്കരൻനായരും സിനിമയ്ക്കടിച്ചിട്ടുണ്ട്. ഞാനിന്നു ജനതയ്ക്കു പോവ്വാണ്....''

'നാട്ടിലോ?'

'അതെ രണ്ടു ദിവസം ലീവ്'

'ഓ'

'മറ്റന്നാൾ വീട്ടിലൊരു മേര്യേയ്ജാണ്. യങ്ങ് സിസ്റ്ററുടെ ഇൻവിറ്റേഷൻ തന്നത് മറന്നോ-?'

'ഓ ഞാൻ മറന്നു പോയി.'

കുറുപ്പ് പതിവിലധികം ഉല്ലാസവാനായിരുന്നു.

'ഇതും കൂടി കഴിഞ്ഞാൽ നമ്മുടെ ഭാരമെല്ലാം തീർന്നു.'

'ഉം.'

'ബ്രദറും ഞാനും കൂടിയിട്ടാണ് എക്സ്പൻസ് മുഴുവൻ മീറ്റ് ചെയ്യുന്നത്...'

അതിനും ശേഖരൻ മൂളി.

'ശേഖരന് സിസ്റ്റേഴ്സില്ലേ?'

''ഏ..ഇല്ല...''

അതു പറയുമ്പോൾ അയാളുടെ തൊണ്ടയിലെന്തോ കുടുങ്ങിയ പോലെ തോന്നി.

സിസ്റ്റേഴ്സുണ്ടായാൽ ഭാരമാണ്. പക്ഷേ, ഒരു സുഖവുമുണ്ട്. മദറില്ലെങ്കിൽ പിന്നെ ഹോംലി ലൈഫ് വേണെങ്കിൽ സിസ്റ്റേഴ്സുണ്ടാവണം. വാട്ട്ഡു യൂ സേ?'

'എട്ടര...'

'ഓ, എനിക്കാ ജമാലിന്റവിടെ ഒന്ന് പോണം. അയാൾ എട്ടരക്ക് പീടിക പൂട്ടും. ഗുഡ്നൈറ്റ്.'

കുറുപ്പ് പോയി.



ശേഖരൻ ഒരു പഴയ ഡൈജസ്റ്റ് തപ്പിയെടുത്തു വായിക്കാനായിരുന്നു.

നാളെ കുറുപ്പിന്റെ സഹോദരിയുടെ വിവാഹമാണ്. കഴിഞ്ഞാഴ്ച ജേക്കബ്ബിന്റെ സഹോദരിയുടെ വിവാഹത്തിന്റെ ക്ഷണം വന്നു.

ഒരനുജത്തിയുണ്ടാവാൻ ചെറുപ്പത്തിൽ ആഗ്രഹിച്ചിരുന്നു. അനുജനേക്കാളും സ്നേഹിക്കുവാൻ കഴിയുക അനുജത്തിയെ ആണെന്ന് തോന്നിയിരുന്നു. അതിന്റെ കാരണമറിയുന്നില്ല. ലീവിനു നാട്ടിൽപ്പോകുമ്പോൾ കുസൃതിക്കാരിയായ ഒരു കൊച്ചനുജത്തി പടിക്കൽ കാത്തു നില്ക്കുക. അവൾക്ക് പട്ടുപാവാടയും ജാക്കറ്റും വേണം. അവൾ വളരുന്നു. വിവാഹപ്രായമാകുന്നു. അലങ്കരിച്ച കല്യാണപ്പന്തലിൽ, ആൾത്തിരക്കും ബഹളവും നിറഞ്ഞ അന്തരീക്ഷത്തിൽ എല്ലാ ഉത്തരവാദിത്വവും വഹിക്കുന്ന ശിരസ്സുയർത്തിപ്പിടിച്ചു നടക്കുക.. ഭർത്തൃഗൃഹത്തിലേക്ക് പോകുമ്പോൾ നിറഞ്ഞ കണ്ണുകളോടെ അവൾ യാത്ര പറയുന്നു...കൊല്ലങ്ങൾക്കു ശേഷം അവൾ ഭർത്താവൊരുമിച്ച് കാണാൻ വരുന്നു. ഒക്കിൽ, പല്ലു കുരുക്കാത്ത തൊണ്ണു കാട്ടിച്ചിരിച്ചു കൊണ്ട് ഒരോമനക്കുട്ടനുണ്ട്.

അനിയത്തി കുഞ്ഞിനോട് പറയുകയാണ്:

'മോനേ, വിളി, അമ്മമാന്ന്...'

പക്ഷേ അയാൾക്കൊരു പെങ്ങളുണ്ടായില്ല.

മേശപ്പുറത്തിരിക്കുന്ന ആ കത്ത് കാറ്റടിച്ചപ്പോൾ താഴെ വീണു. അപ്പോൾ അതിലെ വരികൾ വീണ്ടും മനസ്സ് ഉരുവിട്ടു പോയി. എന്റെ എത്രയും പ്രിയപ്പെട്ട ശേഖരേട്ടൻ വായിച്ചറിയാൻ സ്വന്തം സഹോദരി അമ്മുക്കുട്ടി എഴുതുന്നത്...'

അമ്മുക്കുട്ടിയെപ്പറ്റി അയാൾ ആലോചിച്ചു. വെറുതെ. അവൾക്കിപ്പോൾ എത്ര പ്രായം കാണും? പത്തിരുപതു വയസ്സായിരിക്കണം. വിവാഹവേദിയിലേക്ക് കയറാൻ വെമ്പി നില്ക്കുകയാവും.'

അവൾക്ക് അച്ഛന്റെ ഛായയാകുമോ? എങ്കിൽ തന്റെ ഛായയും കൂടിയായിരിക്കണം. ശേഖരൻ അച്ഛന്റെ 'മുറിച്ച മുറി'യാണെന്ന് കുഞ്ഞുന്നാളിൽ പറഞ്ഞു കേട്ടിട്ടുണ്ട്.

അടുത്ത നിമിഷം അയാൾ ആലോചിച്ചു; അവൾ എങ്ങിനെയായാലെന്തു വേണം? അവൾ അയാൾക്കാരുമല്ല അച്ഛന്റെ മകളാണെന്നു വച്ച്... അച്ഛനും അയാൾക്കും തമ്മിൽ എന്തു ബന്ധമാണുള്ളത്?

അയാൾ കസേരയിൽ നിന്നെഴുന്നേറ്റു. കിടക്ക വിരിച്ചു. വെറുതെ അതുമിതും ആലോചിച്ചിരുന്നിട്ട് എന്തു കാര്യം? ജനാലയുടെ കീറകളെല്ലാം തുറന്നിട്ട ശേഷം അയാൾ ലൈറ്റണച്ച് കിടന്നു.

പാതിരയ്ക്ക് അയാൾ ഞെട്ടിയുണർന്നു. അയാൾ എവിടെയാണ്? മുറിക്കകത്ത് മങ്ങിയ നിലാവെളിച്ചമുണ്ട്; പുറത്ത് നിദ്രയിൽ ലയിച്ചു കിടക്കുന്ന നഗരം.

അപ്പോൾ... അതൊരു സ്വപ്നമായിരുന്നു...

വയലിന്റെ വക്കിലുള്ള വീടും മഞ്ഞു തൊപ്പിയിട്ട് കൊക്കിക്കുരച്ചിരിക്കുന്ന രോഗിയും വേദനിപ്പിക്കുന്ന ചിരിയുമായി വാതിൽപ്പടിയിൽ നില്ക്കുന്ന മെലിഞ്ഞ പെൺകുട്ടിയുമെല്ലാം...

ഇത് നാശമായല്ലോ... അയാൾ ചെരിഞ്ഞു കിടന്ന് വീണ്ടും കണ്ണടച്ചു.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ മനസ്സിന് വീണ്ടും സ്വസ്ഥത കൈവന്നു. ആ കത്ത് മനസ്സിൽ നിന്ന് മാഞ്ഞു കഴിഞ്ഞിരുന്നു. അപ്പോഴാണ് രണ്ടാമത്തെ കത്തു വരുന്നത്.

കുറുപ്പും നാണുവും കിടാവുമാസ്റ്ററും ഒരുമിച്ചിരുന്ന് സംസാരിക്കുമ്പോഴാണ് തപാൽ വന്നത്. കൈയക്ഷരം കണ്ടപ്പോൾ അയാൾക്ക് മനസ്സിലായി. ഒരു നടുക്കമുണ്ടായി. കത്ത് തുറക്കുമ്പോൾ എന്തോ അയാളുടെ കൈകൾ വിറച്ചു.

മുഷിഞ്ഞ കടലാസ്സിൽ തേഞ്ഞ പെൻസിൽ കൊണ്ട് അവൾ എഴുതിയിരിക്കുന്നു:



'എത്രയും പ്രിയപ്പെട്ട ശേഖരേട്ടൻ വായിച്ചറിയാൻ സ്വന്തം സഹോദരി അമ്മുക്കുട്ടി എഴുതുന്നത്.

ഇന്നലെ രാവിലെ നമ്മുടെ അച്ഛൻ മരണപ്പെട്ട വിവരം വ്യസനസമേതം അറിയിക്കുവാനാണ് ഇതെഴുതുന്നത്...'

അയാൾ വീണ്ടും നടുങ്ങിപ്പോയി.

'....വാവടുത്തപ്പോൾ സുഖക്കേടു പെട്ടെന്ന് അധികരിക്കുകയാണ് ഉണ്ടായത്. ഇനി ഞങ്ങൾക്ക് ആരുമില്ല. എനിക്ക് കൈയ് വിറച്ചിട്ട് എഴുതാൻ വയ്യ. എന്ന് സ്വന്തം ശേഖരേട്ടന് സഹോദരി അമ്മുക്കുട്ടി.'

നെറ്റിയിലും മാറത്തും വിയർപ്പുതുള്ളികൾ ഉരുണ്ടു കൂടി. അയാൾ കസേരയിലേക്കു ചാഞ്ഞ് നെടുവീർപ്പിട്ടു.

'എന്താ ശേഖരാ?'

'ഒന്നുമില്ല.'

ഒന്നുമില്ലെന്നതിൽ ഒരുപാടു കാര്യങ്ങളുണ്ടെന്ന് കൂട്ടുകാർക്ക് മനസ്സിലായി.

'ആരുടെയാ കത്ത്'

കുറുപ്പ് ചോദിച്ചു. ഒരു ഞെട്ടിയറ്റ അനുരാഗക്കഥ കിട്ടാൻ പോകുന്നുവെന്ന പ്രതീക്ഷയോടെയായിരുന്നു ആ ചോദ്യം.

ആരടെ കത്താ?

'പെങ്ങടെ'.

കുറുപ്പ് അല്പം അമ്പരന്നു പോയി.

'നിങ്ങൾക്ക് സിസ്റ്ററില്ലാന്ന്....'

'അത് നുണ പറഞ്ഞതാണ്. എനിക്ക്...എനിക്കൊരു പെങ്ങളുണ്ട്.'

'എന്താ വിശേഷം?'

'എന്റെ അച്ഛൻ മരിച്ചു.'

കൂട്ടുകാർ അയാളെ പകച്ചു നോക്കി.,

'തന്റെ തലയ്ക്കു സുഖമില്ലെ'ന്നു പറയാനാണ് കുറുപ്പിനു തോന്നിയത്. അയാൾക്ക് സ്വന്തമായി ഈ ലോകത്തിലാരുമില്ലെന്ന് പലപ്പോഴും ആവർത്തിച്ച മനുഷ്യനാണിതു പറയുന്നത്.

പെങ്ങളുടെ കത്ത്...

അച്ഛന്റെ മരണം...

'വാസ്തവമാണോ?'

'വാസ്തവം.'

'ഞാൻ വ്യസനിക്കുന്നു...'

'മൈ ഹാർട്ട് ഫെൽട്ട് കണ്ടോലെൻസ്...'

'അയാം സോറി'

ശേഖരൻ കണ്ണടച്ചു കൊണ്ട് നിശ്ശബ്ദം കിടന്നു.

കൂട്ടുകാർ പരസ്പരം നോക്കി.

'നാട്ടിൽ പോകുന്നോ?'

'ആലോചിക്കട്ടെ,'

അയാൾ കണ്ണു തുറക്കാതെ പറഞ്ഞു.

'ഞങ്ങൾ എന്താണു വേണ്ടത്?'

കുറുപ്പ് മര്യാദപ്രകാരം ചോദിച്ചു.

'നിങ്ങൾ പോയാൽ മതി...'

ശേഖരൻ തനിച്ചായി. അയാൾ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ജനാലയുടെ ഇരുമ്പഴിയും പിടിച്ചു കൊണ്ട് തെരുവിലേക്കു കണ്ണോടിച്ച് അയാളങ്ങിനെ നിന്നു.



ഒന്നു കരയണമെന്നു തോന്നി.കണ്ണുകൾ നനയുന്നില്ല. ഒരു കുറ്റബോധം മനസ്സിലുയർന്നു വരികയാണ്. കത്ത് കിട്ടിയപ്പോൾ അയാൾ പോകേണ്ടതായിരുന്നു. രോഗശയ്യയിൽ കിടക്കുന്ന അച്ഛന് മകനെ ഒന്നു കാണണം. എന്തായാലും മകനല്ലേ?... പോകാതിരുന്നത്...

അയാൾ സ്വയം സമാധാനിക്കാൻ ശ്രമിച്ചു. അച്ഛനെയും മകനെയും ബന്ധിക്കുവാൻ പോന്ന സ്നേഹത്തിന്റെ കട്ടി കൂടിയ കണ്ണി ഉണ്ടായിരുന്നില്ല. ഒരച്ഛന്റെ ലാളനകൾ അയാൾ അനുഭവിച്ചിട്ടില്ല. അച്ഛൻ അയാൾക്ക് സഹായം നൽകിയിട്ടില്ല. അച്ഛൻ നീതി പ്രവർത്തിച്ചിട്ടില്ല. അപ്പോൾ അയാൾക്കെന്തു കടപ്പാടാണുള്ളത്?

എങ്കിലും...

മണ്ണടിഞ്ഞുപോയ ആ മനുഷ്യൻ തന്റെ അച്ഛനായിരുന്നു...'

'എന്റെ എത്രയും പ്രിയപ്പെട്ട ശേഖരേട്ടൻ വായിച്ചറിയാൻ സ്വന്തം സഹോദരി അമ്മുക്കുട്ടി എഴുതുന്നത്...'

പാവപ്പെട്ട പെൺകുട്ടി! അവൾ അയാൾക്കെന്തു ദ്രോഹമാണ് ചെയ്തിട്ടുള്ളത്? അവളോടയാൾക്കു വെറുപ്പു തോന്നിയെന്നോർക്കുമ്പോൾ; അവളെന്തു പിഴച്ചു?

പുറത്തു വെയിൽ മങ്ങിയിരിക്കുന്നു. അയാൾ മുറി പൂട്ടി പുറത്തിറങ്ങി. ഫുട്ട്പാത്തിലൂടെ അയാൾ സാവധാനത്തിൽ നടന്നു. നല്ല തിരക്കുണ്ട്. സ്ത്രീകളും പുരുഷന്മാരും കുട്ടികളും കടന്നു പോകുന്നു.

നേരമിരുട്ടുന്നതുവരെ അയാൾ നടന്നു. തിരിച്ചെത്തിയപ്പോൾ നേരം ഒമ്പതു കഴിഞ്ഞിരുന്നു.

ഉടുപ്പു മാറ്റുന്നതിനു മുമ്പ് അയാൾ മേശയ്ക്കു മുമ്പിൽ ചെന്നിരുന്നു. ചുവരിൽ തൂക്കിയ കലണ്ടറിൽ നോക്കി. തിങ്കളും ചൊവ്വയും ദീപാവലിക്ക് കല്പനയാണ്. ഞായർ, തിങ്കൾ, ചൊവ്വാ മൂന്നു ദിവസം.

അയാൾ ലെറ്റർപാഡ് തുറന്ന് സാവധാനത്തിൽ എഴുതി.

'പ്രിയപ്പെട്ട അനുജത്തീ...

കത്തെഴുതിത്തീർന്നപ്പോൾ അയാളുടെ കണ്ണുകൾക്കു നനവുണ്ടായിരുന്നു.

ജനാലയിലൂടെ കുളിർകാറ്റും നിലാവും കടന്നു വരികയാണ്.



# 2. നരിച്ചീറുകൾ പറക്കുമ്പോൾ

മാധവിക്കുട്ടി

[നമ്മുടെ കവിതാരംഗത്തു ഉന്നതസ്ഥാനം അലങ്കരിക്കുന്ന നാലപ്പാട്ട് ബാലാമണിയമ്മയുടെ പുത്രിയായ കമലാദാസ് (1932-) മാധവിക്കുട്ടി എന്ന പേരിൽ മലയാളത്തിൽ പ്രശസ്തങ്ങളായ അനേകം ചെറുകഥകൾ എഴുതിയിട്ടുണ്ട്. നരിച്ചീറുകൾ പറക്കുമ്പോൾ, മതിലുകൾ, പത്തുകഥകൾ, തരിശുനിലം, ചുവന്ന പാവാട തുടങ്ങിയവയാണ് അവർ പ്രസിദ്ധീകരിച്ചിട്ടുള്ള കഥാസമാഹാരങ്ങൾ. 'നരിച്ചീറുകൾ പറക്കുമ്പോൾ' എന്ന കഥ അതേ പേരിലുള്ള സമാഹാരത്തിൽ ഉൾപ്പെടുന്നു.
കമലാദാസ് എന്ന പേരിൽ ഇവർ ഇംഗ്ലീഷു കവിതകളും രചിക്കാറുണ്ട്. ]

പത്തുകൊല്ലങ്ങൾക്കു ശേഷം അവൾ തന്റെ അനുജനെ കാണുകയായിരുന്നു. ആ കൂടിക്കാഴ്ച ഒരു ധർമ്മാസ്പത്രിയുടെ വെള്ളച്ചുമരുകൾക്കിടയിൽ വെച്ച് ആവേണ്ടിയിരുന്നില്ല. രജനീകാന്തങ്ങൾ നീണ്ട തണ്ടുകളിന്മേൽ വിരിഞ്ഞു നിന്ന് വാസന പരത്തുന്ന ഒരു തോട്ടത്തിൽ, ചൂരൽക്കസാലമേൽ ചാരിയിരുന്നു തന്റെ നീളം കൂടിയ കാലുകൾ മുമ്പിലേക്കു നീട്ടി നിവർത്തി വച്ച്, കണ്ണുകൾ അല്പം ഇറുക്കി, ചിരിച്ചുകൊണ്ട് ഒരു ചെറുപ്പക്കാരൻ പറഞ്ഞു:

'ഇനി അടുത്തൊന്നും കാണാൻ സാധിക്കില്ല, ഉവ്വോ?'

പത്തു കൊല്ലങ്ങൾക്കു മുമ്പ് കേട്ട വാക്കുകൾ ഓർത്തു കൊണ്ടായിരുന്നു അവൾ അയാളുടെ കട്ടിലിന്റെ അടുത്തേക്കു ചെന്നത്. അയാളുടെ ചുരുണ്ട മുടിക്കു യാതൊരു മാറ്റവും വന്നു കഴിഞ്ഞിരുന്നില്ല. കഴുത്തു വരെ ഉയർന്നു കിടന്നിരുന്ന പുതപ്പിൽ എന്തോ കറുത്ത മരുന്നിന്റെ കറയുണ്ടായിരുന്നു. അയാളുടെ മൂക്കും ചുണ്ടിന്റെ മുകൾഭാഗവും വിയർത്തിരുന്നു. അവൾ കട്ടിലിന്റെ തലയ്ക്കൽ ഇരുന്നു കൊണ്ടു പറഞ്ഞു:

'ഇവിടെ എങ്ങനെ എത്തി? ഇപ്പോൾ ഒളിവിലല്ല എന്ന് വിചാരിക്കുന്നു'.

അയാൾ കണ്ണുകൾ തുറന്നില്ല. അയാളുടെ മുഖത്ത് വളർന്നു നിന്നിരുന്ന രോമവും, ആ ചുണ്ടുകളുടെ അസാധാരണമായ ചുവപ്പും നോക്കിക്കൊണ്ട് അവൾ ഒരു ജീവനില്ലാത്ത സ്വരത്തിൽ വിളിച്ചു:

'അനിയാ.'

കഴിഞ്ഞു പോയ കുട്ടിക്കാലത്തിൽ നിന്ന് ആവശ്യമില്ലെങ്കിലും സൂക്ഷിച്ചെടുത്തു വച്ച ഒരു കീറപ്പാവയെപ്പോലെ അയാൾ മലർന്നു കിടക്കുകയായിരുന്നു. അവൾ 'അനിയാ' എന്നു വിളിക്കേണ്ടിയിരുന്നില്ല. വിളിച്ചയുടനെ തന്നെ അതവൾക്കു തോന്നി. കാരണം, കൊല്ലങ്ങൾ അവരെ രണ്ടു പേരെയും അപരിചിതരാക്കിക്കഴിഞ്ഞിരുന്നു. ഒരേ പട്ടണത്തിൽ വരുമ്പോൾ കൂടി തന്റെ ജ്യേഷ്ഠത്തിയെ കാണാൻ സാധിക്കാതെ, പകലൊക്കെ പണമുണ്ടാക്കാനുള്ള വളഞ്ഞ വഴികളിൽക്കൂടി അലഞ്ഞ് ഓരോ മണിക്കൂറും ഒരു കാട്ടു ജന്തുവിന്റെ ആർത്തിയോടെ അനുഭവിച്ച്, കുടിയനായും വ്യഭിചാരിയായും വിശ്വസിക്കാൻ കൊള്ളാത്തവനുമായി ജീവിക്കേണ്ടി വന്ന ഈ മനുഷ്യനെ താൻ അനിയാ എന്ന് വിളിച്ചതു തന്നെ തെറ്റിപ്പോയി. താനും അയാളും തമ്മിലെന്താണൊരു ബന്ധം? സ്മരണകൾ കൂടി അശക്തങ്ങളായ കണ്ണികളായിരുന്നു.

ഇടയ്ക്കിടയ്ക്ക്, അവൾ ഭർത്താവിനോട് ധൈര്യമില്ലാത്ത ഒരു സ്വരത്തിൽ പറഞ്ഞിരുന്നു:

'പക്ഷേ, ഞങ്ങൾ ഒന്നിച്ച് വളർന്നതല്ലേ? എന്നെ വന്നു കാണാൻ അവന് എന്നും അധികാരമില്ലേ?'

അവളുടെ ഭർത്താവ് കൈകൾ ചുരുട്ടി മേശപ്പുറത്ത് ഇടിച്ചു കൊണ്ടു പറഞ്ഞു:

'എനിക്ക് ഭേദപ്പെട്ട ഒരുദ്യോഗമുണ്ട് സമുദായത്തിൽ ഒരു നല്ല പേരുണ്ട്. നീ അതൊന്നും ഇല്ലാതാക്കരുത്. അവൻ നന്നാവാൻ പ്രയാസമാണ്. ഓരോ



തവണയും ജോലി ഉപേക്ഷിച്ചപ്പോൾ ഞാൻ വേറെയൊരു ജോലി കൊടുത്തു വന്നു. പക്ഷേ കളവു ചെയ്തു ജയിലിൽപ്പോയ ഒരുത്തനെ ഇനി ഒരിക്കലും എനിക്കു കാണണ്ട. അവൻ ഇവിടെ വന്നാൽ, എനിക്കു പിന്നെ ആളുകളുടെ മുമ്പിൽ തലയുയർത്തി നടക്കാൻ വയ്യാതാവും. അത് നീ ഓർമ്മിക്കണം.'

'പക്ഷേ, ഞങ്ങൾ എത്ര കൊല്ലം ഒന്നിച്ച്...'

'അതു നീ ഇനി മറക്കണം. നിനക്ക് അങ്ങനെ ഒരനുജൻ ഇല്ല.'

അവൻ കള്ളനാണ്. അവൻ കുടിയനാണ്. അവൻ വിശ്വസിക്കാൻ കൊള്ളാത്തവനാണ്. ആ വാചകങ്ങൾ അവൾ പലപ്പോഴും കേട്ടുകൊണ്ടിരുന്നു. എന്നിട്ടും അവൾ അതൊന്നും വിശ്വസിച്ചില്ല. ഒടുവിൽ വിശ്വസിച്ചു തുടങ്ങിയപ്പോഴും, അവൾ തന്റെ ഭാഗ്യം കെട്ട അനുജനെ വെറുത്തില്ല

'എനിക്കു കുറച്ചു പണം ആവശ്യമുണ്ട്. ഒരു മാസത്തിനുള്ളിൽ മടക്കിത്തരാൻ കഴിയും. ഒരു വഴി കണ്ടിട്ടുണ്ട്.'

അവളുടെ പണസ്സഞ്ചിയിൽ ചിലപ്പോൾ ഒരൊറ്റ നാണ്യം പോലും ഉണ്ടാവില്ല. പക്ഷേ, അയാൾക്ക് കൊടുക്കുവാൻ അവളുടെ കൈയിൽ എന്നും ക്ഷമയുണ്ടായിരുന്നു. സ്നേഹമുണ്ടായിരുന്നു.

പിന്നീട് എങ്ങനെയാണ് അതെല്ലാം നശിച്ചത്?

അവൾക്ക് ആ ചോദ്യത്തിന് ഉത്തരം അറിഞ്ഞിരുന്നില്ല. താൻ എങ്ങനെ തന്റെ അനുജനെ മറന്നു? അവൻ, മറക്കാൻ പാടില്ലാത്ത ചില ദിവസങ്ങളായിരുന്നു, മുറ്റത്തെ പൂഴിമണ്ണിൽ പതിഞ്ഞിരുന്ന ചെറിയ കാൽമുദ്രകളായിരുന്നു. സന്ധ്യക്ക് ഉറക്കെ ചൊല്ലിയിരുന്ന ചില കവിതാശകലങ്ങളായിരുന്നു. വിശ്വാസമായിരുന്നു.

താൻ എങ്ങനെ അതെല്ലാം മറന്നു? സുരക്ഷിതമായ ഒരു വിവാഹജീവിതത്തിനു വേണ്ടി. താൻ അവനെ തന്റെ മനസ്സിൽ നിന്ന് പിടിച്ചു മാറ്റി. എന്നിട്ടും അവൻ കരഞ്ഞില്ല. ആവലാതിപ്പെട്ടില്ല. ചളിക്കൈ കൊണ്ട് തന്റെ

പാവാടമേൽ പിടിക്കാൻ തുനിഞ്ഞിരുന്ന അനുജനോട് അവൾ പണ്ടു പറഞ്ഞു:

'നീ ഒരു വൃത്തി കെട്ട കുട്ടിയാണ്. എന്നെ തൊടരുത്.' അന്ന് അവൻ കരഞ്ഞു. അവളുടെ മടിയിൽ മുഖം അമർത്തി കരയാൻ തുടങ്ങിയപ്പോൾ അവൾ അവനെ കൂടുതൽ സ്നേഹിച്ചു.

അവൻ എന്തുകൊണ്ട് ആ കരച്ചിൽ ഉപേക്ഷിച്ചു? വേദനയുടെ സ്വാദ് ബുദ്ധിമുട്ടു കൂടാതെ അനുഭവിക്കാനും അവൻ പഠിച്ചു. വെറുക്കപ്പെട്ടവ നായിത്തീർന്നിട്ടും അവൻ ചുരണ്ട് അല്പം വലത്തോട്ടു കോട്ടിക്കൊണ്ട് ചിരിച്ചു. ഇതെല്ലാം തന്നെ താൻ പ്രതീക്ഷിച്ചിരുന്നു എന്ന മട്ടിൽ. ആ ചിരി ഒരു നാട്യമായിരുന്നുവോ? അവനു ദു:ഖം സഹിക്കാൻ അറിഞ്ഞിരുന്നുവെ ങ്കിൽ അവൻ എന്തുകൊണ്ട് ഒരു കുടിയനായിത്തീർന്നു?

ആലോചിച്ചു നോക്കുമ്പോഴൊന്നും അവന്റെ പ്രവൃത്തികൾക്ക് തക്ക തായ ഒഴികഴിവുകളോ കാരണങ്ങളോ കണ്ടെത്തുവാൻ അവൾക്കു കഴി ഞ്ഞില്ല. അവൻ ദിവസം ചെല്ലുന്തോറും മാറുകയായിരുന്നു. തന്റെ അനു ജൻ. അത് മനസ്സിലാക്കിയ അവൾ ഇടയ്ക്കിടയ്ക്ക് പറഞ്ഞു:

'അനിയാ, ഈ സ്വഭാവം നിറുത്തൂ. എന്നെ വിചാരിച്ചിട്ടെങ്കിലും ഈ സ്വഭാവം നിറുത്തൂ.'

'ഏടത്തിക്കും ഭർത്താവിനും കുറവു വരുത്തി വെക്കുകയാണ് ഞാൻ, അല്ലേ?' വീണ്ടും ആ ചിരി.

'നിനക്ക്, നന്ദിയില്ലേ?'

'പണത്തിന് എന്നും നന്ദിയുണ്ട്. എന്നെ പഠിപ്പിച്ചതിനും പല തവ ണയും ഓരോ ജോലിയിലാക്കിത്തന്നതിനും ഒക്കെ എനിക്കു നന്ദിയുണ്ട്. നിങ്ങൾ രണ്ടുമില്ലെങ്കിൽ ഞാൻ പട്ടിണി കിടന്നു മരിച്ചു പോവും...'

'നീ അങ്ങനെ പറയരുത്.'



അവൾ കരഞ്ഞു നോക്കി. ആ കരച്ചിലും നോക്കിക്കൊണ്ട് വളരെ നേരം അയാൾ ശാന്തനായി ഇരുന്നു. ഒടുവിൽ ആ രംഗങ്ങൾ അവസാനിപ്പിക്കുവാ നായി അവൻ പറഞ്ഞു.

'ഏടത്തീ, ഞാൻ നന്നാവാൻ ശ്രമിക്കാം.' പക്ഷേ സത്യം മാത്രം പറ യുന്ന സ്വഭാവം അയാൾ പുലർത്തി വന്നിരുന്നില്ല. അവളുടെ കണ്ണുകൾ വീണ്ടും തെളിയാനും, അവൾ തരുന്ന പണമെടുത്ത് കീശയിലിട്ട് ആ വീട്ടിൽ നിന്നു പുറത്തു കടന്ന് തന്റെ സ്വന്തവും സ്വകാര്യവുമായ ജീവിതത്തിലേക്കു ഒരു പെരുച്ചാഴിയെപ്പോലെ ഇറങ്ങി മറയുവാനും വേണ്ടി മാത്രമായിരുന്നു. അയാളുടെ വാഗ്ദാനങ്ങൾ.

ഒടുവിൽ അവർക്കു പിരിയേണ്ടി വന്നു. അയാളുടെ പേര് ഒരു കളവു കേസ്സിൽ പൊങ്ങി വന്നു. രാവിലത്തെ വർത്തമാനക്കടലാസ് ശത്രുതയോടെ നിലത്തെറിഞ്ഞു കൊണ്ട് അവളുടെ ഭർത്താവ് ഒരിക്കൽ പറഞ്ഞു: 'ഞാൻ പറഞ്ഞതൊക്കെ ശരിയായി. വായിച്ചു നോക്കൂ. നിന്റെ അനുജൻ ലോക്കപ്പി ലാണ്.'

ആ കടലാസിന്റെ ചുവട്ടിലെ ഒരു മൂലയിൽ ചെറിയ അക്ഷരത്തിൽ പ്രസി ദ്ധപ്പെടുത്തിയിരുന്ന ആ വർത്തമാനം അവർക്കു പരിചയമുള്ള ആരും വായിച്ചു പോവരുത് എന്നു മാത്രം അവൾ മോഹിച്ചു. അനുജനു വേണ്ടി ഒഴികഴിവുകൾ പറയാനോ, അവന്റെ നിഷ്കളങ്കതയെപ്പറ്റി പറഞ്ഞ് തന്റെ ഭർത്താവിനെ ധരിപ്പിക്കുവാനോ പിന്നീടൊരിക്കലും അവൾ മുതിർന്നില്ല. ജയി ലിൽ നിന്നു ഓടിപ്പോന്നിട്ട് അവളുടെ അനുജൻ ആ പച്ചച്ചായം തേച്ച പടി വാതിലിനടുത്തു നിന്നു കൊണ്ട് അവളെ വിളിക്കുവാൻ ധൈര്യപ്പെട്ടില്ല. അങ്ങനെ, അവർക്കു തമ്മിൽ വന്നു വീണ ആ വിടവ് പിന്നീടൊരിക്കലും നികത്താൻ കഴിയാത്തത്ര വിലുതായിത്തീർന്നു.

അവൾ തന്റെ സ്വന്തം ജീവിതത്തിലേക്ക് ഓർമ്മകളെ മുള്ളുകളെയെന്ന പോലെ തട്ടി നീക്കി, ഇറങ്ങിച്ചെന്നു. അവിടെ അവൾ സന്തോഷം കണ്ടെ ത്തിയോ എന്ന് അവൾക്കു തന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. പക്ഷേ,

അവൾ ഒരിക്കലും സന്തോഷത്തിനു വേണ്ടി ശ്രമിച്ചിരുന്നില്ല. അതെല്ലാം അവളുടെ അനുജനായിരുന്നു. അയാൾ സന്തോഷത്തിനു വേണ്ടി ആശിച്ചു. അത് അന്വേഷിച്ചു കൊണ്ട് അയാൾ ജീവിതത്തിന്റെ ഇരുട്ടറകളിലേക്കും കഞ്ചാവിന്റെ മണം തങ്ങി നില്ക്കുന്ന ഇടനാഴികളിലേക്കും ചെന്നു. അയാൾ കഠിനമായി കഷ്ടപ്പെട്ടു. അവളോ? അവൾ ഭർത്താവിന്റെ ഉദ്യോഗത്തിന് ഗുണം വരുത്താൻ കഴിവുള്ള ചില ഖദർവേഷക്കാരായ വ്യക്തികളെ ആദരവോടെ സല്ക്കരിച്ചു. മാസത്തിൽ ഒരു കൃത്യം തുക ചില ധർമ്മസ്ഥാപനങ്ങളിലേക്ക് സംഭാവന ചെയ്തു. ക്ലബ്ബുകളിലെ വേലക്കാർ തന്റെ പേര് മറക്കാതിരിക്കാൻ ആഴ്ചയിലൊരിക്കൽ അവിടെയോരോന്നിലും ചെന്ന് ടെന്നീസ് കളിച്ചു. പല്ലു പോയ ഒരു ഹിന്ദിവിദ്വാന്റെ മുമ്പിലിരുന്നു കൊണ്ട് വ്യാകരണപ്പിഴവു കൂടാതെ സംസാരിക്കുവാൻ പഠിച്ചു. അയാളോ, നഗരത്തിന്റെ മറ്റൊരു വശത്ത്, കൈയാമവും വില കുറഞ്ഞ മദ്യവും പൊട്ടിച്ചിരിക്കുന്ന ചില സ്ത്രീകളും കറുത്ത കടലാസ്സിൽ പൊതിഞ്ഞ സിഗററ്റും നിറഞ്ഞ മറ്റൊരു തരം ജീവിതത്തിൽ അലിഞ്ഞു ചേർന്നു. ഭൂതകാലം അവർക്ക് രണ്ടാൾക്കും രണ്ടായിരുന്നു.അച്ഛന്റെ ഒന്നിച്ച് അവർ രണ്ടാളും താമസിച്ചിരുന്ന ചുവന്ന ഭിത്തികളുള്ള വീടും അതിന്റെ ചുറ്റും മാറി മാറി വന്നിരുന്ന കാറ്റും മഴയും വെയിലും മഞ്ഞും എല്ലാം തന്നെ അവരിൽ നിന്ന് അകന്നു പോയി. സ്വർണ്ണപ്പുള്ളികൾ ഉള്ള കറുത്ത മത്സ്യങ്ങൾ നീന്തുന്ന ഒരു കാട്ടു പൊയ്കയും അതിന്റെ നീലിച്ച തണുപ്പിൽ ഉറങ്ങിക്കിടക്കാറുള്ള ഇളം വെയിലും കവിതയെഴുതാൻ ശ്രമിച്ചിരുന്ന ഒരു കുട്ടിയുടെ സ്വപ്നങ്ങളായിരുന്നു. അവന്റെ കവിത ഇരട്ട വരയുള്ള ഒരു നോട്ടു പുസ്തകത്തിൽ കിടന്ന്, പഴകി, നിറം മങ്ങി. ലോകം കൊല്ലങ്ങൾക്കു ശേഷം കണ്ടത്, ചുരുളൻ മുടിക്കാരനായ ഒരു കവിയെയല്ല, പക്ഷേ, ഒരു കൊള്ളരുതാത്തവനെയാണ്.

അങ്ങനെയെല്ലാം സംഭവിച്ചത് ആരുടെ കുറ്റം കൊണ്ടായിരുന്നു? സ്വന്തം അനുജനെ കാണാൻ വരാൻ അനുവദിക്കാത്ത അവളുടെയോ? അതോ, അവനവനെത്തന്നെ സ്നേഹിക്കാൻ കഴിയാത്ത ആ ചെറുപ്പക്കാരന്റേയോ? അയാൾ ഒരു സ്ത്രീയെ വിവാഹം ചെയ്തു. അവൾ അയാളെ ഉപേക്ഷിച്ചു പോയി. ഓരോ ജോലിയിൽ നിന്നും ഒരു ചിത്രശലഭത്തിന്റെ അതൃപ്



തിയോടും അക്ഷമയോടും കൂടി അയാൾ ഇട വിട്ട കറുത്ത വരകളുള്ള ഒരു കുപ്പായത്തിൽ കുടുങ്ങി. അത് അഞ്ചു കൊല്ലത്തിനായിരുന്നു. പക്ഷേ, പുറത്തു വന്നപ്പോഴേക്കും അയാളുടെ ചിരി മറഞ്ഞു കഴിഞ്ഞിരുന്നു. അതിന്റെ കാരണം അയാൾക്കു മാത്രം അറിയാം.

ഇതെല്ലാം അവൾ കേട്ടു. എന്നിട്ടും അയാളെ അന്വേഷിക്കുവാനോ വരുത്തി സംസാരിക്കുവാനോ അവൾക്ക് ധൈര്യവുണ്ടായില്ല. സുഖം അവളുടെ ദേഹത്തിൽ, ഒരു രണ്ടാം ചർമ്മമെന്ന പോലെ വളർന്നു കഴിഞ്ഞിരുന്നു. ഇടയ്ക്ക്, അവൾ ശബ്ദമുണ്ടാക്കാതെ കരഞ്ഞു. അനുജനോടുള്ള അനുകമ്പ കൊണ്ടായിരുന്നില്ല ആ കരച്ചിൽ; പക്ഷേ, അവനവനോട് മനുഷ്യനു തോന്നുന്ന അനുകമ്പയും ദുസ്സഹമാണല്ലോ...

'എന്നെ വിടൂ. എനിക്ക് തീരെ വയ്യ.'

അവൾ ഓർമ്മകൾക്കിടയിൽ വെച്ച് അയാളുടെ വാക്കുകൾ കേട്ട്, പെട്ടെന്നു ഞെട്ടി. അയാൾ ഉണരുകയായിരുന്നു. കണ്ണുകൾ തുറന്നപ്പോഴും അവൾ ആശ്ചര്യത്തോടെ അയാളെ നോക്കിയിരിക്കുകയായിരുന്നു. പണ്ട് അവൾക്ക് അയാളെ ഓർമ്മയുള്ളപ്പോഴൊന്നും ആ കണ്ണുകൾ ഇങ്ങനെ നിറം മങ്ങിയവയായിരുന്നില്ല. ഇരുട്ടിൽ കറുപ്പും, വെയിലിൽ ഇളം തവിട്ടു നിറവുമായിരുന്നു അവൾ ഓർമ്മിച്ച കണ്ണുകൾക്ക്.

അയാൾ കണ്ണുകൾ മുഴുക്കെ തുറന്ന് അവളെ നോക്കി. വെള്ളത്തിന്റെ മീതെ ചത്തു മലർന്നു കിടക്കുന്ന മത്സ്യങ്ങൾ അവൾ ഓർത്തു.

അവർക്കു ചുറ്റും, വീതി കുറഞ്ഞ ഇരുമ്പു കട്ടിലുകളിന്മേൽ കിടന്നിരുന്ന രോഗികൾ ഞരങ്ങിക്കൊണ്ടിരുന്നു. ഒന്നോ രണ്ടോ പേർ യാതൊരു ഭാവവ്യത്യാസവും വരാത്ത കണ്ണുകളോടെ അവളെത്തന്നെ നോക്കിക്കൊണ്ടു കിടന്നിരുന്നു.

അവൾ വെള്ള പരുത്തി സാരിയായിരുന്നു ഉടുത്തിരുന്നത്. എന്നിട്ടും ആ പശ്ചാത്തലത്തിനെതിരെ തികഞ്ഞ ആരോഗ്യമുള്ള തനിക്ക് ഇരിക്കുവാൻ

അധികാരമില്ലയെന്ന് അവൾക്കു തോന്നിക്കൊണ്ടിരുന്നു. കഷ്ടപ്പെടുന്ന മനുഷ്യരുടെയിടയിൽ അദൃശ്യയായല്ലാതെ മനസ്സാക്ഷിയുള്ള ഒരു ദേവതയ്ക്കും വരാൻ കഴിയാറില്ലല്ലോ. സൗജന്യമായി സാധുക്കളെ ചികിത്സിച്ചിരുന്ന ആ ആസ്പത്രിയിൽ താൻ വരേണ്ടയിരുന്നില്ല. അവൾ ആലോചിച്ചു ദാരിദ്ര്യം കണ്ട ആ കണ്ണുകളും അതു തന്നെയായിരുന്നില്ലേ അവളോടു പറഞ്ഞു കൊണ്ടിരുന്നത്?

അവൾ ചുറ്റുപാടും നോക്കി. ഈ കിടക്കുന്നത് എന്റെ അനുജനാണ്. കണ്ടാൽ സാമ്യമൊന്നുമില്ല. അല്ലേ? അവളുടെ കണ്ണുകൾ അവരെ വിശ്വസിപ്പിക്കുവാൻ ശ്രമിച്ചു. പണ്ടൊരിക്കൽ ഞങ്ങൾ രണ്ടാളും ഒരേ പോലെയായിരുന്നു. ചുരുണ്ട മുടി, ഇളം തവിട്ടു നിറത്തിൽ മെലിഞ്ഞ കൈകാലുകൾ, മുൻ വശത്ത് അല്പം വലുപ്പം കൂടിയ രണ്ടു പല്ലുകൾ, ഒരേ മട്ടിലുള്ള നടത്തം. എല്ലാവരും പറഞ്ഞു. ഈ ഏടത്തിയും അനിയനും കണ്ടാൽ ഒരുപോലെയുണ്ട്. ഞങ്ങളുടെ അച്ഛൻ അതുകേട്ടു ചിരിക്കാറുണ്ട്. നിങ്ങൾ രണ്ടാളും അമ്മയെപ്പോലെയാണ്. ഞാൻ ഒരു കാവൽക്കാരനാണെന്നു പറഞ്ഞാലും ആരും വിശ്വസിക്കും. അച്ഛനു യാതൊരു സൗന്ദര്യവുമുണ്ടായിരുന്നില്ല. ഞങ്ങളോടു പറയാറുള്ള വാക്കുകളുടേതൊഴികെ.

ഇപ്പോൾ അതൊന്നും തോന്നുന്നില്ല. ഉവ്വോ? ഞാൻ സുന്ദരിയാണ്, ധനികയാണ്, എന്റെ എല്ലായ്പ്പോഴും തിളങ്ങുന്ന കൈനഖങ്ങൾ നോക്കി പലരും പറയുന്നു, നിങ്ങൾക്കു വാർണീഷുകൾ ആവശ്യമില്ല, നിങ്ങൾ കുലീനയാണ്. എന്റെ ഈ അനുജനോ? തടിച്ച്, വിയർത്ത മുഖവും, പരുത്തു പോയ കവിളുകളും, കലങ്ങിയ മഞ്ഞക്കണ്ണുകളും മറ്റുമുള്ള ഒരു രോഗി. ദരിദ്രൻ...

'ആരാണത്?'

അയാളുടെ ശബ്ദവും പരുത്തു പോയിരുന്നു. വേണ്ടയിടത്തു താഴ്ത്താനും ഉയർത്താനും അറിവില്ലാത്ത ഒരു അസംസ്കൃത മനുഷ്യന്റെ സ്വരമായിക്കഴിഞ്ഞിരുന്നു അയാളുടേത്.



'നിങ്ങൾ ഏടത്തിയായിരിക്കുമെന്നു ഞാൻ തെറ്റിദ്ധരിച്ചു. ക്ഷമിക്കണം.'

അവൾ അയാളുടെ നേറ്റി മേൽ തന്റെ കൈത്തടം വച്ചു. പനി അവൾ പ്രതീക്ഷിച്ചിരുന്നില്ല. അവൾക്കു ദേഷ്യം വന്നു.

'ഇവിടെ നേഴ്സുമാരും ഡോക്ടർമാരും ആരുമില്ലേ? ഇതെന്തൊരു ആസ്പത്രിയാണ്?'

ഒരു രോഗി പുതപ്പു നീക്കി ഉറക്കെ ചിരിച്ചു. ആ ചിരിയിലെ പരിഹാസം അവളെ വേദനിപ്പിച്ചു. അവളുടെ ചുറ്റും പുതച്ചു മൂടിക്കിടന്നിരുന്ന മനുഷ്യരെല്ലാം മരിച്ചവരാണെന്ന് പെട്ടെന്ന് അവൾക്കു തോന്നി.

'എന്റെ ഏടത്തിയെ അറിയിക്കുവാൻ ഞാൻ ഒരു ചെക്കനോടു പറഞ്ഞു. എന്റെ കയ്യിലുള്ള സ്വത്തു നാലണയായിരുന്നു. അത് അവൻ കൊണ്ടു പോയി. ഏടത്തി വന്നില്ലെങ്കിലും പണം അയക്കേണ്ടിയിരുന്നു. ആ ചെക്കൻ എന്നെ പറ്റിച്ചു.'

അയാളുടെ കൈകൾ പുതപ്പിന്റെ ഉള്ളിൽ നിന്നും പുറത്തേക്കു കടന്ന് അവളുടെ അടുത്തേക്കു നീണ്ടി, കൈനഖങ്ങൾ വളരെ വൃത്തികെട്ടവയായിരുന്നു. കുറച്ചു നിമിഷങ്ങൾക്ക്, അവരുടെ രണ്ടു പേരുടേയും കൈകൾ തമ്മിൽ തൊട്ടു. എന്നിട്ടും അയാൾ അവളെ മനസ്സിലാക്കിയില്ല.

'എനിക്കു കുറച്ചു പണം കിട്ടിയാൽ ഞാൻ ജീവിക്കും. ഒരാഴ്ചയോളമായി ഞാൻ കുടിച്ചിട്ട്. എനിക്ക് ഇവിടെ നിന്ന് എഴുന്നേറ്റു പോവാൻ കരുത്തില്ലായിരിക്കുന്നു. പക്ഷേ, എന്തിനാണു ഞാൻ ഇതെല്ലാം നിങ്ങളോടു പറയുന്നത്?' അയാളുടെ കൈവിരലുകൾ കിടക്കവിരിയിൽ ചുരുളുകയും നിവരുകയും ചെയ്തു കൊണ്ടിരുന്നു. അവളുടെ മുഖത്തേക്കു നോക്കുമ്പോഴും, അയാളുടെ കണ്ണുകൾ മറ്റെന്തോ കാണുന്നതായി അവൾക്കു തോന്നി. ഇതാണോ കുടി അയാൾക്കു വരുത്തി വച്ചത്? വാരകൾക്കപ്പുറമുള്ള തന്റെ ഗാലറി ഇരിപ്പിടം ഉപേക്ഷിച്ച്, അയാളുള്ള ഒരു നാടകത്തിൽ വന്നു പങ്കെടുക്കുവാൻ അവൾക്കു കഴിഞ്ഞില്ല.

'എനിക്കു പനിയുടെ മരുന്നാണ് ഇവർ തരുന്നത്. പക്ഷേ, ഞാൻ മരിക്കും. കാരണം, എന്റെ ലിവറാകെ നശിച്ചിരിക്കുന്നു. എനിക്ക് ഇടയ്ക്കു വരുന്ന ബോധക്ഷയം രണ്ടു ദിവസങ്ങളോളം നീണ്ടു നിൽക്കുന്നു. ഞാൻ ഇപ്പോൾത്തന്നെ മരിച്ചു കഴിഞ്ഞിരിക്കുന്നു. ഈ വേദനയും, കണ്ണിലെ മഞ്ഞലും, ക്ഷീണവും മാത്രമാണ് എന്നിൽ ജീവനോടെ അവശേഷിച്ചിട്ടു ള്ളത്...'

അയാൾ അവളുടെ കൈത്തലം എടുത്തു തന്റെ സ്വന്തം കവികളോടു ചേർത്തു പിടിച്ചു.

'നിങ്ങൾ ആരാണ്, എന്തിനാണു വന്നിരിക്കുന്നത് എന്ന് എനിക്കറി യില്ല. പക്ഷേ, എനിക്ക് ഒരാളോടു സംസാരിക്കുവാൻ മോഹം തോന്നിയ പ്പോൾ വരാൻ തോന്നിയതു നന്നായി. എനിക്കു വിശ്രമം വരുന്നില്ല. ഈ സ്വൈരമില്ലായ്മ എഎന്റ ചോരയുടേതാണ്. അതിനെ മറക്കാൻ എനിക്കു കഴിയുന്നില്ല. കുറച്ചു കുടിക്കുവാൻ കഴിഞ്ഞാൽ...പക്ഷേ, നിങ്ങളാരും എന്നെ സഹായിക്കില്ല. വിഷം വിഷം കൊണ്ടേ മാറുള്ളൂ എന്നൊന്നും നിങ്ങൾക്കു മനസ്സിലാവില്ല..'

മുറിയിൽ, മറ്റൊരു രോഗി എഴുന്നേറ്റിരുന്ന് ഉറക്കെ നിലവിളിക്കുവാൻ തുടങ്ങി. അത് ഒരു വൃദ്ധനായിരുന്നു. അയാളുടെ മഞ്ഞ നിറമുള്ള വിരലു കളും കലങ്ങിയ കണ്ണുകളും നോക്കിക്കൊണ്ട് അവൾ പറഞ്ഞു:

'കൊല്ലുന്നത് ഏതായാലും പാപമാണ്.' അവളുടെ അനുജൻ തലതിരിച്ച് അവളെ നോക്കി.

'നിങ്ങൾ എന്താണു പറഞ്ഞത്?' അവൾ അതിന് ഉത്തരം പറഞ്ഞില്ല. തലേന്നാൾ പല സ്നേഹിതന്മാരുടെയൊന്നിച്ച് ഇരുന്നു സംസാരിക്കുന്നതിനി ടയിൽ അവളുടെ ഭർത്താവു പറഞ്ഞു:

'എന്റെ അഭിപ്രായത്തിൽ അങ്ങനെയുള്ളവരെ വെടി വെച്ചു നശിപ്പി ക്കുകയായിരിക്കും നല്ലത്.'



അവരുടെ വീടിനു കുറച്ചകലെയുള്ള തപാലാപ്പീസിന്റെ മുമ്പിൽ, ഒന്നു രണ്ടു ദിവസം വിശ്രമിച്ചിരുന്ന ഒരു പാവപ്പെട്ട രോഗിയായിരുന്നു. സംസാര വിഷയം. ആ മനുഷ്യൻ രോഗിയായിരുന്നുവോ, ആർക്കറിയാം. പക്ഷേ, അയാളുടെ വളരെ മെലിഞ്ഞ കൈകാലുകൾ കിടന്നയിടത്തു നിന്ന് ഇളകി യിരുന്നില്ല. മഞ്ഞ നിറത്തിലുള്ള ഒരകു മുഖം, വെളിച്ചം സഹിക്കാൻ വയ്യെന്ന പോലെ എപ്പോഴും ചുളിഞ്ഞ കണ്ണുകൾ, നേരിയ ഒരു തിളക്കം. അവളും ഭർത്താവും നടക്കാനിറങ്ങിയതായിരുന്നു. ഭർത്താവു കുനിഞ്ഞു നോക്കിക്കൊണ്ടു പറഞ്ഞു:

'ഇവരൊക്കെ ജീവിക്കുന്നതു വെറുതെയാണ്.'

പോക്കറ്റിൽ നിന്നെടുത്ത നാണ്യം നിലത്തു വീണു. എന്നിട്ടും ആ വൃദ്ധൻ അതെടുക്കാൻ ഒരുമ്പെട്ടില്ല. പണത്തിന്റെ ആവശ്യവും ഒരുപക്ഷേ. അയാൾ മറന്നു കഴിഞ്ഞിരിക്കണം...

'എനിക്കു നിങ്ങളെപ്പോലൊരു സ്ത്രീയെ സ്നേഹിക്കാമായിരുന്നു.'

അവൾ തലയുയർത്തി. അവളുടെ അനുജൻ മൂടൽ വീഴുന്ന കണ്ണുക ളോടെ അവളെ നോക്കി കിടക്കുകയായിരുന്നു.

'പലപ്പോഴും ഞാൻ എന്റെ ജ്യേഷ്ഠത്തിയുടെ വീട്ടിന്റെ പടിക്കൽ പോയി നിന്നു. വിളിക്കാൻ ധൈര്യമുണ്ടായില്ല. മുകളിലെ വരാന്തയിൽ, ചിലപ്പോ ഴൊക്കെ ആകാശവും നോക്കിക്കൊണ്ട് അവർ നില്ക്കുന്നുണ്ടാവും. ഞാൻ അല്പ നേരത്തിനുള്ളിൽ മടങ്ങിപ്പോവും എന്റെ വീട്ടിലേക്ക്. തുപ്പലും മൂത്രവും നാറുന്ന കോണിപ്പടികൾ കയറിയാൽ എന്റെ ചെറിയ വാടകമുറിയിലെ ത്താം. അവിടെ ജനലിനടുത്തു നിന്നു കൊണ്ട് ഞാനും ആകാശത്തേക്കു നോക്കും. ആകാശം ഞങ്ങൾക്കു രണ്ടാൾക്കും ഉള്ളതായിരുന്നു.'

അവൾ അയാളുടെ കയ്യുകൾ എടുത്ത് തന്റെ മടിയിൽ വച്ചു. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നതു പക്ഷേ, അയാൾ കണ്ടില്ല.

'എന്റെ ജ്യേഷ്ഠത്തിയും ഞാനും ഒരിക്കൽ ഒന്നിച്ചായിരുന്നു. ഒരു ദിവസം അതിരാവിലെ എഴുന്നേറ്റ് ഞങ്ങൾ രണ്ടു പേരും മുറ്റത്തു ചെന്നി

രുന്നു ചുവന്ന വെളിച്ചമുള്ള മെത്താപ്പുകളും ചില പൂത്തിരികളും കത്തിച്ചു. അന്നു വിഷുവായിരുന്നു...'

അവൾ അയാളുടെ നെറ്റിമേൽ കൈവിരലുകൾ വച്ചു. അത് ഉടമസ്ഥത യുടെ ഒരു ചിഹ്നമായിരുന്നു.

'എന്നിട്ടെന്തുണ്ടായി?'

'....ഞാൻ കവിതകളെഴുതിയിരുന്നു. സ്വർണ്ണപ്പുള്ളികളുള്ള മത്സ്യങ്ങൾ നീന്തുന്ന പൊയ്കകളുള്ള ഒരു രാജ്യം ഞാൻ കണ്ടു പിടിച്ചു. കൂറ്റൻ മരങ്ങ ളുടെ ഇലകൾക്കിടയിലൂടെ ചോർന്നു നിലത്തു വീഴുന്ന വെയിൽ നിലാവു പോലെ മൃദുമായിരുന്നു. രാത്രികളിൽ, ചന്ദ്രൻ മുഖത്ത് ഇളം പച്ച ഞരമ്പു കളുള്ള ഒരു സ്ത്രീയായിരുന്നു...എന്റെ ജ്യേഷ്ഠത്തി ഒരിക്കൽ പറഞ്ഞു, ഞാൻ വലുതായാൽ ഒരു കവിയായിത്തീരുമെന്ന്...'

അയാൾ ഭൂതകാലത്തേക്ക് ഈ താക്കോൽ ഉപയോഗിക്കുമെന്ന് അവൾ ഒരിക്കലും വിചാരിച്ചിരുന്നില്ല. അയാൾ മറന്നിട്ടില്ല എന്നറിഞ്ഞിട്ടും. താൻ മറന്നുവെന്ന നാട്യവും കൊണ്ട് ശാന്തയായി ഇരിക്കുവാൻ അവൾക്കു കഴി ഞ്ഞില്ല. അവൾ അയാളുടെ കൈത്തലം മുഖത്തോടു ചേർത്തു.

'അധികം സംസാരിക്കണ്ട'.

ആ കാലങ്ങളെപ്പറ്റി കേൾക്കുവാൻ അവൾക്കു ഭയമുണ്ടായിരുന്നില്ല. പക്ഷേ, അവളുമായി പിരിഞ്ഞതിനു ശേഷമുള്ള പത്തു കൊല്ലങ്ങളെ അവൾ പേടിച്ചു, അവയെപ്പറ്റി അയാൾ തുടങ്ങിയാൽ, കളവിന്റേയും മറ്റും ചിത്ര ങ്ങൾ അവൾക്ക് കാണാൻ പുറത്തെടുത്താൽ, തന്റെ സ്വൈരം തീരെ പോവു മെന്ന് അവൾക്കു തോന്നിയിരുന്നു.

'ഞാൻ ഭാഗ്യമില്ലാത്തവനായി. എന്റെ ജ്യേഷ്ഠത്തിയായിരുന്നു എന്റെ ഭാഗ്യം. അവർ വീടുവിട്ടു പോയപ്പോൾ അച്ഛൻ മരിച്ചു. ചുവന്ന ചുമരുക ളുള്ള ആ വീട്ടിൽ തനിച്ച് ഇരുന്നു കൊണ്ട് ഞാൻ കരഞ്ഞു. മുകളിൽ തട്ടിന്റെ യിടയിലെവിടെ നിന്നോ തേനീച്ചകൾ മൂളിക്കൊണ്ടിരുന്നു.



അവൾ കരയാതെയിരിക്കാൻ ശ്രമിച്ചു. പക്ഷേ, സാധിച്ചില്ല.

'ഞാൻ പഠിപ്പു നിറുത്തി. ഞാൻ ഒന്നിനും കൊള്ളാത്തവനാണെന്ന് എനിക്കു തന്നെ മനസ്സിലായിത്തുടങ്ങി. ജോലികൾ പോയി. പലരും എന്നെ അധിക്ഷേപിച്ചു. പക്ഷേ, സ്വർണ്ണപ്പുള്ളികളുള്ള മത്സ്യങ്ങളും പൊയ്കകളിൽ ഉറങ്ങിക്കിടന്ന ഇളം വെയിലും ഇളം പച്ച നിറത്തിലുള്ള ചില മദ്ധ്യാഹ്ന ങ്ങളും എല്ലാം എന്റെ സ്വത്തുക്കളായിരുന്നു. ഞാൻ എന്നിട്ടും നശിച്ചു. എന്റെ ഭാര്യ എന്നെ വിട്ടു മറ്റൊരുത്തന്റെ കൂടെപോയി. എന്റെ സ്നേഹിത ന്മാർ എനിക്കെതിരായി കോടതിയിൽ മൊഴി കൊടുത്തു. ഞാൻ വില കുറഞ്ഞ ചാരായം കുടിച്ചു കൊണ്ട് വിളക്കിൻ കാലിന്റെ ചുവട്ടിൽ ചെന്നു കിടന്നു...'

അയാളുടെ മുഖം വിളർത്തു കൊണ്ടിരുന്നു. അവളുടെ കൈ വിരലുകൾ ആ കവിളുകളെ തൊട്ടു.

'നിങ്ങൾ എന്തിനാണ് എന്നെ തൊടുന്നത്? എന്റെ കൈയിൽ പണമില്ല. ഇനി എനിക്ക് ഒരു പെണ്ണിനേയും ആവശ്യമുണ്ടാവില്ല..'

'ഞാൻ നിന്നെ കൊണ്ടുപോവും. എന്റെ വീട്ടിലേക്ക്...'

അയാൾ അതു ശ്രദ്ധിച്ചില്ല.

'ഞാൻ ലോകത്തിന്റെ കലങ്ങിയ കണ്ണിന്റെ മീതെ ഒരു കരടെന്ന പോല നീങ്ങിക്കൊണ്ടിരുന്നു. ഏതു കാട്ടു മൃഗത്തിനും കിടക്കാനൊരിടമുണ്ടായി രുന്നു. എനിക്ക് ഒന്നുമുണ്ടായിരുന്നില്ല. കാരണം, എന്റെ ജ്യേഷ്ഠത്തി പോയ പ്പോൾ എന്റെ ഭാഗ്യം നശിച്ചു. അച്ഛൻ മരിച്ചതിനു ശേഷം, ചുവന്ന ചുമ രുകളുള്ള ഞങ്ങളുടെ വീട് തകർന്നു. അടുക്കളച്ചുമരിന്മേൽ ഞാൻ ഒരിക്കൽ ശക്തിയോടെ ചവുട്ടി. ആ വീട് തകരുകയാണെങ്കിൽ, ആ മുറികളിൽ വെറു ങ്ങലിച്ചു കിടന്നിരുന്ന ഓരോ രംഗങ്ങളും ചുറ്റുമുള്ള കാറ്റിൽ ലയിക്കുകയാ ണെങ്കിൽ, അതെന്റെ കൈ കൊണ്ടാവണമെന്ന് ഞാൻ വിചാരിച്ചു. ഞാൻ അത്ര സ്നേഹിച്ച ആ വീട് നശിപ്പിക്കുന്നതും ഞാനാവണം എന്നുണ്ടായിരുന്നു എനിക്ക്..'

സ്മരണകൾ തമ്മിലിടഞ്ഞു. അവളും ആ ചുവന്ന വീടിനെ ഓർത്തു. അതിന്റെ പിന്നിലെ വരാന്തയിൽ ഒരു അലൂമിനിയം കൊണ്ടുള്ള തത്തക്കൂട് തൂങ്ങിയിരുന്നു. അതിലുണ്ടായിരുന്ന പക്ഷി അവർ രണ്ടു പേരും ജനിക്കുന്നതിനു മുമ്പു തന്നെ മരിച്ചു കഴിഞ്ഞിരുന്നു. പക്ഷേ, ആ കൂട് ആരും അഴിച്ചു നീക്കിയില്ല. കാറ്റടിക്കുമ്പോഴെല്ലാം ആ ഒഴിഞ്ഞ കൂട് കിലുങ്ങിക്കൊണ്ടിരുന്നു.

'എനിക്കു ശാന്തതയുണ്ടായിരുന്നില്ല. ഒരിക്കലെങ്കിലും. കോഴികളും കൂടി ഒറ്റക്കാലിന്മേൽ നിന്ന് വിശ്രമിച്ചു. പക്ഷേ, ഞാൻ വിശ്രമമില്ലാതെ കഷ്ടപ്പെട്ടു. എന്റെ വിചാരങ്ങൾ വേലിയിറക്കമില്ലാത്ത തിരമാലകളെപ്പോലെയായിരുന്നു. എന്റെ ചന്ദ്രൻ ഒരിക്കലും ചുരുങ്ങിയിട്ടില്ല. ഒരിക്കലും വളർന്നില്ല. ഞാൻ എന്റെ വിചാരങ്ങളെ അകറ്റുവാൻ ശ്രമിച്ചു. വെളിച്ചവും കൊണ്ട് അടുക്കുമ്പോൾ ധൃതിയിൽ പുറത്തേക്കു പറക്കുന്ന നരിച്ചീറുകളെപ്പോലെ അവയെയും ഓടിക്കുവാൻ ഞാൻ മോഹിച്ചു. അവ വേറെ ഏതെങ്കിലും ചായ്പിൽ ചെന്ന് തൂങ്ങിക്കൊള്ളട്ടെ. എന്റേതിൽ വേണ്ട. പക്ഷേ, എന്റെ മനസ്സും, വെളിച്ചമില്ലാത്ത, ചലനമില്ലാത്ത ആത്മാവില്ലാത്ത, ഞങ്ങളുടെ വീടു പോലെയായിത്തീരുന്നു....'

നരിച്ചീറുകളുടെ മണം മങ്ങിക്കത്തുന്ന ഒരു വിളക്ക്. രണ്ടു കുട്ടികളെയും ഒന്നിച്ചു മൂടുന്ന ഒരു മഞ്ഞപ്പുതപ്പ്.. അവൾ എഴുന്നേറ്റു നിന്ന്, സാരിയുടെ ചുളിവുകൾ കുടഞ്ഞു ശരിയാക്കി. അയാൾ അപ്പോഴും പതറിയ ഒരു സ്വരത്തിൽ സംസാരിച്ചു കൊണ്ടിരുന്നു. ആരും കേൾക്കാനായിട്ടല്ല. പക്ഷേ, വിചാരങ്ങളുടെ വേഗത്തോടെ ആ വാക്കുകൾ മുറിയിൽ നിറഞ്ഞു. അയാളുടെ കണ്ണുകൾ അടഞ്ഞിരുന്നു.

'മതി മതി ഈ പുലമ്പൽ, ബാക്കിയുള്ളവർക്കു ശല്യം.'

അവൾ തിരിഞ്ഞു നോക്കി. മുറിയുടെ വാതില്ക്കൽ ഒരു നേഴ്സ് നിന്നിരുന്നു.

'ആരാണിത്, മിസ്സിസ് മേനോനൊ? നിങ്ങൾ എങ്ങനെ ഇവിടെ എത്തി?'



അവൾ ആ നേഴ്സിനെ നോക്കി ചിരിച്ചു. പണ്ടെവിടെ നിന്നോ അവരെ കണ്ടിട്ടുള്ളതായി അവൾക്കു തോന്നി.

'ഞാൻ ഡോക്ടർ പട്ടേലിന്റെ ആസ്പത്രി വിട്ടു. എന്റെ കണ്ണിൽ സുഖക്കേടായപ്പോൾ എന്നെ പിരിച്ചയച്ചു.

'ഓ, കഷ്ടം തന്നെ.'

'ഇത്ര കൊല്ലക്കാലം അവിടെ അയാളെ സഹായിച്ചതിന്റെ ഫലമാണ് ഞാൻ അനുഭവിച്ചത്. എനിക്കു മാസം മാസം ശമ്പളം കൂടി തന്നിരുന്നില്ല പട്ടേൽ...'

'ഇപ്പോൾ ജോലി അധികമില്ല. പക്ഷേ, ഈ ദരിദ്രന്മാർ വിചാരിച്ചാൽ എനിക്ക് ഒരു ചായ കൂടി തരാൻ കഴിയില്ലല്ലോ. പട്ടേലിന്റെ ആസ്പത്രിയിൽ നിന്ന് എനിക്കു പലപ്പോഴും ഓരോന്ന് കിട്ടിയിരുന്നു. നിങ്ങൾ തന്ന കമ്മൽ ഇപ്പോഴും എന്റെ മകൾ ഇടാറുണ്ട്.'

'ഉവ്വോ?'

'നിങ്ങളെ കണ്ടത് അത്ഭുതം തന്നെ. എന്തിനാണ് ഇവിടെ വന്നിരിക്കുന്നത്? നിങ്ങളുടെ വേലക്കാരാരെങ്കിലും സുഖക്കേട് പിടിച്ചു കിടക്കുന്നുണ്ടോ?

'ഏയ്, ആരുമില്ല, ഞാൻ ഇതേ വരെ ഒരു ധർമ്മാസ്പത്രി കണ്ടിട്ടില്ല. അതു കൊണ്ട്...'

'അതു ശരി. സമുദായ സേവനത്തിന്റെ കൂട്ടത്തിൽ, അല്ലേ? ഇവിടുത്തെ കാര്യം വല്ലവരോടും പറയുകയാണെങ്കിൽ എന്റെ കാര്യം മറക്കരുത്. എനിക്ക് ഇവിടെ ഉച്ച ഭക്ഷണം കിട്ടിയാൽ ഉപകാരമായിരുന്നു. ഇവിടെ അടുത്തൊന്നും ഒരു പീടികയുമില്ല. പിന്നെ, രോഗികളുടെ പാലും കഞ്ഞിയും മറ്റും എടുത്ത് കുടിക്കാൻ എനിക്കറിയില്ല. അതൊക്കെ ഈ കാണാറുള്ള ചെറുപ്പക്കാരി നേഴ്സുമാർക്കേ കഴിയൂ. കണ്ണിൽ ചോരയില്ലാത്ത വർഗ്ഗം...'

കുറച്ചു നേരം കഴിഞ്ഞ് നേഴ്സ് മുറിക്കു പുറത്തു പോയപ്പോൾ, അവൾ തന്റെ അനുജന്റെ കൈത്തലം നിവർത്തി അതിൽ നൂറുറുപ്പികയുടെ ഒരു നോട്ട് വെച്ചു കൊണ്ട് പറഞ്ഞു:

'എനിക്ക് മാപ്പ് തരൂ'.

എന്നിട്ട് ധൃതിയിൽ നടന്ന്, അവൾ ആസ്പത്രിക്ക് പുറത്തേക്കു കടന്നു. കാറിന്റെ വാതിൽ തുറന്നു കൊണ്ട് നിന്ന തന്റെ ഡ്രൈവറോട് അവൾ പറഞ്ഞു:

'അലാവുദ്ദീൻ, പോകുന്ന വഴിക്ക് എനിക്ക് ഒരഞ്ചു മിനിട്ട് ആ അമ്പല ത്തിൽ കയറണം. കുറെക്കാലമായി ഞാനൊന്ന് പ്രാർത്ഥിച്ചിട്ട്.'



# 3. റ

കോവിലൻ

[കോവിലൻ എന്ന തൂലികാനാമത്തിൽ പട്ടാളക്കഥകളെഴുതി വായനക്കാരുടെ മനസ്സിൽ പ്രതിഷ്ഠ നേടിയ വ്യക്തിയാണ് വി.വി. അയ്യപ്പൻ (1923-). നമ്മുടെ ചെറുകഥാരംഗത്തും നോവൽ രംഗത്തും അദ്ദേഹം ഒരേ പോലെ പ്രശസ്ത നാണ്. എ മൈനസ് ബി, ഏഴാമെടങ്ങൾ, തോറ്റങ്ങൾ, ജീവിതം അനാഥ മാണ്, ഒരിക്കൽ മനുഷ്യനായിരുന്നു, കോവിലന്റെ കഥകൾ, തട്ടകം മുതലാ യവയാണ് അദ്ദേഹത്തിന്റെ പ്രശസ്ത കൃതികൾ.
'വിശപ്പിന്റെ കഥകൾ' എന്ന പേരിൽ ഡോക്ടർ ഉഷാബാലകൃഷ്ണൻ സമാ ഹരിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കഥയാണ് 'റ'.]

ടീച്ചർ വന്നതും ബാജി അറിഞ്ഞില്ല. അവൻ അപ്പോൾ ഉറങ്ങുകയായി രുന്നു. ഉറക്കം വരുന്നതു പോലും അവൻ അറിഞ്ഞിട്ടില്ല. ബാജി ഉപ്പുമാ വിന്റെ കാര്യം ഓർക്കുകയായിരുന്നു. വാസ്തവത്തിൽ, അതു കൊണ്ടാണ് വിശ പ്പിന്റെ കാര്യം കൂടി അവൻ മറന്നു പോയത്.

ബാജിയെ ചേർത്തു എങ്കിലും ഇതേവരെ അവന് ഉപ്പുമാവു കിട്ടിയി ട്ടില്ല. ഇന്ന് ഉപ്പുമാവുണ്ടാവുമെന്ന് അപ്പച്ചനാണ് അവനോട് പറഞ്ഞത്. കാല ത്തെപ്പണി കഴിഞ്ഞ് അമ്മ തിരിച്ചു വന്നിട്ടും അപ്പച്ചൻ മൂടിപ്പുതച്ച് മുക്കിൽ കിടക്കുകയായിരുന്നു. അമ്മ അടുപ്പിൽ തീ കൂട്ടിയതേയില്ല. അവന്റെ അമ്മ ഒരു കാക്കയല്ല. ഒരു മനുഷ്യനായി ജനിച്ചു പോയതു കൊണ്ട് ഇനി ഒരു കാക്ക യാകാനും അമ്മയ്ക്കു കഴിയില്ല. ബാജിയും ഒരു കാക്കക്കുഞ്ഞുണ്ടാവുക യില്ല. അമ്മ ഒരു കാക്കയായിരുന്നെങ്കിൽ എന്തെങ്കിലും ഒന്നു കൊക്കുകൾ ക്കുള്ളിൽ ഒളിച്ചു വെച്ചു കൊണ്ടു വരുമായിരുന്നു. രണ്ടച്ചു വെല്ലമോ ഒരു നുള്ളു കാപ്പിപ്പൊടിയോ ഒരു ചപ്പാത്തിയുടെ പൊട്ടോ കൊണ്ടുവരാൻ

അവന്റെ അമ്മയെക്കൊണ്ടായില്ല. കാലത്തെപ്പണി കഴിഞ്ഞപ്പോൾ അവന്റെ അമ്മയ്ക്കു കൊടുത്ത പഴയ എച്ചിൽ വിഷം തിന്നും പോലെ അവന്റെ അമ്മ വിഴുങ്ങി. അവന്റെ അമ്മ ആ വിഷം തിന്നിട്ടും മരിച്ചില്ല! അമ്മ തിരിച്ചു വന്നല്ലോ, അതേ അവന്നു വേണ്ടൂ. മരിച്ചു പോയാൽ മതി എന്ന് അമ്മ പറഞ്ഞു. മരിച്ചു പോയാൽ, മനുഷ്യൻ പിന്നെ വിശപ്പറിയില്ല.

അവന്റെ അപ്പച്ചൻ എണീറ്റു പണിക്കു പോയാൽ അന്നു ചോറും കൂട്ടാനും കപ്പയും കാപ്പിയും വയറുനിറയെ കിട്ടും. അവന്റെ അപ്പച്ചന് പനിച്ചിട്ടു വയ്യ. അപ്പച്ചൻ ചുമയ്ക്കുമ്പോൾ നെഞ്ചു പറിയുന്നു. നെഞ്ചിൽ പൊത്തിപ്പിടിച്ച് അവന്റെ അപ്പച്ചൻ ജീവന്റെ വേരുകൾ പറിച്ചെടുക്കുന്നതു കണ്ടു നില്ക്കാൻ ബാജിക്കു വയ്യ. അവൻ പുറപ്പെടാൻ തുടങ്ങിയപ്പോൾ ഇന്നലെയും അത്താഴം കഴിക്കാത്തതു കൊണ്ട് അവന്റെ കണ്ണു മഞ്ഞളിക്കുമെന്നും വല്ല ബസ്സോ കാറോ മുട്ടി അവൻ വീഴുമെന്നും അതു കൊണ്ട് വീട്ടിൽ ത്തന്നെ കിടന്നു ചത്താൽ മതിയെന്നും അവന്റെ അമ്മ അവനെ തടഞ്ഞു. അപ്പോൾ അപ്പച്ചൻ കിടക്കപ്പായിൽ എണീറ്റിരുന്നു. അപ്പോൾ ബാജിക്കു സന്തോഷമായി, അവന്റെ അപ്പച്ചൻ ഇന്നു പണിക്കു പോവും. അപ്പോൾ അവന് ചോറും കൂട്ടാനും, കഞ്ഞിയും കപ്പയും, കാപ്പിയും വെല്ലവും വയറു നിറയെ കിട്ടും.

അവന്റെ അപ്പച്ചൻ എണീറ്റു നിന്നില്ല. അപ്പച്ചന്റെ കണ്ണുകൾ ജ്വലിച്ചു കത്തുന്നുണ്ടായിരുന്നു. അമ്മ എന്തിനു ബാജിയെ പട്ടിണിയിട്ടു കൊല്ലണം? അവന്റെ കുഞ്ഞിച്ചട്ടി കൂടെ എടുത്തു കൊള്ളണമെന്ന് അപ്പച്ചൻ പറഞ്ഞു. ഇന്ന് സ്കൂളിൽ ഉപ്പുമാവുണ്ടാവും. അവനെ ചേർത്തിട്ട് ഒരാഴ്ച കഴിഞ്ഞു. രണ്ടാമത്തെ ആഴ്ചയിൽ ഉപ്പുമാവു കൊടുത്തു തുടങ്ങും. അവന്റെ അമ്മയ്ക്ക് ഒരു വസ്തു അറിയില്ല. ഇന്ന് ഉപ്പുമാവുണ്ടാകും! വിശപ്പിന്റെ കാര്യം അതോടെ ബാജി മറന്നു. അമ്മ അവന്റെ കുഞ്ഞിച്ചട്ടി കഴുകി. വാസ്തവത്തിൽ അതു കഴുകേണ്ട ഒരാവശ്യവും ഇല്ല. ഇന്നലെ മുഴുവൻ ആ ചട്ടിയിൽ യാതൊന്നും വിളമ്പിയിട്ടില്ല. ഒരു പക്ഷേ, സ്കൂളിലേക്കു നടാടെ പുറപ്പെടുകയല്ലേ, ചട്ടിയും കുളിക്കട്ടെ. എത്തിയ ഉടനെ ബാജി അവന്റെ സ്ഥാനം പിടിച്ചിരുന്നു. അവന്റെ കുഞ്ഞിച്ചട്ടി ഉടയാൻ പാടില്ല. എപ്പോഴാണ് ഉച്ചമണി അടിക്കുക? ബെഞ്ചിനു താഴെ അവന്റെ കുഞ്ഞിച്ചട്ടി കമഴ്ന്നു കിടന്നു. റ! റ എഴുതാൻ ഒരു പണിയുമില്ല. റ! ഉച്ചമണി അടിക്കുന്നതുവരെ അവൻ അങ്ങനെ ഇരിക്കും. ബഞ്ചിലിരുന്ന് ബാജി ഉറങ്ങി. ടീച്ചർ വന്നപ്പോൾ എല്ലാ കുട്ടികളും എണീറ്റു നിന്നു. കുട്ടികൾ എണീറ്റു നിന്നത് ബാജി അറിഞ്ഞില്ല. തെറ്റിയും തെന്നിയും കുട്ടികൾ പറഞ്ഞു:

''സമസ്സെ! നമത്തെ! തമത്തെ....!''

ബഹളത്തിൽപ്പെട്ട് ബാജി ഉണർന്നു.

വിൽസൻ പറഞ്ഞു.

''ടീച്ചറേ, ടീച്ചറേ ബാജി എണീറ്റില്ല.''

ടീച്ചർ പറഞ്ഞു.

''ഇരിക്കൂ,ഇരിക്കൂ; അവരവരുടെ സ്ഥാനത്ത് എല്ലാവരും ഇരിക്കൂ.''

വിൽസൻ ഇരുന്നില്ല, അവൻ നിന്നു പറഞ്ഞു.

''ടീച്ചറേ, ടീച്ചറേ, ബാജി നമസ്തെ പറഞ്ഞില്ല.''

വേണ്ട എന്നു സൗദാമിനി ടീച്ചർ മനസ്സിൽ കരുതി. ടീച്ചറുടെ മനസ്സിൽ തീയായിരുന്നു. അവരുടെ സകലപ്രതീക്ഷകളേയും ശമ്പള പരിഷ്കാരം തകർത്തു കളഞ്ഞു. ഒന്നേ ഒന്നേ എഴുപത്തി മൂന്നു തൊട്ടുള്ള അരിയേഴ്സ് കിട്ടിയാൽ പണം തീർത്തു കൊടുക്കാമെന്ന കരാറിന്മേലാണ് ഇരുപതു പറ നെല്ല് ടീച്ചർ കടം വാങ്ങിയത്. ഇന്നാണ് ഓഫീസിൽ നിന്നറിഞ്ഞത്, ഇരുപത്തെട്ട് ഒന്ന് എഴുപത്താറു വരെ ഒരു നേട്ടവും സൗദാമിനി ടീച്ചർക്കില്ല. ഇരുപത്തെട്ട് ഒന്നേ എഴുപത്താറിലേക്ക് ഓപ്ഷൻ കൊടുത്താൽ ഒന്നേ ഒന്നേ എഴുപത്തിമൂന്നു തൊട്ടുള്ള അരിയേഴ്സ് കിട്ടില്ല. കോരന്റെ കഞ്ഞി എന്നും കുമ്പിളിൽത്തന്നെയാകുന്നു. ഇല്ലായ്മ എന്നും ടീച്ചറെ പിന്തുടരുന്നു. കുട്ടികളുടെ മുന്നിൽ ദുർമുഖം കാണിക്കരുതല്ലോ. കുടയും കുട്ടയും ഒരിടത്തു

വെക്കാൻ ടീച്ചർ പിന്നാക്കം തിരിഞ്ഞു. നാനൂറു രൂപ കൊടുക്കണം. അരി യേഴ്സ് കിട്ടുകയും ഇല്ല. എന്നിട്ടും കുടയും കുട്ടയും ജനലിന്മേൽ വെച്ചു കുട്ടികളുടെ നേരെ തിരിഞ്ഞു നിൽക്കുമ്പോൾ ടീച്ചർ ചിരിക്കാൻ ശ്രമിച്ചു. സാരിയുടെ തെറ്റു പിടിച്ചു ടീച്ചർ വാൽക്കണ്ണു തുടച്ചു.

വിൽസൻ ഇരുന്നിട്ടില്ല. ഇരിക്കാനോ നില്ക്കാനോ വിൽസന്നറിഞ്ഞു കൂടാ. ഒന്നാം ക്ലാസ് പഠിച്ചു തീരുന്നതോടെ അവനൊരു ഡോക്ടറാകണം. നീല ടീ ഷർട്ടും വെള്ള നിക്കറും ധരിച്ച് നില്പുറയ്ക്കാത്ത കാലുകളിൽ അവൻ നിന്നു. അവന്റെ ഡാഡി പട്ടാളത്തിലാകുന്നു. ഡാഡി പീരങ്കിപ്പടയാളിയാകുന്നു. യുദ്ധം ചെയ്ത് അവന്റെ ഡാഡിക്കു പരിക്കു പറ്റുമ്പോൾ വിൽസൻ പെനസിലിൻ കുത്തി വെക്കണം. പരിക്കു പറ്റിയ എല്ലാ പട്ടാളക്കാർക്കും വിൽസൻ പെനസിലിൻ ഇഞ്ചറ്റു ചെയ്യണം. പീരങ്കിപ്പടയാളികൾ അവരുടെ തൊപ്പിയിൽ ധരിക്കുന്ന വെള്ളി പൂശിയ ഗൺ വിൽസൻ ഷർട്ടിൽ കുത്തി നിൽക്കുന്നു.

ടീച്ചർ പറഞ്ഞു:

''ഇരിക്കു വിൽസൻ. നമുക്കു ബാജിയെ എണീപ്പിക്കാം.''

സൗദാമിനി ടീച്ചർ ഹാജർ പട്ടിക നിവർത്തി.

ബാജി ഹാജർ പറഞ്ഞില്ല. പേരു വിളിച്ചിട്ടും അവൻ എണീറ്റു നിന്നില്ല. ടീച്ചർ ബേജാറായി. ഒരാഴ്ചയായി ഹാജർ പറയാൻ ഈ കുട്ടി പഠിച്ചില്ല. പട്ടികയിൽ നിന്നു മുഖമുയർത്തി ടീച്ചർ പെരുമാറ്റച്ചാട്ടങ്ങളുടെ ആവർത്തന പാഠം തുടങ്ങി.

''പേർ വിളിക്കുമ്പോൾ ബാജി എണീറ്റു നിൽക്കണം. എന്താണ് ബാജിയുടെ പേര്?''

വിൽസൻ പെട്ടെന്നണീറ്റു നിന്നു ഉറക്കെ പറഞ്ഞു.

''ബാജി സീസി.''



ടീച്ചർ വിൽസനെ ശാസിച്ചില്ല. ഒരുപക്ഷേ, ഇതാണ് ഇവിടത്തെ തകരാറ്. എണീറ്റു നിൽക്കേണ്ടവന് നിൽക്കാൻ അവസരം കൊടുക്കില്ല. അവനെ ശബ്ദിക്കാൻ അനുവദിക്കുകയില്ല. അവനു വേണ്ടി ഞാൻ എണീറ്റു നിൽക്കുന്നു. അവർക്കു വേണ്ടി ഞാൻ സംസാരിക്കുന്നു. അവർക്ക് ഒന്നു നിൽക്കാനോ എന്തെങ്കിലും പറയാനോ അറിയില്ല. അറിയില്ലെന്നും കഴിവില്ലെന്നും ഞാൻ തീരുമാനിക്കുന്നു. ആരുണ്ട് എന്നോടു ചോദിക്കാൻ? ടീച്ചർ ക്ലാസിലേക്കു നോക്കി. വിൽസൻ ഇരുന്നു കഴിഞ്ഞു. ടീച്ചർ പാഠം തുടർന്നു.

ബാജി ചിറമൽ ചേറപ്പൻ എന്നാണ് ബാജിയുടെ മുഴുവൻ പേർ. ബാജിയുടെ ചുരുക്കപ്പേരിൽ ബാജിയും ബാജിയുടെ അച്ഛനും ബാജിയുടെ തറവാടും ഉണ്ട്. ബാജി മോശക്കാരനൊന്നുമല്ല. ബാജിയുടെ തോളിൽ ഒരു കൊടിയുണ്ട്. എല്ലാവരും കൊടികൾ കണ്ടിട്ടില്ലേ?

''എല്ലാവരുടെ തോളിലും കൊടിയുണ്ട്.''

ഒരു കുട്ടി പറഞ്ഞു:

'ഇല്ല'.

വിൽസനാവുമോ എന്ന് ടീച്ചർ കണ്ണടയിലൂടെ നോക്കി. അപ്പോൾ കുട്ടികൾ പറഞ്ഞു:

''ന്റെ തോളിൽ കൊടീല്ല്യ''

''എനിക്ക് കൊടില്ല്യ.''

ടീച്ചർ ചിരിച്ചു.

എല്ലാവർക്കും കൊടിയുണ്ട്. ഈ കൊടി ഓരോ മനുഷ്യനും ഓരോ കുട്ടിയും കൊണ്ടു നടക്കുന്നു. കൊടിയോടു കൂടെ ഞാൻ ജനിക്കുന്നു. ചിറമൽ ചേറപ്പൻ ബാജി, ചിറമൽ എന്ന തറവാടിന്റെ കൊടി പറത്തിക്കൊണ്ട് ബാജി സ്കൂളിലേക്കു പോന്നു.

ടീച്ചർ വിചാരിച്ചു, നിന്റെ കഞ്ഞി കുമ്പിളിൽത്തന്നെ എന്ന് നീ ജനിക്കും മുമ്പേ തീരുമാനിക്കപ്പെടുന്നു. പക്ഷേ, എല്ലാ വിചാരങ്ങളും കുട്ടികളോടു പറയാൻ പാടില്ല.

''ഒരു സ്കൂളിലും കുട്ടിയുടെ മുഴുവൻ പേരും ചേർത്തു വിളിക്കുന്നില്ല. ഇവിടെ ചുരുക്കപ്പേർ മാത്രം വിളിക്കുന്നു. ബാജി സി.സി. ബാജി. ചിറമൽ ചേറപ്പൻ അതു നിങ്ങൾക്കു പിന്നീടു മനസ്സിലാവും. ഒന്നാം ക്ലാസിൽ ഏ.ബി.സി. പഠിക്കുന്നില്ല. ഒന്നാം ക്ലാസിൽ നിങ്ങൾ റ ര ത പഠിക്കുന്ന. റ എഴുതാൻ എല്ലാവരും പഠിച്ചില്ലേ?''

ക്ലാസ് ഒന്നടങ്കം കൂവി.

''ഉവ്വ്!''

ബാജി വിയർക്കുകയായിരുന്നു. അവൻ അവന്റെ അപ്പച്ചനെക്കുറിച്ചും അമ്മയെക്കുറിച്ചും ഓർക്കുകയായിരുന്നു. അവന്റെ കുഞ്ഞിച്ചട്ടി എടുത്തു കൊള്ളണമെന്ന് അപ്പച്ചൻ പറഞ്ഞു.

ടീച്ചർ ചോദിച്ചു.

''ബാജി സി.സി. എന്നു ഹാജർ വിളിക്കുമ്പോൾ ബാജി എന്താണ് പറയേണ്ടത്?''

''ഹാജർ!''

വെള്ളെഴുത്തിന്റെ കണ്ണടക്കു പിന്നിൽ ടീച്ചറുടെ കണ്ണുകൾ തിളങ്ങി. ബാജി എണീക്കാൻ ഭാവിക്കുന്നുണ്ടായിരുന്നു. ബെഞ്ചിനു താഴെ അവന്റെ കുഞ്ഞിച്ചട്ടി കമഴ്ന്നു കിടക്കുന്നുണ്ട്. തട്ടാനോ ചവിട്ടാനോ പാടില്ല. ഈ ചട്ടി അവന്റെ ആദിപാഠമാകുന്നു, റ!

ഒരു റയുടെ ഉള്ളിൽ അവന്റെ ജീവിതം തുടങ്ങുന്നു. അതേ റയ്ക്കുള്ളിൽ ഈ ജീവിതം അവസാനിക്കുന്നു.



റ കൈവിലങ്ങാകുന്നു.

അക്ഷരങ്ങളും ചട്ടങ്ങളും അവനെ വിലങ്ങു വെക്കുന്നു.

ബാജി സി.സി. ചുമട്ടുകാരൻ ചേറപ്പന്റെ സന്തതിയാകുന്നു.

അവൻ എണീറ്റുനിൽക്കുമ്പോൾ ടീച്ചർ സന്തോഷിച്ചു, ക്ലാസിൽ എങ്ങനെ പെരുമാറണമെന്ന് ഒടുവിൽ ഈ മണ്ടൻ പഠിക്കുന്നു.

വല്ലപാട്, വല്ലാത്തപാട് ബാജി എണീറ്റു നിന്നു. ഊർന്നു പോകുന്ന മുറിക്കാലുറയെക്കുറിച്ചു യാതൊന്നുമറിയാതെ അവൻ പറഞ്ഞു:

''ടീച്ചറേ, ഒറക്കം വന്നിട്ടു വയ്യ.''

ടീച്ചർ എണീറ്റു. ഒരു കുട്ടി, ഒരു കള്ളം പറയാൻ പോലും സാമർത്ഥ്യമില്ലാത്ത ഒരു കുട്ടി. ടീച്ചർ ബാജിയെ അപ്പോഴാണു നോക്കിയത്. അവർ കുട്ടിയുടെ അരികിലേക്കു സാവകാശം നടന്നു. നേരെ ചീവാത്ത ചുരുണ്ട മുടിയിഴകൾ പാറിക്കിടക്കുന്ന അവന്റെ നെറ്റിയിൽ വിയർപ്പു പൊടിയുന്നുണ്ടായിരുന്നു. അവന്റെ നീലക്കണ്ണുകളിൽ ജ്ഞാനത്തിന്റെ ആദിപാഠം കൺപോളകൾ വിടർത്തുന്നുണ്ടായിരുന്നു.

റ!

പാതി വിടർന്ന അവന്റെ മേൽച്ചുണ്ട് അവന്റെ മുഖത്തെഴുതുന്നുണ്ടായിരുന്നു.

റ.

വിടർന്ന ചുണ്ടുകൾക്കിടയിൽ അവന്റെ മുൻവരിയിലെ കൊച്ചു പല്ലുകൾ എഴുതി വച്ചിരുന്നു.

റ,റ.

അവന്റെ നെറുകയിലും നെറ്റിയിലും കൈ ചേർത്തു സൗദാമിനി ടീച്ചർ ചോദിച്ചു.

''പനിക്കുന്നുണ്ടോ?''

പക്ഷേ, ടീച്ചർ പെട്ടെന്നു ഭയപ്പെട്ടു. ബാജി താളുപോലെ തണുക്കുന്നു!

കുട്ടി സത്യം പറഞ്ഞു.

''വെശക്കുന്നു.''

അവൻ വീണുപോകുമെന്നു ടീച്ചർ ഭയപ്പെട്ടു. കുട്ടി തളർന്നിരിക്കുന്നു. അവനെ തന്റെ ശരീരത്തോടു ചേർത്തു പിടിക്കുമ്പോൾ ടീച്ചർ പതറിപ്പതറി ക്ലാസിലേക്കു നോക്കി. ആർക്കാണു വിശക്കുന്നത്? ആരാണ് ഇനിയും തളർന്നു വീഴാൻ പോകുന്നത്?

അപ്പോൾ ടീച്ചർ ശമ്പള പരിഷ്കാരത്തെ ശപിച്ചു. ശമ്പള പരിഷ്ക്കാരമാണ് ചതിച്ചത്. ഓഫീസിൽ ഓപ്ഷൻഡേറ്റിന്റെയും അരിയേഴ്സിന്റെയും ബഹളമായിരുന്നു. ഓഫീസിൽ റവയും പാൽപ്പൊടിയും നെയ്യുമുണ്ടായിരുന്നു. പക്ഷേ, വിറകിന്റെ കാര്യം ആരും പറഞ്ഞില്ല. എല്ലാവരും അവനവന്റെ ശമ്പളം കണക്കു കൂട്ടുകയായിരുന്നു. എന്റെ നാനൂറു രൂപ, എന്റെ ഇരുപതു പറ നെല്ല്. കുട്ടികൾക്കു കൊടുക്കേണ്ട ഉപ്പുമാവിന്റെ കാര്യം ഒരാളും പറഞ്ഞില്ല.

ഇന്നും ഉപ്പുമാവില്ല!



# 4. ഉത്ക്കണ്ഠയുടെ നിമിഷങ്ങൾ

ജി.വിവേകാനന്ദൻ

[മലയാള സാഹിത്യത്തിൽ ചെറുകഥാ രംഗത്തും നോവൽ രംഗത്തും പ്രശസ്തനാണ് ജി. വിവേകാനന്ദൻ. പിറന്നാൾ സമ്മാനം, വേദനകളുടെ ലോകം, നിശ്ശബ്ദ തരംഗങ്ങൾ, കള്ളിച്ചെല്ലമ്മ, പൊട്ടൻ നീലാണ്ടൻ, വാർഡ് നമ്പർ 7 തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാനകൃതികൾ. അദ്ദേഹത്തിന്റെ മികച്ച ചെറുകഥകളിലൊന്നാണ് 'ഉത്ക്കണ്ഠയുടെ നിമിഷങ്ങൾ'.]

കത്രികകളുടെ ശബ്ദം! ഫോർസെപ്സുകളുടെ ശബ്ദം! കുപ്പികൾ മുട്ടിയുരുമ്മുന്ന ശബ്ദം!

കത്രികകളും ഫോർസെപ്സുകളും ഇരുമ്പു പാത്രത്തിൽ വീഴുമ്പോൾ ഒരു സംഗീത ധ്വനിയുണ്ട്. ഹൃദയത്തിന് ഒരിക്കലും കുളിർമ്മ നല്കാത്ത, മനസ്സിനൊരിക്കലും ശാന്തതയേകാത്ത, ഭീകരമായ ധ്വനി. ആ സംഗീതം മണിക്കൂറുകളായി ചന്ദ്രൻ ശ്രദ്ധിക്കുകയാണ്,

നിശ്വാസങ്ങളുടെ ലോകമാണത്.അതിനകത്തു കിടന്ന് ആയിരം പേർ ശ്വസിക്കുന്നുണ്ട്. പക്ഷേ, എപ്പോഴാണു ശ്വാസം നിലച്ചു പോകുന്നതെന്നറിഞ്ഞു കൂടാ.

അവിടെ ജീവൻ ഉടലെടുക്കുന്നു; ജീവൻ അസ്തമിക്കുന്നു. ജീവിതം ഞരങ്ങുന്നു. വിചിത്രതരമാം വിധം അവയ്ക്കു മീതെ വന്നു വീഴുന്ന നിശ്ശബ്ദതയുടെ ആവരണം ശ്വാസം മുട്ടിക്കുന്ന ഭീകരത സൃഷ്ടിക്കുന്നു.

എങ്കിലും ഒരു ശ്മശാനം പോലെ പൈശാചികമല്ല ആ രംഗം. പ്രതീക്ഷകൾ അവിടെ തളം കെട്ടി നില്ക്കുന്നു.

പ്രകാശധോരണിയില്ല. പക്ഷേ, അവിടെ അന്ധകാരമയമെന്നു പറഞ്ഞു കൂടാ. രൂപം കൊള്ളാത്ത സ്വപ്നങ്ങൾ പോലെ, പുഷ്പിക്കാത്ത ആശകൾ പോലെ അങ്ങിങ്ങായി മങ്ങിയ പ്രകാശം നിരന്നിട്ടുണ്ട്.

ഒരാശുപത്രിക്കെട്ടിടമാണത്. അവിടെ നിന്നു ദൂരെ, അനന്തതയിലേക്കു നോക്കിയാൽ എല്ലാം അന്ധകാരമയമാണ്. അസുഖകരമായ ഒരു ശീതക്കാറ്റ് എപ്പോഴും ഊതിയടിച്ചു കൊണ്ടിരിക്കും. ആ വിമോചന സദനവുമായി ബന്ധപ്പെട്ട കുറെപ്പേർ ചുറ്റും താമസമുണ്ട്. അവിടെയും പ്രകാശത്തിന്റെ പ്രതീക്ഷ അറ്റു പോയതുപോലെ അന്ധകാരം സർവ്വാധിപത്യം പുലർത്തുന്നു.

എവിടെ നിന്നെന്നു വ്യക്തമല്ല, ആരുടേതെന്നറിയില്ല; ആ കെട്ടിടത്തിന്റെ ഒരു കോണിയിൽ നിന്ന് ദീനദീനമായ ഒരു ശബ്ദം. നിശ്ശബ്ദതയെ ഭേദിച്ചു കൊണ്ട് തുളച്ചു വരുന്നു. തുടർന്ന് ആ ശബ്ദം വന്ന ലക്ഷ്യത്തിലേക്കു പാഞ്ഞു പോകുന്ന കാലടി ഒച്ച. അല്പം കഴിഞ്ഞു വീണ്ടും എല്ലാം നിശ്ശബ്ദമായി. കത്രികകളുടെയും ഫോർസെപ്സിന്റെയും ശബ്ദം മാത്രം വിരാമമില്ലാതെ തുടർന്നു കൊണ്ടിരുന്നു.

ആ നിലവിളി കേട്ട സ്ഥലത്തേക്ക് ഒന്നിലേറെ ചുവടുകൾ ഒന്നിച്ചു നീങ്ങുന്ന സ്പഷ്ടമായ പ്രതിധ്വനികൾ കേട്ടു. ആരൊക്കെയോ അടക്കിയടക്കി സംസാരിക്കുന്നുണ്ട്. വീണ്ടും നിശ്ശബ്ദത. മരണത്തെപ്പോലെ തണുത്തുറഞ്ഞ ആ നിശ്ശബ്ദതയെ പൊട്ടിത്തെറിപ്പിച്ചു കൊണ്ടുള്ള ഒരിടി മുഴക്കം. ഇലക്ട്രിക്ക് ലിഫ്റ്റിന്റെ താഴോട്ടുള്ള പ്രയാണമാണത്. ചന്ദ്രന് അതെന്താണെന്നു മനസ്സിലാക്കാൻ വിഷമമുണ്ടായിരുന്നില്ല. അതൊരു നിത്യ സംഭവമാണവിടെ.

വീണ്ടും എല്ലാം നിശ്ശബ്ദം. കത്രികകൾ മാത്രം അപ്പോഴും സംസാരിച്ചു കൊണ്ടിരുന്നു.

അജ്ഞാതനായ ഏതോ കാമുകന്റെ അസ്ഥിമാടത്തിൽ പുഷ്പാർച്ചന നടത്താൻ നാകലോകത്തു നിന്നും പറന്നിറങ്ങിയ ദേവകന്യകയെപ്പോലെ ഒരു നേഴ്സ്, ഒരു തുണിക്കെട്ടും നെഞ്ചത്തമർത്തിപ്പിടിച്ചു കൊണ്ട്, മുറിക്കുള്ളിലേക്കു പാഞ്ഞു പോയി. എന്തോ ചോദിക്കാനായി ചന്ദ്രന്റെ ചുണ്ടുകൾ



അനങ്ങിത്തുടങ്ങുന്നതിനു മുമ്പ് ആ വാതിലടഞ്ഞു. വീണ്ടും കത്രികകൾ ശബ്ദിച്ചു തുടങ്ങി.

മണിക്കൂറുകളായി ചന്ദ്രൻ ആ മുറിയുടെ വാതില്ക്കൽ നില്ക്കുകയാണ്. ശരീരമാകെ പൊള്ളുന്നതു പോലുള്ള ചൂടുണ്ട്. ശീകരശീതളമായ ആ ഊതക്കാറ്റിനു പോലും അവന്റെ ചൂടു മാറ്റാൻ കഴിഞ്ഞില്ല. അകത്തും പുറത്തും ഒരു പോലെ ചൂട്. ശരീരം ഒട്ടി വലിക്കുന്നു. തൊണ്ട ഉണങ്ങിപ്പോകുന്നു. കണ്ണുകൾക്കു കാഴ്ചയില്ല. ദാഹം! ഒടുങ്ങാത്ത ദാഹം. അസ്വസ്ഥനായി അവൻ ആ വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും ഉഴന്നു നടന്നു.

വേദന തിങ്ങുന്ന ഹൃദയം ഓർമ്മകളുടെ കലവറകൾ തോറും കയറിയിറങ്ങി ആശ്വാസം തേടുകയാണ്. വരണ്ടുണങ്ങിയ തൊണ്ട കണ്ണീർത്തുള്ളിയെയും കാഴ്ച നഷ്ടപ്പെട്ട കണ്ണുകൾ മരുമരീചികകളെയും തേടി നടന്നു. രംഗം മാറി; സ്ഥലം മാറി; കാലം മാറി; എല്ലാം വിസ്മൃതിയിൽ മുങ്ങി മറയുകയാണ്. വായിച്ചു കഴിഞ്ഞ അക്ഷരങ്ങളും വരികളും അദ്ധ്യായങ്ങളും അനായാസമായി ഭൂതകാലത്തിന്റെ ചുരുളുകൾ വിടർത്തി ഓർമ്മയുടെ വെള്ളിത്തിരയിൽ തെളിഞ്ഞു വരികയാണ്.

പച്ച പിടിച്ച വിശാലമായ നെല്പാടങ്ങൾ. ഹൃദയത്തിൽ കുളിർ ചൊരിയുന്ന ഇളം കാറ്റ്. അവൻ പൂമ്പാറ്റകളെയും വണ്ണാത്തിപ്പുള്ളുകളെയും തേടുകയാണ്. പ്രഭാത വായുവിൽ തളിർമാവിലയുടെ മണമുണ്ട്. ഊറ്റുവെള്ളത്തിന് അമൃതിന്റെ സ്വാദുണ്ട്. തോട്ടു വരമ്പിലെ കൈതക്കാട്ടിന് വൃന്ദാവനത്തിന്റെ ഭംഗിയുണ്ട്. കൊച്ചരിപ്രാക്കളും പൂവാലൻപശുവും അവന്റെ ചുറ്റും നൃത്തം വയ്ക്കുന്നു. ഈ ലോകം മുഴുവൻ അവനു വേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. ആരും വഴക്കിടാനില്ല. ആരും പങ്കു ചോദിക്കാനില്ല. ഒരമ്മയും ഒരു മകനും മാത്രം നിവസിക്കുന്ന ഒരു കൊച്ചു മൺ കുടിൽ. അവൻ അവന്റെ കുട്ടിക്കാലത്തെപ്പറ്റി ഓർത്തു പോയി.

എത്ര മനോഹരമാണ് ആ കാലം! അതിനി തിരിച്ചു കിട്ടുമോ? ആവോ, ആർക്കറിയാം!

ഓർമ്മയുടെ ആ മണ്ഡലത്തിൽ തങ്ങി നില്ക്കുന്നത് ഒരാശ്വാസമാണ്. ശാലീനത തിങ്ങിത്തുളുമ്പി നില്ക്കുന്ന ആ കൊച്ചു നാട്ടുമ്പുറവും അമ്മയും മകനും ഒരുമിച്ചു കഴിഞ്ഞ ആ മൺകുടിലും അവന് നാകലോകമാണ്.

അച്ഛന്റെ പരിലാളനയെന്തെന്ന് അവനറിഞ്ഞിട്ടില്ല. കുളിപ്പിച്ച്, കണ്ണെഴുതി, പൊട്ടു തൊടീച്ച്, ഒക്കെത്തിടുക്കിക്കൊണ്ട് നടന്ന്, അമ്പിളിയമ്മാവനെ പിടിച്ചു കൊടുക്കാൻ അവനൊരു ചേച്ചിയുണ്ടായിരുന്നില്ല. ചീകിയൊതുക്കിയ കറുത്തു കൊഴുത്ത ചുരുണ്ട തലമുടി തട്ടിയെറിയാനോ 'അമ്മേ എന്നെ അണ്ണൻ പിച്ചി' എന്നു പറഞ്ഞു പരാതിപ്പെടാനോ ഒരു കൊച്ചനിയൻ ഉണ്ടായിരുന്നില്ല. ഒരാൾ മാത്രമുണ്ടായിരുന്നു. അവന്റേതായി. അവന്റെ എല്ലാ വേദനകളും അറിയാവുന്നതായി. അവന്റെ എല്ലാ സുഖങ്ങൾക്കും നിദാനമായി. അച്ഛനും അമ്മാവനും അണ്ണനും ചേച്ചിയും അനിയനും അനിയത്തിയുമെല്ലാമായി-അമ്മ.

ശബ്ദശൂന്യമായി അവന്റെ ചുണ്ടുകൾ ചലിച്ചു തുടങ്ങി. അമ്മ.. അമ്മ..മുറിക്കകത്തു നിന്നു കത്രികകൾ ആ ശബ്ദം പ്രതിദ്ധ്വനിപ്പിച്ചതു പോലെ അവനു തോന്നി. അമ്മ...അമ്മ...അവന്റെ അമ്മ ആ കത്രികകളുടെ ലോകത്താണ്. അവന്റെ ജീവിതവും മരണവും സ്വപ്നങ്ങളുമെല്ലാം മണിക്കൂറുകളായി അവരോടൊത്ത് ആ മുറിക്കുള്ളിലാണ്.

മെഡിക്കൽ കോളേജിലെ മിക്കവാറും എല്ലാ വിദ്യാർത്ഥികളും ആ മുറിക്കകത്തുണ്ട്. എല്ലാ ഡോക്ടറന്മാരും ആ മുറിയിലുണ്ട്. ആ ആശുപത്രി അവിടെ തുടങ്ങിയതിനു ശേഷം അങ്ങനെയൊരു രോഗി അന്നാദ്യമായാണ് അവിടെ വരുന്നത്. എല്ലാ ക്ലാസ്സിലും എല്ലാ വിഷയത്തിനും ഒന്നാമനായ ചന്ദ്രൻ മാത്രം അവരോടൊത്ത് ആ മുറിക്കകത്തില്ല. ആ രോഗിയെ കാണാൻ അവനു ധൈര്യമില്ല. ആ രോഗം പഠിക്കാൻ വേണ്ട മനക്കട്ടിയില്ല.

മെഡിക്കൽ കോളേജിൽ അഡ്മിഷൻ കിട്ടിയെന്ന് അറിഞ്ഞ ദിവസം അവനോർമ്മയുണ്ട്. എന്തൊരു സംഭവമായിരുന്നു അത്! അത്രത്തോളം പ്രാധാന്യമുള്ള ഒരു ദിവസം മുമ്പൊരിക്കലും അവന്റെ ജീവിതത്തിലുണ്ടാ



യിട്ടില്ല. ഊഷരഭൂമിയിലൂടെ ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്ന ശുഷ്കമായ ഒരു ജീവിതം സൗഭാഗ്യങ്ങളുടെ കേദാര ഭൂവിലേക്കു പറന്നുയരാൻ തുടങ്ങുന്ന ഒരു മുഹൂർത്തമാണത്. കൈയിൽ കാശില്ല. കാൽക്കാശു കടം കൊടുക്കാൻ മറ്റു ബന്ധുക്കളുമില്ല. സഹായത്തിനു വേണ്ടി കൈക്കുമ്പിളും നീട്ടി അവന്റെ അമ്മ എല്ലാ വീടുകളിലും കേറിയിറങ്ങി. ആരുടെയും മുന്തിയഴിഞ്ഞില്ല. ഒരു പണപ്പെട്ടിയുടെയും മൂടി തുറന്നില്ല. ഒടുവിൽ-ഒടുവിൽ അവർ കേറിക്കിടക്കാടം തീറെഴുതി.

യാത്രയ്ക്കുള്ള ഒരുക്കങ്ങൾ തയ്യാറായി. മകനു നീർത്താഴ്ച വരാതിരിക്കാനുള്ള എണ്ണ കുപ്പിയിലടച്ചു പെട്ടിയിൽ നിക്ഷേപിച്ചു. മാവു വറുത്ത് ഉണ്ടയുരുട്ടി തകരപ്പോണിയിലടച്ചു. കുളി കഴിഞ്ഞു നിറുകയിൽ തിരുമ്മാനുള്ള പൊടി കരിയിലയിൽ പൊതിഞ്ഞു. ഒന്നൊന്നായി അവർ എല്ലാം ഒരുക്കുകയാണ്.

ചന്ദ്രൻ ഉണ്ണാനിരുന്നു. ചോറു വിളമ്പിക്കൊടുക്കുന്നതിനിടയിൽ അമ്മ കളിയായി പറഞ്ഞു: 'ഇനിയൊരാശുപത്രിയുടെയും വരാന്തയിൽപ്പോയി കാവലു കെടക്കണ്ട.'

'അതൊക്കെ ശരി, പക്ഷേ, അമ്മയെ മാത്രം ഞാൻ ചികിത്സിക്കത്തില്ല'. അവൻ ചിരിച്ചു കൊണ്ടു മറുപടി പറഞ്ഞു.

ഒരമ്മയാണ് അതു കേട്ടത്. തത്ത്വജ്ഞാനികളും വേദാന്തികളും അറിയും മുമ്പ് മകന്റെ ഹൃദയത്തിന്റെ ഉള്ളറകൾ വരെ കാണാൻ കഴിയുന്ന സിദ്ധി വിശേഷമാണ് അമ്മ, മറുപടി കേട്ട് അവർ അവനെ വാരിപ്പുണർന്ന് ഉമ്മ വച്ചു.

നല്ല ശകുനത്തിനു വേണം മകനെ യാത്രയയയ്ക്കാൻ. 'കണ്ണെത്താത്തൂരെ'യാണ് മകൻ പോകുന്നത്. പശുവിനെയും കന്നുകുട്ടിയെയും അഴിച്ച് എതിരേ കൊണ്ടുവരാൻ ഒരാളിനെ ഏർപ്പാടു ചെയ്തു. അമ്മയുടെ കാലിൽത്തൊട്ടു തൊഴുത് അനുഗ്രഹം വാങ്ങി മകൻ യാത്രയായി. കൊട്ടിയമ്പലം കഴിയുന്നതിനു മുമ്പ് അവൻ ഒന്നു കൂടി തിരിഞ്ഞു നോക്കി. നിറഞ്ഞ കണ്ണു

കളുമായി അവർ അവനെത്തന്നെ കണ്ണെടുക്കാതെ നോക്കി നിന്നു. ഒന്നും മിണ്ടിയില്ല. ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. നിമിഷനേരത്തെ നിശ്ശബ്ദത.

'അമ്മേ!'

'എന്റെ മോനേ!'

ഒരു കൊടുങ്കാറ്റു പോലെ പാഞ്ഞു വന്ന് അവൻ അമ്മയുടെ മാറിലോട്ട് ആഞ്ഞു വീണു. 'മോൻ പോയി പഠിച്ചു മിടുക്കനായി വാ.' നെറുകയിൽ ചുംബിച്ച് അവർ യാത്രയാക്കി.

കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത രാജ്യം. പുതിയ പുതിയ മുഖങ്ങൾ. പുതിയ പുതിയ അനുഭവങ്ങൾ. മുമ്പെങ്ങും ശ്വസിച്ചിട്ടില്ലാത്ത വായു. എങ്കിലും അവൻ അവരോടൊപ്പം ഇണങ്ങിച്ചേർന്നു; ചേരാൻ പാടുപെട്ടു.

എഴുത്തുകൾ മുറയ്ക്കു വന്നു കൊണ്ടിരുന്നു. എല്ലാ എഴുത്തിലും അവൻ ചോദിക്കും, അമ്മയ്ക്കു സുഖമാണോ എന്ന്. അവർക്ക് ഒരൊറ്റ സുഖമേ ഉണ്ടാവാനുള്ളൂ ജീവിതത്തിൽ. മകൻഒരു നല്ല നിലയിലായി കാണുക. ആ സുഖത്തിലുപരിയായി മറ്റൊന്നും അവർക്കറിഞ്ഞു കൂടാ. അതിനു വേണ്ടി മരിക്കാൻ പോലും തയ്യാറാണവർ.

മകനും ഒന്നേ അറിയേണ്ടതുള്ളൂ. അമ്മക്കു സുഖമാണോയെന്ന്. അതിനു വേണ്ടി അവനെന്തും ത്യജിക്കും. എന്തും സഹിക്കും. വേണമെങ്കിൽ പഠിത്തം നിറുത്തി ആ നാട്ടുമ്പുറത്തേക്കു മടങ്ങിപ്പോകാൻ പോലും അവ നൊരുക്കമാണ്. പക്ഷേ, അമ്മയുടെ എല്ലാ എഴുത്തിലും കാണും അവർക്കു സുഖമാണെന്ന്.

ദിവസങ്ങളും മാസങ്ങളും കടന്നു കടന്ന് വർഷം നാലായി. പഠിത്ത ത്തിന്റെ അവസാനവർഷമാണത്. വളരെ ക്ലേശിച്ചു പഠിച്ചാലെ ആ വർഷം താങ്ങാനൊക്കൂ.

ആയിടയ്ക്കു വീട്ടിൽ നിന്ന് അവനൊരെഴുത്തു കിട്ടി. കുറെ ദിവസമായി അമ്മയ്ക്കൊരു തലവേദന തുടങ്ങിയിട്ടെന്ന്. അയലത്തുള്ള ഒരു നാട്ടുവൈ



ദ്യനാണു ചികിത്സ. സാരമില്ലെന്ന് അയാൾ പറഞ്ഞത്രെ. പക്ഷേ, ചന്ദ്രന് അത കൊണ്ടു തൃപ്തിയായില്ല. എഴുത്തു കിട്ടിയ അന്നു തന്നെ അവൻ വീട്ടി ലേക്കു തിരിച്ചു. നേരെ പോയത് വൈദ്യന്റെ വീട്ടിലേക്കാണ്. 'എന്റെ അമ്മ യ്ക്ക് എന്തു രോഗമാണ് വൈദ്യർ? പേടിക്കാനൊന്നുമില്ലല്ലോ, അല്ലേ? അവന്റെ ആഗ്രഹമാണത്. പേടിക്കത്തക്ക യാതൊരു സുഖക്കേടും അവന്റെ അമ്മയ്ക്ക് വരാതിരിക്കണേ എന്ന്.

'ഓ! സാരമില്ല. തേക്കാനൊരു എണ്ണയും മൂക്കിൽ കത്തിച്ചു പിടിക്കാൻ ഒരു തിരിയും കൊടുത്തിട്ടുണ്ട്. അതു കൊണ്ടു സുഖമാകുന്നതേയുള്ള.' വൈദ്യൻ ആശ്വസിപ്പിച്ചു.

പക്ഷേ, വൈദ്യൻ പറഞ്ഞതുപോലെ രോഗം ഭേദമായില്ല. ഭേദമാകുന്ന മട്ടും കണ്ടില്ല.

നേരം വെളുത്താലുടനെ അവൻ വൈദ്യശാലയിലേക്കു പോകും. കാത്തിരുന്നു തിരക്കൊഴിഞ്ഞ സമയം നോക്കി വൈദ്യനെ കൂട്ടിക്കൊണ്ടു വന്ന് അമ്മയെ പരിശോധിപ്പിക്കും. നാഡീസ്പന്ദനവും ശ്വാസഗതിയും നോക്കിയിട്ട് അദ്ദേഹം മൊഴിയും സാരമില്ലെന്ന്.

ചന്ദ്രന് ആ നാട്ടു വൈദ്യനെപ്പറ്റി നെടുനാളിൽ നില നിന്നു പോന്നിരുന്ന മതിപ്പും വിശ്വാസവും തകരുകയാണ്. പക്ഷേ, എന്തു ചെയ്യാനൊക്കും? ഒന്നുകിൽ അവൻ പഠിക്കുന്ന ആശുപത്രിയിലേക്കു കൂട്ടിക്കൊണ്ടു പോകണം. അല്ലെങ്കിൽ ആ നാട്ടുവൈദ്യനിൽ വിശ്വാസമർപ്പിച്ച് ആധുനിക ശാസ്ത്ര പുരോഗതിയുടെ വെളിച്ചം ഒട്ടും തന്നെ ഹൃദയത്തിൽ കടന്നു കൂടാൻ സമ്മതിക്കാതെ എല്ലാ വഴികളും ഭദ്രമായി ബന്ധിച്ച് തുടർന്നു വന്ന പ്രാകൃത ചികിത്സാ സമ്പ്രദായം തന്നെ വീണ്ടും തുടരണം.

അവധി തീരാറായി. അവസാന വർഷവുമാണത്. അമ്മ അനുഭവിക്കുന്ന വേദന കണ്ടിട്ട് ഒരു വിധത്തിലും അടങ്ങിയിരിക്കാൻ കഴിയുന്നില്ല. ദീർഘ മായ ചിന്തയ്ക്കു ശേഷം അവനൊരു തീരുമാനമെടുത്തു, അമ്മയെക്കൂടി കൊണ്ടു പോകാമെന്ന്.

'ഓ, വേണ്ട മോനേ! നമ്മുടെ വൈദ്യന്റെ മരുന്നു മതി! അമ്മ നിരുത്സാഹപ്പെടുത്തി.

'അതൊക്കുകില്ലമ്മേ, അമ്മയെ ഇവിടെ തനിച്ചു വിട്ടിട്ടു പോകാൻ എനിക്കാവില്ല. അവിടെ പോയാലും എനിക്കെന്തെങ്കിലും പഠിക്കണ്ടേ? ശ്രദ്ധ ഉറച്ചു നില്ക്കണ്ടേ? അമ്മയെപ്പറ്റിയല്ലാതെ എനിക്കെന്തെങ്കിലും ഓർക്കാനൊക്കുമോ? അതുകൊണ്ട് അമ്മ വരണം. ഇന്നു തന്നെ നമുക്കു തിരിക്കാം. എന്നെ പഠിപ്പിക്കുന്ന ഒരു വിദഗ്ദ്ധനായ ഡോക്ടറുണ്ട്. എന്നെ അദ്ദേഹത്തിന് ഒരു മകനെപ്പോലെ ഇഷ്ടമാണ്. നമുക്ക് അദ്ദേഹത്തെ കാണിക്കാം.' അവൻ നിർബന്ധിച്ചു.

'വേണ്ടടാ ഇനിയിപ്പം വയ്യാവേലിക്കൊന്നും പോണ്ടാ. അവിടെച്ചെന്നാ അവമ്മാര് അറത്തു പൊളന്നു നോക്കണമെന്നൊക്കെ പറയും,' നാട്ടുമ്പുറത്തുകാരിയായ അവർക്ക് ഒരാശുപത്രിയിൽ പോകാൻ വലിയ ഭയമാണ്.

'അറുക്കുകേം പൊളക്കുകേമൊന്നുമില്ലമ്മേ. അമ്മ വരണം.' അവൻ ഉറപ്പു നല്കി. എങ്കിലും അവർക്കത് അത്ര വിശ്വാസമാകുന്നില്ല.

'ഓ! പിന്നെ, നീ പറയുമ്പോലല്ല്യോ അവരു കേൾപ്പാൻ പോണത്.' അവർ ആട്ടിക്കളഞ്ഞു.

'എന്നാപ്പിന്നൊരു കാര്യം ചെയ്യാം. പഠിത്തം നിറുത്തി ഞാനും കൂടി വന്ന് ഇവിടെ താമസിക്കാം.' അവൻ വാശി പിടിച്ചു.

'അതൊക്കൂല്ല. നീ പോണം. പോയിപ്പടിച്ച് ഒന്നാമതായി ജയിക്കണം. എന്നിട്ടെവിടെയെങ്കിലും ഒരുത്ത്യോകവും വാങ്ങിച്ച് ഒരു കൊച്ചു പെണ്ണിനേം കെട്ടി സൊകമായിട്ടു താമസിക്കുന്നതും കണ്ടോണ്ടു വേണം എനിക്കു ചാവാൻ'. താമരത്താരു പോലെ മൃദുവും മനോഹരമായ ഭാവിയുടെ പൊന്നിഴകളിൽ അവർ വിരലോടിച്ചു രസിക്കുകയായിരുന്നു.

'ഒക്കൂലമ്മേ! ഒക്കൂല്ല. അമ്മ വന്നില്ലെങ്കിൽ ഞാനും പോണില്ല.' അവൻ ഖണ്ഡിതമായി പറഞ്ഞു.



'നീയെന്നെയൊന്ന് ഉയിരടക്കിക്കെടക്കാൻ സമ്മതിക്കൂല്ല അല്ലേ.' അവർ മകന്റെ ശാഠ്യത്തിനു വഴങ്ങിക്കൊടുത്തു.

അമ്മയും മകനുമായി മൈലുകൾക്കപ്പുറമുള്ള ആശുപത്രിയിലേക്കു യാത്രയായി. വഴിവക്കിൽ വെച്ച് ഒരയല്ക്കാരി ചോദിച്ചു: 'അപ്പം വല്യമ്മ കൂടെപ്പോവാൻ തന്നെ തീർച്ചയാക്കിയല്ല്യോ?''

അവർ കളിയായി പറഞ്ഞു: ''അല്ലാതെന്തു ചെയ്യാൻ പിള്ളേ? എവനെ ഡാക്കിട്ടരുപരൂക്ഷക്കയച്ചതേ കെരവപ്പെഴയായിപ്പെയ്.'

കത്രികകളുടെയും ഫോർസെപ്സുകളുടെയും ശബ്ദം അപ്പോഴും നിലച്ചിട്ടില്ല. മകനെ ഡാക്ടർ പരീക്ഷയ്ക്കു പഠിക്കാനയച്ച ആപത്തിന്റെ നിക്വാണം പോലെ ആ ചിലമ്പിച്ച ശബ്ദം ചന്ദ്രന്റെ കർണ്ണപുടങ്ങളിൽ വന്നലച്ചു വിളിക്കുകയാണ്.

അമ്മയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടു മാസം ഒന്നു കഴിഞ്ഞു. ഡോക്ടറന്മാരും പ്രൊസറന്മാരും ഇത്രയേറെ ശ്രദ്ധയോടെ ചികിത്സിച്ച ഒരു രോഗിയും അന്നു വരെ ആ അശുപത്രിയിൽ കിടന്നിട്ടില്ല. പക്ഷേ, ചികിത്സിക്കുന്നവരെല്ലാം അസ്വസ്ഥരായി കാണപ്പെട്ടു. പ്രത്യേകിച്ചും ആ വിദഗ്ദ്ധനായ പ്രൊഫസർ. നിയതമായ ചില പ്രതികരണങ്ങൾ പ്രതീക്ഷിച്ചു നല്കപ്പെടുന്ന ഔഷധങ്ങളെല്ലാം നിഷ്ഫലമാകുന്നു. രാസവീര്യവും തീക്ഷ്ണതയുമുള്ള മരുന്നുകൾക്കൊന്നിനും രോഗവുമായി നേരിയ ബന്ധം പോലും സ്ഥാപിക്കാൻ കഴിയുന്നില്ല. പ്രൊഫസർ കുഴങ്ങുകയാണ്. നാഡി നോക്കി, ഹൃദയസ്പന്ദനങ്ങളുടെ രേഖാചിത്രം നോക്കി, ധമനകളിലൂടെ പ്രവഹിക്കുന്ന രക്തത്തിന്റെ സമ്മർദ്ദം നോക്കി, എക്സ്-റേ എടുത്തു. ഭേദിയും മൂത്രവും പരിശോധിച്ചു. ആധുനിക വൈദ്യ ശാസ്ത്രത്തിന്റെ എല്ലാ പരീക്ഷണ ക്രമങ്ങളും കഴിഞ്ഞു. പിടി കിട്ടുന്നില്ല, ജീവിതത്തിലൊരിക്കലും പരാജയം സംഭവിച്ചിട്ടില്ലാത്ത ആ പ്രൊഫസർ അന്നാദ്യമായി നിസ്സഹായതയോടെ കനത്ത മതിലുകളിൽ ചെന്നു മുട്ടി അസ്തപ്രജ്ഞനായി മറിഞ്ഞു വീഴുകയാണ്.

ഓരോ ദിവസത്തിനും ഓരോ വർഷത്തിന്റെ ദൈർഘ്യമുള്ളതു പോലെ ചന്ദ്രനു തോന്നി. അവന്റെ അമ്മയേ അവിടെ പ്രവേശിപ്പിച്ചിട്ടു മാസങ്ങളും വർഷങ്ങളും യുഗങ്ങളും കഴിഞ്ഞു പോയതു പോലുള്ള പ്രതീതി.

ഓരോ ദിവസവും പ്രൊഫസർ വരുന്നതും കാത്ത് അവൻ വാതില്ക്കൽ കാവലിരിക്കും. അദ്ദേഹം രോഗിയെ പരിശോധിക്കുമ്പോൾ അക്ഷമയോടെ അവൻ ആ മുഖത്തെ ഉറ്റു നോക്കി നില്ക്കും. അദ്ദേഹത്തിന്റെ മുഖത്ത് ഒരു തുള്ളി വിയർപ്പു പൊടിഞ്ഞാൽ, ആ പുരികമൊന്നു വളഞ്ഞാൽ, മുഖത്തിനൊരു ചെറിയ മങ്ങൽ സംഭവിച്ചാൽ, അവൻ വിങ്ങിപ്പൊട്ടിപ്പോകും.

'എങ്ങനെയിരിക്കുന്നു സാർ?' പരിശോധന കഴിഞ്ഞു പുറത്തിറങ്ങുന്ന ഡോക്ടറോട് മകന്റെ കണ്ണുകൾ ശബ്ദശൂന്യമായി ചോദിക്കും.

'ഓ, സാരമില്ല'. അദ്ദേഹം അവനെ ആശ്വസിപ്പിക്കും.

'എന്തു പറഞ്ഞു മോനെ നിന്റെ ടാക്കീട്ടർ?' കട്ടിൽത്തലയ്ക്കലിരിക്കുന്ന മകന്റെ കൈ പിടിച്ചു നെഞ്ചിൽ വച്ചു കൊണ്ടു വിറയാർന്ന സ്വരത്തിൽ ആ രോഗിണി മകനോടു ചോദിക്കും.

'സാരമില്ലമ്മേ! രണ്ടു ദിവസം കൊണ്ടു ഭേദമാകുമെന്ന് അദ്ദേഹം പറഞ്ഞു'. അവൻ മുഖത്തു നോക്കാതെ മറുപടിയും പറയും.

'അങ്ങനെ വല്ലോം പേടിയൊണ്ടങ്കി നീയൊരു കാര്യം ചെയ്യണം. എന്നെ ഇവിടെയിട്ട് അറക്കാനും പൊളക്കാനുമൊന്നും സമ്മതിക്കില്ല. നേരെ കൊണ്ടു പോയി നിന്റെ അച്ഛന്റെ ചവക്കല്ലറക്കടുത്തു തന്നെ കുഴിച്ചുതാക്കണം.' അവരുടെ അന്തിമമായ അഭിലാഷമാണത്. പക്ഷേ, അതു കേൾക്കുക ഒരു മകനും സഹിക്കാവുന്നതല്ല, വേദന പുരണ്ട സ്വരത്തിൽ അവൻ യാചിക്കും: 'കുറികെട്ട വാക്കു പറയാതിരിക്കണം അമ്മേ.'

രണ്ടു ദിവസം മുമ്പാണ് ഞെട്ടിപ്പിക്കുന്ന ആ സത്യം പ്രൊഫസർ പറഞ്ഞത്, തലച്ചോറിൽ ഒരു മാംസക്കട്ടി വളർന്നിരിക്കുന്നെന്ന്. അതു ദ്രവിപ്പിച്ചു നശിപ്പിക്കാൻ സാധ്യമല്ല. മുറിച്ചെടുക്കുകയേ നിവൃത്തിയുള്ളൂ. അതപകട



വുമാണ്. ഓരോ ദിവസവും അതു വളർന്നു കൊണ്ടിരിക്കുന്നു. വളരും തോറും വേദന വർദ്ധിച്ചു വരുന്നു. ആ വേദനയ്ക്കൊത്തു ജീവിതം ഓടി മറയുകയാണ്. ഇപ്പോൾത്തന്നെ ആ വേദന സഹിക്കാനുള്ള കരുത്തില്ല. ആ നിലയ്ക്ക് ഒരാഴ്ച കൂടി കഴിഞ്ഞാൽ അതിദുസ്സഹമായ വേദനയാകും. പ്രജ്ഞ നശിക്കുകയില്ല. ഇഞ്ചിഞ്ചായി നശിച്ചു കൊണ്ടേയിരിക്കും. മരണത്തോടടുത്തു കൊണ്ടിരിക്കുന്ന ആ ഓരോ നിമിഷവും ദുസ്സഹമാണ്.

ചന്ദ്രൻ ആ രോഗത്തെപ്പറ്റി പഠിച്ചിട്ടുണ്ട്. അതേ രോഗം തന്നെ അവന്റെ അമ്മയ്ക്കു വരുമെന്നു കരുതിയില്ല. ഒന്നാമനായി ജയിച്ചു വീട്ടിലെത്തുമ്പോൾ ആഹ്ലാദം വിതുമ്പി വിടരുന്ന അമ്മയുടെ കണ്ണുകൾ കാണാൻ മാത്രമാണ് അവൻ പണിപ്പെട്ടു പഠിക്കുന്നത്. അമ്മയെ ചികിത്സിക്കാനല്ല; പരീക്ഷ ജയിക്കാൻ മാത്രം. അന്നൊന്നും അവൻ കരുതിയിരുന്നില്ല, അവന്റെ ജീവിതത്തിലെ ശോകസങ്കുലമായ അദ്ധ്യായങ്ങളാണ് അവൻ പഠിക്കുന്നതെന്ന്. ആ അക്ഷരക്കൂട്ടങ്ങൾക്കിടയിൽ കുരുങ്ങിക്കിടന്നു പിടിച്ചടിക്കുന്നത് അവന്റെ അമ്മയുടെ പ്രാണനാണെന്ന്.

കണ്ണീരിൽ മുങ്ങിയ ഒരു മാസത്തെ ജീവിതം.

ഡോക്ടർ പറഞ്ഞു, ആ രോഗത്തിനു മരുന്നില്ലെന്ന്. ശസ്ത്രക്രിയ മാത്രമേയുള്ളൂ ഒറ്റ പോംവഴി. ചിലപ്പോൾ അതുകൊണ്ടു രക്ഷപ്പെട്ടെന്നാവും. എങ്കിലും ഒരു നേരിയ ആശയ്ക്കു മാർഗ്ഗമുണ്ട്. നേരെ മറിച്ചായാൽ ഫലം തീർച്ചയാണ്; മരണം ഹൃദയത്തെ കരണ്ടു മുറിച്ച് ഒടുവിൽ എല്ലാ വേദനകൾക്കും വിരാമമിടുന്ന ആ ശാശ്വതസത്യത്തെക്കുറിച്ചോർത്തപ്പോൾ അവൻ നടുങ്ങിപ്പോയി.

മരണം! മരണം! അവന്റെ അമ്മ മരിച്ചാൽ ഓ! അതിനപ്പുറം അവനു ചിന്തിക്കാനാവില്ല. സപ്തനാഡികളും തകർന്നു പോകുന്നു. അന്തരീക്ഷം ഇരുണ്ടു കൂടി തപ്തമായ അവന്റെ ജീവിതത്തെ മുഴുവൻ ഒന്നാകെ മൂടി മറച്ചു കളയുന്നു.

ശസ്ത്രക്രിയയ്ക്കു മനസ്സില്ലെങ്കിൽ, ഡോക്ടർ പറഞ്ഞു, അതു വേണ്ടെന്നു വയ്ക്കാമെന്ന്. പക്ഷേ അതുകൊണ്ടെന്താണു ഫലം? കഷ്ടിച്ച്

ഒരു മാസം കൂടി അവന്റെ അമ്മ ജീവിച്ചിരുന്നേക്കാം. വേദന തിന്നുന്ന ഒരു മാസം. അതു കഴിഞ്ഞാൽ മരണം തീർച്ചയാണ്. ഈ വിശ്വത്തിലുള്ള യാതൊരു ശക്തിക്കും അതിനെ തടഞ്ഞുനിറുത്താനാവില്ല. ആധുനിക ശാസ്ത്രത്തിന്റെ ഇന്നോളമുള്ള പുരോഗതിക്കു മുട്ടിത്തുറക്കാനാവാത്ത ഒരൊറ്റ കവാടമാണത്.

ഒരു മാസം! ഒരു മാസം കഴിയുമ്പോൾ അവന്റെ അമ്മ മരിക്കും. അതുവരെ അവരനുഭവിക്കുന്ന വേദന അവനു സങ്കല്പിക്കുക പോലും വയ്യ ജീവിതത്തിൽ നിന്നു മരണത്തിലേക്കുള്ള വഴിത്താരയുടെ ദൈർഘ്യമാണത്. നിശ്വാസങ്ങളും ഞരക്കങ്ങളും മാത്രമുള്ള ഒരു മാസം.

എങ്കിലും അതൊരു ജീവിതമല്ലെന്നാവുമോ ? ഒരു മാസംകൂടി ആ മുഖം കാണാൻ കഴിഞ്ഞാൽ ഒരു ശതാബ്ദകാലം കൂടി ജീവിക്കാൻ കഴിഞ്ഞ ആത്മസംതൃപ്തിയില്ലേ?

'ഇല്ല ഡോക്ടർ, ഇല്ല ഞാനതിനു സമ്മതിക്കുന്നില്ല. എന്റെ അമ്മ ഒരു മാസം കഴിഞ്ഞു മരിക്കുന്നെങ്കിൽ മരിച്ചോട്ടെ. എങ്കിലും എനിക്കവരെ ഓപ്പറേഷനു തരാൻ സമ്മതമില്ല.'

ഡോക്ടർ ആ സാധുക്കുട്ടിയുടെ മുഖത്തു നോക്കി ഒന്നു മന്ദഹസിക്കാൻ ശ്രമിച്ചു. പക്ഷേ, ആ ചിരി പുറത്തു വന്നില്ല. ഉണങ്ങി വരണ്ട ചുണ്ടുകൾക്കിടയിൽക്കിടന്ന് ആ മൃദുസ്മേരം കരിഞ്ഞുപോയി.

പിറ്റേ ദിവസം അദ്ദേഹം ചന്ദ്രനെ വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോയി.

'ചന്ദ്രൻ ഇന്നു യാതൊന്നും കഴിച്ചില്ല, അല്ലേ?' വാടിത്തളർന്ന അവന്റെ മുഖത്തു നോക്കി അദ്ദേഹം ചോദിച്ചു:

'വേണ്ട സാർ, എനിക്കു തീരെ വിശപ്പില്ല.'

'അതൊക്കുകില്ല. ഒരു പാത്രം കാപ്പി കുടിക്കൂ.'



അദ്ദേഹം നിർബന്ധിച്ച് അവനെ കാപ്പി കുടിപ്പിച്ചു. ഒരച്ഛന്റെ വാത്സല്യത്തോടെ ആ കുട്ടിയെ പിടിച്ച് അടുത്തിരുത്തിയിട്ട് അദ്ദേഹം തുടർന്നു:

'ഞാനൊന്നിനും നിർബന്ധിക്കുന്നില്ല. ഒരു മകന്റെ വേദന എനിക്കു മനസ്സിലാവും. എങ്കിലും ചന്ദ്രൻ ഒരു കാര്യമോർക്കണം. ഇത്തരം രോഗത്തിന് ഇതേ വരെ യാതൊരു ഔഷധവും കണ്ടു പിടിച്ചിട്ടില്ല. കാരണം, ആ രോഗം വളരെ അപൂർവ്വമായേ കണ്ടുകിട്ടാറുള്ളൂ. അത്തരം രോഗികളിൽ ഇന്നോളം ഒരു കുഞ്ഞും ഒരു ശസ്ത്രക്രിയയ്ക്കു സമ്മതിച്ചിട്ടില്ല. ഒരൊറ്റയാളെങ്കിലും സമ്മതിച്ചിരുന്നെങ്കിൽ, ഏതെങ്കിലും ഒരമ്മയുടെ തലച്ചോറിനകത്തു വളർന്നു വരുന്ന മാംസപിണ്ഡത്തെ ശസ്ത്രക്രിയ ചെയ്തു പുറത്തെടുത്തു പരിശോധിക്കാനനുവദിച്ചിരുന്നെങ്കിൽ, എന്റെ പ്രിയപ്പെട്ട ചന്ദ്രൻ, ചന്ദ്രന്റെ അമ്മ ഇന്നു മരിക്കേണ്ടി വരില്ലായിരുന്നു.' അദ്ദേഹം അവന്റെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി. താങ്ങാനാവാത്ത ഹൃദയഭാരവുമായി തരിച്ചിരിക്കുന്ന നിസ്സഹായനായ ഒരു കൊച്ചു കുട്ടിയുടെ 'രക്ഷിക്കണേ രക്ഷിക്കണേ' യെന്നുള്ള ആർദ്രമായ നിലവിളി അവന്റെ കണ്ണുകളിൽ നിഴലിക്കുന്നത് അദ്ദേഹം കണ്ടു. അദ്ദേഹം ആ രോഗം പിടിപെട്ടേക്കാവുന്ന ആയിരമായിരം അമ്മമാരെപ്പറ്റി ചന്ദ്രനോടു പറഞ്ഞു. മരുന്നില്ലാതെ, ചികിത്സയില്ലാതെ, ആ വേദന കുറയ്ക്കാൻ യാതൊന്നും ചെയ്യാനാവില്ലാതെ ഒരു മാപ്പു സാക്ഷിയെപ്പോലെ ദാരുണമായ ആ രംഗം നോക്കി നിൽക്കേണ്ടി വരുന്ന ഒരു ഡോക്ടറുടെ ശോച്യാവസ്ഥയെപ്പറ്റിയും അദ്ദേഹം പറഞ്ഞു.

ഇതൊക്കെ കേട്ടപ്പോഴും അവന് അവന്റെ അമ്മയെ മാത്രമേ ഓർമ്മ വന്നുള്ളൂ. അമ്മയുടെ അപേക്ഷ അവന്റെ തലയിൽ മാറ്റൊലിക്കൊള്ളുകയാണ്: 'എന്നെ അറക്കാനും പൊളക്കാനും കൊടുക്കല്ലേ മോനേ'. ഒരമ്മയുടെ അന്തിമമായ അഭിലാഷമാണത്. ആ അഭിലാഷം കത്തിയെരിയുമ്പോഴുള്ള ചീറ്റലും പൊട്ടലുമാണ്. അതാ ആ മുറിക്കുള്ളിൽ നിന്നു കത്തികളും കത്രികകളും പ്രതിധ്വനിപ്പിക്കുന്നത്.

നിലയില്ലാത്ത കയത്തിൽ നിന്നു ശ്വാസം കഴിവാക്കാനുള്ള ആർത്തിയോടെ ജലപ്പരപ്പിലേക്കു പൊന്തി വരുന്ന ഒരു മത്സ്യത്തെപ്പോലെ അവൻ ജനാലയിലേക്ക് ഓടി.

ഞെട്ടിക്കുന്ന ഭീകരതയുള്ള രാത്രി. എങ്ങും നിറഞ്ഞു നിൽക്കുന്ന വാചാലമായ മൂകത. അവൻ ആകാശത്തിലേക്കു നോക്കി. നീലിമ പൂണ്ട ആകാശത്തിന്റെ ഹൃദയത്തിലൂടെ കരിമേഘങ്ങൾ ഇഴഞ്ഞു കയറുകയാണ്. അമ്പിളി മറഞ്ഞു നക്ഷത്രങ്ങൾ മറഞ്ഞു. പ്രതീക്ഷകളുടെ അവസാനത്തെ വെള്ളി വെളിച്ചം പോലും മങ്ങി മറഞ്ഞു.

അന്തരീക്ഷം കിടുകിടെ വിറയ്ക്കുകയാണ്. ദിഗന്തങ്ങൾ പൊട്ടുമാറുച്ചത്തിൽ ഒരു വെള്ളിടി വീണരുന്നെങ്കിൽ! ആ കൂറ്റൻ കെട്ടിടം തുണ്ടു തുണ്ടായി ചിതറിത്തെറിച്ചിരുന്നെങ്കിൽ! ഓ! ഒന്നും നടക്കുന്ന മട്ടില്ല.

എങ്ങും വെളിച്ചമില്ല. എങ്ങും ഒച്ചയില്ല. എല്ലാ വഴിവിളക്കുകളും കൊട്ടൊടുങ്ങി. എല്ലാ നിലവിളക്കുകളും കരിന്തിരി കത്തിപ്പൊലിഞ്ഞു പോയി.

രാപ്പാടികൾ പാടുന്നില്ല. ചീവീടുകൾ ഒച്ച വെക്കുന്നില്ല. മിന്നാമിനുങ്ങുകൾ നൃത്തം വെക്കുന്നില്ല.

ഈ ലോകം മുഴുവൻ ഏതോ പേക്കിനാവു കണ്ടു ഭയപ്പെട്ടതു പോലെ, നനവുള്ള ഇരുളിന്റെ കരിമ്പടം വലിച്ചു മൂടി, മുഖം മറച്ച്, ശ്വാസമടക്കി കിടക്കുകയാണ്.

അങ്ങകലെ ചക്രവാള സീമകൾക്കുമപ്പുറത്തു കിടന്നു സാഗരം ആർത്തിരമ്പുന്നുണ്ട്. അണക്കെട്ടുകൾ പൊട്ടിച്ച് മണൽക്കൂമ്പാരങ്ങൾ തട്ടി നിരത്തി ഉള്ളിലേക്കു കടന്ന് എല്ലാം വിഴുങ്ങാനുള്ള ആർത്തിയോടെ, ആവേശത്തോടെ അലറുകയാണത്. പക്ഷേ, പറ്റുന്നില്ല. കലി മൂത്ത് അതു പാറക്കെട്ടുകളിൽ ആഞ്ഞടിച്ചു തല്ലിത്തകർക്കുന്ന ഒച്ച വ്യക്തമായി കേൾക്കാം.

കട്ടി പിടിച്ച, നനവുള്ള ഇരുളിന്റെ ചുരുളുകൾ അലയടിച്ച് ഉയരുകയാണ്. എന്തുമെന്തും വിഴുങ്ങാനുള്ള വ്യഗ്രതയോടെ കുതിച്ചു പൊങ്ങുന്ന ആ മഹാഭൂതം, ജാലകപ്പഴുതിലൂടെ ഒലിച്ചിറങ്ങി കൈ നീട്ടി നീന്തിയകലുന്ന പ്രകാശത്തിന്റെ കിരണങ്ങളെ വെട്ടി വിഴുങ്ങിക്കൊണ്ടു മാനം മുട്ടി ഉയരുകയാണ്.



എങ്ങും ശൂന്യത, തമസ്സ്, മൂകത,

പ്രേതങ്ങളുടെ ആഴത്തിൽ നിന്നും ചൂളം വിളിച്ചു കൊണ്ട് ഓടി വന്ന കാറ്റ് ഒരു വിശ്വത്തിന്റെ ചൂടുനിശ്വാസം പോലെ തേങ്ങിത്തേങ്ങി ആ ജാലകപ്പഴുതിലൂടെ അകത്തു കയറി. എന്തൊരു തണുപ്പാണതിന്! പ്രേതലോകത്തെ കഥകളുമായി അതങ്ങനെ ചുറ്റി നടക്കുകയാണ്.

ചന്ദ്രൻ ഞെട്ടിയുണർന്നു. വാതില്ക്കലേക്കു നോക്കി. ആ വാതിൽ അപ്പോഴും ബന്ധിച്ചിരിക്കുകയാണ്.

കത്തികളുടെ ശബ്ദം! കത്രികകളുടെ ശബ്ദം! കുപ്പികൾ തമ്മിൽ മുട്ടിയുരുമ്മുന്ന ശബ്ദം!

'അസ്ട്രോസിസ്റ്റോമാ' പോലുള്ള ഒരു തരം ബ്രെയിൻ ട്യൂമറാണ് അതെന്ന് പ്രൊഫസർ പറഞ്ഞു. 'അത്തരം രോഗത്തിനു ചികിത്സയില്ല. ഇന്നു വരെ കണ്ടു പിടിച്ചിട്ടില്ല. കണ്ടു പിടിക്കണമെങ്കിൽ ഒരുപായമേയുള്ളൂ.' ഡോക്ടർ പറഞ്ഞ വാചകം അവനോർത്തു തലയോടിളക്കി തലച്ചോറിനകത്തു നിന്നും ആ ട്യൂമർ പിഴുതെടുത്തു രോഗാണുക്കളെ വേർതിരിച്ചെടുത്തു പരീക്ഷണം നടത്തണം. അങ്ങനെയായാൽ ആ രോഗത്തിനു ചികിത്സ കണ്ടു പിടിക്കാം. ആ ചികിത്സ കൊണ്ട് ആയിരക്കണക്കിന് അമ്മമാരെ രക്ഷപ്പെടുത്താം. വൈദ്യശാസ്ത്രത്തിനു തന്നെ ഒരു നേട്ടമാണത്. മാനവസമുദായത്തിനു തന്നെ ഒരനുഗ്രഹമാണത്.

എന്തുകൊണ്ട് അവന് അതു സമ്മതിച്ചു കൂടാ? ഒരു പക്ഷേ, അവന്റെ തലയ്ക്കകത്താണ് ഇത്തരമൊരു രോഗം ബാധിച്ചിരുന്നതെങ്കിൽ, തീർച്ചയായും അവൻ പറയുമായിരുന്നു. ഓപ്പറേഷൻ നടത്തി തലച്ചോറു ലാബറട്ടറിയിൽ കൊടുത്തയച്ചു പരിശോധിച്ചു കൊള്ളാൻ.

പക്ഷേ, ഇതോ? അവന്റെ തലയിലല്ല. അവന്റെ അമ്മയുടെ തലയിൽ. അവന്റെ കാണപ്പെട്ട ദൈവത്തിന്റെ തലയിൽ.

അമ്മേ...! അമ്മേ...!

'അമ്മേ...! അവന് ഉച്ചത്തിൽ നില വിളിക്കാൻ തോന്നി. പക്ഷേ, ശബ്ദം പുറത്തു വന്നില്ല. അവന്റെ ചുണ്ടുകൾ വിടരുമായിരുന്നെങ്കിൽ... തൊണ്ട വരണ്ടുണങ്ങിപ്പോകാതിരുന്നെങ്കിൽ ആ വിളി കേട്ട് ഈ വിശ്വത്തിലെ സകല ചരാചരങ്ങളും ഞെട്ടിത്തെറിച്ചു പോയേനെ. നക്ഷത്രങ്ങൾ പൊട്ടിപ്പൊട്ടി നിലം പതിച്ചേനെ. നവഗ്രഹങ്ങൾ പരസ്പരം ആഞ്ഞടിച്ചു ശകലീകൃതമായേനെ.

'ചിലപ്പോൾ അവർ രക്ഷപ്പെട്ടേക്കും.' പ്രൊഫസർ പറഞ്ഞ വാചകമാണത്. ഒരു പക്ഷേ, അവനെ ആശ്വസിപ്പിക്കാൻ വേണ്ടി പറഞ്ഞതാണോ? ആയിരിക്കും. അതല്ല; ഓപ്പറേഷൻ ചെയ്തില്ലെങ്കിൽത്തന്നെയും അവർ ഒരു മാസം കൂടിയേ ജീവിച്ചിരിക്കൂ. അത്രയും കാലം അവർഅനുഭവിക്കേണ്ടി വരുന്ന വേദനയോ! ആർക്കും നോക്കി നില്ക്കാനാവുന്നതല്ല. വിശേഷിച്ചും ഒരു മകന്.

മരണ വേദന കൊണ്ടു പുളയുന്ന പലരെയും അവൻ നോക്കി നിന്നിട്ടുണ്ട്. ഡോക്ടർ പറഞ്ഞതു നേരാണ്. ആ കാഴ്ച നോക്കി നില്ക്കുക ദുസ്സഹമാണ്. ഒരമ്മയുടെ പ്രാണവേദനയാകുമ്പോൾ ക്ലേശമിരട്ടിക്കും.

'മരിച്ചു പോകുമെന്നു തീർച്ചയുള്ള രോഗികളെപ്പോലും ചിലപ്പോൾ നാം ഓപ്പറേഷൻ ചെയ്യാറുണ്ട്. എന്തിനെന്നോ? ആശയ്ക്ക് എന്തെങ്കിലും വകയുണ്ടോ എന്ന് ഒന്നു പരീക്ഷിക്കാൻ ഒരു ഡോക്ടറുടെ കർത്തവ്യമാണത്.' പ്രൊഫസറുടെ ശബ്ദം അവന്റെ ചെവിയിൽ മുഴങ്ങിക്കേട്ടു.

അവനും ഒരു ഡോക്ടറാണ്. കഷ്ടിച്ച് ആറു മാസം കൂടി കഴിഞ്ഞാൽ ഒരു ഡോക്ടറാകേണ്ടവൻ. പക്ഷേ, ഇതവന്റെ അമ്മയാണ്. പെറ്റമ്മയെ അത്തരമൊരു പരീക്ഷണത്തിനു വിധേയമാക്കാൻ ആദർശം ഉപദേശിച്ചാലും ഹൃദയം അനുവദിക്കുന്നില്ല. ഒരു മകനും കാണുകയില്ല. അതിനുള്ള കരുത്ത്.

പ്രൊഫസർ പറഞ്ഞതു നേരാണ്. ആയിരം അമ്മമാർ അതു കൊണ്ട് ഒരു പക്ഷേ, രക്ഷപ്പെട്ടേക്കും. എങ്കിലും അവന്റെ അമ്മയാണ്. അവന്റെ എല്ലാമായ അമ്മ! അതിനു മറ്റൊന്നും പകരം വെക്കാനില്ല.



സ്വന്തം ശരീരത്തിൽപ്പോലും രോഗാണുക്കളെ കടത്തി വിട്ടു നിവാരണ മാർഗ്ഗങ്ങൾ കണ്ടു പിടിച്ച ഡോക്ടറന്മാരുണ്ട്. മഹത്തായ ആ സംരംഭത്തിനിടയിൽ അവരിൽ പലരും മരിച്ചു. എങ്കിലും അവരിന്നും ജീവിക്കുന്നുണ്ട്.

ഒരു മഹത്തായ ത്യാഗമാണത്. ഒരുപക്ഷേ, അവർ ജീവിച്ചേക്കും. അങ്ങനെയാണെങ്കിൽ-ആവൂ! പക്ഷേ, അതല്ല, നേരെ മറിച്ചാണ് ഫലമെങ്കിലോ?

അതിനപ്പുറം അവന്റെ ചിന്തകൾക്കു പോകാൻ ശക്തിയില്ല. ബുദ്ധി പതറിപ്പോകുന്നു; ചിന്തകൾ കുഴഞ്ഞു പോകുന്നു.

അവൻ കണ്ണു ചിമ്മി നാലുപാടും നോക്കി. വാതിൽ തുറന്നിട്ടില്ല. ആരും പുറത്തു കടക്കുന്നുമില്ല.

കത്രികകളുടെ ശബ്ദം! ഫോർസെപ്സുകളുടെ ശബ്ദം! കുപ്പികൾ മുട്ടിയുരുമ്മുന്ന ശബ്ദം!

വാർഡിൽ കിടന്ന ഒരു വല്യമ്മയുടെ മൃതദേഹം മൂടിപ്പുതച്ചു തള്ളുവണ്ടിയിൽ കിടത്തി രണ്ടു മൂന്നു പേരായി വലിച്ചു കൊണ്ടു പോകുന്നത് അവൻ കണ്ടു. തൊട്ടു പുറകെ മാറത്തടിച്ചു നിലവിളിച്ചു കൊണ്ട് അവരുടെ മക്കളും പോയി.

എന്തായിരുന്നു രോഗം? അവർക്കും തലച്ചോറിനകത്താണോ? ട്യൂമറാണോ? എന്തോ നിശ്ചയിച്ചിട്ടില്ല. ചികിത്സ നിർണ്ണയിക്കണമെങ്കിൽ ബാക്റ്റീരിയ ഐസൊലേറ്റ് ചെയ്യണം. അതിനു തലച്ചോറിളക്കിയാലേ സാദ്ധ്യമാകൂ. തലയോട്ടി തട്ടിപ്പൊളിച്ച്, അതിനകത്തുള്ള തലച്ചോറിളക്കാൻ ആരും സമ്മതിക്കുകയില്ല. ഒരു വേള രക്ഷപ്പെട്ടാലായി. എന്നാലും ആ പരീക്ഷണത്തിനാരും തയ്യാറായില്ല. ഇന്നു വരെ ഒരൊറ്റ മകനും അങ്ങനെയൊരു ത്യാഗത്തിനു സന്നദ്ധനായിട്ടില്ല. അതിൽ ഭേദം അവർ ഒരു മാസം കൂടി കഴിഞ്ഞു മരിക്കുകയാണ്. അത്രയും നാൾ കൂടിയെങ്കിലും അവന് അവന്റെ അമ്മയെ കാണാം. പരവശത തിങ്ങുന്ന ആ കണ്ണുകളിൽ നോക്കിയിരുന്നു കരയാം. മരിക്കാൻ നേരത്ത് ഒരു തുള്ളി വെള്ളം തൊട്ടൊഴിക്കാം. മകന്റെ മടിയിൽ

തല വെച്ചു കിടന്ന് ആ അമ്മയ്ക്കു മരിക്കാം. ഏതൊരമ്മയാണ് അത്രയും ആഗ്രഹിച്ചു പോകാത്തത്?

പക്ഷേ, അങ്ങനെ എല്ലാവരും തുടങ്ങിയാൽ? ഒരിക്കലുമൊരിക്കലും ആ രോഗത്തിനു മരുന്നു കണ്ടു പിടിക്കാതിരുന്നാൽ? അത്തരം രോഗം പിടി പെട്ട് ഒരമ്മയും മേലിലൊരിക്കലും രക്ഷപ്പെടണ്ടേ! എന്തൊരജ്ഞതയാണത്? എത്ര ക്രൂരവും ബുദ്ധിശൂന്യവുമായ സ്വാർത്ഥം! ഒരു ഡോക്ടറായ അവനും താഴ ണമോ ആ നിലയിലേക്ക് ?

എതിർവശത്തെ ചുവരിൽ ചില്ലിട്ടു തൂക്കിയിരുന്ന ഒരു ഛായാചിത്രം അവന്റെ കണ്ണിൽ തടഞ്ഞു. മാരകമായ ഒരു തരം രോഗാണുക്കളുടെ സംക്ര മണ ചരിത്രം അനുഭവിച്ചറിയാൻ വേണ്ടി സ്വന്തം ശരീരത്തിൽ അവയെ കടത്തി വിട്ട് മരണത്തെ സ്വയം സ്വീകരിച്ച ഒരു ധീരനായ മനുഷ്യസ്നേഹിയുടെ ചിത്രമാണത്. എന്തൊരു തിളക്കമാണ് ആ കണ്ണുകൾക്ക്! എന്തൊരു ഗാംഭീര്യം! ആ കണ്ണുകളിൽ നോക്കാൻ അവനു ഭയം തോന്നി. കുറ്റപ്പെടുത്ത ലിന്റെ കൂരമ്പുകൾ ആ കണ്ണുകളിൽ നിന്നു പ്രവഹിക്കുന്നതുപോലെ, എങ്കിലും ആ മുഖത്തു നിന്നു കണ്ണുകൾ പറിച്ചെടുക്കാൻ കഴിയുന്നില്ല. ശാസ് ത്രത്തിന്റെ വളർച്ചയ്ക്കു വേണ്ടി, മനുഷ്യന്റെ രക്ഷയ്ക്കു വേണ്ടി ആത്മാ ഹുതി ചെയ്ത ത്യാഗൈക മൂർത്തികളുടെ വംശ പരമ്പരയിൽ പെട്ടവനാണ് താനും. അവരെല്ലാം ചെയ്തതു പോലുള്ള ഒരു ത്യാഗം എന്തു കൊണ്ടവനു ചെയ്തു കൂടാ? ചെയ്യേണ്ടതല്ലേ? അതിലും വലിയ മറ്റെന്തെങ്കിലും ത്യാഗം ഒരു മനുഷ്യനു ചെയ്യാൻ സാദ്ധ്യമാണോ? ആയിരമായിരം അമ്മമാരുടെ ജീവൻ അതോടെ രക്ഷപ്പെടുമെങ്കിൽ തീർച്ചയായും അവൻ അതിനു സമ്മതം മൂളണം.

'ചെയ്യണം ഡോക്ടർ. എന്റെ അമ്മയെ തിയേറ്ററിലേക്കു കൊണ്ടു പൊയ് ക്കൊള്ളണം.' അവൻ സമ്മതിച്ചു. അദ്ദേഹം അവനെ കെട്ടിപ്പിടിച്ചു. ഞൊടി യിടയിൽ സജ്ജീകരണങ്ങൾ പൂർത്തിയായി. രക്തം നിറച്ച കുപ്പികൾ, സലൈൻ, ഓക്സിജൻജാർ, കൃത്രിമശ്വാസോച്ഛ്വാസത്തിനുള്ള മറ്റുപകരണ ങ്ങൾ എല്ലാമെല്ലാം നിരന്നു കഴിഞ്ഞു.



ഓപ്പറേഷനുള്ള ഗ്ളൗസും മുഖം മൂടിയും ധരിച്ചു പ്രാർത്ഥന കഴിഞ്ഞ് പ്രൊഫസർ തിയേറ്ററിനുള്ളിലേക്കു കടന്നു.

ആ കോളേജിലുള്ള എല്ലാ ഡോക്ടറന്മാരും എല്ലാ വിദ്യാർത്ഥികളും അത്ഭുതകരമായ ആ ഓപ്പറേഷൻ കാണാൻ ഓടിയെത്തി. ചന്ദ്രന്റെ സഹ പാഠികളിൽ ഒരാൾ പോലും അസുലഭമായ ആ സന്ദർഭം പാഴാക്കിയില്ല.

രോഗിയെ അകത്തു കൊണ്ടു പോയി. പോകാൻ നേരത്തും അവർ തല തിരിച്ചു മകനെയൊന്നു നോക്കി. കരളലിയിപ്പിക്കുന്ന ആർദ്രമായ നോട്ടം! അറക്കാനും പൊളക്കാനും കൊടുക്കല്ലേ എന്ന പ്രാർത്ഥന.

തിയേറ്ററിന്റെ വാതിൽ കരഞ്ഞു കരഞ്ഞ് അടഞ്ഞു. ചന്ദ്രൻ മാത്രം ശ്വാസമടക്കി, ചെവി കൂർമ്പിച്ച്, പുറത്തുള്ള ചുവരിൽ ചാരി നിന്നു.

അകത്തു നിന്നും ആരോ വിക്കി വിക്കി ചുമയ്ക്കുന്നതു പോലുള്ള ഒരു ഒച്ച കേട്ടു തുടങ്ങി. തുടർന്ന് ഒരു പിടച്ചടിയും ഞരക്കവും. ഏതാനും നിമി ഷങ്ങൾക്കകം അതു മാറി. അതു കഴിഞ്ഞ് ആരോ കൂർക്കം വലിച്ചുറങ്ങു ന്നതു പോലുള്ള ശബ്ദം അകത്തു നിന്നും മുഴങ്ങിക്കേട്ടു. ക്ലോറോഫോം കൊടുക്കയാണവർ. അവൻ ഊഹിച്ചു. അല്പനേരത്തിനുള്ളിൽ അതും നിലച്ചു. പിന്നെ കത്തികളുടെയും കത്രികകളുടെയും സംസാരമാണ്. അസു ഖകരമായ ആ ശബ്ദം ഇടതടവില്ലാതെ കേട്ടു കൊണ്ടിരുന്നു.

അതു കഴിഞ്ഞു. ചുറ്റിക വെച്ച് ഏതോ കട്ടിയുള്ള സാധനത്തിൽ ആഞ്ഞടിക്കുന്ന ഒച്ച കേട്ടു തുടങ്ങി.

അമ്മ...! അവന്റെ അമ്മയാണ് ആ മുറിക്കുള്ളിൽ കിടക്കുന്നത്. അവരുടെ തലയോട്ടി തല്ലിപ്പൊളിക്കുന്ന ഒച്ചയാണത്.

അവൻ ഓരോന്നായി ഓർക്കുകയാണ്:

അവധിക്കു വീട്ടിൽ ചെന്നപ്പോഴൊക്കെ അവർ മകന്റെ വരവും കാത്തു നനഞ്ഞ കണ്ണുകളോടെ ആ മൺകുടിലിന്റെ തിണ്ണയിലിരുപ്പുണ്ടായിരുന്നു.

കണ്ടയുടൻ തന്നെ അവർ ഓടി വന്ന് മകനെ കെട്ടിപ്പിടിച്ചുമ്മ വെക്കും. കുഴി വീണ കണ്ണുകളിൽ നിന്നും അപ്പോഴേക്കും ധാരയായി കണ്ണീർ പ്രവഹിച്ചു തുടങ്ങും.

രണ്ടു വയസ്സുള്ളപ്പോഴാണ് അവന്റെ അച്ഛൻ മരിച്ചത്. താങ്ങിനും തണലിനും മറ്റാരുമുണ്ടായിരുന്നില്ല. പട്ടിണിയും പരിവട്ടവുമായി, അര ഇറുക്കിക്കെട്ടി, കെട്ടു താലി പോലും പൊട്ടിച്ചു വിറ്റാണ് അവനെ പഠിപ്പിച്ചത്.

ജീവിതത്തിലൊരിക്കലും ഒരു വെള്ളമുണ്ട് അവർ ഉടുത്തിട്ടില്ല. വയറു നിറയെ ആഹാരം കഴിച്ചിട്ടില്ല. തല കുളിർക്കെ എണ്ണ തേച്ചിട്ടില്ല. ഹൃദയം തുറന്നൊന്നു ചിരിക്കാൻ പോലും അവർക്ക് ഇന്നു വരെ കഴിഞ്ഞിട്ടില്ല.

എല്ലാം മകൻ പഠിച്ചു മിടുക്കനായി നാലു ചക്രം സർക്കാർ ശമ്പളം വാങ്ങിയിട്ടാകട്ടെയെന്നു കരുതി.

മകനെ മെഡിക്കൽ കോളേജിലയച്ചപ്പോൾ ആ അമ്മ വിചാരിച്ചു, അവർക്കിനിയൊരിക്കലും ഒരാശുപത്രിയുടെ വരാന്തയിൽ കാവലു കിടക്കേണ്ടി വരികയില്ലെന്ന്. ഓരോ ക്ലാസ്സായി പഠിച്ചു പഠിച്ച് അവൻ മുമ്പോട്ടു പോയപ്പോൾ ആ അമ്മ വിശ്വസിച്ചു. അവർക്കൊരു രോഗം വന്നാൽ ചികിത്സിക്കാൻ വേറെ ആളെ തേടിപ്പോകേണ്ടി വരികയില്ലെന്ന്.

പക്ഷേ, ഒന്നു മാത്രം അവർ ആ മകനോടു പറഞ്ഞിരുന്നു. അവർക്കെന്നെങ്കിലും രോഗം വന്നാൽ ആശുപത്രിയിൽ കൊണ്ടു പോയി അറത്തു പിളർക്കാൻ സമ്മതിക്കല്ലേയെന്ന്.

ആ അമ്മയാണ് അകത്തു കിടക്കുന്നത്. ആ അമ്മയെ അറത്തു കീറി നോക്കിക്കൊള്ളാനാണ് അവൻ സമ്മതം മൂളിയത്. എന്തിനെന്നോ? ശാസ്ത്രത്തിന്റെ വളർച്ചയ്ക്കു വേണ്ടി; മനുഷ്യന്റെ രക്ഷയ്ക്കു വേണ്ടി, മാനവ സമുദായത്തിന്റെ ശാശ്വതമായ ആനന്ദത്തിനു വേണ്ടി.

അവർ അതിനകത്തുള്ള മേശപ്പുറത്തു കിടന്നു മരിച്ചാൽ? ആ കണ്ണുകൾ ഒരിക്കലും തുറക്കാത്ത വിധം കൂമ്പിയടഞ്ഞു പോയാൽ?



ഹൊ! വേദന! ഒതുക്കിയാലൊതുങ്ങാത്ത വേദന!

ശാസ്ത്രവും മനുഷ്യനും പോയി തുലയട്ടെ. അവന് അവന്റെ അമ്മയെ കാണണം. കെട്ടിപ്പിടിച്ച് ഒരുമ്മ കൊടുക്കണം. തളർന്നടയുന്ന ആ കൺപോളകൾ വലിച്ചു തുറന്നു വച്ചു കൊണ്ട് അവന് 'അമ്മേ അമ്മേ'യെന്നു വിളിക്കണം.

ആവുന്നത്ര ഉച്ചത്തിൽ അവൻ വിളിച്ചു: 'അമ്മേ...! എന്റെ അമ്മേ...!'

ആ കതക് അപ്പോഴും അടച്ചിരിക്കുകയാണ്. അവൻ കതകിൽ കൈ മുറുക്കി ആഞ്ഞാഞ്ഞടിച്ചു കൊണ്ട് വീണ്ടും വിളിച്ചു.

'അമ്മേ...! അമ്മേ...!' ഒച്ചയില്ല. അനക്കമില്ല. ആരും വന്ന് കതക് തുറക്കുന്നുമില്ല. അവൻ ചെവി കതകിന്റെ വിള്ളലിൽ ചേർത്തു ശ്രദ്ധിച്ചു.

കത്രികകളുടെ ശബ്ദം! ഫോർസെപ്സുകളുടെ ശബ്ദം! കുപ്പികൾ കൂട്ടിയുരുമ്മുന്ന ശബ്ദം! കൺ മുമ്പിൽ മുഴുവനും ഇരുൾ വ്യാപിക്കുകയാണ്. ചെവിക്കകത്തു കൂടി ഒരായിരം വിമാനങ്ങൾ ഇരമ്പിപ്പായുന്നതു പോലുള്ള ഒച്ച്! ഹൃദയത്തിനകത്ത്. ഒരു ഭേരീനിനാദം! ഇരുളിനെ കീറി മുറിച്ചു കൊണ്ടു പുളഞ്ഞൊഴുകുന്ന മിന്നാമിനുങ്ങുകൾ അവന്റെ തലയ്ക്കു ചുറ്റും നിന്നു വട്ടം കറങ്ങുന്നു. അഗ്നിസ്ഫുലിംഗങ്ങൾ ചീറിപ്പായുന്നു.

ബന്ധിച്ചിരുന്ന കവാടത്തിൽ തല തല്ലിത്തകർത്തു കൊണ്ട് അവൻ വീണ്ടും വീണ്ടും വിളിച്ചു:

'അമ്മേ...! എന്റെ അമ്മേ...!' ശബ്ദം പതറിപ്പോയി. ഒരു പിശാചിന്റെ അലർച്ച പോലെ ഉയർന്ന പൊങ്ങിയ ആ വിളി ഒരു വജ്ര സൂചി പോലെ ഇരുളിന്റെ ഹൃദയത്തെ കീറി മുറിച്ചു കൊണ്ട് അകലെയെങ്ങോ പതിയിട്ടിരുന്ന ശൂന്യതയിൽ പോയി തറച്ചു നിന്നു.

എന്നിട്ടും വാതിൽ തുറന്നില്ല. ആരും പുറത്തു വന്നതുമില്ല. കത്തികളു ടെയും കത്രികകളുടെയും രഹസ്യം പറച്ചിൽ അപ്പോഴും അവിരാമമായി കേട്ടു കൊണ്ടിരുന്നു.

ചന്ദ്രൻ അപ്പോഴും അലച്ചലച്ചു വിളിക്കുകയാണ്. പക്ഷേ, ശബ്ദം പുറത്തു വരുന്നില്ല. ആംഗ്യം മാത്രം. എങ്കിലും ശബ്ദശൂന്യമായ ആ ആലർച്ച കേട്ട് വിശ്വത്തിന്റെ ഹൃദയം പോലും ഞെട്ടി വിറച്ചു പോയി.

അങ്ങനെ വിളിച്ചു വിളിച്ചു കൈകാൽ കുഴഞ്ഞ് അവൻ ആ വാതില് ക്കൽത്തന്നെ തളർന്നു വീണു. ചേതന മൂർച്ഛിച്ചു പോയി.

അപ്പോഴും ആ മുറിക്കകത്തു നിന്നും കത്തികളുടെയും കത്രികകളു ടെയും അവ്യക്തമായ പൊട്ടിച്ചിരി മുഴങ്ങിക്കേൾക്കാമായിരുന്നു.



# 5.അദ്വൈതഭാരം

എസ്.വി.വേണുഗോപൻ നായർ

[ആധുനിക മലയാള കഥാസാഹിത്യത്തിൽ മുൻ നിരയിൽ നില്ക്കുന്ന കഥാ കൃത്താണ് എസ്.വി.വേണുഗോപൻ നായർ (1945- ) ഗർഭ ശ്രീമാൻ, മൃതി താളം, തിക്തം തീക്ഷ്ണം, തിമിരം, രേഖയില്ലാത്ത ഒരാൾ, ആദിശേഷൻ തുട ങ്ങിയവയാണ് അദ്ദേഹത്തിന്റെ കഥാസമാഹാരങ്ങൾ.
ആദിശേഷൻ എന്ന സമാഹാരത്തിൽ നിന്ന് എടുത്തു ചേർത്ത കഥയാണ് അദ്വൈതഭാരം. ഒരു കുറവന്റെയും അയാളുടെ കരുങ്ങന്റെയും പരസ്പര ബന്ധം കുരങ്ങിന്റെ ദൃഷ്ടിയിലൂടെ നോക്കിക്കാണുകയാണ് കഥാകൃത്ത്.]

നിങ്ങൾ സർവ്വമാനപേരും ഈ എന്റെ കഥ കേൾക്കണം. എത്രയോ കാലമായി ഞാൻ മൗനത്തിന്റെ ചിമിഴിലടച്ചു സൂക്ഷിച്ചിരിക്കുന്ന ഈ ദു:ഖ കഥ.

ഇങ്ങനെ ഭംഗിയായി പറഞ്ഞാൽ കൊള്ളാമെന്നെനിക്കു മോഹമുണ്ട്. എന്റെ പൂർവ്വ പിതാമഹൻ വൈയാകരണനാണ്. പക്ഷേ, ആ വീമ്പു പറ ഞ്ഞിട്ടെന്തു ഫലം! നാവെടുത്തൊന്നുരിയാടാൻ വയ്യാത്തതാണല്ലോ ഞങ്ങ ളുടെ ശാപം.

എങ്കിലും ഞാൻ ഇക്കഥ പറയുന്നു. ശബ്ദമില്ലാതെ. വിങ്ങിപ്പൊട്ടുന്ന മൂകത വായിക്കുവാൻ കഴിവുള്ള സഹൃദയർ കാര്യം ഗ്രഹിക്കട്ടെ.

കഷ്ടം! ഞാനൊരു മടയനാണ്. അതിനെക്കാൾ കഷ്ടമല്ലേ, ഞാനാ സത്യം ഇന്നേ വരെ മനസ്സിലാക്കിയില്ലാ എന്നത്. അഹങ്കാരവും എടുത്തു ചാട്ടവും മർക്കട മുഷ്ടിയും കൈമുതലായുള്ള വെറും കുരങ്ങുതന്നെയാണ് ഞാൻ.

ഞാനാണ് ഈ കുറവനെ നയിക്കുന്നതെന്നും, അവനെ പോറ്റുന്നതെന്നും ഇക്കാലമത്രയും ഞാൻ വിശ്വസിച്ചിരുന്നു. സത്യം പറയട്ടെ, ആഹങ്കരിച്ചിരുന്നു. ആ വിശ്വാസമായിരുന്നു എന്റെ ജീവിതത്തിലെ ഏക സന്തോഷം.

മറിച്ചെങ്ങനെയാണു ധരിക്കുക? ഞാൻ മുമ്പേ, അവൻ പിമ്പേ-ഇമ്മട്ടിലാണല്ലോ ഞങ്ങളുടെ യാത്ര. ഒരു നിമിഷം പുറകിലായിപ്പോയാൽ ഉടനെ കുതിച്ചു ചാടി മുന്നിൽക്കയറാൻ ഞാനെപ്പോഴും ശ്രദ്ധിച്ചിരുന്നു. കുറവൻ പിറകെ വരുന്നുണ്ടെന്നു പോലും ഭാവിക്കാതെയാണ് ഞാൻ നടക്കുക.

എന്റെ എളിയിൽ കെട്ടിയ ചങ്ങലത്തുമ്പ് അവൻ പിടിച്ചിരിക്കുന്നത് അവനു വഴി പിഴയ്ക്കാതിരിക്കാനാണെന്നും ഈ കിലുങ്ങുന്ന തുടൽ എനിക്ക് ഒരാഭരണം മാത്രമാണെന്നും ഞാൻ കരുതിയിരുന്നു.

നിങ്ങൾ തന്നെ പറയുക-അഷ്ടൈശ്വര്യസിദ്ധികളുള്ള ഹനുമൽപാദരുടെ വംശത്തിൽ പിറന്ന ഈയുള്ളവന്, എങ്ങനെ ഇക്കൊച്ചു ചങ്ങല ഒരു ബന്ധനമാകും? മനസ്സു വെച്ചാൽ എനിക്കും സപ്തസമുദ്രം താണ്ടാം. ആകാശ സഞ്ചാരം കഴിക്കാം-അങ്ങനെയൊക്കെയായിരുന്നു എന്റെ വിശ്വാസം.

'എന്നാൽപ്പിന്നെ നീ ഈ കുറവനെ വിട്ടു പോകാത്തതെന്ത്'ന്നു നിങ്ങൾ ചോദിക്കും. ഓർമ്മ വച്ച കാലം മുതൽ ഞാനെന്നോടു തന്നെ ചോദിച്ചു കൊണ്ടിരുന്ന ചോദ്യമാണത്. ഉത്തരം ലളിതമാണ്. ഈ പാവം കുറവനോടെനിക്കു വാത്സല്യമാണ്. ദയവുണ്ട്. ഞാൻ പോയാൽപ്പിന്നെ ഇവനു ജീവിതമില്ല. ഈ ആർദ്രതയാണ് എന്നെ ബന്ധിക്കുന്നത്; അല്ലാതെ ഈ ഇരുമ്പു തുടലല്ലാ.

എന്നും രാവിലെ ഞങ്ങൾ ഒന്നിച്ചു യാത്ര ആരംഭിക്കുന്നു. തെരുവായ തെരുവൊക്കെ ചുറ്റിക്കറങ്ങുന്നു.

എനിക്ക് ഏതൊക്കെ വിദ്യകൾ വശമുണ്ടെന്ന് ഞാൻ ഈ കുറവനെ ധരിപ്പിച്ചിട്ടുണ്ട്. അതനുസരിച്ചാണ് ഇവൻ ഓരോന്നു പാടുന്നത്. അവന്റെ



പാട്ടിനൊത്തു ഞാൻ തുള്ളുന്നതു കണ്ടു നിങ്ങൾ തെറ്റിദ്ധരിക്കരുതെന്നപേക്ഷ എനിക്കറിയാത്തതൊന്നും അവൻ പാടുകയില്ല.

എങ്കിലും സംശയാത്മാക്കളുണ്ടല്ലോ. അവർ ചിന്തിച്ചേക്കാം. ആരാണു മേലേ? കുറവനോ, കുരങ്ങോ? എന്ന്.

അവരോടൊക്കെ മറുചോദ്യം: പാട്ടുകാരനോ ആട്ടക്കാരനോ മേലെ? പാട്ടിനൊത്താണ് ആടുക. എന്നാൽ ആട്ടക്കാരനറിയാത്ത ഒരു വാക്കു പാട്ടുകാരന് ഉച്ചരിക്കാൻ പറ്റുമോ? ഓരോ പദവും ആടുന്നതു നോക്കി നിന്ന് അതിനൊത്തു പാടിക്കൊടുക്കണം. എന്നാൽ ആട്ടക്കാരനു വേണമെങ്കിൽ മനോധർമ്മമാടാം. അന്നേരം പാട്ടു സ്തംഭിച്ചു നില്ക്കും. ഇവിടെ ആരാണു മുമ്പൻ-പാടുന്നവനോ ആടുന്നവനോ?

എനിക്കും കുറവനുമായുള്ള ബന്ധവും ഇവ്വിധമുള്ളതത്രേ. ദൈവം നാവു തന്നിരുന്നെങ്കിൽ ഞാൻ തന്നെ പാടിയാടിയേനെ. എനിക്കിനി കുറവനെ കൊണ്ടു നടന്നു പോറ്റേണ്ടി വരില്ലായിരുന്നു. ഒരുനാൾ ഞാൻ ഓടിപ്പോയെന്നു വയ്ക്കുക. പിന്നെ ഈ കുറവൻ പാടുമോ? ഈ വെറും മൂളൽ കേൾക്കാൻ ജനത്തെ കിട്ടുമോ?

വീട്ടിലേക്കായാലും പീടികത്തിണ്ണയിലേക്കായാലും മുൻപേ കയറിച്ചെല്ലുക ഞാനാണ്. എവിടെ കയറണം, എവിടെ നില്ക്കണം എന്നൊക്കെ നിശ്ചയിക്കുന്നതും മുൻഗാമിയായ ഞാൻ തന്നെ. ഒരു മനപ്പൊരുത്തം തോന്നാത്തിടങ്ങളിൽ ഞാൻ തിരിഞ്ഞു നില്ക്കില്ല.

പണത്തിൽ മാത്രം നോട്ടമുള്ള കുറവന് അമർഷം കാണുമായിരിക്കും. ഞാനുണ്ടോ അതുവക വയ്ക്കുന്നു?

ഞാനൊരു തിരുമുറ്റത്തു കയറിയാലുടൻ അവൻ ഉടുക്കു കൊട്ടി എന്റെ വരവറിയിക്കുന്നു. ആ ശബ്ദം കേട്ട് ഗൃഹനാഥനോ നാഥയോ അല്ലെങ്കിൽ കുട്ടിത്തരക്കാരോ രംഗത്തുവരും. എന്നെ നോക്കി പുഞ്ചിരിക്കും. ഞാനും ചിരിക്കും.

ഉടനെ കുറവൻ ഉടുക്കു കൊട്ടി ഈണം മീട്ടണം...

''രാമാ, എൻ ഹനുമാർ സ്വാമിയേ...ഇന്ത അയ്യാവേ (അമ്മാവേ) കുമ്പിട്ടു വണക്കം പോടു രാമാ...''

ഞാൻ അന്തസ്സിൽ സലാം ചെയ്തു നിവരുമ്പോൾ അവൻ പാടിക്കൊള്ളേണ്ടത് ഇങ്ങനെയാണ്:

''അന്ത ഇലങ്കയിലേ, പ്രമാദമാന

ഇരാവണൻ കോട്ടൈ ചാടിന-

ശേലൈ കാട്ടിക്കൊടു സ്വാമിയേ...''

അവൻ ഉയർത്തിപ്പിടിക്കുന്ന വടിക്കുമീതെ അങ്ങോട്ടുമിങ്ങോട്ടും ചാടി ശൗര്യം കാണിക്കും ഞാൻ. ഇവിടെയും നിങ്ങൾ ഒന്നു ശ്രദ്ധിച്ചു കൊള്ളണം. എനിക്കു ചാടാവുന്ന ഉയരത്തിലേ അവൻ വടി ഉയർത്തൂ. ഞാൻ ചാട്ടം മതിയാക്കി മുഖമൊന്നു തുടയ്ക്കും വരെ, അവനാ നിലയിൽ നിന്നു കൊള്ളും.

'ഇനി എന്ത്?' എന്ന മട്ടിൽ ഞാനൊന്നു നോക്കിയാൽ അവൻ മൂളും-

''അന്ത അശോകത്തോപ്പിലേ. മാമരമൂട്ടിലേ, കുമ്പിട്ടിരുന്ന സീതമ്മാളെ പാർത്ത് ആചാരം അമൈത്തമുറൈ എപ്പടീ രാമാ...എൻ സ്വാമിയേ...''

അവൻ കൊട്ടുന്ന ഡും...ഡും... ശോകശ്രുതിയുടെ പശ്ചാത്തലത്തിൽ, ഞാനന്ന് ആ മരച്ചോട്ടിൽ കൈ കെട്ടി നിലം മുട്ടെ വണങ്ങി നിന്ന നില കാണിക്കും.

ഞാൻ നിവർന്നതിനു മേൽ കുറവൻ പറയും: ''അന്ത ഇരാവണൻ കില്ലാടിയെ ഊശിയടിച്ചതൈ ഇന്ത അയ്യാവുക്കു കൊഞ്ചിയാടുരാമാ...''



ഞാൻ മാളോരെ നോക്കി സുന്ദരമായി കൊഞ്ഞനം കാണിച്ചിട്ട് പൃഷ്ഠം ചൊറിയുമ്പോൾ കുറവൻ രസം പിടിച്ച് തലയ്ക്കു മേലെ ഉയർത്തി വാദ്യം തകർക്കും.

ഇനി ഒരു വേലയുണ്ട്. അതു വലിയ വീടുകളിലും വലിയ പീടികകളുടെ മുന്നിലും കവലകളിലും മാത്രമേ കാണിക്കൂ. ലങ്കാമർദ്ദനവും ദഹനവും. കുതിച്ചു ചാട്ടവും കരണം മറിയലും ധാരാളമുള്ള വിദ്യയല്ലേ അത്? ഞാൻ ചാടുന്നതിനനുസരിച്ച് ചങ്ങല അയച്ചു വിട്ടു തന്ന് പാവം കുറവൻ തളരും.

ഒടുവിൽ ശ്രീരാമസ്വാമിയെ കുമ്പിട്ട് അനുഗ്രഹം വാങ്ങുന്ന രംഗം ആടും. അതു കഴിഞ്ഞാൽ എനിക്കുള്ള സമ്മാനത്തിനായി പാത്രവും നീട്ടി മുന്നോട്ടു ചെല്ലും. ജനം കാണിക്കയിടും. കുറവൻ പാത്രം നീട്ടിയാൽ പൊലിവു മോശമാകും.

എല്ലാം കഴിഞ്ഞ് പാത്രം ചുമക്കാൻ കുറവനെ ഏല്പിച്ച് ഞാൻ പുറപ്പെടും. പുറകേ വരുന്ന പിള്ളരുടെ നേരെ ഒന്നു ചാടി അവരെ വിരട്ടും, ചിലപ്പോൾ. ഇടയ്ക്കിടെ ഒരു തമാശയൊക്കെ വേണ്ടേ?

ആരംഭിച്ച നാൾ മുതൽ മാറ്റം വരാതെ തുടരുന്ന ക്രമമാണിത്. ഞാൻ രാമൻ; അവൻ രാമദാസൻ.

പക്ഷേ, ഈയിടെയായി എനിക്കൊരു സംശയം., കുറവൻ ഇടയ്ക്കിടെ ചങ്ങല മുറുക്കിപ്പിടിക്കുന്നില്ലേ എന്ന്.ചിലനേരം ഞാൻ ഉദ്ദേശിക്കുന്ന ദൂരം ചങ്ങല നീണ്ടു വരുന്നില്ല. അന്നേരം ചാട്ടവും താളവും പിഴയ്ക്കുന്നതോ പോട്ടെ, ഞാനാ ചങ്ങലത്തുമ്പിൽ അവിചാരിതമായി, നിമിഷനേരം തൂങ്ങി നിന്നു പോവുകയും ചെയ്യുന്നു.

ഈ സംശയത്തെ ഞാൻ തന്നെ പല സമാധാനങ്ങൾ കണ്ടെത്തി തണുപ്പിച്ചു കൊണ്ടിരുന്നു. എന്റെ കുതിപ്പിന് ആക്കമേറിയതു കൊണ്ടാവാം.

പാവം കുറവന് വയസ്സായി, ക്ഷീണമേറി, ശക്തി കെട്ട്, ദ്രുതചലനത്തിന് ശേഷിയില്ലാതായത് ചിരഞ്ജീവിയായ ഞാൻ അറിഞ്ഞു പ്രവർത്തിക്കാഞ്ഞിട്ടാണ്-എന്നിങ്ങനെ ഓരോന്നു ചിന്തിച്ച് ആശ്വസിച്ചു. അതുകൊണ്ടാണല്ലോ തൽക്ഷണം തന്നെ അവന്റെ മൂക്കു കടിച്ചു പറിച്ച് അരിശം തീർക്കാതിരുന്നത്.

എന്നാൽ ഇപ്പോൾ ബോദ്ധ്യമായി, എന്റെ ചിന്തയും. വിവേകവും എന്നെ മരമണ്ടനാക്കുകയായിരുന്നുവെന്ന്.

ഈ നന്ദി കെട്ട കുറവൻ ഞാനറിയാതെ എന്നെ നിയന്ത്രിക്കാൻ നോക്കുകയായിരുന്നു. അവൻ ഉദ്ദേശിക്കുന്നതിനപ്പുറം എന്റെ ചാട്ടമെത്തിയാൽ ചങ്ങല മുറുകിയതു തന്നെ. മുഖത്തൊരു ഭാവ വ്യത്യാസം കൂടാതെ, പാവത്താനായി നിന്ന് അവനതു ചെയ്യുന്നു. അല്പാല്പമായി ചങ്ങലയുടെ നീളം കുറച്ച്, പിടുത്തം മുറുക്കിക്കൊണ്ടിരിക്കയാണവൻ. ഇനിയുമിത് അറിഞ്ഞില്ലെന്നു നടിക്കുക അസാദ്ധ്യം. ഈയിടെയായി ശകാരവും ചില്ലറ ശാസനകളും ആരംഭിച്ചിട്ടുണ്ട്.

ചങ്ങല മുറുകി വലിഞ്ഞ് എന്റെ അരക്കെട്ടിൽ ഒന്നു രണ്ടിടത്ത് തൊലിയുരിഞ്ഞ് പുണ്ണുണ്ടായിരിക്കുന്നു. അപ്രതീക്ഷിതമായ അവന്റെ നിയന്ത്രണം പുണ്ണിൽ തീയെരിക്കുന്നു. ആ വ്രണങ്ങൾ പടർന്നു കയറുന്നു.

ഞാൻ വേദന സഹിയാതെ തീ പാറുന്ന നോട്ടമയയ്ക്കുമ്പോൾ അവനതു കണ്ടില്ലെന്നു നടിക്കയും സ്നേഹപൂർവ്വം ഒരു മണ്ടൻ ചിരിസമ്മാനിക്കുകയും ചെയ്യുന്നു. പോരെങ്കിൽ ''എൻ രാമാ... ഉടയതേ...സ്വാമീ...'' എന്നൊക്കെ സ്തുതി കൊണ്ട് മേമ്പൊടിയിടുന്നു.

പണ്ട് എന്റെ ഇത്തിരി മോഹങ്ങൾ, അവിവേകങ്ങൾ, സാഹസങ്ങൾ എല്ലാമെല്ലാം സസന്തോഷം അനുവദിച്ചു തന്നിരുന്നവനാണിവൻ. അന്ന്



ഞങ്ങൾ രണ്ടും ചെറുപ്പമായിരുന്നു. എന്റെ ഒരിക്കലും വറ്റാത്ത, കുറയാത്ത, ഉത്സാഹം അന്ന് അവനു മനസ്സിലാകുമായിരുന്നതു കൊണ്ടാണോ പൊരുത്തക്കേടു സംഭവിക്കാതിരുന്നത്? അതോ, അവന്റെ വാത്സല്യം ഒരു കാപട്യം മാത്രമായിരുന്നോ?

ഇന്നാണ് ഒരിക്കലും പൊറുക്കാനാവാത്ത ആ സംഭവം നടന്നത്. ഭംഗിയുള്ള ഒരു കൊച്ചു വീടിന്റെ പൂമുഖത്ത് പ്രകടനം നടത്തി തിരിയുമ്പോൾ ഇടതു വശത്ത് ചുമരരുകിൽ നിറപറയിൽ ഐശ്വര്യത്തിന്റെ കതിരു പോലെ വിടർന്ന ഒരു തെങ്ങിൻ പൂങ്കുല കണ്ടു. ഹായ്!.. എന്തു ചന്തമെന്നോ! സ്വർണ്ണക്കതിരു തന്നെ! ഞാൻ സന്തോഷം കൊണ്ട് എന്നെ മറന്നു. മുരണ്ടു ചാടി, അതിലൊന്നു തൊടാൻ. ആ കതിർത്തുമ്പിലൊന്നു തലോടാൻ... അതിനു മാത്രം.

എന്തുകൊണ്ട് ആ മോഹമുദിച്ചു? അറിഞ്ഞു കൂടാ. ജന്മ വാസന നിമിത്തമാകാം. പരമ്പരയാ മരം കേറിയാണല്ലോ ഈയുള്ളവൻ. ആകാശത്തു വിടർന്നു നില്ക്കാറുള്ളത് ഭൂമിയിൽ തൊട്ടടുത്തു കണ്ടപ്പോൾ തള്ളി വന്ന മോഹം.

ഞാനതിനടുത്തെത്തിയതും കുറവൻ ചങ്ങല വെട്ടി വലിച്ചു.

ഹൊ! എന്റെ അരക്കെട്ടു പിളർന്നു പോയെന്നു തോന്നി.

ആ നിമിഷം ഈ ചെകുത്താനെ മാന്തിപ്പൊളിച്ച് കുടൽ ചീന്താനാണ് തോന്നിയത്. എന്നെ നിരന്തരം വലയ്ക്കുന്ന പരിചാരകന്റെ കഥ കഴിച്ചാൽ ഇഷ്ടപ്പടി നടക്കാമല്ലോ.

വേദന സഹിയാഞ്ഞ് ഞാൻ കരഞ്ഞു പോയി. ഓർമ്മ വച്ച ശേഷം ആദ്യമായി കരയുകയാണ്.

യാത്ര നിറുത്തി, ഒരിടത്തു മുഖം കനിച്ചിരുന്നു തേങ്ങി. അതു കണ്ട് കുറവൻ അമ്പരന്നു. പിന്നെ ചോദ്യമായി: ''ടേയ്..നീ എന്ന കാട്ട്റായ്?''

ഞാൻ മിണ്ടിയില്ല. കണ്ണുനീർ തുടച്ചില്ല. ഞങ്ങളെ പിൻ തുടർന്നിരുന്നവർ അടുത്തെത്താറായിരുന്നു.

ഉടനെ കുറവൻ സ്വരം മാറ്റി: ''രാമാ അഴുവതർക്കു നാൻ ശൊല്ലലിയേ..എഴുന്തിടയ്യാ...ഉം...''

കരയാൻ അവൻ പറഞ്ഞില്ല പോലും! അവൻ പറയാത്തതൊന്നും ഞാൻ ചെയ്തു കൂടാത്തതു പോലെ. വേദന കൊണ്ടു പുളയുമ്പോൾ കരയാൻ മറ്റൊരുവന്റെ സമ്മതം വേണ്ടി വരിക!

അങ്ങനെയെങ്കിൽ ഞാനാര്? എനിക്ക് എന്തർത്ഥം? ഞാൻ വിങ്ങി വിങ്ങി കരഞ്ഞു. ആളുകൾ ഞങ്ങളുടെ ചുറ്റും വട്ടമിട്ടു നില്പായി.

കുറവൻ വിനീതനായി പറഞ്ഞു: ''രാമാ...പാർ....ഉൻ തമ്പി തങ്കൈകൾ വന്തു പാർത്തുക്കൊണ്ടേ നില്ക്കറായ്... പാർ, രാമാ.... അഴാതെ സ്വാമീ...അഴാതെ.''

ആരോ വന്നു കാണട്ടെ. എനിക്കു ചുട്ടു നീറുന്നു. ഞാൻ വിമ്മി വിമ്മിക്കരഞ്ഞു ജനക്കൂട്ടം എന്റെ കണ്ണുനീർച്ചില്ലിൽ തിളങ്ങി.

ഈ വങ്കൻ കുറവനെ ഞാനിന്നു ധിക്കരിക്കും. എനിക്കു തോന്നുന്നതു കാട്ടും.

ഞാൻ കരഞ്ഞുകൊണ്ടേയിരുന്നു.

പെട്ടെന്ന് കുറവൻ ഉടുക്കു കൊട്ടി പാടാൻ തുടങ്ങി: ''അൻപുറ്റ ഭക്തർകളേ, പാരുങ്കൾ, എൻ രാമൻ അഴുതുക്കൊണ്ടേയിരിക്കിറാൻ, അവർ ഇലങ്കയിലെ അന്ത ചിംചിപാമരക്കീഴ് അമൈന്ത ജാനകിയെ പാത്ത നോവൈ നടിക്കിറാർ... പെരിയോർകളേ, പാരുങ്കൾ ഹനുമാരേ, സ്വാമീ...ഇവ്വളവു കവലയാ! ഇവ്വളവ് അൻപാ...!''



സത്യം മറച്ചു വയ്ക്കാൻ അവന്റെ വേല! എന്റെ കണ്ണീര് നാട്യം പോലും!

എനിക്ക്, എന്റെ തന്നെ കഴുത്തു ഞെരിക്കാനുള്ള ലജ്ജയും കോപവുമുണ്ടായി.

ഞാൻ മുന്നോട്ടു ചാടി, മുഖം തിരിച്ച് കുറവനെ രൂക്ഷമായൊന്നു നോക്കി.

ഉടനെ ആ നയവഞ്ചകൻ പാടുന്നു.:

''പാരുങ്കൾ...രാമൻ കണ്ണീർക്കടലൈ ഇദയത്തിൽ ഒതുക്കി കോപത്തുടൻ ഇരാവണൻ കോട്ടൈ പാർത്തു ചാടിറാർ. അന്ത അരശനെ കോപത്താൽ നോക്കിൻറാർ...അബ്ബബ്ബ... എന്ന കോപം! എന്ന ശിങ്കാര ചാട്ടം!'' ജനം ആർത്തു ചിരിച്ചു കൈയടിച്ചു.

അടുത്ത ചാട്ടത്തിനൊരുങ്ങിയപ്പോൾ എന്റെ അരയിലെ ചങ്ങല ഇത്തിരി കൂടി മുറുകിയത് കൂവിയാർക്കുന്ന മഹാജനമറിഞ്ഞില്ല.

പുണ്ണു നീറി പ്രാണൻ പോകുമെന്നായി. അപ്പോൾ കരയാനല്ല തോന്നിയത്.

എന്നാണീ ഭാരത്തിൽ നിന്നൊരു മോചനം? ഇവനെ ചീന്തിയെറിഞ്ഞ് സ്വയം രക്ഷപ്പെടാൻ എന്റെ നഖങ്ങൾക്കു കഴിവില്ലെന്നോ?

കുറേനാൾ മുമ്പൊരു രാത്രി ഞാൻ ഒരുങ്ങിയതാണ്. പക്ഷേ, പതിവു പോലെ നശിച്ച ചിന്തകളുണർന്ന് എന്നെ തടഞ്ഞു.

ദുഷ്ടനും വിരൂപനുമാണെങ്കിലും ഈ കുറവൻ ചത്താൽപ്പിന്നെ ഈ മണ്ണിൽ എനിക്കൊരാധാരമില്ല; നിരാലംബനായ ഞാൻ തൽക്ഷണം രാമപദം പ്രാപിക്കയേ ഗതിയുള്ളൂ.

പക്ഷേ, ആ പാവനപദം പൂകാൻ ഇനിയുമെത്ര ദൂരം! ഇനിയുമെത്ര പടികൾ!

അതറിയാതെ ഈ ചങ്ങല തകർത്ത്, കുറവനെപ്പിളർന്ന് പുറത്തു ചാടിയാൽ എവിടെച്ചെന്നെത്തും?...

കുറവൻ ചത്ത കുരങ്ങിന് എന്തു ചലനം?-എന്തു കർമ്മം?



**മന:പാഠമാക്കാനുള്ള ഭാഗങ്ങൾ**

പദ്യം (1) വാല്മീകിയുടെ ആത്മകഥ

എങ്കിൽ നീ ഞങ്ങൾ ചൊല്ലുന്നതു കേൾക്കണം

..................................................................................

താന്താനനുഭവിച്ചീടുകെന്നേ വരൂ. (18 വരി)

(3) അതിഥിസത്ക്കാരം

ആയഹൂദ പ്രഭുതന്നാൽ നിമന്ത്രിത

............................................................

വെച്ച ഭഗവാന് ഭക്ഷിപ്പാനായ് (22 വരി)

(4) മുത്തശ്ശി

എൻമടിത്തട്ടിലിരുന്നു നീയോമനേ,

............................................................

ക്കർമ്മ ക്കളിമുറ്റം പൂകിയോരെ! (20 വരി)

## അലങ്കാരങ്ങൾ

ദീപകം

ഉല്ലേഖം

വിഷമം

വിരോധാഭാസം

അനുപ്രാസം

യമകം

## വൃത്തങ്ങൾ

കാകളി

കേക

കളകാഞ്ചി

വിയോഗിനി

മന്ദാക്രാന്താ

രഥോദ്ധത